ഈ പുസ്തകം എന്റെ പ്രിയപ്പെട്ടവർക്ക്

[illegible]

[illegible]



1996

കോട്ട ഫിസ്റ്റോ വി ല്ലേജ്

കുമ്പാരകുണ്ട് വി ല്ലേജ്

ഒമ്പതാം പദ്ധതി


ജനകീയ പദ്ധതി

കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത്

സമഗ്രവികസനരേഖ

1996

നവമ്പർ 30



"എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ല താനും"

-മഹാത്മാ ഗാന്ധി

പത്രാധിപ സമിതി

ചീഫ് എഡിറ്റർ : പി.ആയിഷ
(ഗ്രാമ പഞ്ചാ. പ്രസിഡണ്ട്)

എഡിറ്റർ : ജി.സി. കാരയ്ക്കൽ

സബ് എഡിറ്റർമാർ : പി. അബ്ദുൽ ഹമീദ്.
എൻ.കെ. അബ്ദുറഹ്മാൻ
ഒ.എം. കരുവാരക്കുണ്ട്.

അംഗങ്ങൾ : ടി.പി. ഉമ്മർ
ടി.സി. ജോസഫ്.
പി.ഉണ്ണിമാൻ
എൻ.ടി. കബീർ
എം.അബ്ദുല്ല.
ഐ.ടി. അബ്ദുല്ല.
ഒ.പി. ഇസ്മാഈൽ.
കെ.ആർ. ശ്രീലാൽ.

കവർ ഡിസൈൻ ലേഔട്ട്: അബ്ദുല്ല.കെ.വി.കെ.

പ്രിൻറിംഗ് : മൊണാർക്ക്, ശിവകാശി.

ഡി.ടി.പി. : ഡാറ്റാഗ്രാഫിക്സ് പൂക്കാവനം ഫോൺ:720530

ഒരു നിമിഷം...

കാലാന്തരങ്ങളായി മനുഷ്യൻ പാകപ്പെടുത്തിയ മണ്ണും മൂപ്പെത്തിയ വിത്തും വിള നൽകും എന്ന വിശ്വാസത്തിൽ നിന്ന് ഒരു പടികൂടി മുന്നോട്ടു ചിന്തിക്കുയാണു നാമിപ്പോൾ. കാരണവ മനസ്സുകളിൽ കുറിച്ചിട്ട ഓർമ്മകളും പ്രകൃതിയിലെ വിവര ശേഖരങ്ങളും മനുഷ്യ പ്രയത്നവും അന്വേഷണ ചിന്തയും സമഞ്ജസമായി സമ്മേളിക്കുമ്പോൾ ഒരു വലിയ മാർഗരേഖ രൂപപ്പെടുത്താൻ കഴിയുമെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു.


ഈ വികസന രേഖ രൂപഭദ്രമാക്കാൻ, സാമൂഹിക സർവേ ഗൗരവമായെടുത്ത് വിവരങ്ങൾ ശേഖരിച്ചു തന്ന അങ്കണവാടി ജീവനക്കാർ, സി.ബി.എൻ.പി. പ്രവർത്തകർ, അധ്യാപകർ, വിദ്യാർഥികൾ എന്നിവരുടെ നിസ്സീമമായ സേവനം നന്ദിപൂർവം സ്മരിക്കുന്നു. പഠന പര്യടന സംഘത്തിലൂടെ ലഭ്യമായ അറിവുകൾ ഇതിന്റെ താളുകളെ ഭാവ ഭദ്രമാക്കിയിരിക്കുന്നു. സാമൂഹിക-സാംസ്കാരിക-ചരിത്ര അന്വേഷണ സംഘത്തിന് ചർച്ചയിലൂടെ മനസ്സിന്റെ താളുകൾ മറിച്ചുതന്ന വന്ദ്യ വയോധികരായ നാൽപത്തിയേഴു കാരണവന്മാർ അറിവിന്റെ പുസ്തകങ്ങളാണെന്നു സൂചിപ്പിക്കട്ടെ.

ശേഖരിച്ച അറിവുകൾ ക്രോഡീകരിച്ചെഴുതുവാൻ രാവുകളെ പകലുകളാക്കിയ ഡി.ആർ.പി. മാരും സന്നദ്ധ പ്രവർത്തകരും ഈ പ്രവർത്തനത്തിന്റെ ഭാഗമായതുകൊണ്ട് എടുത്ത് പറയുന്നില്ല. എന്നാൽ പഞ്ചായത്തിലെ പൊതുവിതരണ സ്ഥാപനങ്ങൾ അറിവുകൾ പങ്കുവെക്കുന്ന കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിച്ചില്ല എന്ന് കുറിക്കാതിരിക്കാൻ കഴിയുന്നില്ല. കൂട്ടായ്മയിലൂടെ ഒരു പുതുഗ്രാമം കെട്ടിപ്പടുക്കുന്ന യജ്ഞത്തിൽ പങ്കാളികളാവാൻ ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിന്റെ ഭാവിയുടെ രേഖകളും വിവരങ്ങളും വിഭവങ്ങളും മാർഗ്ഗവും രേഖപ്പെടുത്തിയിട്ടുള്ള ഈ പുസ്തകം പഞ്ചായത്തിലെ മുഴുവൻ മനുഷ്യ മനസ്സുകൾക്കുവേണ്ടി ഞങ്ങൾ സമർപ്പിക്കുന്നു.

-പത്രാധിപർ



ഇ.അഹമ്മദ്., എം.പി.



എൻ.കണ്ണൻ. എം.എൽ.എ.



അഡ്വ. എം.ഉമർ
(ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)



പി.തങ്ക.
(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)



എം. മുഹമ്മദ് മാസ്റ്റർ
(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)


ഗ്രാമപഞ്ചായത്ത് ബോർഡ്



പി.ആയിഷ
(പ്രസിഡൻറ്)



പി.മുസ്തഫ
(വൈ. പ്രസിഡൻറ്)



എം.അലവി
(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)


ഗ്രാമപഞ്ചായത്ത് ബോർഡംഗങ്ങൾ



എ.സുലൈഖ
(ഒന്നാം വാർഡ്)



ഇ.ഫാത്തിമ
(രണ്ടാം വാർഡ്)



പി.ഇമ്പിച്ചിക്കോയ തങ്ങൾ
(അഞ്ചാം വാർഡ്)




കെ.റംല ടീച്ചർ
(ആറാം വാർഡ്)



എൻ.കെ. ഹമീദ് ഹാജി
(ഏഴാം വാർഡ്)

ഗ്രാമപഞ്ചായത്ത് ബോർഡംഗങ്ങൾ



കെ.രാമൻ
(എട്ടാം വാർഡ്)



കെ.മുഹമ്മദ്
എന്ന ബാപ്പൂട്ടി
(ഒമ്പതാം വാർഡ്)



കെ. ഭാരതി
(പത്താം വാർഡ്)



പി.മാനു
(പന്ത്രണ്ടാം വാർഡ്)




മറിയക്കുട്ടി ടീച്ചർ
(പതിമൂന്നാം വാർഡ്)

ജില്ലാ റിസോഴ്സ് പേഴ്സൺസ്




ടി.പി.ഉമർ
(കോ-ഓർഡിനേറ്റർ)




ടി.സി.ജോസഫ്
(കൺവീനർ)




എം.അബ്ദുല്ല




ഐ.ടി.അബ്ദുല്ല




കെ.നീലകണ്ഠപിള്ള




ഒ.പി.ഇസ്മാഈൽ



എം.ഹുസ്സൻ



പി.ഉണ്ണിമാൻ



എൻ.ടി. കബീർ

I

ആമുഖം

പഞ്ചായത്തിന്റെ പേര്	:	കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	1) കേരള എസ്റ്റേറ്റ് വില്ലേജ്
		2) കരുവാരകുണ്ട് വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	വണ്ടൂർ
താലൂക്ക്	:	നിലമ്പൂർ
ജില്ല	:	മലപ്പുറം
അസംബ്ലി മണ്ഡലം	:	വണ്ടൂർ
പാർലമെൻറ് മണ്ഡലം	:	മഞ്ചേരി
വിസ്തീർണം	:	64.20 ച.കി.മീ
അതിരുകൾ	:	◆ വടക്ക്: കാളികാവ് പഞ്ചായത്ത്
		◆ തെക്ക്: പാലക്കാട് ജില്ല, എടപ്പറ്റ പഞ്ചായത്ത്
		◆ കിഴക്ക്: പശ്ചിമ ഘട്ടം
		◆ പടിഞ്ഞാറ്: തുവ്വൂർ പഞ്ചായത്ത്
ജനസംഖ്യ	:	32812(1991 സെൻസസ്)
വാർഡുകൾ	:	13
പ്രസിഡൻറ്	:	പി. ആയിഷ
വൈ. പ്രസിഡൻറ്	:	പി. മുസ്തഫ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	:	എം. അലവി

ഭാരതം ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽ നിന്നു സ്വാതന്ത്ര്യം നേടി പരമാധികാര റിപ്പബ്ലിക്കായി നാൽപത്തിയഞ്ച് വർഷം പിന്നിട്ടു. ചേരി ചേരാ പ്രസ്ഥാനത്തിൽ വിശ്വസിച്ചുകൊണ്ടുള്ള സെക്കുലർ ഭരണ കൂടമാണ് നമ്മുടേത്.

ഭരണഘടന അനുശാസിക്കുന്ന തരത്തിൽ ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസൃതമായ ഒരു മാറ്റം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നിലവിലുള്ള അധികാര ഘടനയും ആസൂത്രണ പ്രക്രിയയിലെ അപാകതകളും ഒരു പരിധി വരെ ഇതിനു കാരണമായിട്ടുണ്ട്.

ഇന്ത്യയിലെ 90 കോടി ജനങ്ങളുടെ ആശയാഭിലാഷങ്ങൾ ഏതെങ്കിലും തിരഞ്ഞെടുക്കപ്പെട്ട വേദികളിൽ പ്രകടിപ്പിക്കുന്നതിന് ഏകദേശം 900 എം.പി.മാരും 6000 ത്തോളം എം.എൽ.എ.മാരുമാണുള്ളത്. ഇത് തികച്ചും അപര്യാപ്തമാണ്. അതിനാൽ പ്രാദേശിക വികാരങ്ങളും ജനങ്ങളുടെ പ്രശ്നങ്ങളും വേണ്ട വിധത്തിൽ ചർച്ച ചെയ്യപ്പെട്ടിരുന്നില്ല . നിലവിലുള്ള ഭരണ സംവിധാനത്തിൽ ഉദ്യോഗസ്ഥ ഭരണത്തിന്റെ സ്വാധീനം വളരെയേറെയാണ്. തത്ഫലമായി ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. പകരം, അഴിമതിയും സ്വജനപക്ഷപാതവും വളരുന്നതിന് ഈ സംവിധാനം കാരണമായി.

വികസന രംഗത്ത് നടന്നു വരുന്ന പ്രവർത്തനങ്ങളുടെ നേട്ടകോട്ടങ്ങൾ വിലയിരുത്തുന്നതിനും കോട്ടങ്ങൾ തത്സമയം പരിഹരിക്കുന്നതിനും സാധിച്ചിരുന്നില്ല.

മാത്രമല്ല ലക്ഷ്യപ്രാപ്തിയില്ലായ്മ, ജനപങ്കാളിത്തമില്ലായ്മ, മുൻഗണനാക്രമമില്ലായ്മ, ദുർവ്യയം കാലതാമസം, ഉത്തവാദിത്വമില്ലായ്മ ഇവയെല്ലാം കൂടി നമ്മുടെ വികസന രംഗത്തെ ശ്വാസം മുട്ടിച്ചിരുന്നു.

മുകളിൽ സൂചിപ്പിച്ച പരിമിതികളും ജീവിത പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ അധികാരവികേന്ദ്രീകരണത്തിനും അത് നടപ്പിൽ വരുത്തുന്നതിൽ പഞ്ചായത്ത് രാജ് സംവിധാനത്തിനും ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയക്കും പ്രധാന പങ്കാണുള്ളത്.

1988-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. രാജീവ് ഗാന്ധിയാണ് 66-ാം ഭരണ ഘടനാ ഭേദഗതിക്കു രൂപം നൽകിയത്. 1993-ഓടെ 73-74 ഭരണ ഘടനാ ഭേദഗതി സംബന്ധിച്ച് നടപടി ക്രമങ്ങൾ ആരംഭിച്ചു.

1995 ഒക്ടോബർ 2-ഓടെ തിരഞ്ഞെടുക്കപ്പെട്ട സമിതികൾ അധികാരത്തിൽ വന്നു. അതോടെ അധികാരം ജനങ്ങളുടെ കൈകളിൽ എത്തിച്ചേരുകയും ചെയ്തു. 9-ാം പദ്ധതിയുടെ 35%-40% താഴെ തട്ടിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണമെന്നാണ് പ്ലാനിംഗ് ബോർഡിന്റെ കാഴ്ചപ്പാട്.

അതിവിപുലമായ തോതിൽ ജനങ്ങളെ അണി നിരത്തിക്കൊണ്ട് വേണം ഈ കടമ നിർവ്വഹിക്കാൻ. ഈ ലക്ഷ്യം മുൻ നിർത്തിയാണ് കേരള സർക്കാർ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത്. പദ്ധതി രൂപപ്പെടുത്തുന്നതു മുതൽ അത് നടപ്പിലാക്കുന്നത് വരെ എല്ലാ ഘട്ടത്തിലും ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുക വഴി ജനങ്ങളിൽ ഒരു പുതിയ വികസന കാഴ്ചപ്പാട് വളർത്താൻ കഴിയുന്നു. പ്രാദേശിക സ്വയം ഭരണ സമിതി എന്ന നിലയിൽ നമ്മുടെ പഞ്ചായത്തിനെ ശക്തിപ്പെടുത്താൻ കരുവാരകുണ്ടിന്റെ സർവ്വതോന്മുഖമായ വികസന രംഗത്ത് കൂട്ടായ്മയുടെ കാൽവെയ്പ് അനിവാര്യമാണ്.

പുതിയ പാതയിലേക്ക് കടക്കുന്നതിനാൽ നമ്മുടെ പഞ്ചായത്തിന്റെ ചരിത്രം ഒന്നവലോകനം ചെയ്യേണ്ടിയിരിക്കുന്നു. പഴയ മലബാർ ജില്ലയിൽ ആദ്യമായി രൂപീകരിക്കപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണ് കരുവാരകുണ്ട്. 1956-ൽ കേരള സംസ്ഥാനം നിലവിൽ വന്നപ്പോൾ ഇത് കോഴിക്കോട് ജില്ലയുടെ ഭാഗമായിരുന്നു. 1969-ൽ മലപ്പുറം ജില്ല രൂപീകരിച്ചപ്പോൾ ഏറനാട് താലൂക്കിന്റെ ഭാഗമായിരുന്ന നമ്മുടെ പഞ്ചായത്ത് ഇപ്പോൾ നിലമ്പൂർ താലൂക്കിലാണ്.

1956-ൽ ജില്ലാ പുന: സംഘടന നടന്നപ്പോൾ ഈ പഞ്ചായത്തിൽ പെട്ട സൈലൻറ് വാലി പ്രദേശം പാലക്കാട് ജില്ലയിലേക്ക് മാറ്റപ്പെടുകയാണുണ്ടായത്.

1957-ൽ ഭൂപരിഷ്കരണം നിലവിൽ വരുന്നതിന് മുമ്പ് ഈ പ്രദേശം ജന്മിമാരുടെ കൈവശത്തിലായിരുന്നു. ജന്മിത്വം അവസാനിച്ച് സ്വന്തമായി ഭൂമി കൈവശം വന്നതോടെ കരുവാരകുണ്ടിന്റെ മുഖച്ഛായക്ക് കാതലായ മാറ്റം വന്നു. എന്നിരുന്നാലും നമ്മുടെ പഞ്ചായത്ത് നേരിടുന്ന പുതിയ പ്രശ്നങ്ങൾ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഇതിൽ മുഖ്യമാണ്. ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച, വ്യവസായ സംരംഭങ്ങളുടെ അഭാവം എന്നിവയും പ്രധാന പ്രശ്നങ്ങളാണ്. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ സ്ത്രീകൾ പിന്തള്ളപ്പെട്ടതും പട്ടിക ജാതി പട്ടിക വർഗങ്ങളുടെ ജീവിത നിലവാരം ഉയരാത്തതും പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങളാണ്.

ജനകീയാസൂത്രണ പ്രക്രിയ യാഥാർത്ഥ്യമാവുന്നതോ ടെ, ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താമെന്ന് പ്രതീക്ഷിക്കാം. 1954-ൽ നടന്ന ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിലൂടെയാണ് ജനങ്ങളുടെ പ്രതിനിധി അധികാരത്തിലെത്തുന്നത്. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ പരിഷ്കരിക്കപ്പെടാത്ത കാലത്ത് കൈപൊക്കി വോട്ടെടുപ്പ് സമ്പ്രദായത്തിലൂടെയാണ് ജനപ്രതിനിധികളെ തെരഞ്ഞെടുത്തിരുന്നത്. ജനാബ് പി. കുഞ്ഞി മൊയ്തീൻ മുൻസിഫിയാരായിരുന്നു കരുവാരകുണ്ട് പഞ്ചായത്തിന്റെ പ്രഥമപ്രസിഡൻറ്. വിവിധ കാലങ്ങളിലായി തെക്കേതിൽ കുഞ്ഞിമൊയ്തീൻ ഹാജി, നെടുമ്പ മുഹമ്മദ്, എം. മമ്മു ഹാജി, അഡ്വ. എം. ഉമർ എന്നിവരും പ്രസിഡൻറ് പദം അലങ്കരിച്ചിട്ടുള്ള വ്യക്തികളാണ്. 13 വാർഡുകളിലായി വിഭജിക്കപ്പെട്ടു കിടക്കുന്ന ഇപ്പോഴത്തെ ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡൻറ് ശ്രീമതി. പി. ആയിഷയാണ്.

ജനകീയാവശ്യവുമായി ബന്ധപ്പെട്ട വിവിധ ഓഫീസുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മരുതിങ്ങലാണ് നമ്മുടെ പഞ്ചായത്തിന്റെ ആസ്ഥാനം. കേരള എസ്റ്റേറ്റ് വില്ലേജ്, കരുവാരകുണ്ട് വില്ലേജ് എന്നീ രണ്ടു വില്ലേജുകൾ ഈ പഞ്ചായത്തിലുണ്ട്. സർക്കാർ വകയിൽ ഒരു ഹൈസ്കൂൾ, ഒരു യു.പി.സ്കൂൾ, അഞ്ച് എൽ.പി. സ്കൂൾ എന്നിവയും സ്വകാര്യ മേഖലയിൽ ഒരു എൽ.പി. സ്കൂളും ഗവൺമെൻറ്-എയിഡഡ് വിഭാഗത്തിൽ ഒരു ഹൈസ്കൂളും ഒരു യു.പി. സ്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നു.

ഗ്രാമീണ കർഷക മേഖലയെ പോഷിപ്പിക്കുന്ന കൃഷി ഭവൻ, മൃഗാശുപതി, തോട്ടം മേഖലയിൽ സംയോജിത പ്രവർത്തനം നടത്തുന്ന റബ്ബർ ബോർഡ് ഫീൽഡ് ഓഫീസ്, ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന പ്രൈമറിഹെൽത്ത് സെൻറർ, അതിനു കീഴിലുള്ള 6 സബ് സെൻററുകൾ, ഒരു ആയുർവേദ ഡിസ്പെൻസറി, ഒരു സബ് പോസ്റ്റ് ഓഫീസ്, 5 ബ്രാഞ്ച് പോസ്റ്റാഫീസുകൾ എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ ടെലിഫോൺ എക്സ്ചേഞ്ച്, ലൈബ്രറി, പോലീസ് സ്റ്റേഷൻ, ഫോറസ്റ്റ് സ്റ്റേഷൻ എന്നിവ ജനകീയാവശ്യങ്ങൾ നിറവേറ്റുന്നു.

കരുവാരകുണ്ട് സർവ്വീസ് സഹകരണ ബാങ്ക്, നിലമ്പൂർ കോ ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, ഏറനാട് കാർഷിക ഭൂപണയ ബാങ്ക് എന്നിവ കാർഷിക, വ്യാപാര ആവശ്യങ്ങൾക്കുള്ള സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളാണ്.

ഭൂമിയും വസ്തു വകകൾ കൈമാറ്റം നടക്കുന്ന ഈ പ്രദേശത്ത് ഒരു സബ് രജിസ്ട്രാർ ഓഫീസ് ഇല്ലെന്നത് പ്രധാനപ്പെട്ട ഒരു പോരായ്മയേണ്ടിയിരിക്കുന്നു.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് 1996 സപ്തംബർ 13, 14, 15 തിയ്യതികളിൽ വണ്ടൂരിൽ നടന്ന ഒന്നാം ഘട്ട ഡി.ആർ.പി. ക്യാമ്പിൽ ഒമ്പത് പേർ ഈ രംഗത്ത് സന്നദ്ധ പ്രവർത്തനത്തിനുള്ള പരിശീലനം നേടി. പഞ്ചായത്ത് തലത്തിൽ നടന്ന എൽ.ആർ.പി. ക്യാമ്പിൽ 65പേരും മുഴുവൻ ജന പ്രതിനിധികളും പങ്കെടുത്തു. വിവിധ തിയ്യതികളിൽ എല്ലാ വാർഡുകളിലും പ്രത്യേക ഗ്രാമസഭകൾ ചേരുകയും ജനകീയാവശ്യങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി.

ഒക്ടോബർ 14, 15, 16 തിയ്യതികളിൽ നിലമ്പൂരിൽ നടന്ന രണ്ടാംഘട്ട ഡി.ആർ.പി ക്യാമ്പിൽ മുഴുവൻ ഡി.ആർ.പി.മാരും പങ്കെടുത്തു. രണ്ടാംഘട്ടം എൽ.ആർ.പി. ക്യാമ്പിൽ 120 പേർ പങ്കെടുത്തു. നവംബർ ഒന്നിന്റെ പുനരർപ്പണ ദിനത്തിൽ കരുവാരകുണ്ട് 'ചിറ'യുടെ കനാൽ പുനർ നിർമാണം തുടങ്ങിക്കൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു.


ഗവ. ഹൈസ്കൂളിന് പഞ്ചായത്ത് വക പുതിയ ബ്ലോക്കിന്റെ നിർമ്മാണവും ഇതോടൊപ്പം ആരംഭിച്ചു.

2-11-96-ന് ഗ്രാമത്തിലെ ഉദ്യോഗസ്ഥ സംഗമത്തിൽ എല്ലാ സ്ഥാപനത്തിലെ പ്രതിനിധികളും പങ്കെടുത്ത് ജനകീയാസൂത്രണ പ്രക്രിയക്ക് പിന്തുണ വാഗ്ദാനം ചെയ്തു.

1996 നവംബർ 3-ന് പ്രാദേശിക ചരിത്ര വിവര ശേഖരണ സംഘം കർമ്മ രംഗത്തിറങ്ങി നാലു ദിവസത്തിനുള്ളിൽ പൗരാണികമായ പല ചരിത്ര വസ്തുതകളും അമൂല്യ നിധികളായി ശേഖരിച്ചു. അതിപുരാതനമായ ചരിത്ര സത്യങ്ങൾ കണ്ടെടുക്കപ്പെട്ടപ്പോൾ അത് നാളത്തെ തലമുറക്ക് കൂടി പ്രചോദനം പകരുന്നതായി.

നവംബർ 4-ന് തുടങ്ങിയ നാലു ദിവസം നീണ്ടു നിന്ന പ്രകൃതി പഠന പര്യടന സംഘം കണ്ടെത്തിയ വസ്തുതകൾ വികസന രേഖയ്ക്കു പുതിയ ദിശാ ബോധം പകർന്നു.

വിവരങ്ങൾ സമാഹരിക്കപ്പെട്ടു കഴിഞ്ഞതോടെ വികസന റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം തുടങ്ങി. ഡി.ആർ.പി.മാർ, ജനപ്രതിനിധികൾ, ആസൂത്രണ പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർ രാവും പകലും അന്വേഷണവും ചിന്തയും കൊണ്ട് രൂപപ്പെടുത്തിയ വിവരങ്ങളാണ് ഇതിൽ ചേർത്തിട്ടുള്ളത്. ചർച്ച ചെയ്യപ്പെടേണ്ട ഈ പുസ്തകത്തിന്റെ പിന്നിലുള്ള മനുഷ്യ യത്നത്തിന്റെ കരുത്ത് അക്ഷരങ്ങളിൽ കുറിച്ചിടുന്നു. നാളത്തെ വികസന സംസ്കാരത്തിന് മാർഗ്ഗ രേഖയാവേണ്ട ഈ റിപ്പോർട്ട് വർത്തമാന കാല മനുഷ്യർ പുതിയ ചരിത്രമാക്കും എന്ന് പ്രത്യാശിക്കുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.




II

സാമൂഹിക സാംസ്കാരിക ചരിത്രം

'കരു' എന്നാൽ ഇരുമ്പയിര്. ഇരുമ്പയിര് വാരിയെടുത്തിരുന്ന സ്ഥലം കരുവാരക്കുണ്ടായി. ഇരുമ്പുമായി ഈ പ്രദേശത്തിന് അതിപുരാതനമായി ഒരു ബന്ധമുണ്ടെന്ന് ചരിത്രത്തിൽ കാണാം. അയിരു പണി എടുത്തിരുന്നവർക്ക് 'അരിപ്പണിക്കാർ' എന്ന കുടുംബപ്പേർ ഉണ്ടായിരുന്നതായി തെളിവുകളുണ്ട്. സി.എൻ.അഹമദ് മൗലവിയുടെ 'മഹത്തായ മാപ്പിള സാഹിത്യ പാമ്പര്യം' എന്ന ഗ്രന്ഥത്തിൽ എഞ്ചിനീയർ രാമന്റെ ലേഖനം ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: "കരുവാരകുണ്ടിനെ വേണമെങ്കിൽ ദക്ഷിണേന്ത്യയിലെ ജംഷഡ്പൂർ എന്നു വിളിക്കാം. രണ്ടായിരം വർഷങ്ങൾക്കു മുൻപ് ഇരുമ്പ് കൊണ്ട് ഇവിടെ നിർമ്മിക്കപ്പെട്ട വാൾ, ചട്ടി തുടങ്ങിയ ഈജിപ്ത്, തുർക്കി, റോം, ദമസ്കസ് തുടങ്ങിയവ രാജ്യങ്ങളിലേക്കു കയറ്റി അയച്ചിരുന്നതായി ചരിത്രം പറയുന്നു." യൂറോപ്പിൽ ആർക്കും ഈ കാലഘട്ടത്തിൽ ഇരുമ്പുരുക്കു നിർമ്മാണം അറിയാമായിരുന്നില്ല എന്ന സത്യം അപഗ്രഥിക്കുമ്പോൾ ഇവിടെ ജനിച്ച ഓരോരുത്തർക്കും നമ്മുടെ മഹത്തായ ചരിത്ര പാരമ്പര്യത്തിന്റെ പേരിൽ അഭിമാനം കൊള്ളാതിരിക്കാൻ കഴിയില്ല.

കരുവാരകുണ്ടിലെ ഓരോ സ്ഥലനാമത്തിന്റെ പിന്നിലും ചരിത്രം ഉറങ്ങിക്കിടപ്പുണ്ട്. അയിരുള്ള മണൽ അരിമണലായി. ആറിന്റെ തലയ്ക്കലുള്ള സ്ഥലം ആർത്തലയായി. കോർമത്തുകാരുടെ കച്ചവടത്തിൽ പഴയ കടയിരുന്ന സ്ഥലം 'പഴയകട', പുതിയകട ഉണ്ടായ സ്ഥലം 'പുതിയകട'യായി. ചെട്ടിയാന്മാർ പാവുമുണ്ടു നെയ്തിരുന്ന സ്ഥലം പാവായി. ആൾപ്പാർപ്പില്ലാതിരുന്ന സ്ഥലം 'തരിശാ'യി. കാടും മേടും കടന്നു ചെല്ലുമ്പോൾ പുല്ലിന്റെ വട്ടമുള്ള സ്ഥലം 'പുൽവെട്ട'യായി. വീട്ടി കൂടുതലുണ്ടായിരുന്ന ഇടം 'വീട്ടിക്കുന്ന്.' പുന്ന കൂടുതലുണ്ടായിരുന്നിടം 'പുന്നക്കാട്.' വാക കൂടുതലുള്ളത് 'വാക്കോട്.' നെല്ലു ചേറിയപ്പോൾ മുറം കീറിയതു 'മുറം കീറി.' മരുത് നിന്നത് 'മരുതിങ്ങൽ.' പൊടുവണ്ണി നിന്നേടം 'പൊടുവണ്ണി.' ദാ ഇങ്ങോട്ടിരി എന്നു പറഞ്ഞപ്പോൾ ഇരിങ്ങാട്ടിരിയായി. ഒരിക്കൽ ഇവിടത്തെ സ്ഥലങ്ങളുടെ പുരാവൃത്തം കേട്ട് കേരള എസ്റ്റേറ്റിലെ മോർട്ടീവർ സായിപ്പ് സ്ഥലവാസിയായ കരാറു മേസ്തിരിയോടു പറഞ്ഞു പോലും: 'ബെറ്റർദാൻ ഇംഗ്ലണ്ട്.' സായിപ്പിന് ഇംഗ്ലണ്ടിനെക്കാൾ പ്രിയം നമ്മുടെ പ്രദേശമാണെന്നു സാരം.

മൂന്നു ഭാഗം പശ്ചിമഘട്ടത്താൽ ചുറ്റപ്പെട്ട ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്ന് 1500 അടി ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. അതിവിശിഷ്ടമായ ഔഷധ സമ്പത്തും അത്യപൂർവമായ പ്രകൃതി സമ്പത്തും നിറഞ്ഞു നിൽക്കുന്ന കുമ്പൻ പർവത നിര നമ്മുടെ ഗ്രാമത്തിന്റെ സന്തുലനാവസ്ഥയെ നിയന്ത്രിക്കുന്നു. പഴമക്കാർ ഈ പ്രദേശത്തെ 'കേരളത്തിലെ ചിറാപ്പുഞ്ചി' എന്നു വിശേഷിപ്പിച്ചിരുന്നു



ന്നാത്ത നീരൊഴുക്കിന്റെ പ്രതീകമായ 'ഒലിപ്പുഴ' ഇവി
ന്നുത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി കടലുണ്ടിപ്പു
ഴയിൽ ചെന്നു ചേരുന്നു. മഴയും ജല സമ്പത്തും പ്രയോ
ജനപ്പെടുത്തി ആദ്യകാലത്ത് ഇവിടെ നെല്ലു മാത്രമാണ്
കൃഷി ചെയ്തിരുന്നത്. 'ആറു മാസം കൃഷിയും പിന്നെ
ചീട്ടുകളിയും' എന്ന് നാട്ടിലൊരു ചൊല്ലുണ്ടാവാൻ ഇതാ
ണ് കാരണം. ഒരു കാലത്ത് മീൻ പിടുത്തവും നായാട്ടുമാ
യിരുന്നു. കരുവാരകുണ്ടുകാരുടെ മുഖ്യ വിനോദം' എന്ന
പ്രയോഗം ശരിയാണെന്ന് ഈ പ്രദേശത്തിന്റെ ഭൂപ്രകൃ
തി പരിശോധിക്കുമ്പോൾ നമുക്കു ബോധ്യപ്പെടും.

പഴയകാലത്തും മത സഹിഷ്ണുതയ്ക്കും സൗഹാർ
ദ്ദത്തിനും പേരുകേട്ട സ്ഥലമാണ് കരുവാരക്കുണ്ട്. 1921-ൽ
ബ്രിട്ടീഷുകാർക്കെതിരെ ഏറനാട്ടിൽ മലബാർ കലാപം
പൊട്ടിപ്പുറപ്പെട്ടപ്പോഴും ഈ സാഹോദര്യം ഇവിടെ നില
നിന്നു പോന്നിട്ടുണ്ട്. 1921- ആഗസ്ത് ഇരുപതാം തീയതി
കുഞ്ഞാടി പള്ളിക്ക് ബ്രിട്ടീഷ് പട്ടാളം വെടിവെച്ചു എന്ന
വാർത്ത പരന്നതോടെ കരുവാരക്കുണ്ടിലും ബ്രിട്ടീഷ്
വിരോധം കത്തിജ്ജ്വലിച്ചു. 1921 ആഗസ്ത് 21-ാം തീയതി
മാപ്പിളമാർ കരുവാരകുണ്ട് പോലീസ് സ്റ്റേഷൻ ആ
ക്രമിച്ച് ആയുധങ്ങൾ പിടിച്ചെടുത്തു. വെടിവെപ്പിലുണ്ടായി
രുന്നാലു പോലീസുകാർ ജീവനും കൊണ്ടോടി രക്ഷ
പ്പെട്ടു. പോലീസ് സ്റ്റേഷൻ പൂർണമായും കത്തി നശി
ച്ചതായാണുണ്ടായത്. ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീ
സിനു മുമ്പിലുണ്ടായിരുന്ന ടി.ബി. ലഹളക്കാർ ആക്രമിച്ചു
നശിപ്പിച്ചു. കേരള എസ്റ്റേറ്റിലെ സായിപ്പിന്റെ ബംഗ്ലാ
വും ഫാക്ടറിയും ലഹളക്കാർ ആക്രമിച്ചു. മിസ്റ്റർ കാൾ
ബ്രൂക്ക്, മിസ്റ്റർ ബ്രൗൺ തുടങ്ങിയ സായിപ്പുമാർ കാ
ട്ടിൽ അഭയം തേടി. പുല്ലങ്കോട് എസ്റ്റേറ്റിൽ നിന്നും കാട്ടി
ലൂടെ വരുകയായിരുന്ന ഈറ്റൻ സായിപ്പിനെ ലഹളക്കാർ
പിടികൂടി വധിച്ചു കളഞ്ഞു. പാണ്ടിക്കാട്ടുള്ള 'ചന്തപ്പു
ര'യിലാണ് ബ്രിട്ടീഷുകാർ വെടിക്കോപ്പുകൾ സൂക്ഷിച്ചി
രുന്നത്. 'ചന്തപ്പുര യുന്ത'ലിൽ പങ്കെടുത്ത് മരണപ്പെടു
കയും പരിക്കേൽക്കുകയും ചെയ്തവരിൽ ഭൂരിപക്ഷവും
കരുവാരകുണ്ടുകാരായിരുന്നു.

മലബാർ കലക്ടർ മിസ്റ്റർ തോമസിന്റെയും ഡിസ്
ട്രിക്റ്റ് പോലീസ് സൂപ്രണ്ട് മിസ്റ്റർ ഹിച്ച് കോക്കിന്റെ
യും കൽപന പ്രകാരം കലാപം അടിച്ചമർത്താൻവെള്ളപ്പട്ടാ
ളം കരുവാരകുണ്ടിലെത്തി. ചെമ്പൻ കുന്നിലായിരുന്നു
പട്ടാളത്തിന്റെ ടെൻറടിച്ചുള്ള ആദ്യ താവളം. പിന്നീടാ
ണ് കേമ്പിൻ കുന്നിലുള്ള ബാരക്സ് നിലവിൽ വന്നത്.
പട്ടാളം ലഹളക്കാരുടെ വീടുകൾ കൊള്ളയടിക്കുകയും
പുരയ്ക്കു തീവയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.
പുത്തനഴിയിലെ വയങ്കര പുത്തൻ വീട്ടിൽ അപ്പു നായരു
ടെ വീടിന് മാപ്പിളമാർ കാവൽ നിൽക്കുന്നത് കണ്ട് മാപ്പി
ള വീടാണെന്നു കരുതി പട്ടാളം തീവച്ചു നശിപ്പിച്ചതിന് ജീ
വിച്ചിരിക്കുന്ന സാക്ഷികൾ ഇപ്പോഴുമുണ്ട്. പട്ടാളത്തിന്റെ
പൈശാചിക വേട്ടയിൽ മാനഭംഗം സഹിക്കേണ്ടി വന്ന നി
രവധി സഹോദരിമാരുടെ ഓർമകൾ കാലത്തിനു വെളി
പ്പെടുത്താനുണ്ട്. ബ്രിട്ടീഷുകാർ എന്ന പൊതു ശത്രുവി
നെ സഹായിച്ചവരെയും പ്രസ്ഥാനത്തെ ഒറ്റിയവരെയും
ജാതിയും മതവും നോക്കാതെ ലഹളക്കാർ ശിക്ഷിച്ച ചരി
ത്രവും ഇവിടെ രേഖപ്പെടുത്തേണ്ടതാണ്.

ലഹളയുടെ ഭാഗമായി ആന്തമാനിലേക്കു നാടു കടത്ത
പ്പെട്ട കുടുംബങ്ങൾ നിരവധിയാണ്. രാജ്യസ്നേഹത്തി
ന്റെ പേരിൽ എല്ലാവരെയും സ്മരിക്കുന്നതോടൊപ്പം കാ
രണവന്മാരുടെ ഓർമകളിൽ നിന്നു കിട്ടിയ പേരുകൾ മാ
ത്രമേ ഇവിടെ കുറിക്കുന്നുള്ളൂ. ഒ.പി. പോക്കർ, ഇമ്പിച്ചി
ക്കോയത്തങ്ങൾ, മാട്ടുമ്മൽ അഹമ്മദ്, മാട്ടുമ്മൽ കുഞ്ഞോ
യി, മാട്ടുമ്മൽ അലവി, കോഴിശ്ശേരി കോയ, മാട്ടുമ്മൽ
മരയ്ക്കാർ, ആന്തമാനിൽ വച്ചു മരണപ്പെട്ട മമ്പാടൻ കുട്ടി
ഹസ്സൻ, കരുവാരകുണ്ട് പഞ്ചായത്ത് പ്രഥമ പ്രസിഡൻറ്
കുഞ്ഞു മൊയ്തീൻ മുസ്ലിയാർ തുടങ്ങിയവർ ബ്രിട്ടീഷ്
ദുരന്തങ്ങൾ ഏറ്റുവാങ്ങിയവരാണ്. ബ്രിട്ടീഷുകാരുടെ നി
യമം നടപ്പാക്കാത്ത ദേശസ്നേഹികളായ ഉദ്യോഗസ്ഥന്മാ
രെ ബ്രിട്ടീഷുകാർ വെറുതെ വിട്ടില്ല. ബ്രിട്ടീഷ് കൽ
പനയ്ക്കു വഴങ്ങാതിരുന്ന അച്ചുതൊടി മൊയ്തു അധി

കാരിയെ അവർ നമ്മുടെ മണ്ണിൽ നിന്നും അറസ്റ്റ് ചെയ്തു കൊണ്ടുപോയി. ഓർമകൾ മാത്രം നമുക്കു നൽകിക്കൊണ്ട് ആ ദേശസ്നേഹി കാലയവനികക്കുള്ളിൽ എവിടെയോ മറഞ്ഞു നിൽക്കുന്നു.

ഹിന്ദുക്കളുടെ രാജാവായും മുസ്ലീങ്ങളുടെ അമീറായും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ കേണലായും സ്വയം അധികാരമേറ്റ വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിക്ക് ഈപ്രദേശവുമായി അടുത്ത ബന്ധവും പരിചയവും ഉണ്ടായിരുന്നു. കണ്ണത്ത് പറവട്ടി കോയാമു ഹാജിയുടെ മകൾ മാളുവിനെ അദ്ദേഹം വിവാഹം ചെയ്തുവെന്നും അവരൊന്നിച്ച് കേരള എസ്റ്റേറ്റിനു മുകളിലുള്ള വനത്തിൽ ഒളിവിൽ കഴിഞ്ഞുവെന്നും മാധവൻ നായരുടെ 'മലബാർ കലാപ'ത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ മാളുവാണ് പിൽക്കാലത്ത് മാളൂട്ടി ഹജ്ജുമ്മ എന്നറിയപ്പെട്ടത്.

പിന്നീട് നടന്ന ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ഈ പ്രദേശത്തിന്റെ പങ്ക് ചരിത്രത്തിൽ രേഖപ്പെടുത്തിക്കാണാത്തത് പല കാരണങ്ങളാലാവാം. മലബാർ കലാപത്തിന്റെ പീഢാനുഭവങ്ങളും ദുരന്ത ങ്ങളും മനസ്സിൽ മറക്കാനാവാത്ത മുറിവുകൾ ഏൽപിച്ചിരിക്കാം. വെടിവെപ്പിൽ മരിച്ചതു കൊണ്ടോ നാടു കടത്തപ്പെട്ടതു കൊണ്ടോ പുരുഷന്മാരില്ലാത്ത ഒരവസ്ഥ ഉണ്ടായിരുന്നിരിക്കണം. എന്നിരുന്നാലും ദേശീയ പ്രസ്ഥാനങ്ങളുടെ സജീവ സാന്നിധ്യം ഉണ്ടായിരുന്നതായി കാണുന്നുണ്ട്. 1937-ൽ കേമ്പിൻ കുന്ന് മൈതാനിയിൽ ചേർന്ന കോൺഗ്രസ് പൊതുയോഗത്തിൽ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, മൊയ്തു മൗലവി, എ.കെ. ഗോപാലൻ തുടങ്ങിയവർ പങ്കെടുത്തതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടു മഹായുദ്ധങ്ങളിൽ പങ്കെടുത്ത് ധീരത കാണിച്ചവരും നമ്മുടെ മണ്ണിൽ ധാരാളമുണ്ടായിരുന്നു. അവരിൽ ചിലരൊക്കെ ഇന്നും യുദ്ധത്തിന്റെ ഓർമകൾ അയവിറക്കിക്കൊണ്ട് വിനാശം വിതയ്ക്കാൻ ഇനിയൊരു യുദ്ധം ഉണ്ടാവരുതേ എന്നു പ്രാർത്ഥിക്കുന്നു. ഹവിൽദാർ മേജറായിസേവനമനുഷ്ഠിച്ച മാഞ്ചീരി മമ്മു കുരിക്കൾ, പട്ടാളക്കാരൻ കുഞ്ഞയമു, മരയ്ക്കാർ സാഹിബ്, കാരൂത്ത് അച്യൂതൻ നായർ, വെമ്മുള്ളി മൊയ്തീൻ, കല്ലായി കുഞ്ഞലവി തുടങ്ങിവയവർ ഇവരിൽ പെടും.

1952-ൽ സഖാവ് എ.കെ.ജി.യുടെ നേതൃത്വത്തിൽ കേരളത്തിലാകമാനം നടന്ന തരിശ് ഭൂമി സമരത്തിന്റെ ഗർജനം കരുവാരക്കുണ്ടിലും മുഴങ്ങിക്കേട്ടു. പാറക്കോട്ടുകാർ പാട്ടത്തിനെടുത്ത കോവിലകം ഭൂമിയിൽ സഖാവ് കുഞ്ഞാലിയുടെ നേതൃത്വത്തിൽ അഞ്ഞൂറോളം പേർ പ്രവേശിക്കുകയും ധീരമായി അറസ്റ്റു വരിച്ച് അവരിൽ പതിമൂന്നു പേർ ജയിലിൽ പോവുകയും ചെയ്തു. 1956-ൽ



ഭൂദാന പ്രസ്ഥാനത്തിന്റെ ഭാഗമായി വിനോബാജിയുടെ നേതൃത്വത്തിലുള്ള പദയാത്രയിൽ കോൺഗ്രസ് പ്രവർത്തകരും സർവോദയ പ്രവർത്തകരുമടക്കം നൂറു കണക്കിനാളുകൾ പങ്കെടുത്ത് ഈ മണ്ണിനെ ധന്യമാക്കിയ നിമിഷങ്ങൾ നമുക്കോർമിക്കുവാനുണ്ട്.

കരുവാരക്കുണ്ടിന്റെ സമ്പദ് ഘടനയിൽ കാര്യമായ മാറ്റമുണ്ടാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ കൃഷിയെപ്പറ്റി ചിന്തിച്ചാലും നമുക്ക് ചരിത്രത്തിലേക്കു കടക്കേണ്ടി വരും. 1905-ൽ കേരള എസ്റ്റേറ്റിൽ ബ്രിട്ടീഷുകാരൻ ആദ്യത്തെ റബ്ബർ മരം നട്ടതായി ആ രംഗത്തുള്ള കാരണവന്മാർ പറയുന്നു. കേരള എസ്റ്റേറ്റിന്റെ വളർച്ചയോടെ, തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനായി സമീപ പ്രദേശങ്ങളിൽ നിന്നും ഈ പ്രദേശത്തേക്കു കുടിയേറിയവരാണ് ഭൂരിപക്ഷം കുടുംബങ്ങളും. ബ്രിട്ടീഷുകാർ തന്നെയാണ് 1916-ൽ ആർത്തല റ്റീ എസ്റ്റേറ്റ് വച്ചു പിടിപ്പിച്ചത്. ചായത്തോട്ടത്തിലെ തൊഴിലാളികളിൽ ഭൂരിപക്ഷവും കങ്കാണിമാർ മദിരാശിയിൽ നിന്നു കൊണ്ടുവന്ന തമിഴ് തൊഴിലാളികളായിരുന്നു. അന്നുമുതൽക്കേ ഈ പ്രദേശത്തിന് ചെറിയ തോതിലെങ്കിലും തമിഴ് സംസ്കാരത്തിലും വേരുകളുണ്ട്.

ആദ്യകാലത്ത് എസ്റ്റേറ്റ് മാനേജർമാരായിരുന്ന പിറ്റൽ സായിപ്പ്, മോർട്ടീവർ സായിപ്പ്, ഡേവിഡ് സായിപ്പ്, കേറ സായിപ്പ് എന്നിവർ തൊഴിലാളികളെ അടക്കി ഭരിച്ചിരുന്നു.

കരാർ മേസ്തിരിമാരും റൈറ്റർമാരും സായിപ്പും ചേർന്ന് തൊഴിലാളികളെ ചൂഷണം ചെയ്തുപോന്നു. ആണുങ്ങൾക്ക് നാലണയും പെണ്ണുങ്ങൾക്കു മൂന്നണയും കൂലി കൊടുത്ത് അടിച്ചു പണിയെടുപ്പിച്ചിരുന്ന കാലം! പയ്യന്നൂരിൽ നിന്നു വന്ന ഈശ്വരൻ എന്ന കമ്മ്യൂണിസ്റ്റുകാരനാണ് തൊഴിലാളികളെ ഈ മേഖലയിൽ ആദ്യമായി സംഘടിപ്പിച്ചത്. 1949-ൽ കേരള എസ്റ്റേറ്റിൽ, നീണ്ടു നിന്ന ഒരു തൊഴിലാളി സമരത്തിൽ തൊഴിലാളികളുടെ അവകാശങ്ങളെ പ്പറ്റി സായിപ്പുമായി ഇംഗ്ലീഷിൽ സംസാരിക്കാൻ സഖാവ് കുഞ്ഞാലി വന്നു. മത്സരം വിജയിച്ചതോടെ തോട്ടം തൊഴിലാളി സംഘത്തിന്റെ സെക്രട്ടറിയായി അദ്ദേഹം പിന്നീട് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പി.എൻ. നമ്പീശന്റെയും ഹുസ്സൻ സാഹിബിന്റെയും നേതൃത്വത്തിൽ കോൺഗ്രസ് തൊഴിലാളി സംഘവും ശക്തിപ്പെടാൻ തുടങ്ങി. സുലൈമാൻ മാസ്റ്ററുടെ നേതൃത്വത്തിൽ മുസ്ലിം ലേബർ യൂണിയനും നിലവിൽ വന്നു.

തോട്ടം മേഖലയിൽ ബ്രിട്ടീഷ് ആധിപത്യം ഉണ്ടായിരുന്ന കരുവാരകുണ്ടിൽ കുതിരക്കുളമ്പടികളായിരുന്നു ഗതാഗതത്തിന്റെ ആദ്യ ശബ്ദം. സായിപ്പും മദാമ്മയും സവാരി ചെയ്ത കുതിര വണ്ടിക്കു ശേഷം 1915-ൽ ഇന്ന സായിപ്പ് സഞ്ചരിച്ച സൈക്കിളായിരുന്നു അക്കാലത്തെ പരിഷ്കൃത ഇരു ചക്ര വാഹനം! കാളികാവു ചന്ത കഴിഞ്ഞ് ബുധനാഴ്ച രാത്രികളിൽ പുന്നക്കാട്ടേക്കു ചരക്കു കയറ്റിപ്പോകുന്ന പോത്തിൻ വണ്ടികളും കാളവണ്ടികളും നാട്ടുകാർക്കു സുപരിചിതമായ ഇരു ചക്ര വാഹനങ്ങളായിരുന്നു. കരുവാരകുണ്ടുകാരനായ മാഞ്ചീരി പത്തായപ്പുറയ്ക്കൽ അബ്ദുല്ല കുരിക്കളുടെ 1929-ൽ ഓടിത്തുടങ്ങിയ ബസ്സാണ് നാലു ചക്രങ്ങളുള്ള ആദ്യത്തെ വാഹനം. യുദ്ധകാലത്ത് പെട്രാൾ ക്ഷാമം വന്നപ്പോൾ കൽക്കരി ചൂടാക്കി ഓടിച്ചിരുന്ന ഈ ബസ്സിന്റെ ഓർമകളുമായി ജീവിച്ചിരിക്കുന്ന കാരണവന്മാർ ഇപ്പോഴുമുണ്ട്. തുടർന്ന് ഇന്ത്യൻ ബസ്സും രാജ ലക്ഷ്മിയും ഓടിത്തുടങ്ങി.

ആദ്യകാലത്തു കച്ചവട സ്ഥാപനങ്ങൾ ഉണ്ടായിരുന്നില്ല. പുന്നക്കാട് ചന്ത മാത്രമായിരുന്നു കൊടുക്കൽ വാങ്ങലുകൾക്കുള്ള ഏക അവലംബം.

ഒരാഴ്ചത്തേക്കുള്ള സാധനങ്ങൾ ഒരുമിച്ച് ചന്തയിൽ നിന്നും വാങ്ങുകയായിരുന്നു പതിവ്. വ്യാഴാഴ്ച ചന്തയ്ക്കു സഹായകമായ വിധത്തിലാവണം അന്നേ ദിവസം തൊഴിലാളികൾക്കു കൂലി, എന്ന തോട്ടം തൊഴിലാളി നിയമം തന്ന നടപ്പിൽ വന്നത് ചന്തകളുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ചന്ത അക്കാലത്ത് ഗ്രാമത്തിലുള്ളവർക്ക് ഒന്നിച്ചു കൂടാനും സൗഹൃദം പങ്കുവയ്ക്കാനുമുള്ള നാട്ടരങ്ങായിരുന്നു. മൺമറഞ്ഞ മാപ്പിളക്കവി പുലിക്കോട്ടിൽ ഹൈദറിന്റെ "കരുവാരകുണ്ടതിന്ന് കഴിഞ്ഞ ചന്തന്റെറയന്ന്" എന്നു തുടങ്ങുന്ന ഗാനം അക്കാലത്ത് ഏറെ പ്രസിദ്ധമായിരുന്നു.

ചിറയ്ക്കൽ മുതൽ അങ്ങാടി വരെയുള്ള റോഡിന്റെ ഇരുവശങ്ങളിൽ എവ്വിടെയോ ആയിരിക്കണം ആദ്യത്തെ കച്ചവട സ്ഥാപനങ്ങൾ കണ്ടു തുടങ്ങിയത്. അതുകൊണ്ട് തന്നെ ഈ പ്രദേശം ആദ്യത്തെ അങ്ങാടിയായി അറിയപ്പെടുന്നു.

ആലസ്സൻ മുസ്ലിയാരും സുലൈമാൻ മുസ്ലിയാരും അക്കാലത്ത് ഉത്തമ സുഹൃത്തുക്കളായിരുന്നു. സുലൈമാൻ എവിടെയാണെന്നറിയാതെ ആലസ്സൻ ചായക്കടയിൽക്കയറി രണ്ടു ചായ പറയും. ചായ എടുത്തു കഴിയുമ്പോൾ സുലൈമാൻ എവിടെ നിന്നോ വന്നിരിക്കും എന്നൊരൈതിഹ്യം ഉണ്ട്. കൊയപ്പാന്മാർ ചന്തയിൽ കൊണ്ടു വരുന്ന മൺപാത്രങ്ങൾ ഒന്നായി വാങ്ങുന്ന സുലൈമാൻ മുസ്ലിയാർ പിന്നീട് അവയെ 'നാടൊക്കെ കാടാവും കാടൊക്കെ നാടാവും' എന്നു ചൊല്ലിക്കൊണ്ട് എറിഞ്ഞു പൊട്ടിരിച്ചിരുന്നതിന്റെ പ്രതീകാത്മകതയും ഇപ്പോഴും സുലൈമാൻ മുസ്ലിയാർക്കു മാത്രം അറിയാവുന്ന പരമ സത്യമായി അവശേഷിക്കുന്നു!

'സുലൈമാന്റെ സോപ്പ് വാങ്ങണോരും വാങ്ങാത്തോരും കുടുങ്ങും' എന്നത് നമ്മുടെ ഭാഷയുടെ ഒരു ശൈലിയായിത്തീർന്നിട്ടുണ്ട്. പിൽക്കാലത്ത് മാമ്പുഴ ജുമാഅത്തു പള്ളിയിൽ ഖബറടക്കിയ ആലസ്സൻ മുസ്ലിയാരുടെ പേരിൽ നടത്തപ്പെടുന്ന ആണ്ടു നേർച്ച മലപ്പുറം ജില്ലയിലെ പ്രസിദ്ധമായ നേർച്ചകളിലൊന്നായി മാറിയിട്ടുണ്ട്.

ഇന്നു കാണുന്ന വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്ക് യാതൊരു നീതീകരണവും ഇല്ലാത്ത വിധത്തിലാണ് വിദ്യാഭ്യാസ ചരിത്രത്തിന്റെ തുടക്കം. 1928-ൽ ഡിസ്ട്രിക്റ്റ് ബോർഡ് സ്കൂളുകൾ നിലവിൽ വരുന്നതിനു മുൻപു തന്നെ കണ്ണത്ത് സ്കൂൾ, കൊയ്ത്തകുണ്ട് മാപ്പിള സ്കൂൾ കൊയ്ത്തകുണ്ട് ഹിന്ദു സ്കൂൾ, ഇരിങ്ങാട്ടിരി മാപ്പിള സ്കൂൾ, ഇരിങ്ങാട്ടിരി ഹിന്ദു സ്കൂൾ എന്നിവ നിലവിലുണ്ടായിരുന്നു. ഏകീകൃത വിദ്യാഭ്യാസ രൂപമില്ലാത്ത ഈ സ്കൂളുകളൊക്കെ പിന്നീട് നശിച്ചു പോവുകയാണുണ്ടായത്. ഡിസ്ട്രിക്റ്റ് ബോർഡ് സ്ഥാപിച്ച കൊയ്ത്തകുണ്ട് സ്കൂളാണ് നിലവിലുള്ള ഏറ്റവും പഴക്കം ചെന്ന വിദ്യാലയം. ആദ്യകാലത്ത് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം തീരെ ഉണ്ടായിരുന്നില്ല. 1961-ൽ പി.പി. ഉമ്മർ കോയ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് വിദ്യാഭ്യാസ പ്രേമിയായ കുട്ടി മുസ്ലിയാരുടെ പരിശ്രമഫലമായി കരുവാരകുണ്ട് ഗവ. ഹൈസ്കൂൾ സ്ഥാപിതമായി.


തുടക്കത്തിൽ കുട്ടികളെ സ്കൂളിൽ വരുത്തുന്നതിനു

വേണ്ടി സ്കൂളിൽ രണ്ടു മണിക്കൂർ മതപഠനം നടത്തുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. 1950-ൽ ഇന്ത്യ റിപ്പബ്ലിക്കായതോടെ ഏതെങ്കിലും ഒരു മതം മാത്രം സ്കൂളിൽ പഠിപ്പിക്കേണ്ടതില്ലെന്നു നിയമം പാസ്സായി.

1951- മുതൽ സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന്റെ കീഴിലുള്ള ഇന്നത്തെ മദ്രസ്സാ പ്രസ്ഥാനം നിലവിൽ വന്നു. 1980-ൽ വിദ്യാഭ്യാസ-സാംസ്കാരിക പ്രവർത്തകനായ ശ്രീ. എം. എൻ. നമ്പൂതിരിയപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ആദ്യത്തെ അൺ എയിഡഡ് വിദ്യാലയമായ ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയ സ്കൂൾ സ്ഥാപിച്ചത്.

1976-ൽ പന്ത്രണ്ട് അനാഥക്കുട്ടികളുമായിത്തുടങ്ങിയ 'ദാറുന്നജാത്ത് ' ഇന്ന് ഇരുനൂറ്റി അമ്പത് അഗതി-അനാഥകളുള്ള ഒരു ബഹുമുഖ വിദ്യാഭ്യാസ ശൃംഖലയായി വളർന്നിട്ടുണ്ട്. പഞ്ചായത്തിലെ യു.ജി.സി. അംഗീകാരമുള്ള ഏക അറബിക്കോളേജാണ് 'ദാറുന്നജാത്ത് അറബിക്കോളേജ്.' വിദ്യാഭ്യാസ ചരിത്രം പറയുമ്പോൾ 1944-ൽ അധ്യാപകനായി ജീവിതമാരംഭിച്ച്, ഇന്നത്തെ കാരണവന്മാരുടെ പോലും അധ്യാപകനായിരുന്ന ശ്രീ.പി.എം. മുഹമ്മദ് മാസ്റ്ററെ ഓർമിക്കാതിരിക്കാൻ കഴിയില്ല. കരുവാരകുണ്ടിൽ നിന്നും ആദ്യം ബിരുദവും പിന്നീട് എഞ്ചിനീയറിംഗ് ബിരുദവും എം.ബി.എ.യും നേടിയ വ്യക്തിയാണ് ശ്രീ. എൻ.കെ. കുഞ്ഞു മുഹമ്മദ്. ആദ്യത്തെ എം.ബി.ബി.എസ്. ഡോക്ടറായ എ.ടി. അബൂബക്കറും വക്കീൽ ബിരുദം നേടി. ദീർഘകാലം കരുവാരകുണ്ട് പഞ്ചായത്തു പ്രസിഡണ്ടും ഇപ്പോൾ ജില്ലാ പഞ്ചായത്ത് ക്ഷേമ കാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനുമായ അഡ്വ. ഉമറും പ്രത്യേകം പരാമർശിക്കപ്പെടേണ്ടവരാണ്.

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം അനുകൂലമായ കാലാവസ്ഥയും വളക്കൂറുമുള്ള മണ്ണും തേടി വാഗ്ദത്ത ഭൂമിയുടെ അവകാശികളാവാൻ ക്രിസ്തീയ കുടിയേറ്റക്കാർ ഈ പ്രദേശത്തു വന്നു തുടങ്ങി. ഏലംകുളം മന വക ജന്മം വിലയ്ക്കു വാങ്ങി കൂണ്ടോട എസ്റ്റേറ്റു പ്ലാൻറു ചെയ്ത പാപ്പച്ചൻ തന്നെയാവണം ആദ്യത്തെ കുടിയേറ്റ കർഷകൻ. പൊതു ജീവിതത്തിൽ പിന്നീടു നിറഞ്ഞു നിന്ന വിട്ടിച്ചോല ഇട്ടറാച്ചൻ മാത്തച്ചൻ, പള്ളി വാതുക്കൽ വർക്കിക്കുഞ്ഞ് തുടങ്ങിയവർ പാപ്പച്ചന്റെ പിൻമുറക്കാരായി കുടിയേറ്റം നടത്തി. പ്രകൃതിയോട് മല്ലടിച്ച് മണ്ണിനെ പൊന്നാക്കുന്ന കുടിയേറ്റക്കാരുടെ കാർഷിക പൈതൃകത്തിൽ നിന്ന് നല്ല പാഠങ്ങൾ കൃഷിയിൽ പകർത്താൻ കരുവാരകുണ്ടിലെ കർഷകർക്ക് കഴിഞ്ഞിട്ടുണ്ട്. കുടിയേറ്റക്കാരന് എന്നും നാശം വിതയ്ക്കുന്ന പ്രകൃതിക്ഷോഭം കരുവാരകുണ്ടിൽ പലപ്പോഴും ഉണ്ടായിട്ടുണ്ട്. 1988-ൽ ഉരുൾപൊട്ടലിൽ ആറു മനുഷ്യ ജീവിതങ്ങൾ അപഹരിച്ചു കൊണ്ടു പോയ പ്രകൃതിയുടെ താണ്ഡവം നാം മറന്നിട്ടില്ല.



മഹത്തായ സാംസ്കാരിക പൈതൃകത്തിന്റെ ഈറ്റില്ലം എന്നു വിശേഷിപ്പിക്കപ്പെടാവുന്ന നിരവധികർ യോഗികളുടെ പ്രവർത്തന രംഗമായിരുന്നു ഒരിക്കൽ കവാരകുണ്ട്. ഈ പ്രദേശത്തുകാരനല്ലെങ്കിലും ഒരു നിയേഗം പോലെ, പ്രവർത്തന രംഗമായി ഇവിടം തെരഞ്ഞെടുത സാമൂഹിക പരിഷ്കർത്താവും പണ്ഡിതനുമായിരുന സി.എൻ. അഹമ്മദ് മൗലവിയാണ് ഇവരിൽ പ്രഥമ ഗണനയൻ. 1943 മുതൽ 1953- വരെ ഇവിടെ താമസിച്ച് അദ്ദേഹ വിശുദ്ധ ഖുർആൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്ത 1949-ൽ സ്വന്തം പത്രാധിപത്യത്തിൽ ഇവിടെ നിന്നു പ്രസിദ്ധപ്പെടുത്തിയ അൻസാരി മാസിക അക്ഷര പാരമ്പര്യത്തിന്റെ കാരണവരായി അറിയപ്പെടുന്നു.

നല്ല വാക്കിനും സംസാരത്തിനും മനുഷ്യനെ നാന്നൊരു ഉപകാരികളാക്കിത്തീർക്കാൻ പറ്റുമെന്നു തെയിച്ച മഹാ വ്യക്തിയായിരുന്നു നെച്ചിക്കാടൻ ഉണ്ണീൻ കുട്ടി ഹാജി. കരുവാരകുണ്ടിന്റെ ഹൃദയത്തിൽ എന്നും 'ഒമാമ്പറ്റ സർക്കാർ ' ജീവിച്ചു കൊണ്ടിരിക്കുന്നു. പിതാവെപ്പോലെ തന്നെ വിവിധ രംഗങ്ങളിൽ തനതു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു എൻ.യു.കെ. മൗലവി മതപണ്ഡിതൻ, വിദ്യാഭ്യാസ ചിന്തകൻ, തികഞ്ഞ ദേശീവാദി, ചികിത്സാ വിദഗ്ധൻ സർവോപരി തച്ചു ശാസ്ത്രജ്ഞൻ ഈ നിലകളിൽ അദ്ദേഹം എക്കാലവും സ്മക്കപ്പെടും.

ജീവിച്ചിരിക്കുന്ന പണ്ഡിതന്മാരിൽ ആദരണീയ

ക്തിത്വത്തിന്റെ ഉടമയാണ് കെ.ടി. മാനു മുസ്‌ലിയാർ, മറുനാട്ടിൽ പോയി ആദ്യമായി മൗലവി ഫാളിൽ ബാഖവി എന്ന ബിരുദം നേടിയ ആദ്യത്തെ വ്യക്തിയും അദ്ദേഹമാണ്. സമസ്ത മുശാവറ അംഗം, സമസ്ത കേരള ഇസ്‌ലാമിക വിദ്യാഭ്യാസ ബോർഡ് ജനറൽ സെക്രട്ടറി, മാറുന്നജാത്ത് സ്ഥാപനങ്ങളുടെ സ്ഥാപകൻ എന്നീ നിലകളിൽ അദ്ദേഹം പ്രശസ്തനാണ്. കാവ്യസംസ്കാരത്തിന് അദ്ദേഹത്തിന്റെ സംഭാവനയാണ് 'ഹജ്ജ് യാത്ര.'

ആദ്യത്തെ അലോപ്പതി ചികിത്സകനായിരുന്ന അപ്പാത്തിക്കിരി ശങ്കരമേനോനും ഡോക്ടർ താവുവും മഹാവ്യാധികൾ പടർന്നു പിടിച്ചിരുന്ന കാലത്ത് ഈ പ്രദേശത്തുകാരുടെ രക്ഷയ്ക്കെത്തി. ആലിക്കുട്ടി വൈദ്യരെയും അപ്പുവൈദ്യരെയും ഓർക്കാത്തവർ കരുവാരകുണ്ടിൽ വിരളമായിരിക്കും.

മാമ്പറ്റ സർക്കാരിന്റെ വലം കൈയായിരുന്നു മഞ്ചേരി പറമ്പൻ പറങ്ങോടൻ. പണ്ടുകാലത്തു തന്നെ ശുദ്ധ മലയാള പണ്ഡിതനും അറബി സാഹിത്യ പണ്ഡിതനുമായിരുന്നു അണ്ണിമമ്മു മൊല്ല, അധികാരി ശങ്കരൻ നായർ ഭരണ രംഗത്തു മാത്രമല്ല, പൊതു കാര്യത്തിലും പ്രസിദ്ധനായിരുന്നു. അങ്ങനെ ജീവിച്ചിരിക്കുന്നവരും മരിച്ചു പോയവരുമായ ഒട്ടനവധി പ്രഗത്ഭ മതികളുടെ നാടാണ് കരുവാരകുണ്ട്.

ചിത്രകാരനും കൃഷി ശാസ്ത്രജ്ഞനുമായ തൃക്കീടീരി മനയ്ക്കൽ വാസുദേവൻ നമ്പൂതിരിയുടെ ഇല്ലം ഒരു സാഹിത്യ സൃഷ്ടിക്കു ജന്മം നൽകിയിട്ടുണ്ട്. പിൽക്കാലത്ത് ജ്ഞാന പീഠം അവാർഡു നേടിയ പ്രസിദ്ധ സാഹിത്യകാരൻ എം.ടി. വാസുദേവൻ നായരും എൻ.പി. മുഹമ്മദും ഇവിടെ താമസിച്ചാണ് 'അറബിപ്പൊന്ന്' രചിച്ചത്..

കാൽ നൂറ്റാണ്ടുകാലമായി കലാ സാഹിത്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സമകാലിക പ്രതിഭകളാണ് ശ്രീ . ജി.സി. കായ്ക്കലും ശ്രീ. ഒ..എം. കരുവാരകുണ്ടും മോയിൻ കുട്ടി വൈദ്യർക്കും പുലിക്കാട്ടിൽ ഹൈദ്രുവിനും ശേഷം മാപ്പിളപ്പാട്ടു സാഹിത്യത്തിന് പുത്തൻ രൂപവും ഭാവവും നൽകിയ ശ്രി. ഒ.എം. കരുവാരകുണ്ടിന്റെ ഇശലുകൾ ഇന്ന് ലോകമെമ്പാടും അലയടിച്ചു കൊണ്ടിരിക്കുന്നു.


സാംസ്കാരിക കലാ രംഗങ്ങളിൽ പണ്ടു കാലത്തുണ്ടായിരുന്ന പലതും നഷ്ടപ്പെട്ടിരിക്കുന്നു. ഒരു കാലത്തു പ്രസിദ്ധമായിരുന്ന കല്യാണപ്പാട്ടുകൾ ഇപ്പോൾ കേൾക്കാനേയില്ല. ബയ്ത്തും പാട്ടുമില്ലാത്ത കല്യാണം കരുവാരകുണ്ടിൽ പണ്ടുണ്ടായിട്ടില്ല. പ്രസിദ്ധ പാട്ടുകാർ നാടിന്റെ അഭിമാനമായിരുന്നു. രാത്രിയിൽ തുടങ്ങുന്ന കല്ല്യാണം, പാട്ടുകളുടെ മത്സരം നിമിത്തം പകലിനപ്പുറത്തേക്കു നീണ്ട ചരിത്രം തന്നെയുണ്ട്. ഹംസ പുലവരുടെയും ഗുണം കുടി മസ്താന്റെയും തമിഴ് പാട്ടുകളായിരുന്നു അക്കാലത്തു പലരും പാടിയിരുന്നത്. ഗുരുക്കന്മാർ നടത്തിയിരുന്ന വടിയും പരിചയും, പടാളിപ്പയറ്റ്, ആശാരികളി, പരിച മുട്ട് തുടങ്ങിയവരും അപ്രത്യക്ഷമായിരിക്കുന്നു. കോൽക്കളിയും ദഫ് മുട്ടും ഒപ്പനയുമൊക്കെ യുവജനനോത്സവ വേദികളിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. നിമിഷ നിമിതങ്ങളായ നാടൻ ശീലുകളും അതിനൊത്ത താളമുള്ള ചെറുമക്കളിയും വേണ്ടത്ര പ്രേത്സാഹനം കിട്ടാതെ ഒരു പ്രത്യേക അരങ്ങിൽ ഒതുങ്ങി നിൽക്കുന്നു.

തനതായ കായിക വിനോദ സംസ്കാരവും ഇവിടെ നിലനിന്നിരുന്നു. ഒരു കാലത്ത് നാട്ടിൻ പുറത്തു പ്രസിദ്ധമായിരുന്ന കാരകളിയാണ് ഹോക്കിയായി രൂപാന്തരം പ്രാപിച്ചതെന്നു കരുതുന്നു. തിരുവാതിരപ്പകിട മഹാഭാരതത്തിലെ ചൂതുകളിയോടു സാദൃശ്യമുള്ളതാണ്. തലപ്പന്ത് ഇപ്പോൾ വെറുമോരോർമയായിത്തീർന്നിരിക്കുന്നു. കരുവാരകുണ്ടിലെ കർഷകനെ ഹരം പിടിപ്പിച്ചിരുന്ന വിനോദമായിരുന്നു കാളപൂട്ട്. ഇപ്പോൾ ജനകീയമായി നിലനിന്നുപോരുന്നത് ഫുട്ബോൾ മാത്രമാണെന്നു പറയാം. ഫുട്ബോളിൽ കരുവാരകുണ്ടിന് തനത് വ്യക്തിത്വം നേടിക്കൊടുത്ത് ഓർമകളിൽ ജീവിക്കുന്ന മുസ്തഫാകുരിക്കളും കുരിക്കൾ അലവിയും ബാപ്പുട്ടിയും ഒരു കാലത്ത് കാണികളുടെ രോമാഞ്ചമായിരുന്നു.

ഗ്രന്ഥശാലകൾ സംസ്കാരത്തിന്റെ അക്ഷര വെട്ടമായി പ്രവർത്തിച്ച ചരിത്രവും ഈ പഞ്ചായത്തിനുണ്ട്. അഹമ്മദ് കുരിക്കൾ സ്മാരക ഗ്രന്ഥശാലയും, ബി.എസ്.എസ്. ഗ്രന്ഥശാലയും യോജിച്ചുണ്ടായതാണ്. പ്രതിഭാ ഗ്രന്ഥശാല, തരിശിലെ 'എൻ.യു.കെ.മൗലവി' സ്മാരക ഗ്രന്ഥശാലയും എടുത്തു പറയേണ്ടതാണ്. പുസ്തകങ്ങൾ സംസാരിക്കുന്ന അദ്ധ്യാപകർ തന്നെയാണെന്ന് സാംസ്കാരിക ലോകത്തിന് ഇവ തെളിയിച്ചു കൊടുത്തു. ഈ ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിൽ മുതിർന്നവർക്കു വേണ്ടി 'വയോജന വിദ്യാഭ്യാസ ക്ലാസു'കളും നടത്തിയിട്ടുണ്ട്. അക്ഷര കേരളം ഒരു ജനകീയ സാക്ഷരതാ പരിപാടി ആയപ്പോൾ മലപ്പുറം ജില്ലയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ച വെച്ച പഞ്ചായത്തിനുള്ള ബഹുമതി കരുവാരകുണ്ടിനു കിട്ടി. സാമൂഹിക. വിപ്ലവത്തിൽ ഈ നാട്ടുകാരുടെ ഒരുമയും ഐക്യവുമായിരുന്നു വിജയത്തിനു കാരണം. മറ്റൊരു സാമൂഹിക വിപ്ലവം നടത്താനുള്ള ഒരുക്കത്തിലാണ് കരുവാരകുണ്ട് നിവാസികൾ. നാളത്തെ ചരിത്രം ചമയ്ക്കാനുള്ള പോരാട്ടത്തിൽ യോദ്ധാക്കളുടെ കരുത്തോടെ ഒറ്റ മനസ്സുമായി നമുക്കു കർമ്മ രംഗത്തേക്കിറങ്ങാം.

III

ഭൂപ്രകൃതിയും വിഭവങ്ങളും



ഉയർന്ന മലകളും കുന്നുകളും താഴ്വരകളും ഉൾകൊള്ളുന്ന കരുവാരക്കുണ്ട് പഞ്ചായത്തിന്റെ വടക്ക് കാളികാവു പഞ്ചായത്തും തെക്ക് എടപ്പറ്റ പഞ്ചായത്തും പാലക്കാടു ജില്ലയും അതിരിടുന്നു. കിഴക്കു പശ്ചിമഘട്ടവും പടിഞ്ഞാറു തുവ്വൂർ പഞ്ചായത്തുമാണ്.


കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന പ്രദ
ത്തെ സംസ്ഥാന ഭൂവിനിയോഗ ബോർഡ് പ്രസി
കരിച്ച 'ലാൻറ് റിസോഴ്സസ് ഓഫ് കേരള' എന്ന
സ്തകത്തിൽ 'മലനാട്' കാർഷിക മേഖലയിലാണ്
പ്പെടുത്തിയിരിക്കുന്നത്. ശരാശരി 511 ആണ് പഞ്ചായ
ലെ ജന സാന്ദ്രത. ഭൂപ്രകൃതി അനുസരിച്ചു പഞ്ചായ

ല മലമ്പ്രദേശങ്ങൾ, പീഠഭൂമികൾ, കുന്നുകൾ, സമതലങ്ങൾ എന്നിങ്ങനെ നാലായി തരംതിരിക്കാം.

മലകളും ചരിവുകളും താഴ്വരകളുമുൾപ്പെടുന്ന മലമ്പ്രദേശങ്ങൾ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 38 ശതമാനം വരും. പാറക്കെട്ടുകളു കാട്ടരുവികളുമുള്ള ഇവിടെ നാണ്യവിളകളു സുഗന്ധവിളകളും ഔഷധസസ്യങ്ങളും കൃഷി ചെയ്യപ്പെടുന്നു. വന്യമൃഗങ്ങളും വിവിധ തരം പക്ഷികളും ഇവിടെ കാണപ്പെടുന്നു. വനനശീകരണം, മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഇവിടെ അനുഭവപ്പെടുന്നുണ്ട്.

കിഴക്കുനിന്നു മലമ്പ്രദേശത്തോടു ചേർന്നു തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന പീഠഭൂമികൾ വിസ്തൃതിയുടെ എട്ടു ശതമാനമാണ്. റബർ, കമുക്, തെങ്ങ്, കശുമാവ് എന്നിവ ഇവിടെ കൃഷി ചെയ്തുവരുന്നു. ചരിഞ്ഞുകിടക്കുന്ന ഈ പ്രദേശങ്ങളിൽ മണ്ണൊലിപ്പു സാധാരണമാണ്. വിസ്തൃതിയുടെ പതിനാറു ശതമാനത്തോളം വരുന്ന ചെറുകുന്നുകളിൽ പ്രധാനമായും റബർ, കമുക്, തെങ്ങ്, കശുമാവ്, വാഴ, മരച്ചീനി, കുരുമുളക് എന്നീ കൃഷികളാണുള്ളത്. മലകൾക്കും പീഠഭൂമികൾക്കും ചെറുകുന്നുകൾക്കുമിടയിലായിക്കിടക്കുന്ന സമതല പ്രദേശങ്ങളിൽ കമുക്, റബർ, തെങ്ങ്, നെല്ല്, വാഴ, മരച്ചീനി, പച്ചക്കറികൾ എന്നിവയും ജാതി, ഗ്രാമ്പൂ കൊക്കോ എന്നീ സുഗന്ധ വിളകളും കൃഷി ചെയ്തു വരുന്നു. വിസ്തൃതിയുടെ 33 ശതമാനത്തോളം വരുന്ന ഈ സമതല പ്രദേശത്തിലൂടെയാണ് ഒലിപ്പുഴ കടന്നു പോകുന്നത്.

ജില്ലയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ് കരുവാരകുണ്ട്. സമശീതോഷ്ണ കാലാവസ്ഥയാണ് പഞ്ചായത്തിലനുഭവപ്പെടുന്നത്. പ്രതിവർഷം ഏകദേശം 351 സെ.മീ മഴ ലഭിക്കുന്നു. നീരുറവകൾ കൊണ്ടും കാട്ടുചോലകൾകൊണ്ടും സമൃദ്ധമായ കിഴക്കൻ മലമ്പ്രദേശങ്ങളിൽ നിന്നാണ് പ്രധാന നദികളായ ഒലിപ്പുഴയും, കല്ലമ്പുഴയും ഉത്ഭവിക്കുന്നത്. 1957ൽ രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്താനായി കരുവാരകുണ്ട് പഞ്ചായത്തുബോർഡ് നിർദേശിച്ച കേരളാങ്കുണ്ട് വെള്ളച്ചാട്ടവും ഈ പ്രദേശത്താണ്.






കേരളാങ്കുണ്ട് വെള്ളച്ചാട്ടത്തിന്റെ ഉദ്ദേശം ഒരു കിലോമീറ്റർ ഉയരത്തിലാണ് ഒലിപ്പുഴയുടെ ഉൽഭവ സ്ഥാനം. കല്ലമ്പുഴ ഈ വന മേഖലയുടെ വടക്കുമാറി ഉൽഭവിക്കുന്നു. കരുവാരകുണ്ട് പഞ്ചായത്തിന്റെ ഒന്ന്,രണ്ട് വാർഡിലൂടെക്കടന്ന് കാളികാവ് പഞ്ചായത്തലൂടെയാണ് കല്ലമ്പുഴ ഒഴുകുന്നത്. പുഴകളും തീരങ്ങളും മൊത്തം ഭൂവിസ്തൃതിയുടെ അഞ്ചു ശതമാനം വരും. ഉപരിതല ജലസാധ്യതകൾ ഏറെയുള്ള പ്രദേശമാണ് കരുവാരകുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ കരിങ്കൽപ്പാറകൾ കണ്ടുവരുന്നതുകൊണ്ട് കിണർ കുഴിക്കുന്നതിൽ തടസ്സം നേരിടുന്നു. ഭൂഗർഭ ജലസാധ്യത ഉപയോഗിച്ചു കുഴൽ കിണർ കുഴിക്കാൻ പറ്റിയതല്ല ഈ പ്രദേശമെന്ന് 'ലാൻറ് റിസോഴ്സസ് ഓഫ് കേരള' എന്ന പുസ്തകത്തിൽ പറയുന്നു. പഞ്ചായത്തു പരിധിയിലെ വന മേഖലയിലുള്ള ജല സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുകയാണെങ്കിൽ കാർഷികാവശ്യങ്ങൾക്കും കുടിവെള്ളാവശ്യത്തിനുമുള്ള ജലം ഉറപ്പുവരുത്താനാകും.

പ്രധാനമായുംരണ്ടു തരത്തിൽപ്പെട്ട മണ്ണാണ് പ
യത്തിലുള്ളത്. ഏകദേശം32 ശതമാനം ഫോറസ്റ്റ് സ
യിലും 68 ശതമാനം ലാറ്ററൈറ്റ് സോയിലും. ഫോറ
സോയിൽ കൂടുതൽ ഫലഭൂയിഷ്ഠമാണ്. കമുക്, റ
കാപ്പി എന്നീ നാണ്യവിളകൾക്കും ഗ്രാമ്പൂ, ഏലം, ജാ
കൊക്കോ തുടങ്ങിയ സുഗന്ധവിളകൾക്കും ഏറ്റവും അ
യോജ്യമാണ് ഈ മണ്ണ്. ഓരില, മൂവില, അമൽപ്പൊ
കാട്ടുതിപ്പലി, മലയിഞ്ചി, കാട്ടുവെളുത്തുള്ളി, കാ
ചേന, നന്നാറി, ശതാവരി തുടങ്ങിയ ഔഷധ സ
ങ്ങളും ഈ ഭാഗത്തു കണ്ടു വരുന്നു.

ഭൂവിനിയോഗത്തിന്റെ കാര്യത്തിൽ മുന്നിൽ നി
ക്കുന്ന നമ്മുടെ പ്രദേശത്തിന്റെ മണ്ണും ജൈവ സമ്പത്ത
ജലലഭ്യതയും ചോർന്നു പോവാതെ, മനുഷ്യാധ്വാനത്തെ
കൂടുതൽ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ആ
ത്രിത വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ടിയ
ക്കുന്നു.



IV


വികസന മേഖലകൾ

1

കൃഷിയും ജലസേചനവും

കരുവാരകുണ്ട് ഒരു കാർഷിക ഗ്രാമമാണ്. വൈവിധ്യമാർന്ന കാർഷിക വിളകൾ കൊണ്ട് അനുഗ്രഹീതമാണ് ഈ ഭൂപ്രദേശം. കേരളത്തിന്റെ 13 കാർഷിക മേഖലകളിൽ കരുവാരകുണ്ട് 'നോർത്തേൺ അഗ്രോ ക്ലൈമാറ്റിക് സോണി'ൽ ഉൾപ്പെടുന്നു.

സമുദ്ര നിരപ്പിൽ നിന്ന് 1250 മീറ്റർ ഉയരത്തിൽ പശ്ചിമ ഘട്ടത്തിൽ നിന്ന് ഉത്ഭവിക്കുന്ന ഒലിപ്പുഴയുടെയും 1050 മീറ്റർ ഉയരത്തിൽ നിന്ന് ഉത്ഭവിക്കുന്ന കല്ലംപുഴയുടെയും നീർ തടമാണ് കരുവാരകുണ്ട് പഞ്ചായത്തിന്റെ 60% പ്രദേശവും. കല്ലമ്പുഴ ചാലിയാറിൽ പതിക്കുന്നു. ഒലിപ്പുഴ ഈ പഞ്ചായത്തിലൂടെ 16 കിലോമീറ്റർ ഒഴുകി കടലുണ്ടി പുഴയിൽ ലയിക്കുന്നു.


N
കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്
ജല സ്രോതസ്സുകൾ
കല്ലംപുഴ
ഒലിപ്പുഴ

ആദ്യകാലങ്ങളിൽ ഒലിപ്പുഴയിലൂടെ മുള, ഓട, തടി തുടങ്ങിയവ കരുവാരകുണ്ടിൽ നിന്ന് കല്ലായി, പൊന്നാനി തുടങ്ങിയ സ്ഥലങ്ങിളിലേക്ക് എത്തിക്കുവാൻ സാധിക്കുമായിരുന്നു.(അവലംബം. സർവ്വ വിജ്ഞാന കോശം വാല്യം 6)

ഒലിപ്പുഴയുടെ നീർത്തടം ഏകദേശം 22 ചതുരശ്ര കിലോമീറ്ററും കല്ലറം പുഴയുടേത് ഏകദേശം 14 ചുതരശ്ര കിലോ മീറ്ററുമാണ്.

ജൂൺ, ജൂലായ് ആഗസ്ത് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ ആരംഭിക്കുന്നതിനാൽ ഇടവപ്പാതി മഴ ഇവിടെ കിട്ടുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിൽ വടക്കു കിഴക്കൻ മൺസൂൺ ആരംഭിക്കുകയും ചെയ്യുന്നു. പ്രധാനമായും മഴയെ ആശ്രയിച്ചാണ് ഇവിടത്തെ കൃഷിയാരംഭിക്കുന്നത്.

കരുവാരകുണ്ടിലെ വാർഷിക വർഷപാതം 351 സെൻറീ മീറ്റർ ആണ്.

മഴയുടെ ലഭ്യത താരതമ്യ പഠനം

(പട്ടിക 1)

മാസം	സ്റ്റേറ്റ്	ജില്ല	പഞ്ചായത്ത്
ജനുവരി	14	5	6
ഫെബ്രുവരി	17	7	8
മാർച്ച്	39	21	28
ഏപ്രിൽ	112	86	214
മെയ്	256	221	234
ജൂൺ	691	688	792
ജൂലായ്	760	797	801
ആഗസ്ത്	433	399	501
സെപ്തംബർ	247	205	321
ഒക്ടോബർ	288	291	304
നവംബർ	163	157	201
ഡിസംബർ	42	30	100
ആകെ	3063	2907	3510

(അവലംബം. ലാൻറ് റിസോഴ്സസ് ഓഫ് കേരള)

കേരളത്തിൻെറ 'ചിറാപുഞ്ചി'യായി കരുവാരകുണ്ടിനെ കണക്കാക്കിയിരുന്നു.

താപനില

(പട്ടിക 2)

മാസം	ജില്ല	പഞ്ചായത്ത്
ജനുവരി	63	63
ഫെബ്രുവരി	69	68
മാർച്ച്	72	59
ഏപ്രിൽ	72	72
മെയ്	84	81
ജൂൺ	89	89
ജൂലായ്	92	80
ആഗസ്ത്	90	89
സെപ്തംബർ	85	84
ഒക്ടോബർ	86	85
നവംബർ	80	79
ഡിസംബർ	66	65

(അവലംബം ലാൻറ് റിസോഴ്സ് ഓഫ് കേരള)

കാലാവസ്ഥ

ജൂൺ ജൂലായ് ആഗസ്ത് സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ മഴ ലഭിക്കുന്നു. നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ തണുപ്പുകാലവും ഫെബ്രുവരി, മാർച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ വേനൽ കാലവുമാണ്. ചില കാലങ്ങളിൽ ഫെബ്രുവരിയിൽ ഇടമഴ(കുംഭത്തിലെ മഴ)ലഭിക്കാറുണ്ട്.

വളരെക്കാലങ്ങൾക്കുമുമ്പ് തന്നെ ഇവിടെ നെല്ല്, കമുക്, തെങ്ങ്, കശുമാവ് തുടങ്ങിയവ കൃഷി ചെയ്തിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു കൃഷി ചെയ്തിരുന്നത്. തോട്, ചിറ, കുളം എന്നിവ സഹകരണത്തോടെ നിർമ്മിച്ച് കൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നു.

ജന്മിത്ത സമ്പ്രദായമായിരുന്നു നിലവിലുണ്ടായിരുന്നത്. 1950കൾക്ക് മുമ്പ് 10% ഭൂമി മാത്രമേ സാധാരണക്കാരുടെ കൈവശം സ്വന്തമായി ഉണ്ടായിരുന്നുള്ളൂ. 90% ശതമാനം ഭൂമിയും ജന്മിമാരുടെ കൈവശത്തിലായിരുന്നു.

ഭൂപ്രദേശവും ജന്മിമാരും

(പട്ടിക. 3)

ഭൂപ്രദേശം	ജന്മിമാർ
1 ചുള്ളിയോട്, ഓലിപ്പാറ കരിങ്കന്തോണി	കോഴിക്കോട് സാമൂതിരി കോവിലകം
2 കൽക്കുണ്ട്, ചേരി, തരിശ്, പാന്ത്ര, കേരള	ഏലംകുളം മന
3 പുത്തനഴി, പുന്നക്കാട്, ഇരിങ്ങാട്ടിരി, കുട്ടത്തി	തൃക്കടേരി മന
4 പുത്തനഴി	ചെറുകര തറവാട്ടുമന കുത്തനഴി. കരുമായപ്പെട്ടി കളം ഏറാടി.

സ്വതന്ത്ര്യ സമരകാലത്തും ബഹുജന പ്രസ്ഥാനങ്ങളുടെ സമരങ്ങൾ ഭൂമിക്കുവേണ്ടിയുള്ളതായിരുന്നു. 98% ജനങ്ങളും കുടിയാന്മാരായിരുന്നു. മണ്ണിൽ പണിയെടുത്തിരുന്ന കുടിയാന്റെയും അടിയാന്റെയും മേൽ ഭൂവുടമകളുടെ കൊടിയ മർദ്ദനം നടന്നിരുന്നു. കടുത്ത കുടിയാൻ മർദ്ദന സമ്പ്രദായമായ 'മേക്കാണച്ചാർത്ത്' ആദ്യ കാലങ്ങളിൽ ഉണ്ടായിരുന്നു.

ഭൂപരിഷ്കരണം, ജന്മിത്വ സമ്പ്രദായത്തിന്റെ നട്ടെല്ലൊടിച്ചു. ഭൂരിപക്ഷം പേരും മണ്ണിന്റെ ഉടമകളായി മാറി. കിടക്കാനിടം കിട്ടിയ കർഷക തൊഴിലാളിയുടെ വിലപേശാനുള്ള കഴിവ് ഉണർന്നു. ഇത് എല്ലാ വികസന മേഖലകളെയും ഒരുപോലെ സ്വാധീനിച്ചു. ഭൂമി തന്റേതാണെന്ന ബോധം കൈവന്നതോടെ കാർഷികമേഖല ഉണരാനും വളരാനും തുടങ്ങി.

നാടൻ കൃഷി സമ്പ്രദായങ്ങളായിരുന്നു നിലനിന്നിരുന്നത്. തലമുറകളിൽ നിന്നു പകർന്നുവന്ന കാർഷിക വിജ്ഞാനം ഉൽപ്പാദന ക്ഷമതയ്ക്ക് ആക്കം കൂട്ടി. കാടുകൾ വെട്ടിത്തെളിച്ച് 'താണിയൻ' കൃഷിയും പറമ്പുകൾ കൊത്തിക്കിളച്ച് മോടൻ കൃഷിയും പാടങ്ങളിൽ സാധാരണ നെൽകൃഷിയും നടത്തിയിരുന്നു. ഒരുപ്പൂ, ഇരുപ്പൂ, മുപ്പൂ കൃഷി മുറകൾ നിലനിന്നിരുന്നു.

ജൈവ വള പ്രയോഗമായിരുന്നു നടത്തിയിരുന്നത്. ചാണകം, തോൽ (പച്ചിലകൾ) എന്നിവ ഇതിന്നായി ഉപയോഗിച്ചിരുന്നു. കീടങ്ങളെ ചാഴിവല ഉപയോഗിച്ചും പനമ്പട്ട, ചൂടിക്കയർ മുതലായവ കൊണ്ട് ഇളക്കിയും നിയന്ത്രിച്ചിരുന്നു. എലികളെ തുരത്തിപ്പിക്കുന്നതിന്നായി മുളങ്കുറ്റിക്കെണി ഉപേയാഗിച്ചിരുന്നു. ഞാറ്റിലെ പുഴുക്കളെ നശിപ്പിക്കാൻ മുറം വീശിയും വെണ്ണീർ പറപ്പിക്കലുമായിരുന്നു പ്രയോഗിച്ചിരുന്നത്. കൂടാതെ മറ്റു ജൈവ നിയന്ത്രണോപാധികളും ഉണ്ടായിരുന്നു.

കന്നുകാലികളെ ഉപയോഗിച്ച് നിലം ഉഴുതു മറിച്ചിരുന്നു. ഇതിന്നായി കരി, നുകം, ഊർച്ചമരം, മുടുങ്കോൽ വടി എന്നീ കാർഷിക ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. ജന്മിത്വ സമ്പ്രദായമായിരുന്നെങ്കിലും കുടിയാന്മാർ പരസ്പരം സഹകരിച്ചുകൊണ്ടായിരുന്നു കൃഷിയിറക്കലും ജലസേചനവും നടത്തിയിരുന്നത്.

ആര്യൻ, തെക്കൻ ചീര, കുമ്പളോൻ കല്ലുരുണി, കട്ട, തോട്ടച്ചീര, ഓണാട്ടൻ, പറമ്പോട്ടൻ, എണ്ണപ്പട്ട, ഇട്ടിക്കണ്ണപ്പൻ, വെമ്പാല, മുണ്ടകൻ മതുലായ വിത്തിനങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു.

പറമ്പുകളിൽ ഇടവിളയായി ചാമ, രാഗി, എള്ള്, പയർ എന്നീ ധാന്യങ്ങളും കിഴങ്ങു വർഗ്ഗങ്ങളായ ചേന, ചേമ്പ്, കാവത്ത്(കാച്ചിൽ) മുക്കിഴങ്ങ്, മധുരക്കിഴങ്ങ്, കൂർക്കൾ, ചെറുകിഴങ്ങ്, നടുതല കിഴങ്ങ് എന്നിവയും വാഴ, പൂള(മരച്ചീനി), ചക്കരച്ചേമ്പ് എന്നിവയും വ്യപകമായി കൃഷി ചെയ്തിരുന്നു.

പഞ്ഞമാസങ്ങളിൽ കാട്ടു കിഴങ്ങ്, കാട്ടുചേന, പനമ്പൊടി, കൂവ്വക്കിഴങ്ങ് ഈന്തിൻ കായ്പ്പൊടി, മുളങ്കട്ട(മുളയുടെ അരി)തുടങ്ങിയവ ആഹാരത്തിന്നായി ഉപയോഗിച്ചിരുന്നു.

ജലസേചനത്തിന്നായ് തോടുകൾ കുളങ്ങൾ എന്നിവ ഉപയോഗിച്ചിരുന്നു ചിറകെട്ടിയും അതിരുകളിൽ കൈതയും നായ്ക്കരിമ്പും പിടിപ്പിച്ച് ജലാശയങ്ങൾ സംരക്ഷിച്ചിരുന്നു. തോടുകളിൽ നിന്നു കൃഷി സ്ഥലങ്ങളിലേക്ക് ജലം തിരിച്ചുവിടുന്നതിനായി വാഴത്തട, മുളംക്കുറ്റി, പനംക്കുറ്റി എന്നിവ ഉപയോഗിച്ചു താൽക്കാലിക തടയണകൾ നിർമ്മിച്ചിരുന്നു, നാടൻ ജലസേചന ഉപകരണങ്ങളായി 'ഏത്തം' 'തേക്കുകൊട്ട'(തേവാനുള്ളത്)'പനമ്പോള' എന്നിവ ഉപയോഗിച്ചിരുന്നു.

കാർഷികോല്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രം പുന്നക്കാട് കേന്ദ്രീകരിച്ചുള്ള ആഴ്ചച്ചന്തയായിരുന്നു. ആ കാലഘട്ടത്തിൽ കിഴക്കേനേറനാട്ടിലെ ഏറ്റവും വലിയ വിപണന കേന്ദ്രമായിരുന്നു ഇത്. മൂന്ന് ഏക്കർ സ്ഥലത്ത് നീണ്ട കെട്ടിടങ്ങളോടു കൂടിയ 'വലിയ ചന്തപ്പുര'യിൽ വ്യാഴാഴ്ച ദിവസങ്ങളിൽ ആഴ്ചച്ചന്തകൾ സജീവമായിരുന്നു.

മലപ്പുറം ജില്ലയിലെ ഏക തേയില എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത് 'ആർത്തല' എന്ന കുന്നിൽ പ്രദേശത്താണ്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 1000 മീറ്റർ

ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്തിന്റെ വിസ്തീർണ്ണം 1250ഓളം ഏക്കറാണ്. ബ്രീട്ടീഷുകാരുടെ ഭരണ കാലത്ത് പ്ലാൻറ് ചെയ്ത ഈ തേയിലത്തോട്ടത്തിന്റെ ഉടമസ്ഥാവകാശം പിയേഴ്സ് ലെസ്ലി കമ്പനിക്കായിരുന്നു. 'ഹിച്ച് കെട്ടി'യായിരുന്നു ഇതിന്റെ സൂപ്രണ്ട് സ്ഥാനം വഹിച്ചിരുന്നത്.

ഇവിടെ നിന്നു തേയില സംസ്കരിച്ച് ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളിലെത്തിച്ചിരുന്നു.

ഇന്ത്യയിലെ ആദ്യത്തെ റബ്ബർ എസ്റ്റേറ്റ് എന്നവകാശപ്പെടാവുന്ന റബ്ബർ തോട്ടം 'കേരള എസ്റ്റേറ്റ്' എന്ന പേരിൽ അറിയപ്പെടാനുള്ള മുഖ്യകാരണം അത് കേരളത്തിലെ ആദ്യത്തെ റബ്ബർ പ്ലാന്റേറഷൻ ആയതാവാം.

1970ഓടെ ഭൂപരിഷ്കരണം പൂർത്തിയാവുകയും ജന്മിത്വം അവസാനിക്കുകയും ചെയ്തു. കുടിയാന്മാർക്കും കുടികിടപ്പുകാർക്കും നിയമം മൂലം ഭൂവുടമാവകാശം ലഭിച്ചെങ്കിലും പലർക്കും ഭൂമി സ്ഥായിയായി നിലനിർത്താനായില്ല. സാമ്പത്തിക പരാധീനത മൂലം പലരും ചുരുങ്ങിയ വിലക്ക് ഭൂമി കൈമാറാൻ തുടങ്ങി. നെൽ കൃഷിയിൽ നിന്ന് വേണ്ടത്ര വരുമാനം ലഭിക്കാത്തതും വായ്പാ സൗകര്യങ്ങളുടെ അഭാവവുമായിരുന്നു ഇതിനു കാരണം.

ഇത് ഒരു പരിധിവരെ ഭൂമി വിഭജിക്കപ്പെടുന്നതിനും വിളമാറ്റത്തിന്നും കാരണമായി.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

(പട്ടിക 4)

	ഇനം	വിസ്തീർണ്ണം
1	നിലം	55 ഹെക്ടർ
2	പുരയിടം	4920 "
3	പുറമ്പോക്ക്	74 "
4	കൃഷിയോഗ്യ പ്രദേശം	57 "
5	കൃഷിയോഗ്യമല്ലാത്തവ	49 "
	ആകെ	5155 "

(അവലംബം. കൃഷിഭവൻ രേഖ)

കരുവാരകുണ്ടിൽ കുടിയേറ്റ മലയോര കർഷകരുടെ വരവോടു കൂടിയാണ് കാർഷിക രംഗത്ത് മാറ്റങ്ങൾ ദൃശ്യമായത്. കാടുകൾ വെട്ടിത്തെളിച്ച് റബ്ബർ കൃഷിയാരംഭിച്ചു. കൂടാതെ കമുക്, തെങ്ങ്, കുരുമുളക്, കശുമാവ്, കപ്പ, കൊക്കോ, ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ, കച്ചോലം എന്നിവ വ്യാപകമായ തോതിൽ കൃഷി ചെയ്തു. ഇടക്കാലത്ത് കശുവണ്ടിക്കുണ്ടായ വിലയിടിവും റബ്ബർ കൃഷിക്കു കൊടുത്ത പ്രോത്സാഹനവും കശുമാവ് കൃഷി ഒഴിവാക്കി റബ്ബർ കൃഷിയിലേക്ക് തിരിയുവാൻ കർഷകരെ പ്രേരിപ്പിച്ചു.

മുഖ്യവിളകൾ

റബ്ബർ, കമുക്, തെങ്ങ്, കശുമാവ്, ജാതി, ഗ്രാമ്പൂ, കൊക്കോ, കുരുമുളക് എന്നീ ദീർഘകാല വിളകളും, നെല്ല, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, പച്ചക്കറികൾ മുതലായ ഹ്രസ്വകാലവിളകളും ഇവിടെ കൃഷി ചെയ്തു വരുന്നു.

ഹ്രസ്വകാല വിളകളിൽ നിന്ന് ദീർഘകാലവിളകളിലേക്കുള്ള മാറ്റം ദ്രുതഗതിയിലാണ്.

നെൽകൃഷി ലാഭകരമല്ലാത്തതും ഉൽപ്പാദനച്ചെലവ് കൂടിയതുമാണ്. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതി, ജല സേചന സൗകര്യമില്ലായ്മ, സർക്കാർ തലത്തിലുള്ള പ്രോത്സാഹനക്കുറവ് എന്നിവയും ആധുനിക വിദ്യാഭ്യാസം സാർവത്രികമായതും കർഷകതൊഴിലാളികളുടെ പിൻ തലമുറക്കാർ ഇതര തൊഴിൽ മേഖലയിലേക്ക് ആകർഷിക്കപ്പെട്ടതും, ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറയുവാനും ഉള്ള തൊഴിലാളികളുടെ ഉയർന്ന കൂലി നിരക്കിനും കാരണമായി. തൊഴിലാളികളുടെ കുറഞ്ഞ സേവന നിലവാരവും നെൽ കൃഷിയെ സാരമായി ബാധിച്ചു. ഗൾഫ് മേഖലയിലെ സ്വാധീനം മൂലം ധാരാളമാളുകൾ ഗൾഫിലേക്ക് പോവുകയും കാർഷിക രംഗത്ത് നിന്നു പിന്മാറുകയും ചെയ്തു. റബ്ബർ, കമുക്, തെങ്ങ് തുടങ്ങിയ വിളകൾക്ക് ധരാളം സൗജന്യങ്ങളും പ്രോത്സാഹനങ്ങളും ഉണ്ട്. ഇത് മറ്റു വിളകളുടെ കടന്നു വരവിനും നെൽകൃഷിയുടെ വിസ്തൃതി ക്ഷയിക്കുന്നതിനും കാരണമായി. ഇന്ന് കരുവാരകുണ്ടിന്റെ കാർഷിക മേഖലയെ കയ്യടക്കിയിരിക്കുന്നത് പ്രധാനമായും റബ്ബർ, കമുക്, തെങ്ങ്, എന്നീ വിളകളാണ്. ഇവയുടെ സംരക്ഷണം കരുവാരകുണ്ടിന്റെ പ്രത്യേക സാഹചര്യത്തിൽ അതീവ ശ്രദ്ധ അർഹിക്കുന്നു.

ഇവിടെ ഒരിഞ്ചു ഭൂമിപോലും ഒഴിഞ്ഞു കിടക്കുന്ന അവസ്ഥയില്ല. പുരയിട ഭൂമിയിൽ പോലും വൈവിധ്യമാർന്ന കൃഷികൾ കാണാവുന്നതാണ്. ഇവിടത്തെ 70% ജനങ്ങളും ദീർഘകാല നാണ്യവിളകളെ ആശ്രയിച്ചു ജീവിക്കുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 64.20 ചതുര



ശ്ര കിലോമീറ്ററാണ്. ഇത് മലമ്പ്രദേശങ്ങൾ, കുന്നുകൾ, പീഠഭൂമികൾ താഴ്വരകൾ, സമതലങ്ങൾ, പുഴകൾ എന്നിങ്ങനെ കാണപ്പെടുന്നു. പ്രധാനമായും രണ്ട് തരം മണ്ണാണ് ഇവിടെ കാണപ്പെടുന്നത്. 32% ഫോറസ്റ്റ് സോയിലും 68% സോയിലുമാണ്.

കൃഷിഭവൻ രേഖ പ്രകാരം മണ്ണിന്റെ പി.എച്ച് മൂല്യം 6 ആണ്.

വിള വിസ്തീർണ്ണവും ഉൽപ്പാദനവും സംബന്ധിച്ച കൃഷിഭവൻ രേഖയുടെ വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

(പട്ടിക 5)

വിള	വിസ്തീർണ്ണം	മൊത്തം ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല്	55 ഹെക്ടർ	-	2600 കി.ഗ്രാം
റബ്ബർ	1220	-	1300 കി.ഗ്രാം
പയറു വർഗ്ഗങ്ങൾ	3"	-	-
ഏലം	2 "	-	42കി.ഗ്രാം
മരച്ചീനി	90"	20,000 കി.ഗ്രാം	
കശുമാവ്	30"	-	800 കി.ഗ്രാം
കുരുമുളക്	87"	-	360 കി.ഗ്രാം
തെങ്ങ്	920"	-	7040 എണ്ണം
അടയ്ക്ക	690"	-	468750"
പച്ചക്കറികൾ	20"	-	

(അവലംബം. കൃഷിഭവൻ രേഖ)

ഭൂമി സംബന്ധിച്ച വിവരങ്ങൾ

(പട്ടിക 6)

(ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ)

വില്ലേജ് ഓഫീസ്	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ
കരുവാരകുണ്ട്	3439.6	1206.82	165.99	ഇല്ല	4812.77
കേരള എസ്റ്റേറ്റ്	4288.48	604.93	87.87	ഇല്ല	4981.28
ആകെ	7727.54	1811.75	2533.86	ഇല്ല	9794.05

(അവലംബം. വില്ലേജ് ഓഫീസ് രേഖ)

ഭൂമിസ്തീർണ്ണത്തിൽ, 1220 ഹെക്ടർ പ്രദേശങ്ങളും റബ്ബർ കൃഷിയാണ്.

റബ്ബർ

ഈ പഞ്ചായത്തിലെ മുഖ്യവിളയാണ് റബ്ബർ. ഇതിനെ പ്രധാനമായും രണ്ടായി തരംതിരിക്കാം. വളരെ ശാസ്ത്രീയമായും ആധുനിക സങ്കേതങ്ങളുപയോഗിച്ചും ചെയ്യുന്ന വൻകിട തോട്ടങ്ങൾ ഒന്നാമത്തെ പട്ടികയിൽ വരുന്നു. ഈ തോട്ടങ്ങൾ സംസ്ഥാന തലത്തിൽ തന്നെ മികച്ച നിലവാരം പുലർത്തുന്നവയാണ്. ഇവയിൽ നിന്നു ലഭിക്കുന്ന വാർഷിക ശരാശരി വരുമാനം സംസ്ഥാന ശരാശരിക്കു മീതെയാണ്. അതുകൊണ്ട് തന്നെ അവ പ്രതിസന്ധി നേരിടുന്നില്ല. സമയാസമയത്തുള്ള കൃത്യമായ വള പ്രയോഗവും കീടനാശിനി ഉപയോഗവും അവയുടെ നില ഭദ്രമാക്കുന്നു.


വിപണനത്തിന് അത്തരം തോട്ടങ്ങൾ പ്രദേശിക വിപണിയെ ആശ്രയിക്കാറില്ല. ഇവിടെങ്ങളിലെ തൊഴിലാളികളും താരതമ്യേന വൈദഗ്ധ്യം കൂടിയവരാണ്.

കരുവാരകുണ്ടിൽ സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങൾ വളർന്നതും ഈ വൻകിട തോട്ടം മേഖലയെ കേന്ദ്രീകരിച്ചാണ്.

ചെറുകിട റബ്ബർ തോട്ടങ്ങൾ


പട്ടമരപ്പ്, ചീക്ക്, ഇല കൊഴിച്ചിൽ തുടങ്ങിയ രോഗങ്ങൾ ചെറുകിട തോട്ടങ്ങളിൽ വ്യാപകമാണ്. സമയത്ത് മരുന്നടിക്കുന്നതിന്നും വളം ചെയ്യുന്നതിന്നും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ് ചെറുകിടക്കാർ.

വിദഗ്ധ തൊഴിലാളികളുടെ അഭാവം ടാപ്പിംഗിന്റെ ഗുണ നിലവാരത്തെ ബാധിക്കുകയും ഉൽപ്പാദനക്ഷമത കുറയ്ക്കുകയും ചെയ്യുന്നു. നടീൽ വസ്തുക്കൾക്ക് നാടൻ നഴ്സറികളെ ആശ്രയിക്കുന്നത് കൊണ്ട് പലപ്പോഴും ഗുണ നിലവാരം കുറഞ്ഞ നടീൽ വസ്തുക്കളാണ് ലഭിക്കുന്നത്. വിപണന രംഗത്തും ചെറുകിടക്കാർ പലവിധ ചൂഷണങ്ങൾക്കു വിധേയരാവുന്നു. പ്രകൃതി ക്ഷോഭങ്ങൾ അടിക്കടി ചെറുകിട റബ്ബർ കർഷകരെ ബാധിക്കുന്നു.





മൺ തരം



റബ്ബറിന്റെ ഉൽപ്പാദനക്ഷമത

(പട്ടിക. 6 എ)

(ഹെക്ടറിൽ)

സംസ്ഥാന തലം	ജില്ലാ തലം	പഞ്ചായത്ത് തലം
1200 കി.	1300 കി	1330 കി.

(അവലംബം. റബ്ബർ ബോർഡ് മാഗസിൻ)



കമുക് കൃഷി

നാണ്യവിളകളിൽ മുഖ്യവിളയാണ് കമുക്. 690 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. നെൽകൃഷി ചെയ്തിരുന്ന പാടങ്ങൾ ഇന്ന് കമുക് കൃഷിക്കു വഴിമാറികൊണ്ടിരിക്കുന്നു. ഏറ്റവും ലാഭകരമായ ഈ കൃഷി ഒരു ഏക്കറിൽ ശരാശരി 60,000 രൂപ വരെ വരുമാനം പ്രതീക്ഷീക്കാവുന്നതാണ്. ഒരു ഏക്കറിൽ ശരാശരി രണ്ട് ലക്ഷം അടയ്ക്ക ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇത് സംസ്ഥാന ഉൽപ്പാദന ശരാശരിയേക്കാൾ 30% കൂടുതലാണ്.

കമുകിന് ബാങ്ക് വായ്പകൾ ഹ്രസ്വ ദീർഘ കാലാടിസ്ഥാനത്തിൽ ലഭ്യമാണ്. ഒരു ഏക്കറിന് 42,000 രൂപവരെ വായ്പ ലഭിക്കുന്നുണ്ട്. ഇതിന്റെ കാലാവധി 12 വർഷമാണ്.

കാർഷിക ബാങ്ക് വായ്പാ വിവരങ്ങൾ

(പട്ടിക 7)

സ്ഥാപനത്തിന്റെ പേര്	സ്ഥിര നിക്ഷേപം	ഹ്രസ്വകാല നിക്ഷേപം	കാർഷിക വായ്പ
സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, കരുവാരകുണ്ട്.	5668000	5343000	17981000
കരുവാരകുണ്ട് കോ-ഓപ്പറേറ്റീവ് സർവ്വീസ് സഹകരണ ബാങ്ക്	11568669	10609267	2211960

(അവലംബം. ബാങ്ക് രേഖ)

കരുവാരകുണ്ടിലെ കമുകുകളിൽ നാടൻ ഇനത്തിൽ നിന്ന് ശരാശരി 200 അടയ്ക്കയും കാസർക്കോടൻ, മംഗളം എന്നീ ഇനങ്ങളിൽ നിന്ന് 500 അടയ്ക്കയും ലഭിക്കുന്നു. ഒരു കമുകിൽ നിന്ന് 300 രൂപയോളം വരുമാനം ലഭിക്കുന്നുണ്ടെങ്കിലും കർഷകന് ശരാശരി 200 രൂപയേ ലഭിക്കുന്നുള്ളൂ. കമുകിൻ തോട്ടങ്ങളെല്ലാം തന്നെ ഊഹകച്ചവടത്തിൽ മതിച്ചു വിൽക്കുകയാണ് ചെയ്യുന്നത്. ഈ വിൽപ്പന വിളവെടുപ്പിന് മുമ്പേ നടക്കുന്നു. ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന ഗുണ നിലവാരമുള്ള അടയ്ക്കയാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. ഇക്കാരണത്താൽ വിപണിയിൽ ഇവിടത്തെ അടയ്ക്കയ്ക്ക് വൻ ഡിമാൻറാണ്.

കമുക് കൃഷി മേഖലയിലെ വിവിധ തൊഴിലാളികളുടെ കൂലി നിരക്ക് സംബന്ധിച്ച പട്ടിക ചുവടെ കൊടുക്കുന്നു.

കമുക് കൃഷി മേഖലയിലെ കൂലി നിരക്ക്

(പട്ടിക 8)

തൊഴിൽ		കൂലി നിരക്ക്
കമുക് കയറ്റം	1000അടയ്ക്ക്	21.00
ഉണക്കടയ്ക്ക പൊളിക്കൂലി	1 കിലോ	1.75
ബോർഡോ മിശ്രിതം തളിക്കാൽ	1 ദിവസം	125.00
ലോഡിംഗ്	1ചാക്ക്	2.00

(അവലംബം. സാമൂഹ്യ സർവ്വെ)

മഴ കൂടുതൽ ലഭിക്കുകയും വെള്ളം കെട്ടി നിൽക്കുകയും ചെയ്യുന്ന പ്രദേശത്തെ കമുകിന് മഹാളിരോഗം പിടിപെടാറുണ്ട്. അടയ്ക്കയുടെ നിലവിലുള്ള വില നിലവാരം സംബന്ധിച്ച പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക 9

ഇനം	തൂക്കം	വില
ഉണക്കടയ്ക്ക	1 കിലോ	68 രൂപ
പച്ച അടയ്ക്ക	1 കിലോ	12 രൂപ
തൊണ്ടടയ്ക്ക	1 കിലോ	37 രൂപ
നീറ്റടയ്ക്ക	1000ന്	750 രൂപ

തെങ്ങ് കൃഷി

ഇവിടത്തെ പ്രധാനപ്പെട്ട കൃഷിയിനങ്ങളിൽ ഒന്നാണിത്. പാർപ്പിട കൃഷിയിടങ്ങളിലും കുന്നിൻ ചെരിവുകളിലും ഒലിപ്പുഴയുടെ നദീതട പ്രദേശത്തും ഇവ സമൃദ്ധിയായി കൃഷിചെയ്യുന്നു. മലമ്പ്രദേശങ്ങളിൽ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത കൂടുതലാണ്. ഉൽപ്പാദനക്ഷമത സംബന്ധിച്ച താരതമ്യ പഠനത്തിന്നായുള്ള പട്ടിക ചുവടെ കൊടുക്കുന്നു.

തെങ്ങ് കൃഷിയെ സംബന്ധിച്ച വിവരം

(പട്ടിക 10)

തെങ്ങു കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ
920 ഹെക്ടർ		110400	184000

(അവലംബം. കൃഷി രേഖകൾ)

തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി സമഗ്രനാളികേര വികസന പദ്ധതിയിൽ(സി.സി.ഡി.പി)കൃഷിഭവൻ നടപ്പിലാക്കിയ പദ്ധതികൾ താഴെ കൊടുക്കുന്നു

1994-'95

(പട്ടിക 11)

		ചെലവാക്കിയ തുക
കിണർ	49 എണ്ണം	122500.00
പമ്പ് സെറ്റ്	34 "	85,000.00
ഗ്രൂപ്പ് ഇറിഗേഷൻ	1 "	10,000.00
കമ്മ്യൂണിറ്റി		
ഇറിഗേഷൻ	10 ഹെക്ടർ	പണി പൂർത്തിയായിട്ടില്ല
റോക്കിംഗ് സ്പ്രെയറർ	1	1000.00
ക്ലൈംബിംഗ്		
ഡിവൈസ്	2	1000.00

(അവലംബം. കൃഷിഭവൻ രേഖ)

കൃഷി ഭവൻ മുഖേന വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ എണ്ണം കാണിക്കുന്ന വിവരങ്ങൾ പട്ടികയായി ചുവടെ കൊടുക്കുന്നു.

തെങ്ങിൽ തൈകൾ വിതരണം ചെയ്തത്

(പട്ടിക 12)

ഇനം	1993-94	94-95	95-96	96-97
തെങ്ങിൻ തൈകൾ	546	695	820	385

(അവലംബം. കൃഷിഭവൻ രേഖ)

തെങ്ങിന്റെ മണ്ട ചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻ ചെല്ലിയുടെ ആക്രമണം തുടങ്ങിയവയാണ് തെങ്ങുകൃഷികളെ ബാധിച്ചുകൊണ്ടിരിക്കുന്ന പ്രധാന രോഗങ്ങൾ. 1994 മുതൽ ഈ ഗ്രാമത്തിലെ എല്ലാ വാർഡിലും 'കേരവികസന സമിതി'കൾ പ്രവർത്തിച്ചു വരുന്നുണ്ട്. തെങ്ങ് കൃഷിയുടെ കൂലിനിരക്ക് ചുവടെ കൊടുക്കുന്നു.

പട്ടിക 13

നമ്പർ	ഇനം	കൂലി(രൂപ)
തെങ്ങു കയറ്റ കൂലി	1 ദിവസം	150.00
കരാർ വ്യവസ്ഥകൂലി	1 തെങ്ങിന്	3.00
തേങ്ങപൊളി കൂലി	100 എണ്ണം	12.00

(അവലംബം. സാമൂഹ്യ സർവ്വെ)

തേങ്ങയുടെ വില 4 രൂപ മുതൽ 5 രൂപ വരെയാണ്. റബ്ബർ, അടയ്ക്ക എന്നിവയെപ്പോലെ വിപണന സൗകര്യങ്ങൾ ഇതിന്നില്ല.

നെൽകൃഷി

ആദ്യകാലങ്ങളിൽ പാരമ്പര്യ കൃഷി നെല്ലായിരുന്നു. ഏറ്റവും കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കൃഷിയാണിത്. ഇന്ന് ഇത് ഏറ്റവും പിന്തള്ളപ്പെട്ട ഒന്നായി മാറിയിരിക്കുന്നു.

നെൽപ്പാടങ്ങൾ നികത്തി വീടുവെക്കുകയും കമുക്, തെങ്ങ് എന്നിവ നെൽപ്പാടങ്ങളെ കയ്യടക്കുകയും ചെയ്തിരിക്കുന്നു.

വാർഡ് തലത്തിൽ നിലവിലുള്ള നെൽ കൃഷിയുടെ കണക്ക് താരതമ്യ പഠനത്തിന്നായി ചുവടെ കൊടുക്കുന്നു.

നെൽ കൃഷി വാർഡ് തലത്തിൽ

(പട്ടിക 14)

സ്ഥലം	വിളകൾ	ഏക്കർ
പാന്ത്ര	-	-
കേരള	-	-
കുട്ടത്തി	നെൽകൃഷി	10 ഏക്കർ
കേമ്പിൻകുന്ന്	-	-
കിഴക്കേതല	നെൽകൃഷി	1 ഏക്കർ
തരിശ്	-	-
മാമ്പറ്റ	നെൽകൃഷി	5 ഏക്കർ
കൽക്കുണ്ട്	-	-
പുൽവെട്ട	നെൽകൃഷി	4 ഏക്കർ
പയ്യാക്കോട്	-	-
പുന്നക്കാട്	-	-
ഇരിങ്ങാട്ടിരി	നെൽകൃഷി	8 ഏക്കർ
പുത്തനഴി	നെൽകൃഷി	13 ഏക്കർ
ആകെ		41 ഏക്കർ

സംസ്ഥാന തല ഉൽപ്പാദക്ഷമതയേക്കാൾ വളരെ കുറവാണിവിടെയുള്ളത്.

ുള്ളം

ഗഹകരണ മേഖലയിൽ ഒന്നും സ!കാര്യമേഖലയിൽ

4 ഉം വളം വിപണന കേന്ദ്രങ്ങളാണ് ഇവിടെയുള്ളത്. രാസവളങ്ങളാണ് 80%-വും ഉപയോഗത്തിലുള്ളത്. ശാസ്ത്രീയ വളപ്രയോഗമല്ല നടക്കുന്നത്. ജൈവ വളങ്ങൾക്ക് മറ്റു പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്.കാർഷിക ഉപകരണങ്ങൾ കൃഷി വകുപ്പ് മുഖേന വിതരണം ചെയ്തതിന്റെ കണക്കുകൾ താഴെ കൊടുക്കുന്നു.

കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്തത്

(പട്ടിക 15)

ട്രെയിനിംഗ് സർവ്വെസ്	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോകിംഗ് സ്പ്രെയർ (ഓയിൽ)	നാപ്സ്റ്റിക് സ്പ്രെയർ	ഷോർട്ടബിൾ പമ്പ്സെറ്റ്	പമ്പ്സെറ്റ് ഇലക്ട്രിക്	മെതിയന്ത്രം
61	2	2	3	1000	20	750	65	5

(അവലംബം. കൃഷിഭവൻ രേഖ)

കൈവശ ഭൂമി വിസ്തീർണ്ണം സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

കൈവശ ഭൂമി

(പട്ടിക 16)

കർഷകരുടെ സ്വഭാവം	ഭൂമിയുടെ സ്വഭാവം	എണ്ണം
നാമമാത്ര കർഷകൻ	1 ഹെക്ടറിന് താഴെ	3950
ചെറുകിട കർഷകൻ	1-2 ഹെക്ടർ	650
വൻകിട കർഷകൻ	2 ഹെക്ടറിന് മുകളിൽ	160

(അവലംബം. വില്ലേജ് ഓഫീസ് രേഖ)

ാനൽകൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ന് ബാങ്ക് വായ്പയും സബ്സിഡിയും തീരെ ഇല്ലെന്നതാ ക്കറിന് കൃഷി ഭവൻ മുഖേന 100രൂപയേ സഹായ ലഭിക്കുന്നുള്ളു.


നെൽ കൃഷിയടെ കൂലി നിരക്ക്

(പട്ടിക 17)

ോയിൽ	സ്ത്രീ/പുരു:	കൂലി
ക്കൽ പുട്ടൽ ഏരിക്ക്	പു	160.00
ളപ്രയോഗം	"	90.00
ുച്ചുമട്ട് കൂലി	"	100.00
വരമ്പിടൽ	"	90.00
ഞാറ് പറിക്കൽ	സ്ത്രീ	60.00
കറ്റ ചുമട്ടു കൂലി	"	65.00
മെതിക്കൽ	"	60.00

(അവലംബം. സാമൂഹ്യസർവ്വെ)

പാട ശേഖര സമിതിയും വിളക്രമവും സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.


ഭൂവിനിയോഗം -
മൺതരം
N
സർക്കാർ വന മേഖല
ഫോറസ്റ്റ് സോയിൽ
മിശ്ര വിളകൾ
ലാറ്ററൈറ്റ് സോയിൽ
മീറ്റർ

പാടശേഖര സമിതികൾ

(പട്ടിക 18)

പേര്		വിളക്രമം		
		I	II	III
പുത്തനഴി പാടശേഖര സമിതി		നെല്ല്	വാഴ	കപ്പ
ഇരിങ്ങാട്ടിരി	"	നെല്ല്	നെല്ല്	വാഴ
പുൽവെട്ട	"	നെല്ല്	വാഴ	കപ്പ
കക്കറ	"	നെല്ല്	വാഴ	കപ്പ
ചിറക്കോട്	"	നെല്ല്	വാഴ	വാഴ
കണ്ണത്ത്	"	നെല്ല്	വാഴ	കപ്പ
അറിമണൽ	"	വാഴ	വാഴ	പച്ചക്കറി
കുട്ടത്തി	"	നെല്ല്	നെല്ല്	വാഴ

(അവലംബം. സാമൂഹ്യ സർവ്വെ)

എട്ടുപാടശേഖര സമിതികൾ ഈ ഗ്രാമത്തിൽ പ്രവർത്തിച്ചുവരുന്നു.

കൃഷിഭവൻ മുഖേന വിതരണം ചെയ്ത നെൽ വിത്തു കളുടെസംബന്ധിച്ച വിവരം പട്ടികയിൽ വിവരിക്കുന്നു

നെൽവിത്ത് വിതരണം

(പട്ടിക 19)

	93-94	94-95	95-96	96-97
നെൽവിത്ത്	1810 കി.	686 കി.	1800കി.	800കി.

(അവലംബം. കൃഷി ഭവൻ രേഖ)

പച്ചക്കറി കൃഷി

കരുവാരകുണ്ടിൽ വൻ സാദ്ധ്യതയുള്ള ഒന്നാണ് പച്ചക്കറി കൃഷി. പുരയിടത്തോട്ടങ്ങളിലും എല്ലാ വാർഡുകളിലെയും അനുയോജ്യമായ സ്ഥലങ്ങളിലും ഇത് നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ആവശ്യക്കാർക്ക് വിത്തും വളങ്ങളും സൗജന്യ നിരക്കിൽ നൽകിയാൽ വീട്ടാവശ്യങ്ങൾക്കുള്ള പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാൻ കഴിയും.

തമിഴ്നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പച്ചക്കറിയാണ് ഇവിടത്തുകാർ ആശ്രയിച്ചു കൊണ്ടിരിക്കുന്നത്. അവ വളരെയധികം ഗുണ നിലവാരം കുറഞ്ഞവയാണ്.

പച്ചക്കറി വിത്ത് വിതരണം

(പട്ടിക 20)

വർഷം	93-94	94-95	95-96	96-97
പച്ചക്കറി വിത്ത്	714	പായ്ക്കറ്റ്	-	480 പാക്കറ്റ്

(അവലംബം. കൃഷിഭവൻ)

കുരുമുളക്

ഈ ഗ്രാമത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രധാന നാണ്യവിളയാണ് കുരുമുളക്. പൂത്തുലഞ്ഞ കുരുമുളകിൻ തോട്ടങ്ങൾ ഇവിടത്തെ ആകർഷണീയമായ ഒരു കാഴ്ചയായിരുന്നു. അജ്ഞാതമായ രോഗം ഈ കൃഷിയെ പാടെ നശിപ്പിച്ചിരിക്കുകയാണ്. ഈ കൃഷിയെ പുനരുദ്ധരിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് സർക്കാരും കൃഷിവകുപ്പും മുൻകൈ എടുക്കേണ്ടതാണ്. രോഗപ്രതിരോധ ശേഷിയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് നൽകി കരുമുളക് കൃഷി നിലനിർത്താനുള്ള ശ്രമം നടത്തേണ്ടതാണ്.


കുരുമുളക് കൃഷിക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് ഇവിടെയുള്ളത്.

കശുമാവ്

ഒരു കാലത്ത് കശുമാവിൻ തോട്ടങ്ങൾ ധരാളമുണ്ടായിരുന്ന നമ്മുടെ ഗ്രാമത്തിൽ നിന്ന് ഈ കൃഷി ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കമുക്, റബ്ബർ എന്നീകൃഷികൾ ഏറ്റവും ലാഭകരവും ഉൽപ്പാദനക്ഷമത കൂടിയതുമാണ്. ഇക്കാരണത്താൽ കശുമാവിൻ തോട്ടങ്ങൾ ഈ കൃഷികൾക്കായി മാറ്റിവെക്കപ്പെടുന്നു.

ഒരു തോട്ടകൃഷിയായി കശുമാവിനെ ഇനി കർഷകർ അംഗീകരിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ പുരയിടങ്ങളിൽ ഒഴിഞ്ഞ സ്ഥാനങ്ങളിൽ കശുമാവ് വെച്ചു പിടിപ്പിക്കുന്നതിന് തയ്യാറാകും. ഇതിന് അത്യുൽപ്പാദന ശേഷിയുള്ള തൈകൾ കൃഷിഭവൻ മുഖേന നൽകേണ്ടതാണ്.





നടീൽ വസ്തു വിതരണം

(പട്ടിക 21)

ഇനം	1993-94	94-95	95-96	1996-97
വാഴ	-	2350	-	
കശുമാവ്	4800	370	250	4640(എണ്ണം)
കുരുമുളക്	2500	-	17500	28600(എണ്ണം)
മാവ്	98	10	-	140
ഗ്രാമ്പു	-	-	180	3133
കറുവപ്പട്ട	-	-	100	100

(അവലംബം. കൃഷിഭവൻ റിപ്പോർട്ട്)

ഉരുൾപ്പൊട്ടൽ, വരൾച്ച, വെള്ളപ്പൊക്കം, കൊടുങ്കാറ്റ് മുതലായ പ്രകൃതി ക്ഷോഭങ്ങൾ, ഇവിടത്തെ കാർഷിക മേഖലയെ ഇടക്കിടെ ബാധിക്കാറുണ്ട്. സർക്കാറിൽ നിന്ന് നാമ മാത്രമായ സഹായമേ അർഹതപ്പെട്ടവർക്കു ല ക്കാറുള്ളൂ. ഇതു സംബന്ധിച്ചു വിതരണം ചെയ്ത ദു രിതാശ്വാസ സഹായങ്ങളുടെ വിവരം ചുവടെ കൊടു ക്കുന്നു.

ദുരിതാശ്വാസ വിതരണം

(പട്ടിക 22)

വർഷം	പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം				ധനസഹായം ലഭിച്ചവർ	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
1993-94		-	-	-	448	11,73,885. 00
94-95		-	321.08 ഹെക്ടർ		152	3,45,754.00
95-96		-	-	-	26	49,780.00
96-97		-	-	-	202	3,43,298.00

(അവലംബം. കൃഷിഭവൻ രേഖ)

വെള്ളപ്പൊക്കക്കെടുതി ഇനത്തിൽ കരുവാരക്കുണ്ടിൽ നടപ്പാക്കിയ പദ്ധതി

(പട്ടിക 23)

പ്രവൃത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയാക്കിയ വർഷം	എസ്റ്റിമേറ്റ് തുക	സ്വഭാവം
സെൻറ് മേരിസ് ചർച്ചിൻെറ അടുത്ത് ഒലിപ്പുഴ ഇടത് കര സംരക്ഷിക്കൽ	1990	1991	2,38421	വെള്ളപ്പൊക്കക്കെടുതി ഇനത്തിൽ (Flood damage)
കേരള എസ്റ്റേറ്റ് ഭാഗത്ത് കല്ലൻ പുഴയുടെ ഇടത് കരസംരക്ഷണം	1992	1992	2,90,681	,,
കൽക്കുണ്ട് ഭാഗത്ത് ഒ.ടി. എസ്റ്റേറ്റ് ഭാഗം ഒലിപ്പുഴയുടെ തീരങ്ങൾസംരക്ഷിക്കൽ	1992	1992	2,62,282	,,
പുൽവെട്ടയിൽ റജി.നമ്പർ 462/1ൽ ഒലിപ്പുഴയുടെ ഇടത് കര സംരക്ഷണം	1994	1994	3,04,365	,,
കേരള എസ്റ്റേറ്റിൽ റജി.നമ്പർ 884, 886 കല്ലൻ പുഴയുടെ വലത് കര സംരക്ഷണം	1995	1995	3,19322	,,
വാർഡ് നമ്പർ 6(തരിശ്)കാരക്കോടൻ പുഴയോരം എന്ന ഭാഗത്ത്ഒലിപ്പുഴയുടെ തീരങ്ങൾസംരക്ഷിക്കൽ	1991-1992	2,63385	,,	

(അവലംബം മേജർ ഇറിഗേഷൻ മഞ്ചേരി)

ജലസേചന സൗകര്യങ്ങൾ

ഇവിടത്തെ കൃഷികൾ പ്രധാനമായും മഴയെ ആശ്രയിച്ചാണ് നില നിൽക്കുന്നത്. ജലസേചന സൗകര്യങ്ങൾ കൃഷിയുടെ നിലനില്പിന്ന് അത്യന്താപേക്ഷിതമാണ്.

ഒലിപ്പുഴ ഡൈവേർഷൻ പദ്ധതി

കരുവാരകുണ്ടിൽ നെൽകൃഷിയുടെ അഭിവൃദ്ധിക്കു വേണ്ടി 1957ൽ തുടക്കമിട്ട പദ്ധതിയാണ് കരുവാരകുണ്ട് ഒലിപ്പുഴ ഡൈവേർഷൻസ്കീം. 1986 ഏപ്രിൽ 28ന് ഇതിൻെറ കനാൽ പ്രവർത്തനം ഭാഗികമായി നടന്നെങ്കിലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കനാൽ നിർമ്മാണത്തിന് മൂന്നു അകായർ ചെയ്ത വകയിലും ഡാമിൻെറ നിർമ്മാണ പ്രവർത്തികൾക്കുമായി ലക്ഷങ്ങളാണ് ഇവിടെ ചെലവഴിച്ചത്. 192.3 ഹെക്ടർ നെൽകൃഷിക്കു പ്രയോജനപ്പെടുത്താമായിരുന്ന ഈ പദ്ധതി ഒച്ചിൻെറ വേഗതിയിലാണ് നീങ്ങിയത്.

ഇതുവരേയും പണി പൂർത്തിയാക്കാതെ പദ്ധതി പാടേ ഒഴിവാക്കിയതായി അറിയുന്നു. ഈ പദ്ധതി നടപ്പിലായാൽ തന്നെ ഒരിഞ്ചു നെൽകൃഷിക്കുപോലും ഇന്ന് ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്.

സമയബന്ധിതമായി ഇത് നടപ്പാക്കിയിരുന്നെങ്കിൽ കരുവാരകുണ്ടിൽ നെൽകൃഷി നില നിർത്താൻ കഴിയുമായിരുന്നു. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷണ വിധേയമാക്കേണ്ടതും വിലയിരുത്തേണ്ടതുമാണ്.

	വർഷം	വർഷം	തുക	പദ്ധതി വിസ്തീർണ്ണം
കരുവാരകുണ്ട് ഡൈവർഷൻ സ്കീം	28-4-86	24-7-92	തന്നിട്ടില്ല	192.3 ഹെക്ടർ

(അവലംബം. ചെറുകിട ജലസേചന ഓഫീസ് മലപ്പുറം)

ഒലിപ്പുഴ-അങ്ങാടിച്ചിറ

1927-ലാണ് കരുവാരകുണ്ടിൽ ആദ്യമായി കെട്ടുറപ്പുള്ള ഒരു 'ചിറ' ജലസേചനസൗകര്യത്തിനായി പണിയാരഭിച്ചത്. ചെമ്പൻ കുന്ന് കാറിയിൽ നിന്നു കാളവണ്ടിയിലൂടെയാണു കരിങ്കല്ലുകൾ കൊണ്ടു വന്നിരുന്നത്. സിമൻറ് ലഭ്യമല്ലാത്തതിനാൽ കുമ്മായവും കുളർമാവും വെള്ളമണലും ചേർത്തുള്ള മിശ്രിതമാണ് കരിങ്കല്ല് കൊട്ടാനുപയോഗിച്ചത്. 3 വർഷത്തെ കഠിനാദ്ധ്വാനം ഇതിന്നുവേണ്ടി ചെലവഴിച്ചതായി പഴമക്കാർപറയുന്നു.

അരീക്കര കുഞ്ഞുണ്ണി എന്ന ജന്മി പ്രത്യേക താല്പര്യമെടുത്താണ് ഇത് നിർമ്മിച്ചത്. ഇതിന് മേൽനോട്ടം വഹിച്ചിരുന്നത് പുല്ലിക്കുന്നൻ മമ്മദ് മേസ്ത്രിയായിരുന്നു. ജലം, മൂന്ന് കിലോമീർ അകലെയുള്ള നെൽപാടങ്ങളിൽ കൃഷിക്കായി ഉപയോഗിച്ചിരുന്നു.

ഇപ്പോളിതിൻെറ സംരക്ഷണം പഞ്ചായത്തിൻെറ കീഴിലാണ്. 1996 നവംബർ 1ന് പുനർപ്പണ ദിനത്തിൽ, മണ്ണ് തൂർന്നു കിടക്കുന്ന ചിറയുടെ കനാൽ തുറന്ന് വെള്ളം ഒഴുക്കിവിടാനുള്ള ശ്രമം നടക്കുകയുണ്ടായി.

1960 ഒക്ടോബർ 31-ന് ചേർന്ന പഞ്ചായത്ത് ബോർഡ് യോഗം രണ്ട് ജലസേചന പദ്ധതികൾ മൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിരുന്നു.

മൊളക്കൽ ചോല ഡാം, പുറ്റള ചോല ഡാം എന്നിവയായിരുന്നു അവ.

ഒലിപ്പുഴക്ക് കുറകെ 8 ചിറകൾ ആദ്യകാലങ്ങളിൽ നെൽകൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നു. ഈ ചിറകളൊന്നും തന്നെ ഇന്ന് നിലവിലില്ല.

മണ്ണും ജല സംരക്ഷണവും

ആദ്യകാലങ്ങളിൽ വരമ്പുകൾ നിർമ്മിച്ചും അതിർത്തികളിൽ മരങ്ങൾ വെച്ചു പിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയുമാണ് മണ്ണും ജലവും സംരക്ഷിച്ചിരുന്നത്.

ജീവിത ക്രമത്തിൽ വന്ന മാറ്റങ്ങളും ഗൾഫ് സ്വാധീനവും ഭൂമി തുണ്ടം തുണ്ടമായി വിഭജിക്കപ്പെട്ടതും കാർഷിക പ്രവൃത്തികളോടുവന്ന വിമുഖതയും മണ്ണും ജലവും സംരക്ഷിക്കുന്ന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്.

നഴ്സറികൾ

10 സ്വകാര്യ നഴ്സറികൾ ഇവിടെയുണ്ട്. റബ്ബർ,കമുക്, തെങ്ങ്, ജാതി, ഗ്രാമ്പു, കറുവ(കറുവപ്പട്ടയെടുക്കുന്ന മരം), മാവ് മുതലായവയുടെ തൈകൾ നഴ്സറികളിൽ നിന്നു ലഭ്യമാണ്.

കൃഷിഭവൻ

1987-ലാണ് കൃഷിഭവൻ നിലവിൽ വന്നത്. കാർഷിക വികസന പ്രക്രിയകളെ ത്വരിതപ്പെടുത്താനും ധാരാളം പദ്ധതികൾ നടപ്പിൽ വരുത്താനും ഇത് മുഖേന സാധിച്ചിട്ടുണ്ട്.

കാർഷിക തൊഴിൽ ദാന പദ്ധതിയനുസരിച്ച് 303 പേർ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാന തലത്തിൽ തന്നെ ഇത് ശ്രദ്ധേയമാണ്. ഫോട്ടോ പതിച്ച പാസ് ബുക്കും കാർഡും ഇതിനകം എല്ലാവർക്കും വിതരണം ചെയ്തിട്ടില്ല. 12 പേർക്ക് റബ്ബർ റോളറും ഒരാൾക്ക് മിൽക് കാനും ഈ പദ്ധതി പ്രകാരം വിതരണംചെയ്തിട്ടുണ്ട്.

52 പദ്ധതികൾ, കാർഷിക വികസനം ലക്ഷ്യമിട്ടു കൃഷിഭവൻ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്നു. ഇതിൽ ഇവിടെത്തെ കൃഷിഭവൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ താഴെക്കൊടുക്കുന്നു.

1. മിനികിറ്റ് പദ്ധതി.
2. ഉൽപ്പാദന ബോണസ്സ്
3. സമഗ്ര നാളികേര വികസന പദ്ധതി
4. TxD തെങ്ങിൻ തൈകളുടെ ഉൽപ്പാദനവും വിതരണവും
5. കമുക് വികസന പദ്ധതി
6. സുഗന്ധവിള വികസന പദ്ധതി.
7. കുരുമുളക് കൃഷി സമ്പ്രദായം
8. കേന്ദ്രാവിഷ്കൃത തോട്ട സംരക്ഷണ പദ്ധതി.
9. മാതൃകാ കുരുമുളക് തോട്ടങ്ങൾ സ്ഥാപിക്കുക.
10. സമഗ്ര സുഗന്ധ വ്യഞ്ജന വികസന പദ്ധതി
11. പച്ചക്കറി വികസന പദ്ധതി.
12. കശുമാവ് കൃഷി വ്യാപിപ്പിക്കുക
13. ങ്കൊക്കോ വികസന പദ്ധതി.
14. വിള ഇൻഷൂറൻസ് പദ്ധതി.
15. ചെറുകിട കൃഷിത്തോട്ടങ്ങളുടെ യന്ത്രവൽക്കരണം.
16. ദേശീയ ബയോഗ്യാസ് വികസനം
17. കൃഷിയിൽപ്ലാസ്റ്റിക്കിന്റെ ഉപയോഗം.
18. കൃഷിയിൽ പൊതുജന പങ്കാളിത്തം
19. സമഗ്ര സുഗന്ധ വ്യഞ്ജന വിള വികസന പദ്ധതി.
20. യുവാക്കളെ കൃഷിയുമായി ബന്ധിപ്പിക്കുന്ന പദ്ധതി.

ഗ്രാമസഭയിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങൾ

1. ഭൂമിഭോഗവും തുണ്ട് കൃഷിയിടങ്ങളാണ്. ഇവയിൽ ലാഭകേരമായി നെൽകൃഷി നടത്താൻ കഴിയുന്നില്ല.
2. നെൽകൃഷിക്ക് ഉൽപ്പാദന ചെലവ് കൂടുതലും ലാഭം കുറവുമാണ്. ഇത് നെൽകൃഷിയിൽ താല്പര്യം കുറയാനും ദീർഘകാല വിളകൾ കൃഷി ചെയ്യാനും കാരണമായി.
3. കർഷക തൊഴിലാളികളെ കിട്ടാനില്ലാത്തതും; ഉയർന്ന കൂലി നിരക്ക്, കുറഞ്ഞ സേവന നിരക്ക് തുടങ്ങിയവയും നെൽകൃഷിയെ നഷ്ടത്തിലെത്തിച്ചു.
4. കാലവർഷ വ്യതിയാനങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ എന്നിവ നെൽ കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണം കുറച്ചു.
5. കമുക്, റബ്ബർ, തെങ്ങ് തുടങ്ങിയവയാണ് പ്രധാനമായും കൃഷിചെയ്തു വരുന്നത്. ഇവയ്ക്ക് ജലസേചന സൗകര്യമില്ലാത്തതിനാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല.
6. നാളികേരത്തിന്റെ വിലയിടിവ് ഉൽപ്പാദനത്തിൽ കാര്യമായി ബാധിക്കുന്നു.
7. ചെരിഞ്ഞ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് സാധാരണമാണ്.
8. മണ്ണ്പരിശോധനാ സംവിധാനം നിലവിലില്ലാത്തതിനാൽ കൃഷിയിലും രാസവളപ്രയോഗത്തിലും അശാസ്ത്രീയതയുണ്ട്.
9. ജൈവ വളത്തിന്റെ ദൗർലഭ്യവും,രാസവളത്തിന്റെ അമിതോപയോഗവും മണ്ണിന്റെ ഘടനയെ ബാധിക്കുന്നു.
10. പാർപ്പിടങ്ങൾക്ക് വേണ്ടി വയലുകൾ നികത്തുന്നത്, ജലസേചന മാർഗ്ഗങ്ങളുടെ നാശത്തിനും നീരൊഴുക്കിന്റെ തടസ്സത്തിനും കാരണമാവുന്നു.
11. ജലസേചന സൗകര്യങ്ങളുടെ അഭാവം ഇടവിളകളെയും വേനൽക്കാല പച്ചക്കറി കൃഷിയേയും സാരമായി ബാധിക്കുന്നു.
12. കൃഷികൾക്കുണ്ടാവുന്ന രോഗങ്ങൾക്ക് യഥാസമയം പ്രതിരോധ പ്രവർത്തനങ്ങൾ നടത്താത്തതിനാൽ ഉൽപ്പാദന ക്ഷമത കുറയുന്നു.
13. കുരുമുളകിന്റെ ദ്രുതവാട്ടം കൃഷിയെ നാശോന്മുഖമാക്കി.
14. വനവൽക്കരണ പ്രവർത്തനങ്ങളും മറ്റു പരിസ്ഥിതി വിരുദ്ധ പ്രവർത്തനങ്ങളും രൂക്ഷമായ വരൾച്ചക്കു കാരണമായി.
15. ആധുനിക കൃഷിരീതിയകളെ കുറിച്ചുള്ള അജ്ഞാതയും നല്ല നടീൽ വസ്തുക്കൾ ലഭ്യമല്ലാത്തതും ഉൽപ്പാദന ക്ഷമത കുറയ്ക്കുന്നു.
16. കൃഷി രംഗത്തുള്ള കൂട്ടായ്മയുടെ അഭാവം, ആസൂത്രണത്തിലെ പാളിച്ചകൾ എന്നിവ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
17. വൈവിധ്യമാർന്നകൃഷിസമ്പ്രദായങ്ങൾ ഉൽപ്പാദനക്കുറവുണ്ടാക്കുന്നു.
18. ആധുനിക കൃഷി ഉപകരണങ്ങൾ ലഭ്യമല്ലാത്തതും വിദഗ്ധ പരിശീലനത്തിന്റെ കുറവും,സർക്കാർ ആനുപകൂല്യങ്ങളെ കുറിച്ചുള്ള അജ്ഞതയും കാർഷിക പുരോഗതിക്കു തടസ്സമായി നിൽക്കുന്നു.

22 വന്യമൃഗ ശല്യങ്ങൾതടയാനുള്ള മാർഗ്ഗങ്ങളില്ല.

23 സൗജന്യവിള ഇൻഷൂറൻസ് സൗകര്യമില്ല

24 കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ പെട്ടെന്ന് ലഭിക്കുന്നില്ല.

25 നിലവിലുള്ള നെൽ കൃഷി സംരക്ഷിക്കപ്പെടുന്നില്ല.

നിർദ്ദേശങ്ങളുംസാധ്യതകളും

1 നെൽകൃഷി നിലനിർത്താൻ പദ്ധതി വേണം.

2 ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വേണം.

3 ഊർജ്ജിത കാർഷിക വികസന പദ്ധതി ആവശ്യമാണ്.

4 അതുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകന് എത്തിച്ചുകൊടുക്കാനുള്ള പദ്ധതി നടപ്പാക്കണം.

5 വിള സാന്ദ്രത വർദ്ധിപ്പിക്കാനുള്ള പദ്ധതി.

6 ജലസേചന സൗകര്യങ്ങൾക്കുള്ള പദ്ധതി.

7 ഒലിപ്പുഴക്ക് കുറുകെ ചെക്കു ഡാമുകൾ നിർമ്മിക്കാനുള്ള പദ്ധതി.

8 പൊതു കുളങ്ങളുടെ നിർമ്മാണം.

9 സംയോജിത നിർമറി വികസന പരിപാടി ആവിഷ്കരിക്കൽ.

10 വൃക്ഷ വിളകളുടെ പുനരുദ്ധാരണം.

11 ത്രിതല കൃഷി സമ്പ്രദായം നടപ്പിലാക്കുക.

12 പച്ചക്കറി വികസന പദ്ധതി.

13. ഔഷധ സസ്യവ്യാപന പദ്ധതി.

14 പുഷ്പകൃഷി വ്യാപന പദ്ധതി.

15 സുഗന്ധ സസ്യകൃഷി വികസനപദ്ധതി.

16 കൂൺ കൃഷി പദ്ധതി.

17 കേന്ദ്രീകൃത സമഗ്ര വാഴക്കൃഷി പദ്ധതി.

18 പഴവർഗ്ഗ കൃഷി വ്യാപന പരിപാടി.

19 തേനീച്ച വളർത്തൽ പരിപാടി.

20 കാർഷിക വിപണന സൊസൈറ്റി രൂപവൽകരണം.

21 കാർഷിക വികസന ബോധവൽക്കരണ ക്ലാസ്സുകൾ ശിക്ഷാർഹമല്ലാതാക്കുക.

24 കാർഷികവിളകൾക്കുള്ള ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുക.

25 ചെറുകിട കർഷകരെ സൗജന്യ ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

26 കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ 'റെഗുലേറ്റഡ് മാർക്കറ്റ്' ഏർപ്പെടുത്തുക.

27 പഞ്ചായത്തിൽ ഒരു 'കാർഷിക വികസന ഗവേഷണ കേന്ദ്രം' സ്ഥാപിക്കുക.

28 ഗുണ നിലവാരമുള്ള ഒരു നഴ്സറി സർക്കാർ തലത്തിൽ സ്ഥാപിക്കുക.

29 കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിക്കുക.

30 നല്ല കർഷകരെ തിരഞ്ഞെടുത്ത് പഞ്ചായത്ത് തലത്തിൽ അവാർഡുകൾ നൽകി ആദരിക്കുക.

31 കൃഷിഭവൻ പ്രവർത്തനം കൂടുതൽ ജനകീയ മാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

32 സഞ്ചരിക്കുന്ന അഗ്രോ ക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ എന്നിവ പഞ്ചായത്തിൽ സ്ഥാപിക്കുക.

32 കേരള വില്ലേജിൽ ഒരു 'കൃഷിഭവൻ' സ്ഥാപിക്കുക.

33. പഞ്ചായത്ത് തലത്തിൽ മണ്ണ് പരിശോധനാ കേന്ദ്രം സ്ഥാപിക്കുക.


34 പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള കൃഷി രീതി പ്രോത്സാഹിപ്പിക്കുക.

35 വിവിധ കാർഷിക വികസന ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.

36 കാർഷിക വായ്പകൾക്ക് പലിശയിളവ് അനുവദിക്കുക.

37 കൈത, നായ്ക്കരിമ്പ് തുടങ്ങിയ സസ്യങ്ങളുപയോഗിച്ച് പുഴയോരങ്ങൾ സംരക്ഷിക്കുക.

38 പാഠ്യ പദ്ധതിയിൽ കൃഷിക്കു പ്രാമുഖ്യം നൽകുക.



2

മൃഗ സംരക്ഷണം

കൃഷിയുടെ അവിഭാജ്യ ഘടകമാണ് കന്നു കാലി വളർത്തൽ. അതുകൊണ്ട് തന്നെ കന്നു കാലി വളർത്തുന്നതിൽ കർഷകരായിരുന്നു മുൻപന്തിയിൽ നിന്നിരുന്നത്. ആദ്യകാലങ്ങളിൽ ഇവിടെ നെൽ കൃഷിയായിരുന്നു കൂടുതൽ. നിലം ഉഴുതു മറിക്കുന്നതിന്നു വേണ്ടി എല്ലാ കർഷകരും കന്നു കാലികളെ വളർത്തിയിരുന്നു. കൂടാതെ ഭക്ഷണം സമ്പുഷ്ടമാക്കുന്നതിന്നും ജൈവ വളങ്ങൾക്കു വേണ്ടിയും വിനോദത്തിന്നു വേണ്ടിയുള്ള കാളപൂട്ടിനും വണ്ടിവലിക്കുന്നതിന്നും കന്നുകാലികളെ ഉപയോഗിച്ചിരുന്നു.

ഇവിടെയുണ്ടായിരുന്ന പ്രധാനപ്പെട്ട വളർത്തു മൃഗങ്ങൾ പശു, എരുമ, കാള, പോത്ത്, ആട് എന്നിവയും പ്രധാനപ്പെട്ട വളർത്തു പക്ഷികൾ കോഴി, താറാവ് മുതലായവയുമാണ്. കന്നുകാലികളുടെ എണ്ണം കുറയാനുള്ള പ്രധാന കാരണം നെൽകൃഷിയുടെ കുറവും മാംസത്തിനു വേണ്ടി യുള്ള അറവുമാണ്. 1980 വരെ ഇവിടത്തെ 'പുന്നക്കാടു ചന്ത' പ്രസിദ്ധമായിരുന്നു. ആദ്യകാലങ്ങളിൽ കാർഷിക വിഭവങ്ങൾ ചന്തയിലേക്ക് ഒഴുകിയിരുന്നത് കാളവണ്ടിയിലൂടെയായിരുന്നു. കുരുവാരകുണ്ടിലെ കുഗ്രാമങ്ങളിലെ ചെമ്മൺ പാതയിലൂടെ വണ്ടിക്കാളകൾ ചന്തയിലേക്ക് നീങ്ങിയിരുന്ന കാഴ്ച മനോഹരമായിരുന്നു.

മത്സരപ്പൂട്ടിനുള്ള കാലികളെ പ്രത്യേക സംരക്ഷണത്തിലായിരുന്നു വളർത്തിയിരുന്നത്. തരിശ്, പുന്നക്കാട്, മരുതിങ്ങൽ, വീട്ടിക്കുന്ന് എന്നിവിടങ്ങളിൽ കാളപൂട്ടിനുള്ള കണ്ടങ്ങളുണ്ടായിരുന്നു. പുഴക്കൽ കുഞ്ഞി മാനുഹാജി, തച്ചമ്പറ്റ ഹംസപ്പു ഹാജി, എൻ.യു.കെ. മൗലവി, വട്ടപ്പറമ്പിൽ കുഞ്ഞുണ്ണി ഹാജി, മഞ്ചേരിപ്പറമ്പൻ പറങ്ങോടൻ, സി.കെ. ബാപ്പുകുരിക്കൾ, അത്തേക്കാടൻ കുഞ്ഞാപ്പ ഹാജി, കുണ്ടുകാവിൽ കോയ ഹാജി, പറവട്ടി ബാപ്പുക്കുരിക്കൾ, അബുഹാജി എന്നിവർ കാളപൂട്ടു മത്സരത്തിനുള്ള കാലികളെ വളർത്തിയിരുന്നു. ആട്,കോഴി, മുതിര, തെങ്ങിൻ പൂക്കുല, ആര്യൻ നെല്ല് മുതലായവ വേവിച്ച് ഇടിച്ച് പ്രത്യേക ഔഷധ സസ്യങ്ങളും ചേർത്ത് ഉരുളകളാക്കി പൂട്ടു മത്സരത്തിനുള്ള കാലികൾക്ക് നൽകിയിരുന്നു.

കരുവാരകുണ്ടിലെ മലമ്പ്രദേശങ്ങളായ ചേരി, കുട്ടിക്കുന്ന്, ചെറിയൻ കൊല്ലി, അരക്കത്തിക്കുന്ന്, ഓലപ്പാറ, കടലുണ്ട എന്നിവിടങ്ങളിൽ കന്നുകാലിക്കൂട്ടങ്ങളെ മേയ്ക്കാൻ പ്രത്യേകം ആളുകളുണ്ടായിരുന്നു. പകൽ

പട്ടിക.1

വാർഡ്	വാർഡിന്റെ പേര്	പശു	കന്നു കുട്ടികൾ	എരുമ	കാള	പോത്ത്	ആട്	കോഴി	താറാവ്	തൊഴുത്ത്
1	പാന്ത്ര	26	5	2	2	1	8	321	5	12
2.	കേരള	21	10	3	1	2	6	406	8	19
3.	കുട്ടത്തി	17	11	5	3	1	9	403	4	17
4.	കേമ്പിൻകുന്ന്	12	8	3	2	-	10	311	8	10
5.	കിഴക്കേതല	25	15	8	-	2	12	412	15	16
6.	തരിശ്	45	18	16	4	2	20	828	88	18
7.	മാമ്പറ്റ	23	6	8	1	1	11	514	12	15
8.	കൽകുണ്ട്	32	18	5	4	2	29	419	18	20
9.	പുൽവെട്ട	50	25	22	5	2	30	595	29	18
10.	പയ്യാക്കോട്	119	11	13	1	1	21	409	12	14
11.	പുന്നക്കാട്	20	13	10	2	2	16	519	10	19
12.	ഇരിങ്ങാട്ടിരി	21	12	9	2	2	19	608	21	18
13.	പുത്തനഴി	19	14	11	1	2	13	706	12	15
	ആകെ	330	166	100	28	20	204	6451	238	211

(അവലംബം സോഷ്യൽ സർവ്വെ 96)

വളർത്തു മൃഗങ്ങളുടെ എണ്ണം അനുദിനം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. പരമ്പരാഗതമായി കർഷകർ വളർത്തിക്കൊണ്ടിരുന്ന കാലികളുടെ എണ്ണം താരതമ്യേന കുറഞ്ഞു വരുകയാണ്. നെൽക്കൃഷിയുടെ കുറവ് ഈ രംഗത്തെ കാര്യമായി ബാധിച്ചിരിക്കുകയാണ്.

പാലിനു വേണ്ടിയാണ് പ്രധാനമായും കാലികളെ വളർത്തി വരുന്നത്. തീറ്റപ്പുല്ലിന്റെ ലഭ്യതയുടെ കുറവും മേയ്ക്കാനും സംരക്ഷിക്കാനും ആളെ കിട്ടാനില്ലാത്ത അവസ്ഥയും മേച്ചിൽ സ്ഥലങ്ങളുടെ കുറവും കാലി വളർത്തുന്നവരുടെ എണ്ണം ഗണ്യമായിക്കുറയാൻ കാരണമായി. നാടൻ ഇനങ്ങളായ പശുക്കൾ പാടേ അപ്രത്യക്ഷമാവുകയും സങ്കരയിനം പശുക്കൾ പ്രചാരത്തിൽ വരികയും ചെയ്തെങ്കിലും പാലിന്റെ അളവ് കൂട്ടാൻ കഴിഞ്ഞിട്ടില്ല. ഇതിനു പ്രധാനമായ കാരണം അത്യുൽപാദന ശേഷിയുള്ള ജനുസ്സുകൾ ഇല്ലാത്തതാണ്. ബീജ സങ്കലനത്തിലൂടെ അത്യുൽപാദന ശേഷിയുള്ള ജനുസ്സുകൾ ഉൽപാദിപ്പിച്ചെടുക്കേണ്ടതാണ്. എന്നാൽ പലരും ബീജ സങ്കലനത്തിലുണ്ടായ കാളകളെ ഉപയോഗിച്ച് ചവിട്ടിക്കുകയാണ് ചെയ്തു വരുന്നത്. ഇതിലുണ്ടാവുന്ന കന്നുകുട്ടിക്ക് യഥാർത്ഥ ഗുണനിലവാരം ലഭിക്കുന്നില്ല. സാധാരണക്കാരൻ ഇതറിയാതെ വഞ്ചിക്കപ്പെടുന്നു. ഇത് പാലുൽപാദനത്തിന്റെ അളവു കുറയാൻ കാരണമായി വരുന്നു. വീട്ടിക്കുന്ന്, കൽക്കുണ്ട് എന്നിവിടങ്ങളിൽ രണ്ടു ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ കടയിൽ കാളികാവു പഞ്ചായത്തിലുള്ള അടയ്ക്കാകുണ്ട് ക്ഷീരോൽപാദന സഹകരണ സംഘത്തിന്റെ ഒരു സംഭരണ കേന്ദ്രവുമുണ്ട്. കർഷകരിൽ നിന്നും പാൽനേരിട്ടു സംഭരിക്കുകയാണ് ചെയ്യുന്നത്. കരുവാരക്കുണ്ടിൽ ആവശ്യമായ പാൽ ഉൽപാദിപ്പിക്കുന്നില്ല. കർഷകർക്ക് ഒരുലിറ്റർ പാലിന് പത്തു രൂപാ അൻപതു പൈസ പുറമേ

...ു കിട്ടുന്നുണ്ടെങ്കിൽ പാൽ സൊസൈറ്റിയിൽ നിന്നു ...ുപോലും ലഭിക്കുന്നുള്ളൂ. ന്യായമായ വില ലഭിക്കുന്നി ...ല്ലെന്നതാണ് സത്യം.

പട്ടിക.2

മാംസം	വില കിലോയ്ക്ക്
ആട്	90 രൂപ
പോത്ത്/കാള	30 രൂപ
കോഴി	42 രൂപ
മറവു ശാലകൾ	25 എണ്ണം

...ക്ഷീര സഹകരണ സംഘങ്ങൾക്ക് ധാരാളം സാധ്യ...കൾ ഇനിയുമുണ്ട്. അത്യുൽപാദന ശേഷിയുള്ള ജനുസ്സു...കൾ ലഭിക്കാനുള്ള പദ്ധതികൾ ഉണ്ടാവേണ്ടതാണ്.

...ഗസംരക്ഷണ കേന്ദ്രം

...കുവാരകുണ്ടിൽ ആകെയുള്ള മൃഗസംരക്ഷണ സം...ധാനം മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തി...ന്ന കിഴക്കേത്തലയിലുള്ള മൃഗാശുപത്രിയാണ്. ശ്രീ. എം.എൻ. നമ്പൂതിരിപ്പാട് സൗജന്യമായി നൽകിയ ഇരു പത്തിയഞ്ചു സെൻറ് സ്ഥലത്ത് 1962-ൽ വണ്ടൂർ എൻ.ഇ.എസ്.ബ്ലോക്കും പഞ്ചായത്ത് ബോർഡും സംയു ക്തമായി സ്ഥാപിച്ച വെറ്റിനറി സബ് സെന്റർ നിരന്തരമാ യ സമ്മർദ്ദം കൊണ്ട് 1985-ൽ മൃഗാശുപത്രിയായി ഉയർത്തി. ആർത്തലയിൽ നിന്ന് പതിനൊന്നു കിലോമീറ്റർ ദൂരവും കൽക്കുണ്ടിൽ നിന്ന് എട്ടു കി. മീ. ദൂരവും പുത്തനഴിയിൽ നിന്ന് ആറു കി.മീ. ദൂരവുമാണ് മൃഗാശുപത്രിയിലേക്കു ള്ളത്.ഈ കാരണങ്ങളാൽത്തന്നെ പലപ്പോഴും കർഷകർ ക്ക് യഥാസമയം ചികിത്സാ സൗകര്യങ്ങൾ ലഭിക്കാതെ കാലികൾ ചത്തു പോകുന്ന സ്ഥിതി വിശേഷമാണുള്ളത്. 34 വർഷങ്ങൾക്കു മുമ്പ് പണിത കെട്ടിടം ജീർണിച്ച് നിലം പൊത്താറായ അവസ്ഥയിലാണുള്ളത്. കിണർ, കക്കൂ സ് മുതലായ സൗകര്യങ്ങളില്ല. കോമ്പൗണ്ട് മതിലില്ല. ഡോക്ടറുടെ സേവനം ഇവിടുത്തുകാർക്ക് ലഭിക്കാറില്ല. ഡോക്ടറുടെയും പാർട്ട് ടൈം സ്വീപ്പറുടെയും തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഇപ്പോൾ ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു അറ്റൻററും മാത്രമേ സേവനത്തിന്നാ യുള്ളൂ.ദിവസവും അൻ പതോളം പേർ പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ഇവിടെ എത്തുന്നുണ്ട്.

1995-ൽ മൃഗാശുപത്രി കെട്ടിടം റിപ്പയർ ചെയ്യുന്നതിന്നും അഡീഷണലായി ഒരു റൂം, കക്കൂസ് മുതലാവയവ നിർ

രോഗവിവരങ്ങൾ

വർഷം 1995-96

	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	കോഴി
1.	ദഹന സംബന്ധമായ	247	68	161	-	90
2.	ശ്വാസകോശ സംബന്ധമായ	27	5	4	-	33
3.	ഉപാപചയ സംബന്ധമായ	40	3	13	-	-
4.	ത്വക് രോഗങ്ങൾ	19	-	8	-	-
5.	പരാദരോഗങ്ങൾ	175	33	30	17	29
7.	പ്രത്യുൽപ്പാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ടവ	103	7	14	-	-
8.	വന്ധ്യത	12	2	-	-	-
9.	അകിടു വീക്കം	60	4	6	-	-
10	മുടന്തൻ പനി	45	13	-	-	-
11.	പകർച്ച വ്യാധികൾ	-	-	-	-	-
12.	മറ്റുള്ളവ	194	34	73	-	50

(അവലംബം-വെറ്റിനറി ഹോസ്പിറ്റൽ രേഖ)

വേണ്ടത്ര സേവനങ്ങൾ കിട്ടാത്തതു മൂലം പലരും ഈ രംഗത്തേക്കു കടന്നു വരാൻ മടിക്കുകയും പിൻവലിയുകയും ചെയ്യുകയാണ്.

അകിടു വീക്കം, കുളമ്പു രോഗം, ഉദര രോഗം, പനി മുതലായവ കന്നുകാലികൾക്ക് കണ്ടു വരുന്ന പ്രധാനപ്പെട്ട രോഗങ്ങളാണ്. കാലികൾക്കു നൽകേണ്ട ശുശ്രൂഷയും ശുചിത്വവും വേണ്ട വിധത്തിൽ നൽകാനുള്ള അറിവില്ലായ്മയാണ് രോഗങ്ങൾ പിടിപെടാനുള്ള കാരണം.

ശാസ്ത്രീയമായ രീതിയിൽ കന്നുകാലി വളർത്തുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ വാർഡ് അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. കൃത്രിമ ബീജ സങ്കലനം, പ്രതിരോധ കുത്തിവെയ്പുകൾ, സബ്സിഡി നിരക്കിൽ നൽകുന്ന കുളമ്പു രോഗ കുത്തിവെയ്പു പദ്ധതി, 50% സബ്സിഡി നിരക്കിൽ നൽകുന്ന പേ വിഷബാധ ചികിത്സാ പദ്ധതി, അടുക്കള വളപ്പിൽ വളർത്തുന്നതിനുള്ള 45 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ പകുതി വിലയ്ക്കു നൽകുന്ന പദ്ധതി, പട്ടികജാതി പട്ടിക വർഗ കോളനികൾക്ക് കോഴി, ആട് മുതലായവ നൽകുന്നതിനുള്ള പദ്ധതി, പന്നി വളർത്തുന്നതിനുള്ള പദ്ധതി, കന്നുകുട്ടി പരിപാലന സ്കീം തിരഞ്ഞെടുത്ത സൊസൈറ്റികൾ മുഖേന നടത്തുന്ന പദ്ധതി, കോഴി വസന്തയ്ക്കുള്ള കുത്തിവെയ്പുകൾ ഇവ മൃഗ സംരക്ഷണ വകുപ്പിന്റെ സഹായത്തോടെ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവയാണ്.

പാചകത്തിനും വെളിച്ചത്തിനും വേണ്ട ഇന്ധനം ലഭിക്കുന്നതിന് ഗോബർ ഗ്യാസ് പ്ലാന്റ് സഹായകമാണ്. ഒമ്പത് പ്ലാന്റുകൾ കരുവാരകുണ്ടിലുണ്ട്. ഗോബർ ഗ്യാസ് പ്ലാന്റിന് കൃഷി ഭവൻ മുഖേന സബ്സിഡിയും സാങ്കേതിക സഹായവും നൽകി വരുന്നുണ്ട്. ചാണകം, കോഴിക്കാഷ്ടം മുതലായവ ജൈവ വളങ്ങളായി ഉപയോഗിക്കുന്നുണ്ട്. ഇവിടേക്കാവശ്യമായ ചാണകവും കോഴിക്കാഷ്ടവും തമിഴ്നാട്ടിൽ നിന്ന് ഇറക്കു മതി ചെയ്യുകയാണ്.

പട്ടിക.4.

1.	കോഴിക്കാഷ്ടം(ചാക്കിന്)	60 രൂപ
2.	ചാണകപ്പൊടി(ലോഡിന്)	6,000 രൂപ

കോഴി, താറാവ് മുതലായവ മാംസത്തിനും മുട്ടയ്ക്കും വേണ്ടി ഉപയോഗിക്കുന്നു. ഇവിടേക്കാവശ്യമായ കോഴിയും മുട്ടയും ഇറക്കുമതി ചെയ്യുകയാണ്. കോഴി വളർത്തുന്നതിന് വൻസാധ്യതകളുണ്ട്. ഏറ്റവും ലാഭകരമായ കൃഷിയാണ് കോഴി വളർത്തൽ. കോഴി വസന്ത കാരണം നാടൻ കോഴികൾ വൻ ഭീഷണി നേരിടുകയാണ്. 90% വീടുകളിലും പാർപ്പിട കോഴി വളർത്തലുണ്ട്. ഇറച്ചിക്കോഴി വളർത്തുന്നത് ലാഭകരമായ പദ്ധതിയാണെങ്കിലും പലരും ഈ രംഗത്തേക്കു കടന്നു വരാൻ മടിക്കുന്നത് സാമ്പത്തി സാങ്കേതി സഹായങ്ങളുടെ കുറവു കൊണ്ടാണ്. ഇവിടെ രണ്ടു കോഴി വളർത്തു യൂണിറ്റും പതിനഞ്ചു ഇറച്ചിക്കോഴി വിൽപന കേന്ദ്രങ്ങളുമുണ്ട്.

പേ വിഷ ബാധ പ്രതിരോധവും ചികിത്സയും

വർഷം 1995-96, 96-97

വിവരം	പശു	ആട്	പട്ടി
പ്രതിരോധ കുത്തിവെയ്പ്			
നൽകിയവയുടെ എണ്ണം		-	20
കുത്തിവെയ്പ്			
നടത്തിയവയുടെ എണ്ണം	1	3	4

(അവലംബം വെറ്റിനറി ഡിസ്പൻസറി രേഖ)

കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

വർഷം 95-96

വളർത്തു മൃഗങ്ങൾ	കൃത്രിമ ബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ
പശു	351	47
കിടാരി	193	32
എരുമ	59	11

മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾ.

1. കന്നുകാലികൾക്ക് സൗജന്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുക.
2. ഗോ രക്ഷാ ക്യാമ്പ് നടത്താനുള്ള തുക 200 രൂപയിൽ നിന്ന് 1000 രൂപയായി ഉയർത്തുകയും എല്ലാ വാർഡിലും വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ക്യാമ്പു നടത്തുകയും വേണം.
3. ചെന പിടിക്കാത്ത പശുക്കളുടെ രോഗ കാരണം കണ്ടു പിടിക്കാനുള്ള വന്ധ്യതാ നിവാരണ ക്യാമ്പ് വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം നടത്തേണ്ടതാണ്.
4. 90% സങ്കരയിനം പശുക്കൾ ഇവിടെയുണ്ടെങ്കിലും പാലുൽപാദനം കുറഞ്ഞു കാണുന്നു. ഇതിനുള്ള പ്രധാന കാരണം വിത്തുകാളകളെക്കൊണ്ട് ചവിട്ടിച്ച് ചെന പിടിപ്പിക്കുന്നതാണ്. ഇങ്ങനെ അനധികൃതമായി വളർത്തുന്ന വിത്തുകാളകൾക്ക് നിർബന്ധമായും റജിസ്ട്രേഷൻ ഏർപ്പെടുത്തി ഗുണനിലവാരമുള്ളതിന് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.
5. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സംരക്ഷിച്ച് ആവശ്യമുള്ളവർക്ക് വിതരണം ചെയ്യുന്നതിനുള്ള നഴ്സറി ആരംഭിക്കുക.
6. ഒലിപ്പുഴയുടെ തീരപ്രദേശങ്ങളിൽ താറാവു കൃഷിക്ക് സാധ്യതകളുണ്ട്. അതിനാവശ്യമായ താറാവു കുഞ്ഞുങ്ങളെ ലഭിക്കേണ്ട പദ്ധതി വേണം.
7. മാതൃകാ കാലിത്തൊഴുത്തു നിർമ്മാണ പദ്ധതി.
8. പുൽക്കൃഷി വ്യാപന പദ്ധതി.
9. പുൽക്കൃഷി വികസന പദ്ധതി.
10. ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികീകരണം.
11. പശ്ചിമ ഘട്ട വികസന പദ്ധതി.


ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രധാന പ്രശ്നങ്ങൾ.

1. കന്നുകാലികൾക്കുള്ള മേച്ചിൽ സ്ഥലങ്ങളില്ല.
2. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നില്ല.
3. വേനൽക്കാലത്ത് തീറ്റയ്ക്കുള്ള പുല്ല് ലഭിക്കുന്നില്ല.
4. കറവപ്പശുക്കൾക്ക് വലിയ വില നൽകേണ്ടി വരുന്നു.
5. അത്യുൽപാദന ശേഷിയുള്ള ജനുസ്സിൽപ്പെട്ട പശുക്കൾ കിട്ടാൻ ബുദ്ധിമുട്ടാണ്.
6. മൃഗഡോക്ടറുടെ സേവനം ലഭ്യമല്ല.
7. കന്നുകാലി വളർത്തലിനുള്ള ശാസ്ത്രീയമായ അറിവ് പലർക്കുമില്ല.
8. ചാണകം, കോഴിക്കാഷ്ടം മുതലായ ജൈവ വളങ്ങൾ കിട്ടാനില്ല.
9. ഇവ അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഉയർന്ന വിലകൊടുത്ത് വാങ്ങേണ്ടി വരുന്നു.
10. നാടൻ കോഴികൾ കോഴി വസന്ത കൊണ്ട് ചത്തൊടുങ്ങുന്നു.
11. പേപ്പട്ടി ശല്യം എല്ലാ വാർഡിലുമുണ്ട്.
12. വഴിയോരങ്ങളിലും പുഴയുടെ തീരങ്ങളിലും കന്നു കാലികളെ അറുക്കുന്നു.
13. കോഴിക്കുഞ്ഞുങ്ങളെ ആവശ്യക്കാർക്കു ലഭിക്കാൻ മാർഗമില്ല.
14. രോഗം ബാധിച്ച കന്നുകാലികൾ കഷ്ടപ്പെടുകയും ചാവുകയും ചെയ്യുന്നു.
15. പാൽ സഹകരണ സംഘങ്ങൾ മിക്കവാർഡുകളിലുമില്ല.
16. കന്നു കാലി വളർത്തുന്നതിന് ബാങ്ക് സഹായം കിട്ടാനുള്ള പ്രയാസം ലഘൂകരിക്കണം.
17. വീടുകൾ കേന്ദ്രീകരിച്ച് കോഴി വളർത്തുന്നതിനുള്ള പദ്ധതിയും സഹായവുമില്ല.
18. കാടപ്പക്ഷികളെ വളർത്തുന്നതിനു കുഞ്ഞുങ്ങളെ കിട്ടാനില്ല.

നിർദ്ദേശങ്ങൾ

1. സഹകരണാടിസ്ഥാനത്തിലോ വ്യക്ത്യടിസ്ഥാനത്തിലോ പുൽക്കൃഷി സമ്പ്രദായമാരംഭിക്കുകയും ആവശ്യമുള്ളവർക്ക് പുല്ലു നൽകുകയും ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കുക.
2. കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭിക്കാനുള്ള പദ്ധതി നടപ്പിലാക്കുക.
3. വേനൽക്കാല പുൽക്കൃഷി ആരംഭിക്കാനുള്ള പദ്ധതി നടപ്പിലാക്കുക.
4. സഹകരണ സംഘങ്ങൾ രൂപീകരിച്ച് കുറഞ്ഞ വിലയ്ക്ക് പശുക്കളെ നൽകാനുള്ള പദ്ധതി നടപ്പിലാക്കുക.
5. നാടൻ വിത്തുകൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുക.
6. മൃഗാശുപത്രിയിൽ വെറ്റിനറി ഡോക്ടറെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുക.
7. ബോധവത്കരണ ക്ലാസുകൾ എല്ലാ വാർഡുകളിലും നടത്തുക.
8. കോഴി വസന്തയ്ക്കുള്ള കുത്തിവെയ്പുകൾ എല്ലാ വാർഡിലും സംഘടിപ്പിക്കുക. കുത്തിവെയ്പിനുള്ള വളണ്ടിയർമാർക്ക് പരിശീലനം നൽകുക.
9. വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക, അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലാനുള്ള പദ്ധതി ഊർജിതമാക്കുക.
10. പഞ്ചായത്തു തലത്തിൽ പൊതു അറവു ശാല സ്ഥാപിക്കുക.
11. കോഴി വളർത്തലിന് സഹായകമായ വിധത്തിൽ കോഴി നഴ്സറി ആരംഭിക്കുക.
12 പഞ്ചായത്ത് തലത്തിൽ രണ്ടു വെറ്റിനറി സബ് സെൻറർ കൂടി അനുവദിക്കുക(1. കേരള 2. ഇരിങ്ങാട്ടിരി)
13. എല്ലാ വാർഡിലും പാലുല്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള നടപടി വേണം.
14. കന്നുകാലി വളർത്തുന്നതിനുള്ള ബാങ്കു വായ്പാ പദ്ധതികൾ ലളിതമാക്കേണ്ടതാണ്.
15. പുരയിടക്കോഴി വളർത്തുന്നതിനുള്ള പദ്ധതികൾ എല്ലാ വാർഡിലും നടപ്പിലാക്കുക.
16. കാടപ്പക്ഷി വളർത്തുന്നതിന് കുഞ്ഞുങ്ങളെ കിട്ടാനുള്ളസംവിധാനം ഏർപ്പെടുത്തുക.
17. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്കു വേണ്ടി സഹകരണാടിസ്ഥാനത്തിൽ ഒരു കോഴി വളർത്തൽ കേന്ദ്രവും ഒരു കാലി വളർത്തൽ കേന്ദ്രവും സ്ഥാപിക്കുക.
18. അറവു മാടുകളുടെ അവശിഷ്ടങ്ങളും ചാണകവും എല്ലും ഉപയോഗപ്പെടുത്തി ഒരു ജൈവ വളനിർമാണ ഫാക്ടറി കരുവാരകുണ്ടിൽ ആരംഭിക്കുക.
19. മൃഗ ഡോക്ടർ മാസത്തിലൊരിക്കൽ കേരള, കുട്ടത്തി, കൽക്കുണ്ട്, പുത്തനഴി എന്നിവിടങ്ങളിൽ ക്യാമ്പ് ചെയ്ത് മൃഗങ്ങളെ പരിശോധിക്കേണ്ടതാണ്.
20. കൃഷി വകുപ്പും മൃഗ സംരക്ഷണ വകുപ്പും കൃഷി ഭവൻറെ ആഭിമുഖ്യത്തിൽ വർഷത്തിലൊരിക്കൽ (ചിങ്ങമാസത്തിൽ) പഞ്ചായത്തു തലത്തിൽ ഒരു കാർഷിക-കന്നുകാലി പ്രദർശന മേള നടത്തി പഞ്ചായത്തിലെ മികച്ച കർഷകനെയും കന്നു കാലിയെയും കണ്ടെത്തി ആദരിക്കേണ്ടതാണ്.
21. കരുവാരകുണ്ട് മൃഗാശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

വിദ്യാഭ്യാസ
സൂചനങ്ങൾ.



3

വിദ്യാഭ്യാസം



പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ 1928 വരെ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായിരുന്നു എന്നു മനസ്സിലാക്കാം. 1928-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ അംഗീകൃത സ്കൂളുകൾ നിലവിൽ വന്നു. ജി.എൽ.പി.എസ്. കൊയ്ത്തക്കുണ്ടാണ് ആദ്യത്തെ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനം. അതിനുമുമ്പുതന്നെ ചില അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ടായിരുന്നു.

1956-ൽ 'ഐക്യകേരളം' നിലവിൽ വന്നതോടെ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെൻറ് വിദ്യാഭ്യാസ രംഗത്തുവലയിൽ ചില മാറ്റങ്ങൾ വരുത്തി. അഞ്ചിനും പതിനാലിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് നിർബന്ധിതമായി അനുശാസിക്കുന്ന രീതിയിലുള്ള പ്രാഥമിക വിദ്യാഭ്യാസം കേരളത്തിൽ സാർവത്രികമാക്കി. അതിനോടൊപ്പം നടന്ന ഭൂപരിഷ്കരണ നിയമവും ജനങ്ങളുടെ വിദ്യാഭ്യാസത്തോടുള്ള സമീപനത്തിൽ കാര്യമായ മാറ്റം വരുത്തി. ഈ മാറ്റം നമ്മുടെ പഞ്ചായത്തിലും പ്രകടമായി. 1962-ൽ പി.പി. ഉമ്മർകോയ മന്ത്രിയായിരുന്ന കാലത്ത്, കരുവാരകുണ്ട് ഗവൺമെൻറ് ഹൈസ്കൂൾ അനുവദിച്ചു. എന്നാൽ സി.എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്താണ് ഈ ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വ്യാപകമാക്കിയത്. അതോടെ ദുർബല പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ മക്കൾ കാര്യമായി സ്കൂളിൽ പോയിത്തുടങ്ങി. 1970 വരെ വിദ്യാഭ്യാസ രംഗത്തെ ഗുണ നിലവാരം മെച്ചപ്പെട്ടതായിരുന്നു. '70-കൾക്ക് ശേഷം വിദ്യാലയത്തിൽ എത്തുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായെങ്കിലും നിലവാരം തകർന്നു കൊണ്ടിരുന്നു.

ഈ നിലവാരത്തകർച്ച സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ കുട്ടികളെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് മാറ്റുന്നതിനിടയാക്കി. ഇത്തരത്തിൽ മാറ്റപ്പെട്ട കുട്ടികളിൽ ഗണ്യമായ ഭാഗം പൊതു വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ മക്കളാണ് എന്നത് നാട്ടിൽ വ്യാപകമായ ചർച്ചക്ക് വിമർശനങ്ങൾക്കും കാരണമായി. കഴിവുള്ള ഓരോരുത്തരും അവരവരുടെ മക്കളുടെ ഭാവി ഭദ്രമാക്കാനുള്ള നെട്ടോട്ടത്തിൽ തകർത്തത് നാട്ടിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ വിവരങ്ങളും സൗകര്യങ്ങളും പട്ടികയിൽ കൊടുക്കുന്നു.

വിദ്യാർത്ഥികൾ, അധ്യാപകർ-താരതമ്യ പഠനം

പട്ടിക 1

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ			മാനേജ്മെൻറ്	നിലവിലുള്ള ഒഴിവുകൾ
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
1	ഗവ:ഹൈസ്കൂൾ കരുവാരകുണ്ട്	2040	1991	4039	43	50	93	ഗവൺമെൻറ്	7
2	ഗവ: യു.പി. സ്കൂൾ, പഴയ കടയ്ക്കൽ	349	334	683	7	8	15	"	2
3	ദാറുന്നജാത്ത് ഓർഫനേജ് യു.പി. സ്കൂൾ കരുവാരകുണ്ട്	44	28	72	-	-	4	അൺ-എയ്ഡഡ്, കേന്ദ്ര ഗവ: അംഗീകൃതം	-
4	ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം യു.പി.സ്കൂൾ കരുവാരകുണ്ട്	189	169	358	-	-	10	അൺ എയ്ഡഡ്	
5	ദാറുന്നജാത്ത് യുപി.സ്കൂൾ കരുവാരകുണ്ട്	41	49	90	-	-	4	"	
6	ദാറുന്നജാത്ത് ഹൈസ്കൂൾ കരുവാരകുണ്ട്		74	30	104	-	-	7	"
7	എ.എം.എൽ.പി. സ്കൂൾ. ഇരിങ്ങാട്ടിരി	332	290	622	8	8	16	എയ്ഡഡ്	1
8	ജി.എൽ.പി. സ്കൂൾ, പയ്യാക്കോട്	51	65	116	3	2	5	ഗവൺമെൻറ്	ഇല്ല
9	ജി.എൽ.പി. സ്കൂൾ, കരുവാരകുണ്ട്	259	222	481	-	-	12	"	ഇല്ല
10	ജി.എൽ.പി. സ്കൂൾ, കൊയ്ത്തക്കുണ്ട്	105	109	214	2	3	5	"	2
11	കിഴക്കേതല	157	124	271	1	6	7	"	ഇല്ല
12	ജി.എൽ.പി. സ്കൂൾ തരിശ്	271	238	509	5	8	13	"	ഇല്ല
13	ജി.എൽ.പി. സ്കൂൾ പുൽവെട്ട	200	231	431	4	8	12	"	ഇല്ല
14	നജാത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ(എൽ.പി.)	228	195	423	-	-	28	അൺ എയ്ഡഡ്(CBSC)	ഇല്ല
15	ദാറുന്നജാത്ത് അറബിക് കോളേജ്	80	-	80	-	-	5	എയ്ഡഡ്	ഇല്ല
	ആകെ	4428	4075	8503	-	-	234		

ഇന്ന് ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിച്ച് പുറത്തിറങ്ങുന്ന ആളുകളിൽ ഭൂരിപക്ഷവും അക്ഷരജ്ഞാനമോ അക്കജ്ഞാനമോ ഇല്ലാത്തവരാണെന്നത് സത്യമാണ്. വർഷംതോറും പുതിയ നിരക്ഷരരെ സൃഷ്ടിച്ചുകൊണ്ടിരുന്ന ഇന്നത്തെ സാഹചര്യത്തിനു നേർക്ക് എത്രനാൾ മുഖം തിരിച്ചു നിൽക്കാൻ കഴിയും. 1992-93ൽ ഈ ജില്ലയിൽ നടന്ന 'അമ്മതൻ മണിക്കുട്ടൻ' പരിപാടിയുടെ ഭാഗമായി നടന്ന സർവ്വേയിൽ നമ്മുടെ പ്രൈമറി സ്കൂളുകളിൽ അക്ഷരമറിയാത്ത കുട്ടികളുടെ ഒരു വൻനിരതന്നെ ഉണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. നമ്മുടെ പഞ്ചായത്തും ഇതിൽ നിന്നു മുക്തമായിരുന്നില്ല. എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്നവരിൽ ഭൂരിപക്ഷവും, വൻമോഡറേഷൻ നൽകിയിട്ടും പരാജയപ്പെടുന്നു. ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോടുള്ള ഭ്രമം സാധാരണക്കാരിലും രൂക്ഷമാകുന്നു.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പല അനുകൂല ഘടകങ്ങളുണ്ടായിട്ടും എന്തുകൊണ്ടാണ് ഈ പിന്നോട്ടു പോക്ക് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. നിരാശാജനകമായ അവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തി നാം തന്നെ പരിഹാരങ്ങൾ നിർദ്ദേശിക്കേണ്ടിയിരിക്കുന്നു.

പ്രാഥമിക വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആരംഭിച്ച ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി(ഡി.പി.ഇ.പി)യിൽ ഉൾപ്പെട്ട മൂന്നു സ്കൂളുകളാണ് കിഴക്കേതല ജി.എൽ.പി.എസ്. തരിശ് ജി.എൽ. പി. എസ്, പുൽവെട്ട ജി.എൽ.പി.എസ്. എന്നിവ.1995-96 അധ്യയന വർഷത്തിലെ പഞ്ചായത്തിലെ ഏറ്റവും നല്ല സ്കൂളായി തിരഞ്ഞെടുത്തത് തരിശ് ജി.എൽ.പി.എസിനെയാണ്. ബ്ലോക്ക് തലത്തിനും ഈ സ്കൂളിനു തന്നെയാണ് ഒന്നാം സ്ഥാനം ലഭിച്ചത്. പാഠ്യോപകരണങ്ങൾ നിർമ്മിക്കുന്നതിനും സ്കൂളിന്റെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്നു വേണ്ടിയുള്ള സാമ്പത്തിക സഹായങ്ങളും ഡി.പി.ഇ.പി. മുഖേന ചെയ്തുവരുന്നു. യഥാസമയം പാഠപുസ്തകങ്ങൾ ലഭിക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ ഒരു ന്യൂനതയായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ഈ പഞ്ചായത്തിൽ 1961-ൽ സ്ഥാപിച്ച ഗവൺമെൻറ് ഹൈസ്കൂളായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയം. 1995-ൽ ദാറുന്നജാത്ത് ഹൈസ്കൂൾ സ്ഥാപിച്ചതോടെ ഈ മേഖലയിൽ കൂടുതൽ സൗകര്യങ്ങളുണ്ടായി. ഇന്ന് 32812 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ ചെറുതും വലുതുമായ 15 വിദ്യാലയങ്ങളുണ്ട്. ഈ വിദ്യാലയങ്ങളിലായി 8503 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 4428 ആൺകുട്ടികളും 4075 പെൺകുട്ടികളുമാണ്. അദ്ധ്യാപകരുടെ എണ്ണം 234 ആണ്. മൊത്തം കുട്ടികളിൽ 52% ആൺകുട്ടികളും 48% പെൺകുട്ടികളുമാണ്.(വിശദവിവരങ്ങൾ)

എൽ. പി., യു.പി., എച്ച്.എസ് വിഭാഗങ്ങളിലെകുട്ടികളുടെ വിവരം

പട്ടിക ഒന്ന് എ

ആകെ വിദ്യാർത്ഥികൾ	എൽ.പി.			യു.പി			എച്ച് .എസ്.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
3077	1603	1474	48%	623	580	48.2%	2122	2021	48.78%

പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളിൽ 473 എണ്ണം എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരാണ്. ഇവർ 5.5 ശതമാനം വരും. ഇവരിൽ ഭൂരിപക്ഷവും പഠിക്കുന്നത് സർക്കാർ വിദ്യാലയങ്ങളിലാണ്(പട്ടിക രണ്ട്)

പട്ടിക രണ്ട്

പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

എൽ.പി.			യു.പി.			എച്ച്.എസ്.		
ആകെ വിദ്യാർത്ഥികൾ	SC/ST	%	ആകെ വിദ്യാർത്ഥികൾ	SC/ST	%	ആകെ വിദ്യാർത്ഥികൾ	SC/ST	%
3077	158	5%	1203	26	2.16%	4143	289	7%

സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ ചെറിയ ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കുവെച്ച് പഠനം നിർത്തുന്നു. 1995-96 വർഷത്തിൽ കൊഴിഞ്ഞുപോയവരുടെ കണക്ക് പട്ടികയിൽ കൊടുക്കുന്നു. എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട എല്ലാ കുട്ടികളും വിദ്യാലയത്തിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. എത്തിയവരിൽ തന്നെ 90% കുട്ടികളും ശരാശരി പഠന നിലവാരത്തിന് താഴെ നിൽക്കുന്നു. ആകെയുള്ള വിദ്യാലയങ്ങളിൽ എട്ടെണ്ണം സർക്കാർ മേഖലയിലാണ്. അദ്ധ്യാപകരിൽ 69%വും വിദ്യാർത്ഥികളിൽ 79%വും ഇവയിലാണ്.

പട്ടിക 3

ആകെ അധ്യാപകർ	ഗവ:വിദ്യാലയങ്ങളിലെ അധ്യാപകർ	ശതമാനം വിദ്യാർത്ഥികൾ	പഞ്ചായത്തിലെ വിദ്യാർത്ഥികൾ	ഗവ: സ്കൂളുകളിലെ വിദ്യാർത്ഥികൾ	ശതമാനം
234	162	69%	8503	6744	79%

പട്ടിക 4

പഠനം നിർത്തിയവരുടെ കണക്ക്.

	സ്കൂളിന്റെ പേര്	എസ്.സി/എസ്.ടി			മറ്റുള്ളവർ			
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആകെ
1	ജി.എച്ച്.എസ്.കരുവാരകുണ്ട്	-	-	-	6	3	9	9
2	ഡി.ഒ.യു.പി.കരുവാരകുണ്ട്	-	-	-	-		-	-
3	ജി.എൽ.പി.എസ് തരിശ്		-	-	-	-	-	-
4	ജി.എൽ.പി.എസ്. കരുവാരകുണ്ട്	1	1	2	2	3	5	7
5	ജി.എൽ.പി.എസ്. കിഴക്കേതല	-	-	-	-	-	-	-
7	ജി.യുപി.എസ് പഴയകട	-	-	-	-	-	-	-
8	ജി.എൽ.പി.എസ്. കൊയ്ത്തക്കുണ്ട്	-	-	-	-	-	-	-
9	ജി.എൽ.പി.എസ്. പയ്യാക്കോട്	-	-	-	1	-	-	1
10	എ.എം.എൽ.പി.എസ്. ഇരിങ്ങാട്ടിരി	-	-	-	-	-	-	-
11	ദാറുന്നജാത്ത് എച്ച്.എസ്. കരുവാരകുണ്ട്	-	-	-	-	-	-	-
12	എൽ.എഫ്.ഇ.എം. കരുവാരകുണ്ട്	-	-	-	-	-	-	-
13	ദാറുന്നജാത്ത്-കരുവാരകുണ്ട്	-	-	-	-	-	-	-
	ആകെ							17

ഗവൺമെൻറ് ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനം വളരെ താഴ്ന്നതാണ്. ഇവിടെ 4039 കുട്ടികൾ അദ്ധ്യയനം നടത്തുന്നു. രക്ഷിതാക്കളുടെയും പഞ്ചായത്തിന്റെയും കാര്യമായ ശ്രദ്ധയും ഇടപെടലും ഇവിടെ ആവശ്യമാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ എസ്.എസ്.എൽ.സി. വിജയശതമാനം പട്ടികയിൽ കൊടുത്തിരിക്കുന്നു. ജില്ലയിലെ തന്നെ ഏറ്റവും വലിയ ഹൈസ്കൂളായ നമ്മുടെ ഹൈസ്കൂളിന്റെ ശോച്യാവസ്ഥ കണ്ടില്ലെന്നു നടിച്ചാൽ ഇരുട്ടിലാകുന്നത് നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയായിരിക്കും. എസ്.എസ്.എൽ.സി. വിജയശതമാനം കുറയുന്നു എന്നതു മാത്രമല്ല ജയിക്കുന്നവരുടെ മാർക്ക് വളരെ താണ നിലവാരത്തിലുള്ളതാണെന്നതും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അക്കാരണത്താൽ ഇവിടത്തെ കുട്ടിക

കോളേജ് പ്രവേശനം ലഭിക്കാതെയുംവരുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കൂറെയേറെ കുട്ടികൾ പോകുന്നത് പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുവാൻ കാരണമാകുന്നുണ്ട്. വിദ്യാഭ്യാസത്തെ കച്ചവടവല്ക്കരിച്ചത് ഇടത്തരക്കാരിലും സ്വാധീനം നേടിയിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോടെ സങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല. കുറഞ്ഞത് 30 കിലോമീറ്ററെങ്കിലും യാത്രചെയ്താൽ ഉപരിപഠനത്തിനുള്ള സാദ്ധ്യതയുള്ളൂ. ചുരുക്കം വിദ്യാർത്ഥികൾ ഇവിടെത്തന്നെയുള്ള ടൈപ്പ്-റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നുണ്ട്.

ഹൈസ്കൂളിലെ വിജയ ശതമാനം

(കഴിഞ്ഞ 5 വർഷങ്ങളിൽ)

പട്ടിക 5

വർഷം	വിജയ ശതമാനം
1991-92	16%
1992-93	18.5%
1993-94	15.7%
1994-95	8.8%
1995-96	9.6%

കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകൾ

പഠന നിലവാരത്തിലെന്നതുപോലെ തന്നെ കലാകായിക രംഗങ്ങളിലെ മികവിന്റെ കാര്യത്തിലും നമ്മുടെ നാട്ടിലെ കുട്ടികൾ പിന്നിലാണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ജില്ലാ സംസ്ഥാന തലങ്ങളിലുള്ള അംഗീകാരങ്ങളൊന്നും നമുക്ക് ലഭിച്ചിട്ടില്ല. ഇത് പ്രതിഭാശാലികൾ ഇല്ലാത്തതുകൊണ്ടല്ല; വേണ്ടത്ര പരിശീലനം ആ രംഗത്ത് നൽകാത്തതിന്റെ അഭാവം കൊണ്ടാണ്.

പട്ടിക 6

സ്ഥാപനത്തിന്റെ പേര്	ജില്ലാതലം			സംസ്ഥാന			തലംദേശീയ തലം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ജി.എച്ച്.എസ്. കരുവാരകുണ്ട്	3	-	3	-	1	1	-	-	-
ഗവ.യു.പി. സ്കൂൾ പഴയ കടക്കൽ	-	-	-	-	-	-	-	-	-
ദാറുന്നജാത്ത്, ഓർഫനേജ് യു.പി.സ്കൂൾ	-	-	-	-	-	-	-	-	-
എൽ.എഫ്.ഇ.എം. സ്കൂൾ കരുവാരകുണ്ട്	-	-	-	-	-	-	-	-	-
പി.എൻ.എച്ച്.എസ്. കരുവാരകുണ്ട്	-	-	-	-	-	-	-	-	-
എം.എൽ.പി.എസ്. ഇരിങ്ങാട്ടിരി	-	-	-	-	-	-	-	-	-
പി.എൽ.പി.എസ് പയ്യാക്കോട്	-	-	-	-	-	-	-	-	-
പി.എൽ.പി.എസ്. കൊയത്ത്ക്കുണ്ട്	-	-	-	-	-	-	-	-	-
പി.എൽ.പി.എസ്. കിഴേക്കേതല	-	-	-	-	-	-	-	-	-
പി.എൽ.പി.എസ്. കരുവാരകുണ്ട്	-	-	-	-	-	-	-	-	-
പി.എൽ.പി.എസ്. തരിശ്	-	-	-	-	-	-	-	-	-
പി.എൽ.പി.എസ്. പുൽവട്ട	-	-	-	-	-	-	-	-	-
എൽ.ഇ.എം. കരുവാരകുണ്ട്	-	-	-	-	-	-	-	-	-
ദാറുന്നജാത്ത് അറബിക് കോളേജ്	-	-	-	-	-	-	-	-	-

കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പ്രവേശനം തേടുന്നവരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. ഇതിനു കാരണം ജനന നിരക്ക് കുറഞ്ഞതും ഇംഗ്ലീഷ് മീഡിയം അൺ എയിഡഡ് സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്കുമാണ്.

നമ്മുടെ പഞ്ചായത്തിലെ എല്ലാ പൊതു വിദ്യാലയങ്ങളിലും ഭൗതീക സാഹചര്യങ്ങൾ പരിമിതമാണ്. സ്ഥലത്തിന്റെ അപര്യാപ്തത, കെട്ടിടങ്ങളുടെ കുറവ്, ലൈബ്രറി, ലാബറട്ടറി എന്നിവയുടെ കുറവ് ഫർണിച്ചറുകൾ ഇല്ലാത്ത അവസ്ഥ, പ്രധാനപ്പെട്ട പല വിഷയങ്ങൾക്കും അദ്ധ്യാപകരില്ലാത്ത അവസ്ഥ ഇവയൊക്കെ വിദ്യാഭ്യാസ നിലവാരത്തകർച്ചയുടെ ഘടകങ്ങളാണ്.

പട്ടിക.7

അക്കാദമിക് സൗകര്യങ്ങൾ


സ്കൂളിന്റെ പേര്	ലൈബ്രറി	ലാബ്	പാഠ്യോപകരണങ്ങൾ	റേഡിയോ	ടേപ് റിക്കാർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	വി.സി.ആർ. വി.സി.പി.	ബ്ലാക് ബോഡ്	കമ്പ്യൂട്ടർ	മാതൃ സംഗമം	സ്കൂൾ PTA
G.H.S. കരുവാരകുണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല		ഇല്ല	✓	✓
U.P.S. പഴയ കടയ്ക്കൽ	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല		ഇല്ല	✓	✓
N.O.U.P.S. കരുവാരകുണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	✓	✓
L.F.E.M.സ്കൂൾ കരുവാരകുണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല		ഇല്ല	✓	✓
D.N.U.P.സ്കൂൾ കരുവാരകുണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	✓	✓
D.N.H.S. കരുവാരകുണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	✓	✓
A.M.L.P.S.ഇരിങ്ങാട്ടിരി	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല		ഇല്ല	X	X
G.L.P.S. പയ്യാക്കോട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല			✓	✓
G.L.P.S. കൊയ്ത്തക്കുണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല		ഇല്ല	✓	✓
G.L.P.S. കിഴക്കേത്തല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല		ഇല്ല	✓	✓
G.L.P.S. കരുവാരകുണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല		ഇല്ല	✓	✓
G.L.P.S. തരിശ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല		ഇല്ല	✓	✓
G.L.P.S. പുൽവെട്ട	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	✓	✓
N.E.M. സ്കൂൾ കരുവാരകുണ്ട്	ഉണ്ട്												
ദാറുന്നജാത്ത് അറബിക് കോളേജ്	ഉണ്ട്												

സൗകര്യങ്ങൾ ഇല്ല എന്നതിനു പുറമെ, ഉള്ള സൗകര്യ ങ്ങൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിലും നമ്മൾ പിന്നി ലാണ്. ലൈബ്രറികൾ ഉള്ള പല വിദ്യാലയങ്ങളും പു സ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നില്ല. ഭൗതീക സാഹചര്യങ്ങളെക്കുറിച്ചുള്ള പട്ടിക ശ്രദ്ധിക്കുക.

പട്ടിക.8

ഭൗതീക സാഹചര്യങ്ങൾ

സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1. G.H.S. കരുവാരകുണ്ട്	4039	93	3	3	ഉണ്ട്	ഉണ്ട്
2. U.P.S. പഴയ കടയ്ക്കൽ	683	15	1	1	ഉണ്ട്	ഇല്ല
3. N.O.U.P.S. കരുവാരകുണ്ട്	72	4	1		ഉണ്ട്	ഉണ്ട്
4. L.F.E.M.സ്കൂൾ കരുവാരകുണ്ട്	358				ഉണ്ട്	ഉണ്ട്
5. D.N.U.P.സ്കൂൾ കരുവാരകുണ്ട്	90	41	1	ഉണ്ട്	ഉണ്ട്	
6. D.N.H.S. കരുവാരകുണ്ട്	104	7	1		ഉണ്ട്	ഉണ്ട്
7. A.M.L.P.S. ഇരിങ്ങാട്ടിരി	622	16	1	ഇല്ല	ഉണ്ട്	ഇല്ല
8. G.L.P.S. പയ്യാക്കോട്	116	5	1	ഇല്ല	ഉണ്ട്	ഇല്ല
9. G.L.P.S. കൊയ്ത്തക്കുണ്ട്	481	12	ഇല്ല	ഇല്ല	ഇല്ല	ഇല്ല
10. G.L.P.S. കിഴക്കേത്തല	214	5	1	1	ഇല്ല	ഇല്ല
11. G.L.P.S. കരുവാരകുണ്ട്	271	7	2	1	ഉണ്ട്	ഇല്ല
12. G.L.P.S. തരിശ്	509	13	1	1	ഉണ്ട്	ഉണ്ട്
13. G.L.P.S. പുൽവെട്ട	431	12	നിർമാണത്തിൽ	നിർമാണത്തിൽ	ഇല്ല	ഇല്ല
14. N.E.M. സ്കൂൾ കരുവാരകുണ്ട്	423	28	2	2	ഉണ്ട്	ഉണ്ട്
15. ഓമുന്നജാത്ത് അറബിക് കോളേജ്	80	3	4	8	ഉണ്ട്	ഉണ്ട്



ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനം ഏറ്റവും ഫല പ്രദമായി നടന്ന പഞ്ചായത്തുകളിൽ ഒന്നാണ് ഇത്. 4443 നിരക്ഷരരിൽ 3620 ആളുകളെ സാക്ഷരരാക്കാൻ അന്നു നമുക്കു കഴിഞ്ഞു. 326 ക്ലാസുകളിലായി 350-ഓളം സാക്ഷരതാ പ്രവർത്തകർ അത്യധ്വാനം ചെയ്ത് ഉണ്ടാക്കിയ നേട്ടമാണത്. ജില്ലയിൽ ഏറ്റവും മികച്ച സാക്ഷരതാ പ്രവർത്തനത്തിനുള്ള അവാർഡും നമുക്ക് ലഭിക്കുകയുണ്ടായി. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ഉമ്മർ സാഹിബും പഞ്ചായത്ത് ബോർഡും നല്ല രീതിയിൽ ആ പ്രവർത്തനവുമായി സഹകരിച്ചു.

നമ്മുടെ പഞ്ചായത്ത് നേരിടുന്ന വിദ്യാഭ്യാസ പ്രശ്നങ്ങളെ താഴെക്കാണുന്ന രൂപത്തിൽ സംഗ്രഹിക്കാം.

1. മിക്ക വിദ്യാലയങ്ങൾക്കും ഭൗതീക സാഹചര്യങ്ങൾ അപര്യാപ്തമാണ്.
2. എല്ലാ സർക്കാർ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം താങ്ങാവുന്നതിലേറെയാണ്.
3. പല വിദ്യാലയങ്ങളിലേയും പി.ടി.എ. പ്രവർത്തനം ഫലപ്രദമല്ല.
4. ആവശ്യത്തിനുള്ള അദ്ധ്യാപകരില്ല.
5. പാഠപുസ്തകങ്ങൾ യഥാ സമയം ലഭിക്കുന്നില്ല.
6. സ്കൂളുകളിൽ നിരക്ഷരത നിലനിൽക്കുന്നു.
7. ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ല.
8. ബോധന രീതികൾ അശാസ്ത്രീയമാണ്.
9. പഴഞ്ചൻ പരിശീലനം ലഭിച്ച അദ്ധ്യാപകരാണ് നിലവിലുള്ളത്.
10. വാർഷിക പരിശോധന ഫലപ്രദമല്ല.
11. പഠനത്തോടൊപ്പം തൊഴിൽ പരിശീലനം നൽകുന്നില്ല.
12. പാന്തറ, വീട്ടിക്കുന്ന് കൽക്കുന്ന് എന്നീ മേഖലകളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യങ്ങളില്ല.
13. പ്രൈവറ്റായി പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷയെഴുതുവാനുള്ള സംവിധാനങ്ങളില്ല.
14. ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമല്ല.

നേകിയ ഇടപെടലുകൾ അപര്യാപ്തമാണ്.

പാഠ്യേതര പ്രവർത്തനങ്ങൾ നിർജ്ജീവമാണ്.

ആനുപൂരക ബോധനം ഇല്ല.

മൂല്യ നിർണയം ഫലപ്രദമല്ല.

ക്ലാസ് റൂം പി.ടി. എ. കൾ പ്രവർത്തിക്കുന്നില്ല.

കരുവാരകുണ്ടിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരിക്ഷാ കേന്ദ്രം ഇല്ല.

പരിഹാര നിർദേശങ്ങൾ.

തരിശ് ജി.എൽ.പി. എസ്., കരുവാരകുണ്ട്. ജി.എ.എൽ.പി. എസ്., കൊയ്ത്തക്കുണ്ട് ജി.എൽ.പി. എസ്. പുൽവെട്ട. ജി.എൽപി.എസ്. പയ്യാക്കോട് ജി.എൽ.പി. എസ് എന്നിവയ്ക്ക് അടിയന്തിരമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.

പഞ്ചായത്തിലെ എല്ലാ എൽ.പി. സ്കൂളുകളും യു.പി.യാക്കുക.

പാന്തറ, വീട്ടിക്കുന്ന് കൽക്കുണ്ട് എന്നിവിടങ്ങളിൽ ഓരോ എൽ.പി. സ്കൂൾ അനുവദിക്കുക.

എല്ലാ എൽ.പി. സ്കൂളുകളോടും അനുബന്ധിച്ച് ബാലവാടികൾ തുറക്കുക.

പഴയ കടയ്ക്കൽ യു.പി. സ്കൂൾ ഹൈസ്കൂളാക്കുക.

കരുവാരകുണ്ട് ഹൈസ്കൂളിൽ നിന്ന് യു.പി. വേർപെടുത്തി ഹൈസ്കൂളിനെ ബോയ്സ്, ഗേൾസ് എന്നിങ്ങനെ വേർതിരിച്ച്, ഒന്ന് പ്ലസ് ടു.ആയും മറ്റേത് ഹയർ സെക്കൻററിയുമാക്കി മാറ്റുക.

പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും കോളേജും അനുവദിക്കുക.

ഉച്ച ഭക്ഷണ വിതരണ ക്രമം കാര്യക്ഷമമാക്കുക.

അധ്യാപകരെ പുന:പരിശീലനത്തിന് വിധേയരാക്കുക.

പ്രതിമാസ അക്കാദമിക് കൗൺസിലിൽ കൂടി ബോധന നിലവാരം ഉയർത്തുക.

ആനുപൂരക വിദ്യാഭ്യാസം നൽകുക.

സമഗ്ര മൂല്യ നിർണയം നടത്തുക.

ജനകീയ മോണിറ്ററിംഗ് നടത്തുക.

ക്ലാസ്റൂം പി.ടി.എ.കൾ നിർബന്ധമാക്കുക.

അക്ഷര-അക്കബോധന പരിശോധന പ്രൈമറി ക്ലാസുകളിൽ നിർബന്ധമാക്കുക. ഈ പരിശോധന ജനകീയ സമിതികൾ തന്നെ നടത്തുക.

16. സ്കൂൾ സാഹിത്യ സമാജങ്ങൾ സജീവമാക്കുക.
17. കയ്യെഴുത്തു മാസിക തുടങ്ങുക.
18. സ്പോർട്സ് ക്ലബ്, സയൻസ് ക്ലബ് എന്നിവ നിർബന്ധമാക്കുക.
19. എല്ലാ വിദ്യാലയങ്ങളിലും വായന കോർണർ ഉണ്ടാക്കുക.
20. മാസ്ഡ്രിൽ, അംസ്ബ്ലി, യൂണിഫോം എന്നിവ നിർബന്ധമാക്കുക.
21. പഠനയാത്രകൾ പ്രാദേശികമാക്കുക.
22. സ്കൂൾ വാർഷികങ്ങൾ നടത്തുക.
23. ക്ലാസ് മുറികൾ ആകർഷണീയങ്ങളാക്കുക.
24. ദിനാചാരണങ്ങൾ സമുചിതമാക്കുക.
25. വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ പഠനോപകരണ ശിൽപശാല നടത്തുക.
26. മാതൃ സംഗമം, പൂർവ്വ വിദ്യാർത്ഥി സംഗമം എന്നിവ നടത്തുക.
27. പത്താം ക്ലാസിൽ പ്രത്യേക കോച്ചിംഗ് നടത്തുക.
28. എല്ലാ വാർഡിലും വാർഡ് വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുക.
29. വാർഡ് വിദ്യാഭ്യാസ സമിതികളുടെ പഞ്ചായത്തു തല കോ-ഓർഡിനേഷൻ ഉണ്ടാക്കുക.
30. വാർഡു തലത്തിൽ പ്രതിഭകളെ ആദരിക്കുക.
31. പഞ്ചായത്ത് വിദ്യാഭ്യാസ നിധി രൂപീകരിച്ച് ദുർബലരെ സഹായിക്കുക.
32. കൊഴിഞ്ഞു പോക്ക് പരിശോധിച്ച് പുന:പ്രവേശനം നൽകുക.
33. പഞ്ചായത്ത് തലത്തിൽ അക്കാദമിക് വിദഗ്ധരെ ഉൾപ്പെടുത്തി പഞ്ചായത്തു തല അക്കാദമിക് കൗൺസിൽ രൂപവത്കരിച്ച് എല്ലാ മാസവും വിദ്യാലയങ്ങൾ സന്ദർശിച്ച് പഠന ബോധന നിലവാരം വിലയിരുത്തി റിപ്പോർട്ട് മേലധികാരിക്ക് നൽകുക.
34. കരുവാരകുണ്ടിൽ ഗവൺമെൻറ് ഹൈസ്കൂളിലോ ദാറുന്നജാത്ത് അറബിക് കോളേജിലോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഒരു പരീക്ഷാ കേന്ദ്രം അനുവദിക്കേണ്ടതാണ്.

ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം എന്നിവ ഒരു ജനതയുടെ ആരോഗ്യ കാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 80% ജനങ്ങളും കിണറുകളെയാണ് ആശ്രയിച്ചിരിക്കുന്നത്.

പഞ്ചായത്തിന്റെ പൊതുസ്ഥിതി

'ദൈവത്തിന്റെ നാട്' എന്നറിയപ്പെടുന്ന കേരളത്തിന്റെ പൊതു സ്ഥിതിയിൽ നിന്ന് ഒട്ടും ഭിന്നമല്ല കരുവാരകുണ്ട് പഞ്ചായത്ത്. പശ്ചിമഘട്ടത്തിന്റെ താഴ്വാരം, ഉയർന്ന മഴ ലഭ്യത (കേരളത്തിലെ ചിറാപ്പുഞ്ചി എന്നാണ് ഈ പ്രദേശം അറിയപ്പെടുന്നത്), ആർദ്രത, ധാരാളം കിണറുകൾ, അരുവികളും കുളങ്ങളും, നീർമറി പ്രദേശങ്ങൾ, എവിടെ നോക്കിയാലും ഹരിതാഭയും ജലസാമീപ്യവും എന്നിട്ടും ഫെബ്രുവരി-മാർച്ച് ആകുന്നതോടെ രൂക്ഷമായ വരൾച്ച! ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ പഞ്ചായത്ത് ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു

351 സെ.മീ വാർഷിക മഴ ലഭിക്കുന്ന ഒരു പ്രദേശത്ത് വേനൽകാലങ്ങളിൽ 40% ഭാഗങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു എന്നുള്ളത് പ്രശ്നത്തിന്റെ ഗൗരവം എത്രമാത്രമുണ്ടെന്ന് എടുത്തു കാണിക്കുന്നു. മണ്ണ്-ജലസംരക്ഷണത്തിന്റെ ആവശ്യകത നാം മനസ്സിലാക്കേണ്ടതാണ് .

ആകെയുള്ള 4263 കിണറുകളിൽ 50% വേനൽക്കാലത്തിൽ വറ്റിവരളുന്നു.

ശുദ്ധജല സ്രോതസ്സുകൾ

കിണറുകൾ		കുഴൽ	മൊത്തം
പൊതുകിണറുകൾ	സ്വകാര്യ കിണറുകൾ	കിണർ	കിണറുകൾ
18	4263	7	4275

4

കുടിവെള്ളം പൊതുജനാരോഗ്യം

കേരള വാട്ടർ അതോറിറ്റിയാണ് ഇന്നു ശുദ്ധജല വിതരണ രംഗത്തെ അധികാരം കൈയാളുന്നത്. അതു കൊണ്ടുതന്നെ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ ജനപങ്കാളിത്തം കുറയുന്നു. കേരള വാട്ടർ അതോറിറ്റിയുടെ അധികാരം വികേന്ദ്രീകരിക്കുകയും ശുദ്ധജല വിതരണ പരിപാടികൾ നടത്താൻ പഞ്ചായത്തുകളെ സഹായിക്കുകയും ചെയ്താൽ ജല ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും കേരള വാട്ടർ അതോറിറ്റിയുടെ ഒറ്റ ജലവിതരണ പദ്ധതിയും പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നില്ല എന്നത് നാം പ്രത്യേകം ഓർമിക്കേണ്ടതാണ്.

കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് പഞ്ചായത്തിൽ 5 പൊതു കിണർ നിർമിച്ചിട്ടുണ്ട്. ഇതിലെല്ലാത്തിലും വേനൽ കാലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു.

പൊതു കിണർ

പട്ടിക-2

വാർഡ്	എണ്ണം	എത്ര കുടുംബങ്ങൾ ഉപയോഗിക്കുന്നു	വറ്റുന്നവ/ വറ്റാത്തവ	വറ്റുന്നവയാണെങ്കിൽ ഏതുമാസങ്ങളിൽ
6	3	75	വറ്റുന്നവ	ജനുവരി മുതൽ ജൂൺ വരെ
12	2	50	വറ്റുന്നവ	ജനുവരി മുതൽ ജൂൺ വരെ

കഴിഞ്ഞ ഏതാനും വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്ത് സ്വന്തം നിലയിൽ നടപ്പാക്കിയ കേമ്പിൻ കുന്ന് മിനിവാട്ടർ സപ്ലൈ സ്കീം വളരെ വിജയമായിരുന്നു.

വയലരികിൽ കിണർ കുഴിച്ച് ഉയർന്ന പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് വഴി ജലവിതരണം നടത്തുന്ന ഈ പദ്ധതിക്കും മൂന്ന് ലക്ഷം രൂപയാണ് ചെലവ്. ഇരുനൂറോളം കുടുംബങ്ങൾക്ക് ഇത് പ്രയോജനപ്പെടുന്നു.

ഇപ്പോൾ 3.5 ലക്ഷം എസ്റ്റിമേറ്റിൽ നിർമ്മാണം പൂർത്തിയായികൊണ്ടിരിക്കുന്ന ചെമ്പൻക്കുന്ന് മിനിവാട്ടർ സപ്ലൈ സ്കീം, പണി തുടങ്ങാനിരുക്കുന്ന മാമ്പറ്റ മിനി വാട്ടർ സപ്ലൈ സ്കീം എന്നിവയും ഇതേ മാതൃകയിലുള്ളതാണ്.

പഞ്ചായത്തിന്റെ പലഭാഗത്തും കുഴൽകിണർ നിർമ്മാണം നടന്നിട്ടുണ്ട്. ശാസ്ത്രീയമായ യാതൊരു വിധ നിയമങ്ങളും മാനിക്കാതെ വിവിധ തരത്തിലുള്ള സ്കീം ഏജൻസികളും ഈ പഞ്ചായത്തിൽ കുഴൽ കിണർ നിർമാണം നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി കുഴൽകിണർ നിർമാണം നടന്നസ്ഥലത്തിന്റെ സമീപ പ്രദേശങ്ങളിൽ ജലവിതാനം താഴ്ന്നുപോയി. നിലവിലുള്ള കുഴൽകിണറുകളിലെ ജലം ഗുണ നിലവാരം കുറഞ്ഞതാണെന്നതും എടുത്തു പറയേണ്ട വസ്തുതയാണ്. കരുവാരകുണ്ട് പഞ്ചായത്തിന്റെ ഭൂരിപക്ഷം പ്രദേശങ്ങളും കുഴൽകിണർ നിർമാണത്തിന് അനുയോജ്യമല്ലാ എന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു.(അവലംബം: സെന്റർ റിസോഴ്സസ് ഓഫ് കേരള സ്റ്റേറ്റ്).

കുഴൽ കിണറുകൾ

പട്ടിക-3

കുഴൽ കിണർ	ജലം ലഭിക്കുന്നവ	ജലം ലഭിക്കാത്തത്	ആശ്രയിക്കാവുന്നതാണോ	എത്ര കുടുംബങ്ങൾ ഉപയോഗിക്കുന്നു.
7	5	2	ഭാഗികം	300

5 വർഷത്തെ കണക്ക്

(അവലംബം. പഞ്ചായത്ത് രേഖ)

കരുവാരകുണ്ട് പഞ്ചായത്ത് പശ്ചിമഘട്ട താഴ്വാര പ്രദേശമായതിനാൽ മലമ്പ്രദേശങ്ങളിൽ ധാരാളം നീരുറവകൾ കണ്ടുവരുന്നു. എന്നാൽ ശാസ്ത്രീയമായ രീതിയിൽ ഇവ കണ്ടെത്താനോ അവ പൂർണമായി ഉപയോഗപ്പെടുത്താനോ കഴിഞ്ഞിട്ടില്ല. പലതും എല്ലാക്കാലങ്ങളിലും ജലം ലഭിക്കുന്നവയാണ്. പഞ്ചായത്തിലെ നീരുറവകളെയും ചോലകളെയും പൂർണമായി കണ്ടെത്തി ഉപയോഗപ്പെടുത്തിയാൽ അത് ശുദ്ധജല വിതരണ രീതിയിൽ വമ്പിച്ച കുതിച്ചു ചാട്ടം വരുത്തും.

പഞ്ചായത്തിലെ അറിയപ്പെടുന്ന നീരുറവകളുടെ വിവരണം താഴെച്ചേർക്കുന്നു.

നീരുറവകൾ

പട്ടിക.4

വാർഡ്	പ്രാദേശികമായ പേര്	ജല ലഭ്യത
1	ചെമ്പൻകാട് ചോല	എല്ലാ ഉറവുകളിലും എല്ലാക്കാലത്തും ജലംലഭ്യമാണ്.
8	കേരളാംകുണ്ട്, മഞ്ഞളാം ചോല, ചേരി, കരിങ്കന്തോണി, മുണ്ട ഉറവും കുഴി,	
12.	പറയന്മാട്, ഓലപ്പാറച്ചോല, നാരങ്ങാച്ചോല.	
13.	പുത്തനഴി പറയന്മാട് ചോല	

കുടിവെള്ള ക്ഷാമം നേരിടുന്ന പ്രധാന മേഖലകൾ

മാമ്പറ്റ, തുരുമ്പോട, കണ്ണത്ത്, സി.ടി. റോഡ്, തരിശ്, നന്നങ്ങാടിക്കുന്ന്, തരിശ് മുക്കട്ട, കവല, ഇരിങ്ങാട്ടിരി,

സ്കൂൾപടി, മുള്ളറ കോളനി, കുണ്ടോടപ്പടി, മേലേകക്കറ, താഴെ കക്കറ, ആർത്തലക്കുന്ന്, നാഗത്താൻ കുന്ന് ഹരിജൻ കോളനി, സീമാ തീയേറ്റർ പരിസരം, മിനിസ്റ്റേഡിയ ഭാഗം, കുട്ടത്തി, പുൽവെട്ട വാർഡിലെ വിവിധ പ്രദേശങ്ങൾ, കേലംപറ്റ, കുഴിപ്പാറ, കൂനംമാവ്, ചിലമ്പലക്കൈ, ചാമക്കുന്ന്, ചക്കംപ്ലാവ്, വേളിപ്പാടം, പുന്നക്കാട് നടുക്കുന്ന്, മുക്കട്ട, ചന്തക്കുന്ന്, ചെമ്പൻകുന്ന്, ചക്കാലക്കുന്ന് ഹരിജൻ കോളനി, പുത്തനഴി പാലക്കുന്ന് കോളനി, കേമ്പിൻ കുന്ന്, കേരള സ്കൂൾ പരിസരം തുടങ്ങിയവയാണ് ജലക്ഷാമം നേരിടുന്ന പ്രധാന പ്രദേശങ്ങൾ.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള കുടിവെള്ള വിതരണ മാർഗങ്ങൾ വളരെ പരിമിതമാണ്.

2. ചില വാർഡുകളിലെ മേൽ സൂചിപ്പിക്കപ്പെട്ട പ്രദേശങ്ങളിൽ സ്ഥിരമായി കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

3. ചില കുടിവെള്ള ക്ഷാമ പ്രദേശങ്ങളിൽ മണ്ണിനടിയിൽ കരിങ്കൽപ്പാറകളുള്ളതിനാൽ കിണറുകൾ കുഴിച്ചോ കുഴൽകിണറുകൾ നിർമിച്ചോ പ്രശ്ന പരിഹരിക്കാൻ ബുദ്ധിമുട്ടു നേരിടുന്നു.

4. പഞ്ചായത്തിൽ പൊതു കുടി നീർ സ്രോതസ്സുകളായി നിർമിക്കപ്പെട്ടിട്ടുള്ള കിണറുകളും കുളങ്ങളും വേനൽക്കാലത്തു വറ്റി വരണ്ടു പോവുകയോ നവീകരണ പ്രവൃത്തികൾ ചെയ്യാത്തതിനാൽ ഉപയോഗ ശൂന്യമായിത്തീരുകയോ ചെയ്തിട്ടുണ്ട്.

5. പരിമിതമായിട്ടെങ്കിലും നിർമിക്കപ്പെട്ടിട്ടുള്ള കുഴൽ കിണറുകളിൽ പലതിലും പ്രതീക്ഷയ്ക്കൊത്ത ജലം ലഭിക്കുന്നില്ല.

6. കുഴൽക്കിണർ നിരമിച്ചുവെങ്കിലും അതിൽ നിന്നു ജലം പമ്പു ചെയ്തെടുക്കുന്നതിനായി ഹാൻറിൽ സ്ഥാപിക്കപ്പെട്ടിട്ടില്ല.

7. പ്രകൃതി ദത്ത ജല സ്രോതസ്സുകളായ പുഴകളിൽ നിന്നു പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് വെള്ള മൊഴുക്കുന്നതിന്നായി നിർമിക്കപ്പെട്ടിരുന്ന പല കൈത്തോടുകളും മണ്ണു നികന്ന് നാമാവശേഷമായിപ്പോയിട്ടുണ്ട്.

8. ഭൂരിപക്ഷം ജനങ്ങളും പരിമിതമായ സ്ഥലത്തിന്റെ ഉടമകളായതിനാൽ അനുയോജ്യമായ സ്ഥലങ്ങളിൽ കിണർ കുഴിക്കാൻ സാധിക്കാതെ വരുന്ന അവസ്ഥയുണ്ട്.

9. സ്വന്തമായി കിണർ കുഴിക്കൽ അനുയോജ്യമായ സ്ഥലമുണ്ടെങ്കിലും അതു ചെയ്യാനുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട്.

10. നെൽപ്പാടങ്ങളുടെ നാശവും കുടിവെള്ള ക്ഷാമത്തിനുള്ള ഒരു പ്രധാന പ്രശ്നമാണ്.

11. ചില ജലവിതരണ പദ്ധതികളുടെയും പ്രവർത്തനം മുടങ്ങിക്കിടക്കുന്നു.

സാധ്യതകൾ.

1. ജലക്ഷാമം പരിഹരിക്കാൻ ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളനുസരിച്ച് ചെറുകിട പദ്ധതികൾക്കു രൂപം കൊടുക്കുക.

2. പഞ്ചായത്തിലെ മലമ്പ്രദേശങ്ങളായ കൽക്കുണ്ട്, ചേരി, മണലിയാം പാടം, പറയന്മാട് എന്നിവിടങ്ങളിലെ ജലസ്രോതസ്സുകളെ ഉപയോഗപ്പെടുത്തി പഞ്ചായത്തു തല ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുക.

3. ഉയർന്ന പ്രദേശങ്ങളിൽ നീർക്കുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ള സംഭരണം വർധിപ്പിക്കുക.

4. തോടുകളിലും പുഴകളിലും താൽകാലിക ചെക്കു ഡാമുകളോ പ്രാദേശിക വസ്തുക്കളുപയോഗിച്ച ചെറിയ ബണ്ടുകളോ കെട്ടുക.

5. മഴവെള്ള സംഭരണത്തിന് കുഴികളും ഉപയോഗ ശൂന്യമായ കിണറുകളും പ്രയോജനപ്പെടുത്തുക.

6. പ്രാദേശികമായ ജല സംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്യുക.

7. നീരുറവകളെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

8. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലുള്ള ജല സ്രോതസ്സുകളെ കൂട്ടിയിണക്കി ഒരു മേജർ വാട്ടർ സപ്ലൈ സ്കീം തയ്യാറാക്കിയാൽ കരുവാരകുണ്ട്, തുവ്വൂർ, പാണ്ടിക്കാട്, എടപ്പറ്റ, മേലാറ്റൂർ പഞ്ചായത്തു പ്രദേശങ്ങൾക്കാവശ്യമായ ജലവിതരണം നടത്താനുള്ള സാധ്യതയുമുണ്ട്. കേരള വാട്ടർ അതോറിറ്റി ഇതിനാവശ്യമായ ഇൻവസ്റ്റിഗേഷൻ നടത്തണം.

കുടിവെള്ളം

പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

പട്ടിക 5

വാർഡ്	പ്രശ്ന മേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗം
2.	കേലംപറ്റക്കുന്ന്, കുഴിപ്പാറ, കൂനമ്മാവ്, ചിലമ്പിലക്കൈ	പൊതുകിണറുകൾ നിർമിച്ച് പമ്പുസെറ്റുപയോഗിച്ചു ടാങ്കിൽ ജലം നിറച്ച് പൊതുവിതരണം നടത്തുക.
3	കുട്ടത്തി.	ഉപയോഗ ശൂന്യമായ കിണറുകൾ നന്നാക്കുക. പൊതുകിണറുകളുപയോഗിച്ചു ജല വിതരണം നടത്തുക
6	നാഗത്താൻകുന്ന് ഹരിജൻ കോളനി, മൃഗാശുപത്രി പരിസരം, മിനി സ്റ്റേഡിയം തറിക്കോട്ട്, വാർഡിന്റെ വടക്ക് കുട്ടത്തി ഭാഗം.	വാർഡിലെ പഞ്ചായത്തു കിണറുകളെല്ലാം സ്ഥിരമായി വെള്ളം കിട്ടത്തക്കവിധം നവീകരിക്കുക. കിഴക്കേത്തല പഞ്ചായത്തുകുളം നവീകരിക്കുക, മറ്റു പ്രദേശങ്ങളിൽ കിണർ കുഴിക്കുക.
4,7.	മാമ്പറ്റ, കൽവെട്ടിക്കുരൽ, മുക്കട്ട പ്രദേശങ്ങൾ, തുരുമ്പോട, കണ്ണത്ത് സി.ടി.റോഡ് ഭാഗം, തരിശ് നന്നങ്ങാടിക്കുന്ന്.	മാമ്പറ്റയിലെ പുഴയ്ക്കു സമീപം കുളമോ, കിണറോ കുഴിച്ച് അതിൽ നിന്നു വെള്ളം പമ്പുചെയ്ത് ഉയരമുള്ള സ്ഥലത്ത് ടാങ്ക് കെട്ടി നിറച്ചാൽ മാമ്പറ്റ, കൽവെട്ടിക്കുരൽ, മുക്കട്ട പ്രദേശങ്ങളിലെ ജലക്ഷാമം സ്ഥായിയായി പരിഹരിക്കാൻ കഴിയും. സംഭരണ ശേഷികൂടിയ ടാങ്കാണെങ്കിൽ അയൽ വാർഡുകളിലെ കുടിവെള്ള പ്രശ്നത്തിനും പരിഹാരമാവും. തുരുമ്പോട ഹെൽത്ത് സെൻററിനടുത്ത ടാങ്ക് കെട്ടി സി.ടി. എസ്റ്റേറ്റിന്റെ മുകളിലുള്ള പ്രകൃതി ദത്ത ജലസ്രോതസ്സിൽ നിന്നും പൈപ്പ് വഴി വെള്ളം നിറയ്ക്കാം. തുരുമ്പോട പഞ്ചായത്ത് കിണർ പാറ പൊട്ടിച്ച് ആഴംകൂട്ടണം. കണ്ണത്ത് സി.ടി.റോഡ് ഭാഗത്ത്കുഴിച്ച കുഴൽ കിണറിൽ നിന്ന് വെള്ളം പമ്പുചെയ്യാനുള്ള സൗകര്യമുണ്ടാക്കണം. തരിശ് നന്നങ്ങാടിക്കുന്നിൽ മിനിവാട്ടർ സപ്ലൈ സ്കീം നടപ്പാക്കുകയോ മാമ്പറ്റയിൽ നിർമ്മിക്കാവുന്ന ടാങ്കിൽ നിന്നും പൈപ്പ് ലൈൻ വഴി വെള്ളം എത്തിക്കുകയോ ചെയ്യാം.

വാർഡ്	പ്രശ്ന മേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗം
8	ചേരി, മുള്ളറക്കോളനി, കുണ്ടോട, താഴെ കക്കറ, ആർത്തലക്കുന്ന് പ്രദേശങ്ങൾ, കാരാട്ട് കോളനിമേലേകക്കറ.	കുണ്ടോടത്തോടിനടുത്ത് ശ്രീ.നരിമടപോക്കർ, ചേരിയിൽ ശ്രീ. കണ്ണംപുറത്ത് രാമൻ കുട്ടി എന്നിവർ വാഗ്ദാനം ചെയ്ത സ്ഥലങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുക. കടലുണ്ടിയിൽ നിന്നും മുള്ളറയിലേക്കുണ്ടായിരുന്ന തോട് അറ്റകുറ്റപ്പണി നടത്തുക.
4	കേമ്പിൻ കുന്ന് പ്രദേശം കരുവാരകുണ്ട് അങ്ങാടി	ഇപ്പോൾ വാർഡിലുള്ള ജല വിതരണ പദ്ധതി വികസിപ്പിക്കുക. പണി മുടങ്ങി നിൽക്കുന്ന വാട്ടർ സപ്ലൈ സ്കീം ഉടനെ പൂർത്തീകരിച്ച് ജലവിതരണം നടത്തുക.
6	ചെറുമൻകുന്നുകോളനി, ചക്കാലക്കുന്ന്	തരിശ് പള്ളിപ്പടിപ്പുഴയുടെ ഭാഗത്ത് പുറമ്പോക്കുഭൂമിയിൽകിണർ കുഴിച്ച് ഉയർന്ന ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ജലം പമ്പു ചെയ്ത് ഈ ഭാഗങ്ങളിൽ ജലവിതരണം നടത്തത്തക്ക രീതിയിൽ "മിനിവാട്ടർ സപ്ലൈ സ്കീം" നടപ്പാക്കുക.
9.	പുൽവെട്ട, അയ്യപ്പൻകാവ്, ചിറയ്ക്കൽ കുണ്ട്, കരിങ്കന്തോണി, പണത്തുമ്മൽ.	പുഴ, തോട് എന്നിവയിൽ ചെക്കു ഡാമുകൾ സ്ഥാപിച്ചാൽ ജല വിതാനം ഉയർത്താം. മറ്റു പ്രദേശങ്ങളിൽ മിനിവാട്ടർ സപ്ലൈ സ്കീം പ്ലാൻ ചെയ്യുക.
10.	പയ്യാക്കോട്	പറയന്മാട് മലയിൽ നിന്നുള്ള നീരുറവയെ ഉപയോഗപ്പെടുത്തി മിനിവാട്ടർ സപ്ലൈ സ്കീം രൂപപ്പെടുത്തുക.
11.	പുന്നക്കാട്, പുളക്കുന്ന്, നടുക്കുന്ന്, ഭവനം പറമ്പ്, ചെമ്പൻകുന്ന്, മുടക്കട്ട.	മൂക്കട്ടയിലെ കുഴൽക്കിണർ പ്രവർത്തനക്ഷമമാക്കുക. പുളക്കുന്ന്, നടക്കുന്ന് ഭാഗത്ത് കുഴൽക്കിണർ കുഴിക്കുക.
12	വീട്ടിക്കുന്ന്	പറയന്മാട് മലയിൽക്കാണുന്ന നീരുറവകൾ ഉപയോഗപ്പെടുത്തി മിനിവാട്ടർ സപ്ലൈ സ്കീമിന് രൂപം കൊടുക്കുക.
13.	പുത്തനഴി, പുളിയക്കോട്, അമ്പലക്കുന്ന്, അമ്പലപ്പാടം, ചാമക്കുന്ന്, പിലാക്കോട്ടിൽ, താഴെ പുളിയക്കോട്, പുത്തനഴി കവല ഇരിങ്ങാട്ടിരി സ്കൂൾ പടി, അമ്പലപ്പാടം, മുക്കട്ട, മേലേ പുളിയക്കോട്, ചക്കംപ്ലാവ്, വേളിപ്പാടം	പറയന്മാട് മലയിൽ ജലസ്രോതസ്സുണ്ട്. ഈ ജല സ്രോതസ്സിനെ ഉപയോഗപ്പെടുത്തി ടാങ്ക് നിർമിച്ച്, ഒരു മിനിവാട്ടർ സപ്ലൈ സ്കീം തയ്യാറാക്കിയാൽ ഈ മേഖലയിൽ മുഴുവൻ ജല വിതരണം നടത്താൻ കഴിയും. നിലവിലുള്ള പൊതു കിണറും പൊതുകുളങ്ങളും നവീകരിക്കുക. ജലം ലഭിക്കാൻ സാധ്യതയുള്ള സ്ഥലത്ത് ഒരു പുതിയ കിണർ കുഴിക്കുക.

പൊതുജനാരോഗ്യം

ചികിത്സാ രംഗത്തെ പ്രശ്നങ്ങൾ, അസംസ്കൃതമായ ഔഷധങ്ങൾ, ക്ഷയിച്ചു കൊണ്ടിരിക്കുന്ന പൊതുജനാരോഗ്യ രംഗം മുതലായവ സാധാരണക്കാരുടെ ജീവിതത്തെ ദുസ്സഹമാക്കുന്നു.

കുടുംബ ഡോക്ടറുടെ സ്ഥാനത്ത് സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ കടന്നു വന്നു. ഇത് ചികിത്സയുടെ ചെലവ് വർധിപ്പിച്ചു. പൊതുജനാരോഗ്യ കേന്ദ്രങ്ങൾ അവഗണനയുടെ വക്കിലാണ്. സ്വകാര്യ ആശുപത്രികളുടെ പെരുപ്പം ആതുര ശുശ്രൂഷാ രംഗത്തെയും കമ്പോളത്തിന്റെ ഭാഗമാക്കി മാറ്റി.

നിർമ്മാർജ്ജനം ചെയ്തു എന്നു നാം കരുതിയ പല രോഗങ്ങളും വീണ്ടും കണ്ടു തുടങ്ങിയിരിക്കുന്നു. പരിസര ശുചിത്വമില്ലായ്മ മൂലം പകർച്ച വ്യാധികൾ വർധിച്ചു വരികയാണ്.

ഇവ മരുന്ന് കൊണ്ട് നിയന്ത്രിക്കാൻ കഴിയാത്ത വിധമായി മാറുന്നു. ആരോഗ്യമെന്നാൽ രോഗ ചികിത്സ മാത്രമാണെന്ന ധാരണ മാറ്റിയെടുക്കണം. ഇതിന് ജനകീയ പ്രതിരോധവൽക്കരണം ആവശ്യമാണ്.

നിരോധിക്കപ്പെട്ടതും നിരോധിക്കപ്പെടേണ്ടതുമായ മരുന്നുകൾ വിപണിയിലുണ്ട്. ഡോക്ടറുടെ കഴിവ്, കുറിച്ചു കൊടുക്കുന്ന മരുന്നുകളുടെ അളവിനെ ആശ്രയിച്ചാണെന്ന ധാരണയുണ്ട്. ഇവയിൽ ഉപദ്രവകാരികളായിട്ടുള്ള മരുന്നുകളും നാം അറിയാതെ തന്നെ ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകളുണ്ട്.

സങ്കീർണ്ണമായ രോഗങ്ങൾ പോലും അത്യാധുനിക യന്ത്രങ്ങളുടെ സഹായത്തോടെ നിർണ്ണയം നടത്തുന്നു. സ്വകാര്യ ആശുപത്രികൾ ഇതിനു വേണ്ടി മത്സരിക്കുന്നു. നമ്മുടെ ചികിത്സാ രംഗം ചെലവ് കൂടിയതായി മാറുകയും ജനജീവിതം ദുസ്സഹമാകുകയും ചെയ്യുന്നു.

ഇതിനെതിരെ പുതിയൊരു ജനകീയ പൊതു ജനാരോഗ്യ പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. പാരമ്പര്യ ചികിത്സാ രീതിയായിരുന്നു പ്രധാനമായും ആദ്യകാലത്ത് നിലനിന്നിരുന്നത്. ഇതിനു പുറമെ വഴിപാട് നേരുക, മന്ത്രം ചെയ്ത് ഊതുക, ചരട് ജപിച്ച് ഉപയോഗിക്കുക, മന്ത്രജലം കുടിക്കുക, മുതലായ അന്ധ വിശ്വാസജടിലമായ ചികിത്സാ സമ്പ്രദായങ്ങളുമുണ്ടായിരുന്നു.

1930-കളിൽ ആയുർവേദ ചികിത്സാ രംഗത്ത് പ്രശസ്തരായ വൈദ്യന്മാരുണ്ടായിരുന്നു. ശ്രീ. വാഴക്കിളി അപ്പുക്കുട്ടൻ വൈദ്യർ, പുന്നക്കാട് അപ്പു വൈദ്യർ, കുന്നത്ത് കുഞ്ഞഹമ്മദ് മൊല്ല, തരിശിലെ കുട്ടപ്പവൈദ്യർ, എൻ.യു.കെ. മൗലവി, മൊയ്തുട്ടി മൊല്ല എന്നിവരുടെയും കരുവാരകുണ്ടിലെ കോയക്കുട്ടി തങ്ങൾ, കുഞ്ഞാപ്പ വൈദ്യർ, ആലിക്കുട്ടി വൈദ്യർ എന്നിവരുടെയും ചികിത്സാ സേവനം എടുത്ത് പറയേണ്ടിയിരിക്കുന്നു. ഈ കാലത്ത് അലോപ്പതി ചികിത്സ നടത്തിയിരുന്നത്. അപ്പോത്തിക്കരി ശങ്കര മേനോൻ, ഡോ. താവു എന്നിവരായിരുന്നു.

1975 ഓടെ ഇവിടെ അലോപ്പതി ചികിത്സയ്ക്കുള്ള സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചു. 'ബ്രീസ്ഹോസ്പിറ്റൽ' പ്രഥമ സ്ഥാപനമായിരുന്നു. തുടർന്നു പല സ്വകാര്യ ആശുപത്രികളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പട്ടിക കാണുക.

ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമടക്കം 28 ആരോഗ്യ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു.

സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

(പട്ടിക.1)

സ്ഥാപനങ്ങൾ	വാർഡ്	ജീവനക്കാരുടെ എണ്ണം
പ്രൈമറി ഹെൽത്ത് സെൻറർ കരുവാരകുണ്ട്	IV	12 (PHC സബ് സെൻറർ ഉൾപ്പെടെ)
സബ് സെൻറർ തുരുമ്പോട	VII	
മാന്വറ്റ സബ്സെൻറർ	VI	
വീട്ടിക്കുന്ന് സബ് സെൻറർ	XII	
പുൽവെട്ട സബ് സെൻറർ	IX	
കരുവാരകുണ്ട് സബ് സെൻറർ	IV	
പാന്തറ സബ് സെൻറർ	I	
ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി	XI	3
ആകെ		15

(അവലംബം: പി.എച്ച്.സി. രേഖ)

ഈ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം ഒന്നും ആയുർവേദ ഡിസ്പെൻസറി ഒന്നും സബ് സെൻററുകൾ ആറ് ആണുള്ളത്. ഹോമിയോ ചികിത്സാ കേന്ദ്രവും മറ്റ് ആരോഗ്യകേന്ദ്രങ്ങളും സർക്കാർ തലത്തിലില്ല.

പഞ്ചായത്തിലെ സ്വകാര്യ മേഖലയിലെ ചികിത്സാ കേന്ദ്രങ്ങൾ

പട്ടിക-2

വാർഡ്	സ്ഥാപനം അലോപ്പതി/ആയുർവേദം/ഹോമിയോ	ജീവനക്കാരുടെ എണ്ണം
I	പുതിയ കടയ്ക്കൽ എസ്റ്റേറ്റ് അലോപ്പതി	2
II	പഴയ കടയ്ക്കൽ-ആയുർവേദം	1
III	കുട്ടത്തി-യൂനാനി	1
IV	കെ.ജെ.ഹോസ്പിറ്റൽ, നാഗാർജ്ജുന-	7
	അങ്ങാടി	1
	-ആയുർവേദം,	1
	ഹോമിയോ	1
V	റോയൽ-ഹോമിയോ	1
	വിജയലക്ഷ്മി ആയുർവേദിക്സ്	2
	കോട്ടയ്ക്കൽ ആര്യവൈദ്യശാല	1
	ഔഷധി-ആയുർവേദം	1
	ദയ ഹോസ്പിറ്റൽ-അലോപ്പതി	4
	ശാലിനി-ആയുർവേദം	1
	സായി-ഹോമിയോ	1
VI	തരിശ്-വിജയലക്ഷ്മി-ആയുർവേദം	1
VII	വാരിയർ ആയുർവേദം	1
VIII		
IX		
X		
XI	ഷിഫ-അലോപ്പതി	5
	പ്രസാദ് ഫാർമസ്യൂട്ടിക്കൽസ്-ആയുർവേദം	2
	പ്രകാശ്-ആയുർവേദം	1
	അപ്പു വൈദ്യർ-ആയുർവേദം	1
	കോയമ്പത്തൂർ ആര്യവൈദ്യനിലയം	1
	ഹക്കീം-ഹോമിയോ	1
XII	വിജയലക്ഷ്മി ആയുർവേദം	1
XIII	ആര്യവൈദ്യശാല	1

ഇതിനേറെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കി ആരോഗ്യ സ്ഥിതി വിശകലനം ചെയ്തതിൽ ഇതി ഗുണപരമായ ഗുണപരമായമാറ്റം കാണുന്നില്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. താരതമ്യ പഠനത്തിനു വേണ്ടി 1992 മുതൽ 96 വരെയുള്ള ഹോസ്പിറ്റൽ റിപ്പോർ ട്ടുകൾ താഴെ കൊടുക്കുന്നു.



പകർച്ച വ്യാധികൾ

പട്ടിക.3

വർഷം	ജല ജന്യം	വായു ജന്യം	പ്രാണികൾ മുഖേന	മറ്റു തര ത്തിലുള്ളവ
1992-93	504	917	5	236
93-94	684	1036	1	393
94-95	912	1574	3	1498
95-96	1312	2787	4	900

(അവലംബം: പി.എച്ച്.സി. രേഖ)

രോഗങ്ങൾ-ഒറ്റനോട്ടത്തിൽ

പട്ടിക 4

വർഷം	ഇൻ പേഷ്യൻറ്	ഔട്ട് പേഷ്യൻറ്	ത്വക്ക് രോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	വാത രോഗം	മറ്റു രോഗങ്ങൾ	ആകെ
1992-93		8307	1250	1662	5	123	5267	8307
1993-94		9642	1302	2114	1	172	6053	9642
1994-95		13842	1393	387	3	470	7979	13842
1995-96		17042	1673	5003	4	519	9843	17042
ആകെ		48833	5618	12766	13	1284	29152	48833

(അവലംബം പി.എച്ച്.സി. രേഖകൾ)

രോഗങ്ങളുടെ കാര്യത്തിലും വർദ്ധനവ് തന്നെയാ സൂചിപ്പിക്കുന്നത്. പട്ടിക. 4-ൽ കാണുംപ്രകാരം 92-93-ൽ പി.എച്ച്.സി.യിൽ 8307 രോഗികൾ ചികിത്സ തേടിയപ്പോൾ, 1995-96 വർഷത്തിൽ 17042 ആയി വർദ്ധിച്ചു. തന്നെയുമല്ല വിവിധയിനം ചികിത്സക്കായി എത്തിയ രോഗികളുടെ എണ്ണത്തിലും വർദ്ധനവ് കാ ണുന്നുണ്ട്.

ആയുർവേദ ചികിത്സാരംഗത്തും വൻ വർദ്ധനവ് കാ ണുന്നു.

ഗവ.ആയുർവേദ ചികിത്സാ വിവരം

പട്ടിക.5.

സ്ഥാപനം	രോഗികളുടെ എണ്ണം 1995-95
ഗവ. ആയുർവേദ ഡിസ്പെൻസറി	8,000



സ്വകാര്യ അലോപ്പതി ആശുപത്രികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കണക്കുകൾ താരതമ്യപഠനത്തിന്നായി ചുവടെ കൊടുക്കുന്നു. ഇതു പരിശോധിച്ചാൽ ആരോഗ്യ രംഗത്തെ ഗുരുതരാവസ്ഥ നമുക്ക് ബോദ്ധ്യപ്പെടുന്നതാണ്.

സ്വകാര്യ സ്ഥാപനങ്ങളിൽ ചികിത്സക്കെത്തുന്നവർ

(പട്ടിക.6)

സ്ഥാപനം	രോഗികളുടെ എണ്ണം 1995-96
സ്വകാര്യ ആശുപത്രികൾ	28,000
ഡൻറൽ ക്ലീനിക്ക് (2 മാസത്തെ കണക്ക്)	500
ഹോമിയോ ആശുപ്രതി	10000
ആയുർവേദ ആശുപത്രി	20,000

(അവലംബം: സാമൂഹ്യ സർവ്വെ)

പഞ്ചായത്തിലെ ജനന നിരക്ക് 22ഉം മരണ നിരക്ക് 7ഉം ആണ്. പഞ്ചായത്തിലെ ശിശു മരണ നിരക്ക് 18 ആണ്. ഇത് കേരളത്തിൻെറ ശിശു മരണ നിരക്കിനേക്കാൾ കൂടുതലാണ്. കേരളത്തിൻെറ ശിശു മരണ നിരക്ക് 16 ആണ്.

ജനന മരണം സംബന്ധിച്ച്

(പട്ടിക.7)

വർഷം	ജനനം	മരണം	ചാപ്പിള്ള ജനനം
93-94	366	86	8
1994-95	322	82	12
1995-96	381	91	4

(അവലംബം പി.എച്ച്.സി. രേഖ)

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

(പട്ടിക.8)

1995-1996 പ്രായം	1995-1996 ദമ്പതിമാരുടെ എണ്ണം
15 മുൽ 19 വയസ്സ്	647 എണ്ണം
20 മുതൽ 24 വയസ്	1133 എണ്ണം
25മുതൽ 29 വയസ്	1276 എണ്ണം
30 മുതൽ 34 വയസ്	1058 എണ്ണം
35 മുതൽ 39 വയസ്	892 എണ്ണം
40 മുതൽ 44 വരെ	505 എണ്ണം
ആകെ	5511 എണ്ണം

(അവലംബം. പി.എച്ച്.സി. രേഖ)

അമ്മമാരുടെ എണ്ണം

1995-96

പട്ടിക.9

കുട്ടികൾ	അമ്മമാർ
1	990
2	1305
2-ൽ കൂടുതൽ	2674
കുട്ടികളില്ലാത്തവർ	542
ആകെ	5511

(അവലംബം. പി.എച്ച്.സി. രേഖ)

സ്ഥായിയായ രോഗബാധിതർ 1995-96

പട്ടിക.10

രോഗം	എണ്ണം
കുഷ്ഠം	12
ക്ഷയം	18
ആകെ	30

(അവലംബം പി.എച്ച്.സി. രേഖ)

കുട്ടികൾക്കു പ്രതിരോധ കുത്തിവെയ്പ്

1995-96

(പട്ടിക.11)

വയസ്സ്	എണ്ണം	കുത്തിവെയ്പ് ലഭിച്ചവർ
വയസ്സിന് താഴെ ുള്ളവർ	669	602

(അവലംബം. പി.എച്ച്.സി. രേഖ)

ാന രോഗങ്ങൾ

ിളിക്കം, ഛർദ്ദി, ചുമ, പനി, വിളർച്ച, ത്വക് രോ വൈറ്റമിൻ കുറവു കൊണ്ടുള്ള രോഗങ്ങൾ, ദന്ത ൾ ചെവി പഴുപ്പ്, ആസ്ത്മ, ചെങ്കണ്ണ്, പ്രമേഹം, ്തെയ്മാനം തുടങ്ങിയവ വ്യാപകമായി കണ്ടു വരുന്ന ുള്ളാണ്.

ാൽ ക്ഷയം, കുഷ്ഠം, വാതം, കിഡ്നി, രോഗങ്ങൾ, ഫീവർ ക്യാൻസർ എന്നിവ കുറഞ്ഞ തോതിൽ കാണുന്നുള്ളു.

ുട്ടികളുടെ പോഷണ നിലവാരം 1995-96

(പട്ടിക.12)

ോഷണ നിലവാരം	ശതമാനത്തിൽ
നോർമൽ	45%
1-ാം ഗ്രേഡ്	44%
2-ാം ഗ്രേഡ്	10%
3-ാം ഗ്രേഡ്	1%

(അവലംബം പി.എച്ച്.സി. രേഖ)

ുട്ടികളുടെ പോഷണ നിലവാരം പരിശോധിച്ചാൽ, ൂവായ പോഷണക്കുറവുള്ളവർ 44%വും തമായ പോഷണക്കുറവുള്ളവർ 10% ുതരമായ പോഷണക്കുറവുള്ളർ 1%വും ആണെന്നു ാം.

ുടെ ഗ്രാമത്തിൽ ഇരുമ്പ് ഫോളിക്കാസിഡ് ലഭിച്ച ികളുടെ എണ്ണം 541ഉം കുട്ടികളുടെ എണ്ണം 952-ഉം വിറ്റാമിൻ എ.തുള്ളി മരുന്ന് ലഭിച്ച കുട്ടികളുടെ 1611 ആണം.

95-96-ലെ കണക്കനുസരിച്ച് 620 പ്രസവങ്ങളിൽ 468 ആശുപത്രിയിൽ വെച്ചും 152 എണ്ണം വീട്ടിൽ വെച്ചു മാണ് നടന്നിട്ടുള്ളത്.

ടി.ടി. കിട്ടിയവർ 380ഉം രണ്ടാം ഡോസ് കിട്ടിയവർ 359-ഉം ബൂസ്റ്റർ ഡോസ് കിട്ടിയവർ 73 ഉം ആണ്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനം

പൊതു അവലോകനം.

ഇവിടെത്തെ പി.എച്ച്.സി. സ്ഥിതി ചെയ്യുന്നത് കേമ്പിൻ കുന്നിലാണ്. ജീവനക്കാർ 12. ഇപ്പോൾ ഔട്ട് പേഷ്യൻറ് വിഭാഗം മാത്രമേയുള്ളൂ. ആവശ്യമായ മരുന്നോ ഉപകരണങ്ങളോ ഇല്ല. 'സോഷ്യൽ സേഫ്റ്റിനെറ്റ്' സ്കീം പ്രകാരം ലഭിച്ച ഓപ്പറേഷൻ തിയേറ്റർ-കം-ലേബർ വാർഡിന് പണിത കെട്ടിടം ഇതുവരെ പ്രവർത്തന ക്ഷമമായിട്ടില്ല.

ഇലക്ട്രിഫിക്കേഷനും പ്ലമ്പിംഗും നടത്താനുണ്ട്. ഇതോടനുബന്ധിച്ച് ലഭിച്ച ആമ്പുലൻസ് ഉപയോഗിക്കുന്നുണ്ടെങ്കിലും ഡ്രൈവർ തസ്തിക അനുവദിച്ചിട്ടില്ല. ഏഴ് സബ് സെൻറർ ഇതിൻെറ കീഴിൽ പ്രവർത്തിച്ചു വരുന്നു.

തുരുമ്പോടയിൽ സ്ഥിതി ചെയ്യുന്ന സബ് സെൻററിലേക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ നിയമിച്ചിട്ടില്ല. കെട്ടിടം അനാഥമായിക്കിടക്കുന്നു. അരി മണലിലുള്ള സബ് സെൻറർ തുവ്വൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. ഇതിൻെറ പ്രവർത്തന മേഖല കരുവാരകുണ്ടിൻെറ 2,3 വാർഡുകളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്.

മിക്ക സബ് സെൻററിൻേറയും ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല. കുടിവെള്ളമില്ല. യഥാ സമയം അറ്റകുറ്റപ്പണികൾ നടത്താറില്ല.

മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റൻറ്, പാർട്ട് ടൈം സ്വീപ്പർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ ഓരോ ഒഴിവുകൾ നികത്തിയിട്ടില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ (ഗ്രേഡ് 1) രണ്ട് ഒഴിവുകൾ നിലവിലുണ്ട്.

രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പി.എച്ച്.സി.യിൽ ലഭ്യതമല്ലാത്തതിനാൽ അകലെയുള്ള മഞ്ചേരി, പെരിന്തൽമണ്ണ, കാളികാവ് എന്നിവിടങ്ങളിലുള്ള ആശുപത്രിയിൽ പോവേണ്ട ഗതിയാണുള്ളത്.

ആശുപത്രിയോടനുബന്ധിച്ച് പുരുഷന്മാർക്കും സ്ത്രീകൾക്കും 50 വീതം കിടക്കകൾ ഏർപ്പെടുത്തി. കിടത്തി ചികിത്സിക്കാനുള്ള സൗകര്യമേർപ്പെടുത്തേണ്ടതാണ്. ആശു

പത്രിയിലേക്ക് അടിയന്തിരമായി ടെലഫോൺ സൗകര്യമേർപ്പെടുത്തേണ്ടതുമാണ്.

ആയുർവേദ ഡിസ്പെൻസറി

ഇവിടെ 3 ജീവനക്കാരുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വേണ്ടത്ര ഭൗതീക സൗകര്യങ്ങളില്ല. കെട്ടിടം നിർമ്മിക്കുന്നതിന്നുള്ള നടപടികളുണ്ടാവേണ്ടതാണ്.

കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ, ഏറ്റവും കൂടുതൽ പരിഗണന നൽകേണ്ട ഒന്നാണ് ശുചിത്വം.

പരിസര ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. നമ്മുടെ ഗ്രാമത്തിൽ കക്കൂസില്ലാത്ത ധാരാളം കുടുംബങ്ങളുണ്ട്. സാമൂഹ്യ സർവ്വെ പ്രകാരം 3618 പേർക്ക് കക്കൂസില്ല.

കക്കൂസുകൾ സംബന്ധിച്ച വിവരങ്ങൾ

(പട്ടിക.13)

സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസ്	പൂർത്തീകരിച്ചവയുടെ എണ്ണം
1000	59	51

(അവലംബം. IRDP രേഖ)

വയറിളക്കം, ഛർദ്ദി എന്നീ പകർച്ച വ്യാധികൾ പെട്ടെന്ന് പിടിപെടുന്ന രോഗങ്ങളാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കക്കൂസില്ലാത്ത കോളനി പ്രദേശങ്ങളിൽ ഇത്തരം രോഗങ്ങൾ പടർന്നു പിടിക്കാറുണ്ട്.

1995-96 വർഷത്തെ കണക്കു പരിശോധിച്ചാൽ ഏതാണ്ട് 1312 പേർക്ക് ജല ജന്യരോഗങ്ങൾ ബാധിച്ചതായി പി.എച്ച്.സി. രേഖയിൽ കാണുന്നു.

മലവിസർജ്ജനം തുറസ്സായ സ്ഥലത്ത് ചെയ്യാതിരിക്കുന്നതിന്ന്. 'നമ്മുടെ ഗ്രാമത്തിൽ 'എല്ലാവർക്കും കക്കൂസ്' എന്ന ഒരു സമഗ്ര സാനിറ്റേഷൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

പരിസര ശുചിത്വം

സമൂഹത്തിന്റെ ആരോഗ്യം നിലനിർത്താൻ വേണ്ട ഘടകങ്ങളാണ് വ്യത്തിയായ പരിസരം, വ്യത്തിയായ വീട് എന്നിവ. രോഗങ്ങളിൽ 70%വും പരിസര ജന്യരോഗങ്ങളാണെന്ന കാര്യം പലപ്പോഴും നാം ഓർമിക്കാറില്ല. "ഗ്രീൻ വില്ലേജ്, ക്ലീൻ വില്ലേജ്" എന്ന പദ്ധതിക്കു രൂപം നൽകി, മാലിന്യമുക്തമായ വൃത്തിയുള്ള ഗ്രാമം നമുക്ക് ഒറ്റക്കെട്ടായി കെട്ടിപ്പടുക്കാം.

ഗ്രാമസഭയിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങൾ

1. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയ ഡോക്ടറില്ല.
2. മരുന്നില്ല.
3. പി.എച്ച്.സിയിൽ ജീവനക്കാരുടെ ഒഴിവ് നികത്തിയിട്ടില്ല.
4. കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല.
5. ഗൈനക്കോളജിസ്റ്റ് തുടങ്ങിയ സ്പെഷ്യലൈസ്ഡ് ഡോക്ടറില്ല. കാർട്ടേഴ്സില്ല.
6. ആശുപത്രി വികസന സമിതി ആശുപത്രി സുഹൃദ് സമിതി എന്നിവ മാസത്തിലൊരിക്കൽ സ്ഥിതി ഗതികൾ വിലയിരുത്താറില്ല.
7. സാംക്രമിക രോഗങ്ങൾ തടയാൻ നടപടിയില്ല.
8. ബോധവൽക്കരണ ക്ലാസുകൾ നടത്താറില്ല.
9. ഫീൽഡ് വർക്കർമാരുടെ സേവനം തൃപ്തികരമല്ല.
10. സബ് സെൻറുകളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല.
11. സബ് സെൻററുകൾ ഇല്ലാത്ത എല്ലാ വാർഡിലും ഇവ സ്ഥാപിക്കാനുള്ള നടപടിയില്ല.
12. സബ് സെൻററുകൾക്ക് ഭൂമി കിട്ടാനില്ല.
13. കുടിവെള്ളം, വൈദ്യുതി മുതലായവ സബ് സെൻററുകളിലും പി.എച്ച്.സിയിലും ലഭ്യമല്ല.
14. പി.എച്ച്.സിയിൽ അത്യാവശ്യമായ ടെസ്റ്റുകൾക്കു പോലും സൗകര്യമില്ല.
15. ആമ്പുലൻസിന് ഡ്രൈവർ ഇല്ല.

ആയുർവ്വേദ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടമില്ല.

ആവശ്യമായ മരുന്നുകൾ കിട്ടുന്നില്ല.

പഞ്ചായത്തിൽ സർക്കാർ തലത്തിൽ ഒരു ഹോമിയോ ഡിസ്പൻസറിയില്ല.

ആയുർവേദ ചികിത്സ എല്ലാ വാർഡിലും ലഭിക്കുന്നില്ല.

പ്രകൃതി ചികിത്സാ സൗകര്യം ഈ ഗ്രാമത്തിൽ ലഭിക്കുന്നില്ല.

മുകൾ കുട്ടികൾക്കുള്ള ആരോഗ്യ പദ്ധതി ശരിയായ രീതിയിൽ നടക്കുന്നില്ല.

സാമ്പത്തിക പരാധീനത കൊണ്ട് സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ കഴിയുന്നില്ല.

സ്ഥലകുറവ് പലർക്കുമുണ്ട്.

എല്ലാവർക്കും കക്കൂസ് വേണം എന്ന ബോധമില്ലാത്ത

നാഡുകൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ച്ചു ചവറുകൾ ഇടാറുണ്ട്.

ചില പ്രദേശങ്ങളിൽ അഴുക്കു വെള്ളം കെട്ടി നിൽക്കാറുണ്ട്.

പൊതു നിരത്തിന്നടുത്ത് വെച്ച് മാംസവും മത്സ്യവും വിൽപ്പന നടത്തുന്നു.

ചില തീരങ്ങളിലും പൊതു സ്ഥലങ്ങളിലും കന്നു കാലികളെ അറുക്കാറുണ്ട്.

വസരങ്ങളും സാധ്യതകളും

ഡോക്ടറുണ്ട് പി.എച്ച്.സിയിൽ മുഴുവൻ സമയ ഡോക്ടറേയും ആവശ്യമായ സ്റ്റാഫിനേയും നിയമിക്കേണ്ടതാണ്.

പി.എച്ച്.സി. യുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതി നടപ്പിലാക്കൽ.

രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.

പി.എച്ച്.സിയിൽ ഗൈനക്കോളജിസ്റ്റ്, ചൈൽഡ് സ്പെഷ്യലിസ്റ്റ് മുതലായ തസ്തിക അനുവദിച്ച് ഡോക്ടറെ നിയമിക്കുക. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് പണിതു കൊടുക്കുക.

5. മാസത്തിലൊരിക്കൽ ആശുപത്രി സുഹൃദ് സമിതിയും ആശുപത്രി വികസന സമിതിയും യോഗം ചേർന്ന് സ്ഥിതി ഗതികൾ വിലയിരുത്തേണ്ടതാണ്.

6. എല്ലാ വാർഡിലും മൂന്ന് മാസത്തിലൊരിക്കൽ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ ഫിലിം പ്രദർശനങ്ങൾ മുതലായവ നടത്തേണ്ടതാണ്.

7. ഫീൽഡ് വർക്കർമാരുടെ സേവനം കാര്യക്ഷമമാക്കേണ്ടതാണ്.

8. എല്ലാ സബ് സെൻററുകളിലും ആഴ്ചയിലൊരിക്കൽ ഡോക്ടർമാരുടെ സേവനവും മരുന്നും ലഭിക്കാനുള്ള പദ്ധതി വേണം. ഇതിന്നായി ഗ്രാമത്തിൽ 'ഫീൽഡ് ഡോക്ടർ' തസ്തിക അനുവദിക്കേണ്ടതാണ്.

9. സബ് സെൻറർ ഇല്ലാത്ത എല്ലാ വാർഡിലും ഇവ സ്ഥാപിക്കുവാനും ഇതിന്നാവശ്യമായ സ്ഥലം ജനപങ്കാളിത്തത്തോടെ ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം.

10. കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അവശ്യ ഘടകങ്ങൾ എല്ലാ സബ് സെൻററിലും ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

11. പബ്ലിക് ഹെൽത്ത് സെൻററിൽ എക്സ്റേ, ഇ.സി.ജി. തുടങ്ങിയ പരിശോധനക്കുള്ള ലാബുകൾ ആരംഭിക്കുക.

12. പി.എച്ച്.സി.യിലെ ഡ്രൈവർ തസ്തിക നികത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

13. ആയുർവേദ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടം സ്ഥാപിക്കാനുള്ള പദ്ധതി വേണം.


14. ആയുർവേദ മരുന്നുകൾ ലഭിക്കാനുള്ള നടപടികൾ വേണം.

15. സർക്കാർ തലത്തിൽ ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിച്ചു കിട്ടാനുള്ള നടപടിയുണ്ടാവണം.

16. ആയുർവേദ ചികിത്സാ ക്യാമ്പുകൾ ഇടക്കിടയ്ക്ക് എല്ലാ വാർഡിലും നടത്തേണ്ടതാണ്.

17. പ്രകൃതി ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

18. എല്ലാ വാർഡിലും ചപ്പു ചവറുകൾ നിക്ഷേപിക്കുവാനുള്ള കുപ്പത്തൊട്ടികൾ സ്ഥാപിക്കേണ്ടതാണ്.



19. സ്കൂൾ കുട്ടികൾക്ക് പ്രത്യേകമായി ഒരു സമഗ്ര ആരോഗ്യ പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടതാണ്.

20. കക്കൂസില്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള പൊതു നിധി സ്വരൂപിക്കുക, പൊതുജനപങ്കാളിത്തം ഉറപ്പാക്കുക.

21. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പൊതു കക്കൂസിനുള്ള സാധ്യത ആരായേണ്ടതാണ്.

22. തുറസ്സായ സ്ഥലങ്ങളിലും മലമൂത്ര വിസർജ്ജനം നിരുത്സാഹപ്പെടുത്തുകയും ബോധവൽക്കരണ പരിപാടികൾ, ഫിലിം പ്രദർശനങ്ങൾ എന്നിവ നടപ്പിലാക്കുകയും വേണം.

23. എല്ലാ വാർഡിലും പ്രധാന സ്ഥലങ്ങളിൽ ചപ്പു ചവറുകളിടാനുള്ള പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടതാണ്.

24. ഹോട്ടലുകൾ, വീടുകൾ എന്നിവിടങ്ങളിൽ നിന്ന് പുറന്തള്ളുന്ന മലിനജനം ഒഴുക്കിവിടാനുള്ള നടപടിയുണ്ടാവേണ്ടതാണ്.

25. മത്സ്യ-മാംസ മാർക്കറ്റുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

26. പഞ്ചായത്ത് തലത്തിൽ ഒരു പൊതു അറവു ശാല സ്ഥാപിക്കുക.

പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട മറ്റു പദ്ധതികൾ

വയോജന ആരോഗ്യ കേന്ദ്രം

സമൂഹത്തിലെ ആശ്രിത വിഭാഗമായ വയോജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന്നായി ഒരു വയോജന ആരോഗ്യ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രത്യേക പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകർക്ക് ചികിത്സ നൽകാവുന്നതും മാനസികവും ആരോഗ്യവുമായ ഉയർച്ചക്ക് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാവുന്നതുമാണ്.

ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സക്കെത്തുന്ന രോഗിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ച് അറിയുന്നത് രോഗ നിർണ്ണയത്തെ കൂടുതൽ സഹായിക്കും. അതിനാൽ ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

രക്ത ദാന സേന

അത്യാസന്ന ഘട്ടങ്ങളിൽ അത്യാവശ്യക്കാർക്ക് രക്തം ദാനം ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു 'രക്തദാന സേന' രൂപീകരിക്കുന്നതിന് നടപടിയുണ്ടാവണം. ഇതിന് സന്നദ്ധ, ബഹുജന സംഘടനകളുടെ സഹായം തേടാവുന്നതാണ്.

5

വ്യവസായം

ചരിത്രപരമായി, ഒരു വ്യാവസായിക അടിത്തറയുള്ള പ്രദേശമാണ് കരുവരകുണ്ട്.

വളരെ വർഷങ്ങൾക്കുമുമ്പുതന്നെ പല പ്രദേശങ്ങളിൽ നിന്നും ആളുകൾ ഈ പഞ്ചായത്തിലെ പാവിൽ എത്തുകയും അവിടെ നൂൽനൂല്പും പാവുമുണ്ടനെയ്ത്തും നടത്തുകയും ചെയ്തു എന്നതിനു തെളിവുകളുണ്ട്. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം ഇരുമ്പിനു ക്ഷാമം നേരിട്ട സമയത്ത് ബ്രിട്ടീഷുകാർ നിലമ്പൂർ ഷൊർണൂർ റെയിൽപ്പാത പൊളിച്ചുകൊണ്ടുപോയി. അതു പുനർ നിർമാണം നടത്തിയപ്പോൾ അതിനാവശ്യമായ സ്ലീപ്പർ ഇവിടെ നിന്നാണു കൊണ്ടുപോയിരുന്നത്.

എന്നാൽ ഇപ്പോൾ സഹകാര്യമേഖലയിലുള്ള ഏതാനും ചെറുകിട വ്യവസായ സ്ഥാപനങ്ങളും ഒരു അടയ്ക്കാ സംസ്ക്കരണ യൂണിറ്റ്, ഖാദി നൂൽ ഉല്പദാന കേന്ദ്രം, എന്നീ വനിതാ സംരംഭങ്ങളും പപ്പട നിർമ്മാണം, അച്ചാർ നിർമാണം, കൊട്ട-മുറം-പരമ്പ് നിർമാണം തുടങ്ങിയ പാരമ്പര്യ കുടിൽ വ്യവസായങ്ങളും മാത്രമാണുള്ളത്. ഈ മേഖലയിൽ ഏകദേശം 425 ആളുകൾ പണിയെടുക്കുന്നു. ഇതിൽ 52 ആളുകൾ സ്ത്രീകളാണ്.

വൈദ്യുത പ്രതിസന്ധിയാണ് വ്യവസായ രംഗം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം.

എങ്കിലും വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ അനുകൂല ഘടകങ്ങളും ഇപ്പോൾ ഈ പഞ്ചായത്തിലുണ്ട്.ഇവിടത്തെ പ്രധാന കാർഷികോല്പന്നങ്ങളാണല്ലോ റബ്ബർ, അടയ്ക്ക, തേങ്ങ, എന്നിവ, ഇതിനു പുറമേ വിവിധ ഇനത്തിൽപ്പെട്ട ധാരാളം മരങ്ങളും ഇവിടെയുണ്ട്. ഔഷധ സസ്യങ്ങളും ഇവിടെ സുലഭമാണ്. ഇതിനു പുറമേ ഉയർന്ന സാക്ഷരത, ആരോഗ്യപരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ ഉപഭോഗ നിലവാരം, അദ്ധ്വാന ശീലരായ മനുഷ്യർ എന്നിവയുമുണ്ട്.

ഇതൊക്കെ വ്യവസായ വളർച്ചയ്ക്ക് അനുകൂലമാണ്.

പ്രശ്നങ്ങൾ

1. മുഖ്യ കാർഷിക വിളകളായ റബ്ബർ, അടയ്ക്ക എന്നിവ വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.

2. വൈദ്യുതി വിതരണത്തിലെ പ്രശ്നങ്ങൾ

3. സാങ്കേതിക പരിജ്ഞാനക്കുറവ്.

4. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ.

5. പ്രേരണക്കുറവ്.


7. വ്യവസായ മേഖലകളുമായുള്ള സമ്പർക്കക്കുറവ്

8. ബോധവത്ക്കരണക്കുറവ്

9. സ്ത്രീകൾക്കിടയിലെ കുറഞ്ഞ കൂലിനിരക്ക്.

10. പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്കു അസംസ്കൃത പദാർത്ഥം ലഭ്യമാക്കുന്നില്ല.

11. സൗകര്യപ്രദമായ ഭൂമിയുടെ അഭാവം.



സാധ്യതകൾ

1. റബ്ബർ അടിസ്ഥാനമാക്കി ചെറുതും വലുതുമായ വിവിധ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

2. റബ്ബർത്തടി സംസ്കരണ വ്യവസായം.

3. റബ്ബർക്കുരു സംസ്കരണം.

4. അടയ്ക്കാ സംസ്കരണം.

5. കൊപ്ര സംസ്കരണം.

6. വെളിച്ചെണ്ണ ഉല്പാദനം.

7. കയർ നിർമാണം.

8. നാളികേരം അടിസ്ഥാനമാക്കിയുള്ള വിവിധ ഉല്പന്നങ്ങൾ.

9. ചിരട്ട അടിസ്ഥാനമാക്കിയുള്ള കരകൗശല വസ്തുക്കൾ.

10. തെങ്ങോല സംസ്കരണ വ്യവസായം

11. ചിപ്സ്, അച്ചാർ യൂണിറ്റുകൾ

12. റബ്ബർ ചില്ല്, റബർക്കമ്പി നിർമ്മാണയൂണിറ്റ്

13. കന്നുകാലിത്തീറ്റ നിർമ്മാണ യൂണിറ്റ്

14. ജൈവ വള നിർമ്മാണയൂണിറ്റ്

15. വാഴനാര്, കൈതനാര് എന്നിവ ഉപയോഗിച്ചുള്ള ഫാൻസിഫൈബർ യൂണിറ്റ്.

16. ആയുർവേദ ഔഷധ നിർമ്മാണം.

17. ഓട്ടോ മൊബയിൽ വർക്ക് ഷോപ്പ്.

18. ജനറൽ എഞ്ചിനീയറിംഗ്.

19. വിനാഗിരി നിർമാണം.

20. സ്കൂൾ ബാഗ് നിർമാണം.

21. പാൽ ഉല്പന്നങ്ങൾ

22. പേപ്പർ കവർ നിർമാണം

23. ഇഷ്ടിക നിർമാണം.

ഇവയ്ക്കു പുറമെ കരുവാരകുണ്ടിലെ സാമ്പത്തിക ഭദ്രതയുള്ളവരേയും ഗൾഫ് മലായളികളേയും കൂട്ടിയിണക്കി സഹകരണ അടിസ്ഥാനത്തിൽ ഒരു വൻകിട റബ്ബർ ഫാക്ടറിയ്ക്ക് ശ്രമിക്കേണ്ടതാണ്. അതോടെപ്പം കേരളാംകുണ്ട് വെള്ളച്ചാട്ടം പ്രയോജനപ്പെടുത്തി ഒരു ജല വൈദ്യുത പദ്ധതി ആരംഭിക്കാവുന്നതാണ്. ഇതിനുള്ള സമ്മർദ്ദം ശക്തമാക്കണം.

6

ഊർജ്ജം, ഗതാഗതം

1962

ജൂൺ 6-ാം തിയ്യതി, കരുവാരകുണ്ടിൽ ആദ്യമായി വിദ്യുത് വിളക്കുകൾ പ്രകാശം പരത്തി. നീണ്ട വർഷങ്ങൾ പിന്നിട്ടിട്ടും പഞ്ചായത്തിന്റെ മിക്കപ്രദേശങ്ങളിലും ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി കടന്നു ചെന്നിട്ടില്ല.

പൂർവ്വകാലത്ത് പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളിൽ ആശ്രയിച്ചിരുന്നതും പാചക ഇന്ധനവുമായ വിറക് സുലഭമായും സൗജന്യമായും ലഭിച്ചിരുന്നു.

കാട്ടുതടികൾ കൂട്ടി ചൂളവെച്ച് കരിയുണ്ടാക്കി പുറം നാടുകളിൽ എത്തിച്ചിരുന്ന സംഘങ്ങളും ഇവിടെയുണ്ടായിരുന്നു.

ജനസംഖ്യാ വർധനവും കുടിയേറ്റ കർഷകരുടെ വരവും മലകളിൽ നിന്നും കാടുകളിൽ നിന്നും യഥേഷ്ടം വിറക് ശേഖരിക്കുന്നതിനും കരി ഉൽപ്പാദനത്തിന്നും തടസ്സമാവുകയും വിറകിന്റെറയും കരിയുടെയും ലഭ്യത കുറച്ചു വരികയും ചെയ്തു.

കരി ഉപയോഗിച്ച് ഓടിയിരുന്ന ഇന്ത്യൻ ബസ്സിന്റെ അവസാന തലമുറയിലെ ആളുകൾ ആവേശത്തോടെ ഓർക്കാറുണ്ട്. വീട്ടാവശ്യങ്ങൾക്കുള്ള വിറക് ശേഖരിക്കുന്നതിന് സ്ത്രീകൾ കൂട്ടം കൂട്ടമായി മലയോരങ്ങളിൽ പോയിരുന്നത് സാധാരണയായിരുന്നു.

നാണ്യവിളകളുടെ കടന്നു കയറ്റം മൂലം ഭൂപ്രദേശത്തിന്റെറ എല്ലാ ഭാഗവും കൃഷിക്കു ഉപയുക്തമാക്കിയതും ജന വാസ കേന്ദ്രങ്ങൾ അധികരിച്ചതും വിറക് ലഭ്യത കുറയാൻ കാരണമായി.

ഇന്നും ഗാർഹിക പാചകാവശ്യങ്ങൾക്ക് ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് വിറകിനെ തന്നെതാണ്. പാചകത്തിനും മറ്റു ഗാർഹികാവശ്യങ്ങൾക്കുമുള്ള മണ്ണെണ്ണ റേഷൻ കടയിലൂടെ വേണ്ടത്ര ലഭിക്കാത്തതും വൈദ്യുതി ക്ഷാമവും പാചകവാതക കണക്ഷൻ വ്യാപകമാവാത്തതും വിറകിന്റെറ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കൂടാതെ പാചകാവശ്യത്തിന്നായി തെങ്ങുൽപ്പന്നങ്ങൾ, കമുകുൽപ്പന്നങ്ങൾ, റബ്ബർ കായതോട് എന്നിവയും ഉപയോഗിച്ചുവരുന്നു.

1957-ൽ തന്നെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന്ന് കേരളാംകുണ്ട് ജലസ്രോതസ്സിനെ ഉപയോഗപ്പെടുത്താമെന്ന നിർദ്ദേശമുണ്ടായിരുന്നു.

1964ൽ ജൂൺ 5-ാം തീയതി ചേർന്ന പഞ്ചായത്ത് ബോർഡ് യോഗം തരിശ്, ഇരിങ്ങാട്ടിരി, കൂട്ടത്തി എന്നിവിടങ്ങളിലേക്ക് ഇലക്ട്രിസിറ്റി ലൈൻ നീട്ടികിടാൻ ആവശ്യപ്പെട്ടിരുന്നു. 32 വർഷത്തിലേറെ കാലമായി സം

ഘടിത ശ്രമങ്ങൾ നടത്തിയിട്ടും ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങളിവിടെയുണ്ട്.

വോൾട്ടത കുറവ് രൂക്ഷമായ ഇവിടെ പരാതി പറയാനോ പരിഹരിക്കാനോ വിദ്യുച്ഛക്തി വകുപ്പിന്റെ ഒരു ഓഫീസ് പോലുമില്ല.

ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ് 22 കി.മീ. അകലെയും സബ്ബ് എഞ്ചിനീയറുടെ ഓഫീസ് 8. കി.മീ. അകലെയുമാണ് സ്ഥിതി ചെയ്യുന്നത്.

കരുവാരക്കുണ്ട് പഞ്ചായത്തിലെ ഇന്ധന ഉപയോഗത്തെ പ്രധാനമായും ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം എന്നിങ്ങനെ നാലായി തരം തിരിക്കാം.

ഗാർഹികം


ഭൂരിഭാഗം വീടുകളിലും പാചക ഇന്ധനമായി ഉപയോഗിച്ചുവരുന്നത് വിറകാണ്. വിറക് ലഭ്യതക്കുറവു മൂലം മരക്കച്ചവടക്കാരിൽ നിന്നും ഈർച്ചമില്ലുകളിൽ നിന്നും വൻ തുക കൊടുത്ത് വാങ്ങേണ്ടി വരുന്നു. വിറകിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന ഊർജ്ജത്തിന്റെ വലിയൊരു ശതമാനം ശാസ്ത്രീയമായ അടുപ്പു സംവിധാനങ്ങളില്ലാത്തതിനാൽ നഷ്ടപ്പെടുന്നു.

കരുവാരക്കുണ്ടിലെ 2082 കുടുംബങ്ങൾ മാത്രമാണ് ഗാർഹികാവശ്യങ്ങൾക്കുവേണ്ടി വൈദ്യുതി ഉപയോഗിക്കുന്നത്. വോൾട്ടത കുറവും കറൻറുകട്ടും ഇടക്കിടെയുള്ള വൈദ്യുതിയുടെ ഒളിച്ചു കളിയും നിമിത്തം പാചകാവശ്യത്തിന്നും മറ്റും വൈദ്യുതിയെ ആശ്രയിക്കുന്നവർ വളരെ കുറവാണ്. അതുപോലെ ബഹുഭൂരിഭാഗം വീടുകളിൽ വൈദ്യുതി എത്തിനിട്ടില്ല. 128 ഓളം അപേക്ഷകർ ഇനിയും കണക്ഷനുവേണ്ടി കാത്തിരിക്കുന്നു.

വാണിജ്യം

വാണിജ്യ ഊർജ്ജ സ്രോതസ്സുകളിൽ പ്രധാനപ്പെട്ട ഒരിനമാണ് മണ്ണെണ്ണ. വൈദ്യുതീകരിക്കപ്പെട്ട വീടുകളിൽ വിളക്കു കത്തിക്കാനാണ് മണ്ണെണ്ണ കൂടുതൽ ഉപയോഗിക്കുന്നത്. രാത്രികാലങ്ങളിലുള്ള വോൾട്ടത കുറവും കറൻറ് കട്ടും സ്ഥിരമായി ഉണ്ടാവാറുള്ള പ്രദേശമായതിനാൽ വൈദ്യുതീകരിച്ച വീടുകളിലും വെളിച്ചത്തിനു

കേരളം കണ്ട് വെളിച്ചോത്സവം



...ടി മണ്ണെണ്ണയെ ശരണം പ്രാപിക്കുന്നു.

...വൈദ്യുതീകരിച്ചതും അല്ലാത്തവയുമായ വീടുകളെ സംബന്ധിച്ച വിവരം

(പട്ടിക 1)

...കര...	വൈദ്യുതീകരിച്ച വീടുകൾ	വൈദുതീകരിക്കാത്തവ	കണക്ഷൻ കിട്ടാനുള്ള അപേക്ഷകർ	
...252	2082	3270	ഓർഡിനറി	62
			OTP	NIL
			OYEC	66
			ആകെ	128

(അവലംബം MESO)

...ഷികം

...ഷികരംഗത്തെ ഇന്ധന ഉപയോഗം മണ്ണെണ്ണ, ..., വൈദ്യുതി എന്നിവയെ ആശ്രയിച്ചാണിരി ...849 പമ്പുസെറ്റുകൾ കാർഷികാവശ്യത്തിന്നായി ...ഗിച്ചുവരുന്നു. ഇവയിൽ 99 എണ്ണം വൈദ്യുതി ...ഗിച്ചും 750 പമ്പുസെറ്റ് മണ്ണെണ്ണയും ഡീസലും ...ഗിച്ചും പ്രവർത്തിക്കുന്നു.

...വസായികം

...വസായ സ്ഥാപനങ്ങളാണ് വൈദ്യുതി പ്ര ...പ്പെടുത്തുന്നത്. ഇവ കടുത്ത വൈദ്യുതി ക്ഷാമ ...നുന്നു. പുതിയ വ്യവസായ സംരഭകരുടെ ...കുറവിനുള്ള പ്രധാന കാരണവും വൈദ്യുതി ...ധിയാണ്.

...ർജ്ജ ഉപയോഗത്തെ വിശകലനം ചെയ്യുമ്പോൾ ...ക്കാൻ കഴിയുന്നത് ആധുനിക ഊർജ്ജ സ്രോ ...വൈദ്യുതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാ ...ടികളുണ്ടാവണമെന്നതാണ്.

...വ് വിളക്കുകൾ

...ത്ത് ബോർഡിന്റെ ആദ്യകാലങ്ങളിൽ തന്നെ ...ഴികളിൽ മണ്ണെണ്ണ വിളക്കുകൾ കത്തിച്ചു ...സമ്പ്രദായം ഉണ്ടായിരുന്നു. വൈദ്യുതിയുടെ ...മണ്ണെണ്ണ വിളക്കുകൾ അപ്രത്യക്ഷമാവുകയും ...വിളക്കുകൾ നിലവിൽ വരികയും ചെയ്തു.

തെരുവു വിളിക്കുകൾ സംബന്ധിച്ച വിവരം.

(പട്ടിക 2)

വാർഡ്	വിളക്കുകളുടെ എണ്ണം				ആകെ
	വേപ്പർ ലാമ്പ്	ഫ്ലൂ ലാമ്പ്	ബൾബ്	മറ്റുള്ളവ	
1	-	-	-	-	-
2	2	-	10	-	12
3	2	-	8	-	28
4	3	-	25	-	28
5	4	-	30	-	34
6	2	-	15	-	16
7	1	-	7	-	8
8	-	-	-	-	-
9	1	-	18	-	19
10	-	-	3	-	3
11	2	-	20	-	20
12	1	-	5	-	6
13	-	-	-	-	-
ആകെ	18		138		156

(അവലംബം പഞ്ചായത്ത് രേഖ)

മുകളിൽ കൊടുത്ത കണക്കുകൾ സൂചിപ്പിക്കുന്നത് വൈദ്യുത തെരുവു. വിളക്കുകൾ സ്ഥാപിക്കാത്ത പ്രദേശങ്ങളിനിയുമുണ്ടെന്നതാണ്.

ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന പ്രധാന പ്രശ്നങ്ങൾ

- മിക്ക ഉൾ പ്രദേശങ്ങളിലും വൈദ്യുതിയില്ല.
- വൈദ്യുതി ബോർഡിന്റെ മേജർ സെക്ഷൻ ഓഫീസ് 22 കി.മീ. അപ്പുറത്തും സബ്ബ് എഞ്ചിനീയറുടെ ഓഫീസ് 8 കി.മീ. അപ്പുറത്തുമാണുള്ളത്.
- പ്രേഷണ വിതരണ രംഗത്തെ പ്രശ്നങ്ങൾ
- ഹരിജൻ കോളനികളിൽ വൈദ്യുതിയില്ല.
- കറൻറ് കട്ട്, വോൾട്ടേജ് കമ്മി എന്നിവ ജനജീവിതം ദുസ്സഹമാക്കുന്നു
- കാലഹരണപ്പെട്ട ഇലക്ട്രിക്ക് ലൈനുകളും പോ

സ്റ്റുകളും യഥാസമയങ്ങളിൽ റിപ്പയർ ചെയ്യുന്നില്ല.

- ഒന്ന്, എട്ട്, പതിമൂന്ന് വാർഡുകളിൽ തെരുവു വിളക്കുകളില്ല.
- ദക്ഷത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുന്നില്ല.
- മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ല.
- പാചക വാതക വിതരണത്തിന്നുള്ള ഗവ: എജൻസിയില്ല.
- അനർട്ടിന്റെ ഇലക്ട്രോണിക്ക് ചോക്ക്, വിളക്ക്, അടുപ്പ് മുതലായ കിട്ടാനില്ല.
- കാർഷിക, വ്യവസായ സംരംഭങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ കിട്ടാനുള്ള കാലതാമസം.

അടിയന്തിരമായി വൈദ്യുതി എത്തിക്കേണ്ട പ്രദേശങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

വാർഡ്	പ്രദേശങ്ങൾ
I	പുറ്റള ഗിരിജൻ കോളനി
II	പുളിംകടവ്, കേലംപറ്റ, കൂനംമാവ്, ചെമ്മലപടി, തെയ്യട്ടികുന്ന് കോളനി.
III	അമ്പലക്കുന്ന് കോളനി ചൂരക്കുന്ന് കോളനി, ചീനിക്കുന്ന്, വാക്കോട്.
V	നാഗത്താൻകുന്ന് കോളനി, ചിറക്കോട്, മിനി സ്റ്റേഡിയം, വീട്ടിച്ചോല
VI	നങ്ങാടിക്കുന്ന്, ചക്കാലക്കുന്ന് താഴെ ഭാഗം. തരിശ്-കക്കറ റോഡ് ഭാഗം.
VII	തുരുമ്പോട, പന്നിക്കുന്ന് കോളനി, കൽവെട്ടക്കുരൽ,
VIII	കക്കറ, മുള്ളറ, പാവ്, കടലുണ്ട, കുണ്ടോട താഴെ ഭാഗം(പൊട്ടക്കണ്ണി)
IX	കരിങ്കന്തോണി,
X	അയ്യപ്പൻകാവ്, പയ്യാക്കോട്
XI	ചെമ്പൻകുന്ന് ഭവനം പറമ്പ്, പൂളക്കുന്ന്
XII	ചാമക്കുന്ന്, വീട്ടിക്കുന്ന്, കിഴക്കേക്കുന്ന്.
XIII	ചക്കംപ്ലാവ്, വേളിപ്പാടം, പാലക്കുന്ന്, ചാമക്കുന്ന്, അമ്പലക്കുന്ന്, കൊടക്കാടൻ ചോല

സാധ്യതകളും പരിഹാരങ്ങളും

1 വൈദ്യുതി എത്താത്ത എല്ലാ പ്രദേശത്തും വൈദ്യുതി എത്തിക്കേണ്ടതാണ്. 11 കെ.വി. ലൈൻ കടന്ന് പോവുന്ന മുള്ളറയിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയാണെങ്കിൽ തദ്ദേശവാസികൾക്ക് വൈദ്യുതി കണക്ഷൻ വേഗത്തിൽ ലഭിക്കും.

2 വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസ് സ്ഥാപിക്കേണ്ടതാണ്.

3 പോഷണ വിതരണ രംഗത്തെ അപാകതകൾ പരിഹരിക്കാനുള്ള പ്രാദേശിക സംവിധാനം നടപ്പിലാക്കുക.

4 എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി എത്തിക്കാനുള്ള നടപടികളുണ്ടാവണം.

5 കാലഹരണപ്പെട്ട ഇലക്ട്രിക്ക് ലൈനുകളും പോസ്റ്റുകളും യഥാസമയം റിപ്പയർ ചെയ്യാനുള്ള നടപടിയുണ്ടാവണം.

6 ഒന്ന്, എട്ട്, പതിമൂന്ന് വാർഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

7 ദക്ഷതയുള്ള നവീന അടുപ്പുകൾ പ്രചരിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക. ഇതിന്നായി അനർട്ടിന്റെ സഹായം തേടാവുന്നതാണ്.

8 പാചകത്തിന്നും മറ്റു ആവശ്യങ്ങൾക്കും വേണ്ട മണ്ണെണ്ണ കൂടാട്ട വർദ്ധിപ്പിക്കേണ്ടതാണ്.

9 സർക്കാർ തലത്തിൽ പാചക വാതക വിതരണത്തിന്നുള്ള ഒരു ഏജൻസി കരുവാരക്കുണ്ടിൽ സ്ഥാപിച്ചു കിട്ടുന്നതിന്നുവേണ്ട നടപടിയുണ്ടാവണം.

10 അനർട്ടിന്റെ ഇലക്ട്രോണിക്ക് ചോക്ക്, വിളക്ക്, അടുപ്പ് മുതലായവ ആവശ്യക്കാർക്ക് ലഭിക്കാനുള്ള നടപടികളുണ്ടാവണം.

11 കാർഷിക, വ്യവസായ സംരഭങ്ങൾക്കുവേണ്ടിയുള്ള വൈദ്യുതി കണക്ഷൻ പെട്ടെന്ന് ലഭ്യമാക്കാൻ വേണ്ട നടപടികളുണ്ടാവണം.

12 കെ.എസ്.ഇ.ബി. പ്രവർത്തനം വികേന്ദ്രീകരിക്കുക. മിനി മൈക്രോ പ്രൊജക്ടുകൾ നിർമ്മിക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് അധികാരം നൽകുക.

13 വിറകിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന്ന് പൊതു സ്ഥാപനങ്ങൾ റോഡിന്റെ വശങ്ങൾ, പുറമ്പോക്ക്

ഴുന്നിവിടങ്ങളിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക.

പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകൾ എടുത്തുമാറ്റി പുതിയവ സ്ഥാപിക്കുക. ആവശ്യമുള്ള സ്ഥലത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിച്ചും വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട ചില പദ്ധതികൾ

(1) കേരളാംക്കുണ്ട് മിനി ജലവൈദ്യുത പദ്ധതി

വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് ശാശ്വത പരിഹാര നടപടികളാണ് ആവശ്യമായിട്ടുള്ളത്. പ്രാദേശിക തലത്തിലെ ജലസ്രോതസ്സുകളുപയോഗപ്പെടുത്തി മിനിജല വൈദ്യുത പദ്ധതികൾ ആരംഭിക്കേണ്ടതാണെന്ന അഭിപ്രായം എല്ലാ ഗ്രാമസഭയിലും ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്.

പ്രകൃതി ദത്ത വെള്ളച്ചാട്ടമായ കേരളാംക്കുണ്ട് ഉപയോഗപ്പെടുത്തി ഒരു മിനി ജലവൈദ്യുത പദ്ധതി ആരംഭിക്കേണ്ടതാണ്.

(2) മലിപ്പുഴ ജലവിതരണ വൈദ്യുത പദ്ധതി

കേരളാം ചോലയുടെ മുകളിൽ നിന്ന് സർക്കാർ വനഭൂമിയിലൂടെ ഒഴുകുന്ന പുഴക്ക് ഡൈവേഴ്ഷൻ ഡാം കെട്ടി പെൻസ്റ്റോക്ക് പൈപ്പിലേക്ക് ജലം തിരിച്ചു വിട്ടുകൊണ്ട് ഒരു ഒലി ജല വിതരണ വൈദ്യുത പദ്ധതി ആരംഭിക്കുക. ഇതിലൂടെ ഇവിടേക്കാവശ്യമായ വൈദ്യുതിയും ശുദ്ധ ജലവും ലഭ്യമാക്കാനാണ് വിദഗ്ധാഭിപ്രായം.

(3) സബ്സ്റ്റേഷൻ

വൈദ്യുതി പ്രതിസന്ധി പരിഹാരിക്കുന്നതിന്ന് വേണ്ടി പഞ്ചായത്തിൽ ഒരു 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതാണ്.

ഗതാഗതം

ഗതാഗതത്തിന് റോഡുകളെ മാത്രം ആശ്രയിക്കുന്ന അവസ്ഥയാണിത്. നിലവിലുള്ള റോഡുകൾ ഗതാഗത പോരായ്മകൾ നിറവേറ്റുന്നതിന്ന് അപര്യാപ്തമാണ്. ഭൂമിയുടെ കിടപ്പും കാലവസ്ഥയുടെ പ്രത്യേകതയും റോഡുകളുടെ നിലനിൽപ്പിനും സുരക്ഷിതത്വത്തിനും ഭീഷണിയാണ്. അക്കാരണത്താൽ തന്നെ നിലവിലുള്ള റോഡുകൾ കൂടുതൽ ഭദ്രമാക്കുന്നതോടൊപ്പം പുതുതായി നിർമ്മിക്കുന്നവ കൂടുതൽ ബലവത്തായി നിലനിർത്തേണ്ടതായും വന്നിരിക്കുന്നു.

ഇവിടെത്തെ ഏറ്റവും പഴക്കമുള്ള റോഡ്, ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച മഞ്ചേരി-കാളികാവ് റോഡാണ്. ഇതിന് ഏഴ് കിലോ മീറ്റർ നീളമുണ്ട്. സ്റ്റേറ്റ് ഹൈവേയുടെ ഭാഗമാണ് ഈ റോഡ്.

ഇരിങ്ങാട്ടിരി പാലം തുറന്നതോടെ കരുവാരകുണ്ട്-പെരിന്തൽമണ്ണ ഗതാഗതം സുഗമമാവുകയും പഞ്ചായത്തിന്റെ സിരാ കേന്ദ്രമായ കിഴക്കേതലയുടെ വളർച്ചക്ക് ആക്കം കൂടുകയും ചെയ്തു.

കാർഷിക മേഖലയായ കരുവാരകുണ്ടിന് ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന്നും മറ്റു അത്യാവശ്യകാര്യങ്ങൾക്കും ഗതാഗത സൗകര്യങ്ങൾ വേണ്ടത്രയില്ല.

പുൽവെട്ട, കക്കറ, കരിങ്കത്തോണി, മുള്ളറ, ചേരി തുടങ്ങിയ പ്രദേശങ്ങൾ, ഗതാഗത സൗകര്യക്കുറവു മൂലം പലപ്പോഴും ഒറ്റപ്പെടുന്നു. മലയോരങ്ങളിൽ സ്ഥിര താമസമാക്കിയവർക്ക് ബാഹ്യലോകവുമായി ബന്ധപ്പെടുവാൻ കഴിയാറില്ല. പി.ഡബ്ലി.യു. ഡി റോഡ് കഴിഞ്ഞാൽ പ്രധാനപ്പെട്ട റോഡ് കിഴക്കേതല-അട്ടപ്പാടി റോഡിന്റെ ഭാഗമായ കൽക്കുണ്ട് റോഡാണ്. ഇത് 5 കി.മീ. ദൂരം ടാർ ചെയ്തിട്ടുണ്ട്.

ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾ ഇവിടത്തെ റോഡുകളുടെ നില തകരാറിലാക്കുന്നു. അതുകൊണ്ട് ഭീമമായൊരു സംഖ്യ റോഡിന്റെ അറ്റകുറ്റ പണികൾക്കായി കൊല്ലം തോറും ചെലവഴിക്കേണ്ടി വരുന്നു.

പ്രധാനപ്പെട്ട റോഡുകളിൽ ഒന്നാണ് കേരള-മഞ്ഞൾപ്പാറ, ആർത്തല റോഡ്. 2. കി.മീ. ദൂരം ടാർ ചെയ്ത ഈ റോഡ് കർഷകരും തോട്ടം തൊഴിലാളികളും തിങ്ങിത്താമസിക്കുന്ന ഒന്ന്, രണ്ട് വാർഡുകളെ പുറം ലോകവുമായി ബന്ധിപ്പിക്കുന്നു.

മരുതുങ്ങൽ-നീലാഞ്ചേരി കാളികാവ് റോഡ്, 3.കി.മീ ദൂരം ടാർ ചെയ്തിട്ടുണ്ട്. കരുവാരകുണ്ട്, തുവ്വൂർ, കാളികാവ് ഗ്രാമപഞ്ചായത്തുകളെ കൂട്ടിയിണക്കുന്നു ഈ റോഡ്. പുന്നക്കാട്-വാക്കോട്, കൂട്ടത്തി റോഡ്, വാക്കോട് പ്രദേശത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കാൻ പര്യാപ്തമായ റോഡാണ്.

ഇരിങ്ങാട്ടിരി-കൽവേരി മൗണ്ട് റോഡ് ഇരിങ്ങാട്ടിരി, പയ്യാക്കോട്, പുൽവെട്ട, കൽക്കുണ്ട്, തരിശ് എന്നീ വാർഡുകളെ ബന്ധിപ്പിക്കുന്നു. ഏകദേശം ആറ് കിലോമീറ്റർ ദൂരം ഇതിന്നുണ്ട്. 300 മീറ്റർ ദൂരം ഇത് ടാർ ചെയ്തിട്ടുണ്ട്.

ഖാൻ ഖാഹ്-പുൽവെട്ട റോഡ് ജനപങ്കാളിത്തത്തോടെ നിർമ്മിച്ചവയിൽ പെടുന്നു. ഒലിപ്പുഴയിൽ ഒരു കോസ് വേ നിർമ്മിച്ച് ഈ റോഡിനെ പുൽവെട്ടയുമായി ബന്ധിപ്പിക്കുവാൻ 6 ലക്ഷത്തിന് ടെണ്ടർ കൊടുത്ത് നിർമ്മാണ പ്രവൃത്തി തുടങ്ങിയിരുന്നു. ഇതിന്റെ 30%തുക (1.8 ലക്ഷം) പഞ്ചായത്തും വഹിച്ചിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ പണി നിർത്തി വെയ്ക്കുകയും റീ എസ്റ്റിമേറ്റ് തയ്യാറാക്കി 12 ലക്ഷം രൂപയാക്കി ഉയർത്തുകയും ചെയ്തെങ്കിലും സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ വീണ്ടും പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

ഈ പഞ്ചായത്തിലൂടെ ഒരൊറ്റ കെ.എസ്.ആർ.ടിസി. ബസ്സുപോലും കടന്നു പോകുന്നില്ല എന്നത് എടുത്തു പറയേണ്ട ഒരു വസ്തുതയാണ്. ഗതാഗത വകുപ്പ് ഈ പ്രദേശത്തോടു കാണിക്കുന്ന അവഗണന ജില്ലയ്ക്കുള്ളിലും ജില്ലയ്ക്കു പുറത്തേക്കുമുള്ള യാത്രയെ കാര്യമായി ബാധിക്കുന്നു.

തരിശ്-നന്നങ്ങാടിക്കുന്ന് റോഡ് ഖാൻ ഖാഹ് റോഡുമായി ബന്ധിപ്പിച്ച് കരുവാരകുണ്ട് അങ്ങാടിയിലേക്കുള്ള ഗതാഗത സൗകര്യം വർധിപ്പിക്കാവുന്നതാണ്. തരിശ് അങ്ങാടിയിൽ നിന്ന് പെരിന്തൽമണ്ണ, മഞ്ചേരി, നിലമ്പൂർ, ഭാഗങ്ങളിലേക്ക് പുതിയ ബസ് സർവീസുകൾ ആരംഭിച്ച് അവികസിതമായ ഈ പ്രദേശത്തിന്റെ വളർച്ച ത്വരിതപ്പെടുത്തേണ്ടതാണ്.

കരുവാരകുണ്ടിന്റെ ആസ്ഥാനമായ കിഴക്കേ തലയിലെ ഗതാഗത കുരുക്കുകൾ ഒഴിവാക്കുന്നതിന് മരുതുങ്ങൽ-കണ്ണത്ത് റോഡ് വീതി കൂട്ടി ടാർ ചെയ്ത് ബൈ പാസ് ആയി ഉപയോഗിക്കാൻ കഴിയും.

ടാർ ചെയ്ത റോഡുകൾ

പട്ടിക.1

നമ്പർ	വാർഡ്	റോഡ്	ഉടമസ്ഥത	ദൂരം കി.മീ	ബസ് സർവീസ്
1.	XI	പൊടുവണ്ണി-അരിമണൽ (മഞ്ചേരി-നിലമ്പൂർ റോഡ്)	PWD	6.5	ഉണ്ട്
2.	XIII	പുത്തനഴി-ചുങ്കം(പെരിന്തൽമണ്ണ-കരുവാരകുണ്ട്	PWD	4	ഉണ്ട്
3.	V	കിഴക്കേതല-കൽകുണ്ട്	പഞ്ചായത്ത്	4.5	ഉണ്ട്
4.	II	കേരള-മുഞ്ഞൾപ്പാറ	,,	2	ഭാഗികം
5	II	അരി മണൽ-നീലാഞ്ചേരി	,,	1	ഉണ്ട്
6.	IV	മരുതുങ്ങൽ-നീലാഞ്ചേരി	,,	2.5	ഉണ്ട്
7.	IV	അങ്ങാടി-എച്ച്.എസ്.റോഡ്	,,	0.6	ഇല്ല.
8.	V	കിഴക്കേത്തല-നാഗത്താൻ കുന്ന്	,,	0.5	ഇല്ല
9.	VI	മുക്കട്ട-തരിശ്-കുണ്ടോട	,,	0.5	ഭാഗികം
10.	VI	തരിശ്-നന്നങ്ങാടി	,,	0.150	ഇല്ല
11	XI	പുന്നക്കാട്-വാക്കോട്	,,	1	ഇല്ല
12	XI	നജാത്ത് റോഡ്	സ്വകാര്യം	0.5	ഇല്ല
13	XIII	പുത്തനഴി-പുളിയക്കോട്	പഞ്ചായത്ത്	1.5	ഉണ്ട്

(അവലംബം പഞ്ചായത്ത് രേഖ)

കരുവാരകുണ്ടിൽ 10.5 കിലോമീറ്റർ ദൂരം പി.ഡബ്ലിയു. ഡി. റോഡും 14.5 കി.മീ ദൂരം പഞ്ചായത്ത് റോഡും 0.5 കി.മീ ദൂരം സ്വകാര്യ റോഡും ടാർ ചെയ്തിട്ടുണ്ട്.

ബൂത്തിന്റെ പേര്	ചെയ്തത്	മാറ്റി ചെയ്യാനുള്ളത്	ചെയ്തത്	ടാർ ചെയ്യാനുള്ളത്	റിടാറിംഗ് വേണ്ടത്	പാലം വേണ്ടത്	അറ്റകുറ്റ പണി വേണ്ടത്
മഞ്ഞൾപ്പാറ-ആർത്തല		✓		✓	✓		
ആലിക്കോട്-പാറശ്ശേരി		✓					
പാന്ത-ചെമ്പൻ കാട്		✓					
മുക്കട്ട-താഴെ പാന്ത്ര		✓					
മഞ്ഞൾപാറ-പോത്തൻകാട്		✓					
കോള ചിലമ്പില കൈ-കുട്ടത്തി		✓					
കോള ഐനിക്കോട്ടു പാടം		✓					
പുതിയ കട-കേലംപറ്റ		✓					
പൊട്ടാറ-പുളിങ്കടവ്		✓					
പൂച്ചപ്പടി-കുനമ്മാടവ്		✓					
താണിക്കുത്ത്-കുട്ടത്തി		✓					
വാക്കോട്-കൊയ്ത്തകുണ്ട്		✓					
പുന്നക്കാട്-കുട്ടത്തി		✓	✓	✓	✓		
കൊയ്ത്തക്കുണ്ട്-കിളിക്കോട്		✓					
പുഴുത്തട്ടി-ഹരിജൻ കോളനി		✓					
അരിമണൽ-നീലാഞ്ചേരി	✓		✓	✓			
സ്കൂൾ പടി-ബാലൻ പടി		✓					
പാറ്റിക്കുന്ന്-അമ്പലക്കുന്ന്		✓					
കോള-അമ്പലക്കുന്ന്		✓					
നെങ്ങൽപടി-ഹൈസ്കൂൾ	✓	✓		✓			
കേബിൻ കുന്ന്-വാക്കോട്	✓		✓				
കേബിൻ കുന്ന്-ചെമ്പൻ കുന്ന്	✓		✓				
കേബിൻ കുന്ന്-കൽക്കുളം	✓		✓				
ങ്ങാടി ഹൈസ്കൂൾ-കുട്ടത്തി	✓		✓				
ത്ത്-മരുതിങ്ങൽ കിഴക്കേത്തല							
ാഗത്താൻ കുന്ന്-ഖാൻ ഖാഹ്		✓		✓			
പ്പറ്റ-അക്കരപ്പുറം റോഡ്		✓		✓			
ത്ത്-മിനി സ്റ്റേഡിയം		✓		✓			
ത്ത് വീട്ടിച്ചോല തരിശ്		✓		✓			
-നന്നങ്ങാടി-ഖാൻ ഖാഹ്	✓	✓	✓	✓			
-ചക്കാലകുന്ന്		✓		✓			

റോഡിന്റെ പേര്	ചെയ്തത്	മെറ്റൽ ചെയ്യാനുള്ളത്	ചെയ്തത്	ടാർ ചെയ്യാനുള്ളത്	റീ ടാറിംഗ് വേണ്ടത്	പാലം വേണ്ടത്	അറ്റകുറ്റ പണി വേണ്ടത്
☛ തരിശ്-മുള്ളറ-മാമ്പറ്റ		✔		✔			✔
☛ തരിശ്-കുണ്ടോട	✔	✔	✔	✔			
☛ കക്കറ-തരിശ്		✔		✔			
☛ കൽകുണ്ട്-ആർത്തല-പാന്ത്ര		✔		✔			
☛ കൽകുണ്ട്-അട്ടി-മഞ്ഞളരാംച്ചോല	✔		✔				
☛ കിഴക്കേത്തല-കൽക്കുണ്ട്	✔		✔		✔		
☛ കൽക്കുണ്ട്-ആനത്താന							
☛ മാമ്പറ്റ-മുള്ളറ--ചേരി		✔		✔			
☛ ഖാൻ ഖാഹ്-പുൽവെട്ട		✔		✔		✔	
☛ പുൽവെട്ട-എടത്തനാട്ടുകര		✔		✔			
☛ ഇരിങ്ങാട്ടിരി-കൽവരി മൗണ്ട്	✔	✔	✔	✔	✔	✔	
☛ കരുവാരക്കുണ്ട് അങ്ങാടി-പുൽവെട്ട		✔		✔			
☛ പുന്നക്കാട് അയ്യപ്പൻ കാവ്-പുൽവെട്ട		✔		✔			
☛ പുന്നക്കാട്-നജാത്ത് വാക്കോട്							
☛ ഭവനം പറമ്പ് എ, ബി.		✔		✔			
☛ മുക്കട്ട-ചെമ്പൻ കുന്ന്		✔		✔			
☛ ചുങ്കം-നടുക്കുന്ന്		✔		✔			
☛ ഇരിങ്ങാട്ടിരി-കുമ്മുള്ളി		✔		✔			
☛ ചാമക്കുന്ന്-ഇരിങ്ങാട്ടിരി		✔		✔			
☛ ചുള്ളിയോട്-അയ്യപ്പൻ കാവ്		✔		✔			
☛ വീട്ടിക്കുന്ന്-ചാമക്കുന്ന്.		✔		✔			
☛ തരിശ്-പൊട്ടിപ്പാറ		✔		✔			
☛ മുക്കട്ട-അമ്പലക്കുന്ന്		✔		✔			
☛ കേരള ഖാൻ ഖാഹ് മുച്ചിക്കുന്ന്		✔		✔			
☛ മില്ലുംപടി-വേളിപ്പാടം		✔		✔			
☛ പാലക്കുന്ന് ഹരിജൻ കോളനി പുത്തനഴി		✔		✔			
☛ അമ്പലക്കുന്ന്-പള്ളാട് പാലക്കുന്ന്		✔		✔			
☛ ഇരിങ്ങാട്ടിരി സ്കൂൾ പടി ചക്കം പുലാവ്		✔		✔			
☛ പള്ളിപ്പടി-മാങ്ങോട്		✔		✔			
☛ അമ്പലക്കുന്ന്-ചാമക്കുന്ന് ഇരിങ്ങാട്ടിരി		✔		✔			
☛ എടപ്പറ്റ-പാക്കത്തൊടി കക്കറ-ഓലപ്പാറ		✔		✔			

നിലവിലുള്ള ഇടവഴി മൺറോഡാക്കേണ്ടത്

- മുക്കട്ട-വലിയകുളം
- വാക്കോട്-കിളിക്കോട്
- കുട്ടത്തി-മൂറംകീറി
- കുട്ടത്തി-പറാട്ടിക്കുന്ന്
- കിഴക്കേത്തല പഞ്ചായത്ത്
- കുളം വഴി നാഗത്താൻ കുന്ന്
- ഇരിങ്ങാട്ടിരി സ്കൂൾ പടി
- പരിയാരം കുന്ന്
- മാമ്പറ്റ സി.ടി. റോഡ്
- കിഴക്കേത്തല മിനി സ്റ്റേഡിയം
- പുത്തനഴി-കൊടക്കാടം
- ചോല-അമ്പലക്കുന്ന്
- ചിറക്കൽ കുണ്ട്-അയ്യപ്പൻ കാവ്

പ്രശ്നങ്ങൾ

1. സ്റ്റേറ്റ് ഹൈവേ, വാഹന ബാഹുല്യത്തിനനുസരിച്ച് ഗതാഗത യോഗ്യമല്ല.
2. ഇലക്ട്രിക് ലൈൻ, ടെലഫോൺ കേബിൾ ലൈനുകൾ എന്നിവ റോഡ് ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നു.
3. ആവശ്യത്തിന് റോഡുകൾ ഇല്ല, ഉള്ളവ കാര്യക്ഷമമല്ല.
4. മിക്ക റോഡുകൾക്കും ഓടകൾ ഇല്ല.
5. റോഡുകൾ വീതി കുറഞ്ഞവയാണ്.
6. റോഡുകൾക്കുള്ള അറ്റകുറ്റപ്പണികൾ യഥാ സമയം നടത്താറില്ല.
7. പ്രധാനപ്പെട്ട പല റോഡുകൾക്കും പാലങ്ങളില്ല.
8. വർഷക്കാലത്ത് റോഡുകളിൽ നീർകെട്ട് ഉണ്ടാകുന്നു.
9. ആവശ്യത്തിന് വഴി വിളക്കുകൾ ഇല്ല. ഉള്ളവ വേണ്ട സമയങ്ങളിൽ കത്തുന്നില്ല.
10. ഫെയർ സ്റ്റേജിൽ വന്ന അപാകത യാത്രക്കാർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു.
11. കെ.എസ്.ആർ.ടി.സി. ബസ് സൗകര്യമില്ല.
12. പൊതു റോഡുകളിലേക്ക് വേലി ഇറക്കിക്കെട്ടുന്നു.
13. റോഡു സംരക്ഷണ സമിതികളില്ല.
14. ഗതാഗത കുരുക്ക് ഒഴിവാക്കാൻ ബൈപാസ്സ് സൗകര്യമില്ല.

സാധ്യതകൾ

1. സ്റ്റേറ്റ് ഹൈവേ വീതി കൂട്ടി ഗതാഗതക്കുരുക്ക് ഒഴിവാക്കുകയും യഥാ സമയങ്ങളിൽ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യേണ്ടതാണ്.
2. ഇലക്ട്രിക് ലൈനുകൾ, ടെലഫോൺ കേബിൾ തുടങ്ങിയവ ഗതാഗതത്തിന് തടസ്സമാവരുത്. അതിനു വേണ്ട പദ്ധതിയ തയ്യാറാക്കേണ്ടിയിരിക്കുന്നു.
3. ആവശ്യമുള്ള സ്ഥലത്തെല്ലാം റോഡ് നിർമ്മിക്കുകയും ഉള്ള റോഡുകൾ സംരക്ഷിക്കുകയും ചെയ്യുക
4. പ്രധാന റോഡുകൾ മുൻഗണനാ ക്രമത്തിൽ ടാർ ചെയ്യുകയും ഓടകൾ നിർമ്മിക്കുകയും ചെയ്യുക.
5. വീതി കുറഞ്ഞറോഡുകൾ ജനപങ്കാളിത്തത്തോടെ വികസിപ്പിക്കേണ്ടതാണ്.
6. പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ റോഡും യഥാ സമയങ്ങളിൽ അറ്റകുറ്റപണികൾ നടത്തേണ്ടതാണ്.
7. ആവശ്യമുള്ള സ്ഥലങ്ങളിൽ മുൻഗണാ ക്രമത്തിൽ കൾവർട്ടുകളും, പാലങ്ങളും നിർമ്മിക്കേണ്ടതാണ്.
8. കാലവർഷമാരംഭിക്കുന്നതോടെ, എല്ലാ റോഡുകൾക്കും ജനപങ്കാളിത്തത്തോടെ ഓടകൾ നിർമ്മിക്കേണ്ടതാണ്.
9. പ്രധാന വീഥികളിലെല്ലാം വഴി വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.
10. ഫെയർ സ്റ്റേജിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്.
11. കരുവാരകുണ്ട് പെരിന്തൽമണ്ണ, കരുവാരകുണ്ട്-മലപ്പുറം, കരുവാരകുണ്ട്-പാലക്കാട് എന്നീ റൂട്ടുകളിലെങ്കിലും കെ.എസ്.ആർ.ടി.സി. ബസ് ആരംഭിക്കേണ്ടതാണ്.
12. പൊതു റോഡുകളിലേക്ക് വേലി ഇറക്കിക്കെട്ടുന്നത് തടയേണ്ടതാണ്. ഇതിന് ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
13. എല്ലാ വാർഡിലും എല്ലാ റോഡിനും സംരക്ഷണ സമിതികൾ രൂപവത്കരിച്ചു പ്രവർത്തിക്കേണ്ടതാണ്.
14. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്നു വേണ്ടി മരുതുങ്ങൽ-കണ്ണത്ത് ബൈപ്പാസ് ഗതാഗതയോഗ്യമാക്കുക.
15. കിഴക്കേത്തലയിൽ നിന്ന് നാഗത്താൻ കുന്നിലൂടെ പുൽവെട്ട-ഓലപ്പാറ വഴി പാലക്കാട്ടേക്കുള്ള റോഡ് നിർമ്മിക്കുക.

'57-ലെ മുറവിളിക്ക് ഇന്നും പ്രസക്തി

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും മരാമത്തു മന്ത്രിക്കും ആരോഗ്യമന്ത്രിക്കും കരുവാരകുണ്ട് പഞ്ചായത്തു ബോർഡ് തിരുവനന്തപുരത്തു വെച്ചു നടത്തുന്ന നിവേദനം

ഗവർമെൻറ് രണ്ടാം പഞ്ചവത്സര പദ്ധതി അവികസിതമായി കിടക്കുന്ന ഗ്രാമപ്രദേശങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ചു . ആയതിന്നുള്ള പരിശ്രമം നടന്നു വരുന്ന ഈ അവസരത്തിൽ 20,000-ൽപരം വിവിധ തൊഴിലാളി കർഷകരധിവസിക്കുന്ന ഏറനാട് താലൂക്കിൻെറ കിഴക്കെ അറ്റത്ത് പശ്ചിമ ഘട്ടത്തിൻെറ താഴ്വരയായ കരുവാരകുണ്ട് അംശത്തിലെ ജനങ്ങളുടെ യാതനകളെക്കുറിച്ചും, കഷ്ടപ്പാടുകളെപ്പറ്റിയും ഗവർമെൻറിൻെറ ശ്രദ്ധയിൽപെടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

വ്യാവസായികമായും തൊഴിൽപരമായും കാർഷികപരമായും, യാതൊരു അഭിവൃദ്ധി പദ്ധതിയും ഇവിടങ്ങളിൽ നടപ്പിലാക്കാത്തതുകൊണ്ട് വളരെയധികം ആളുകൾ തൊഴിൽ രഹിതരായി കഴിഞ്ഞു കൂടുന്നു. ചുരുക്കം ചില ആളുകൾക്ക് ചായ, റബ്ബർ എസ്റ്റേറ്റുകളിൽ പ്രവർത്തിയുള്ള തൊഴിച്ചാൽ ബാക്കി എല്ലാ തൊഴിലെടുത്തു ജീവിക്കുന്നവരും ഒരു സ്ഥിരമായ തൊഴിലും ഇല്ലാതെ കഷ്ടപ്പെടുകയാണ്. അതു കാരണമായി ഉപജീവനമാർഗ്ഗത്തിനു തന്നെ വഴിയില്ലാതെ സാമ്പത്തികമായ വളരെയധികം കഷ്ടതയനുഭവിക്കുന്ന ഈ പ്രദേശത്തുകാർക്ക് അവരുടെ ആരോഗ്യ സംരക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം, ഗതാഗതം എന്നിവയ്ക്ക് വളരെ വിഷമങ്ങൾ അനുഭവിക്കേണ്ടി വരുന്നു.

നിത്യോപായോഗത്തിനു വകയില്ലാത്ത തൊഴിലാളിക്ക് അത്യാവശ്യ സന്ദർഭത്തിൽ ഒരു പ്രാഥമിക ചികിത്സ യ്ക്കു പോലും വളരെ നാഴികകൾ ദൂരെയുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. സ്വന്തം അരുമസന്താനങ്ങൾക്ക് ഉപരിപഠനത്തിനു ഒരു ഹൈസ്കൂൾ പോലും ഇല്ലാത്തതു കൊണ്ടും 14-15 നാഴിക ദൂരമുള്ള സ്ഥലങ്ങളിലേക്ക് പറഞ്ഞയക്കുവാൻ സാമ്പത്തിക കഴിവില്ലാത്തതു കൊണ്ടും നിരാശരായി കഴിഞ്ഞു കൂടുകയാണ്.

പശ്ചിമ ഘട്ടത്തിൽ നിന്നു ഒഴുകി വരുന്ന ഒലിപ്പുഴ എന്ന പേരിലറിയപ്പെടുന്ന പുഴ കാർഷികരേയും മറ്റ് ഞങ്ങൾക്ക് വളരെയധികം അനുഗ്രഹമാണെങ്കിലും അതും വേണ്ടുന്ന വിധത്തിൽ ഉപയോഗിക്കുവാൻ അണക്കെട്ടുകളും മറ്റും ഇല്ലാത്തതിനാൽ അത് ദുരുപയോഗപ്പെടുന്നു.

പ്രസ്തുത പുഴക്ക് കേരളംകുണ്ട്(മണലിയമ്പാടം) എന്ന സ്ഥലത്തൊരണ കെട്ടുന്ന പക്ഷം 100 കണക്കിൽ തരിശായി കിടക്കുന്ന സ്ഥലം കൃഷി ചെയ്യുവാനും, തന്നെയുമല്ല വിദ്യുച്ഛക്തി ഉൽപാദിക്കുവാനും കഴിയുന്നതാണ്. ഇത്തരം കാര്യങ്ങൾ കഴിഞ്ഞ കാലങ്ങളിൽ വിവിധ സംഘടനകൾ വിവിധ രൂപത്തിൽ ഗവർമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇത്രയും ഉപകാരപ്രദമായ ജലസമ്പർക്കം കൊണ്ട് ഉപകാരത്തിനു പകരം ഞങ്ങൾക്കു ഉപദ്രവമാണെന്നു വ്യസന സമേതം ഞങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളട്ടെ! കാരണം, പുഴയുടെ അക്കരെ താമസിക്കുന്നവരും ഈ പഞ്ചായത്തിൻെറ പരിധിയിൽപ്പെട്ടവരുമായ കരിങ്കന്തോണി, കക്കറ, പുല്ലുവട്ട, അയ്യപ്പൻകാവ്, ഇരിങ്ങാട്ടിരി, പയ്യക്കോ, പുത്തനഴി എന്നീ പ്രദേശങ്ങളിൽ താമസിക്കുന്ന അംശത്തിലെ ജനസംഖ്യയിൽ പകുതിയോളം വരുന്ന നിവാസികൾക്ക് പോലീസ് സ്റ്റേഷൻ, അംശക്കച്ചേരി, പഞ്ചായത്താ

ഫീസ്, ചന്ത, പോസ്റ്റാഫീസ് മുതലായതും ബസ്സു സർവീസുള്ള ഗതാഗത മാർഗ്ഗവും പുഴക്ക് ഇക്കരയിൽ ആയതുകൊണ്ടും, പുഴക്ക് ഒരു പാലം ഇല്ലാത്തതുകൊണ്ടും വർഷകാലങ്ങളിൽ ചിലപ്പോൾ അതാതു ദിവസം വീട്ടിലെത്താൻ സാധിക്കാതെ ചിലർ പട്ടിണി കിടക്കേണ്ടതായിട്ടുപോലും വന്നിട്ടുണ്ട്.

അതുകൊണ്ട് ഗവർമെൻറ് പഞ്ചായത്തു വഴിയായും മറ്റു ഗ്രാമീണ ജീവിതത്തിന്റെ സർവ്വതോന്മുഖമായ ഉൽക്കർഷത്തിനും ഭദ്രതക്കും നിദാനമായി സാമൂഹ്യ വികസന പദ്ധതികളും കാർഷിക, സാമ്പത്തിക, സാമൂഹ്യ സേവനപ്രവർത്തനങ്ങളും പുരോഗമിപ്പിക്കുന്ന ഈ അവസരത്തിൽ കരുവാരകുണ്ടംശം ഉൾക്കൊള്ളുന്ന കരുവാരകുണ്ട് പഞ്ചായത്തിലെ ജനങ്ങൾ ഇന്നനുഭവിക്കുന്ന യാതനകൾക്ക് സത്വര പരിഹാരം നിർദ്ദേശിക്കുന്നിനായി താഴെ പറയുന്ന ഏറ്റവും അടിയന്തിരവും, അത്യാവശ്യവും പരിമിതവുമായ ആവശ്യങ്ങൾ ഞങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

1. ഈ പഞ്ചായത്ത് ഏരിയായിൽ ഒരു പ്രാഥമിക ചികിത്സാ കേന്ദ്രം പോലും ഇല്ലാത്തതിനാലും , ജനസംഖ്യയിൽ 95%വും സാധുക്കളായ കർഷകരും തൊഴിലാളികളും ആയ ഞങ്ങൾക്ക് ദൂരദിക്കിൽ പോയി ചികിത്സിക്കാൻ സാമ്പത്തിക കഴിവില്ലാത്തതുകൊണ്ടും ഇവിടെ ഒരു ആശുപത്രി തുറക്കുക.
2. 7 ലോവർ പ്രൈമറി സ്കൂളുകളും ഒരു അപ്പർ പ്രൈമറി സ്കൂളും സ്ഥിതി ചെയ്യുന്ന ഈ അംശത്തിലും സമീപ പ്രദേശമായ കാളികാവ്, വെള്ളയൂർ, തുവ്വൂർ എന്നിവിടങ്ങളിലും ഒരു ഹൈസ്കൂൾ ഇല്ലാത്തതുകൊണ്ട് ഈ അംശങ്ങളുടെ സെൻറർ ഈ കരുവാരകുണ്ടംശം ആയതുകൊണ്ടും അടുത്ത വിദ്യാഭ്യാസ വർഷത്തിലെങ്കിലും ഇവിടെ ഒരു ഹൈസ്കൂൾ തുറക്കുക.

   പ്രസ്തുത ഹൈസ്കൂളിനു വേണ്ടി സ്ഥലത്തെ പഴയ എം.എസ്.പി. കേമ്പ് നിന്നിരുന്ന കോമ്പൗണ്ടും അതിൽ പൊളിക്കാതെ ബാക്കിയായി ഇപ്പോൾ നിൽക്കുന്ന കെട്ടിടവും വിട്ടു തരുവാൻ ആവശ്യമായ നടപടി എടുക്കുക.
3. ഒലിപ്പുഴയ്ക്ക് ഒരു പാലം നിർമ്മിക്കുക.
4. ഒലിപ്പുഴക്ക് കേരളാംകുണ്ട്(മണലിയമ്പാടം) എന്ന സ്ഥലത്ത് ഒരു അണകെട്ടി തരിശായി കിടക്കുന്ന ആയിരക്കണക്കിലുള്ള ഏക്കർ സ്ഥലം കൃഷിയ്ക്കുപയുക്തമാക്കുകയും, വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുക.
5. കഴിയും വേഗം ഈ പഞ്ചായത്ത് ഏരിയായിൽ ഇലക്ട്രിക്സിറ്റി ഏർപ്പെടുത്തുക.
6. ഈ പഞ്ചായത്ത് ഏരിയയിലുള്ള റോഡുകൾ ടാർ ഇട്ട് കിട്ടുവാൻ ആവശ്യമായ നടപടി എടുക്കുക.
7. ഇവിടങ്ങളിൽ ചെറുകിട വ്യവസായ ശാഖകൾ സ്ഥാപിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുക.
8. മഞ്ചേരി, നിലമ്പൂർ(കരുവാരകുണ്ട് വഴി) ഒരു പുതിയ ബസ്സ് റൂട്ട് അനുവദിക്കുക.
9. പയ്യാക്കോട് ലോവർ പ്രൈമറി സ്കൂൾ ഒരു അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുക.
10. കരുവാരകുണ്ട് പോലീസ് ഔട്ട് പോസ്റ്റ് ഒരുസ്റ്റേഷൻ ആക്കി ഉയർത്തുക.
11. ഒരു പബ്ലിക് ഫോൺ ഏർപ്പെടുത്താൻ ആവശ്യമായ നടപപടി എടുക്കുക.
12. കരുവാരകുണ്ട് ബ്രാഞ്ച് പോസ്റ്റാഫീസ് ഒരു സബ് പോസ്റ്റോഫീസാക്കി ഉയർത്തുക.

പ്രസിഡൻറ്

കരുവാരകുണ്ട് പഞ്ചായത്ത് ബോർഡ്

വികസന രേഖയിൽ പരാമർശിക്കുന്ന കേരളാംകുണ്ട് ജലവൈദ്യുത പദ്ധതിക്ക് നേരത്തെ തന്നെ നാടിന്റെ മുൻഗാമികൾ അധികൃതരുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. പരിഹരിക്കപ്പെടാതെ പോയ അതേ ആവശ്യം നാം വീണ്ടും ഉന്നയിക്കുന്നു....!

7

ഭവന നിർമ്മാണവ
സാമൂഹ്യക്ഷേമവ

സാധാരണക്കാരും തൊഴിലാളികളും ധാരാളമായി അധിവസിക്കുന്ന കരുവാരകുണ്ട് പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്ത ഏറെപ്പേരുണ്ട്. പട്ടിക ജാതിക്കാർ, ആദിവാസികൾ, കൂലിപ്പണിക്കാർ എന്നിവരുടെ കാര്യം എടുത്തു പറയേണ്ടതാണ്. സ്വന്തമായി വീടില്ലാതെ മലയിൽ കല്ലിന്റെ ഗുഹകളിൽ താമസിക്കുന്ന ആദിവാസികളും ഈ പഞ്ചായത്തിലുണ്ട്.

കുടിലും ഇടത്തരം വീടുകളുമാണ് പഞ്ചായ
രിപക്ഷവും. ഇതിൽ ഹരിജന ഗിരിജനങ്ങളും കൂ
ക്കാരും തിങ്ങിത്താമസിക്കുന്ന 1, 8, 13 വാർഡു
ഇത്തരംവീടുകൾകൂടുതലുള്ളത്. ഗൾഫ് മേഖല
ലി ചെയ്യുന്നവരും മറ്റു സമ്പന്ന വിഭാഗക്കാരും
യി ചെലവേറിയ വീടുകൾ ഉണ്ടാക്കുകയും ചെ

ഭവന നിർമ്മാണത്തെ സംബന്ധിച്ച്

പട്ടിക.1

...ട് ആവശ്യമുള്ള ...ുംബങ്ങളുടെ എണ്ണം	വിവിധ പരിപാടി കളിലായി അനുവദിച്ച വീടുകൾ	പൂർത്തീ കരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീ കരിക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ട വീടുകൾ
1	2	3	4	5
1009	98	67	31	

(അവലംബം IRDP സർവ്വെ VEO)

...ായത്തിൽ ആകെ 5401 വീടുകൾ നിലവിലുണ്ട്. ...1352 എണ്ണത്തിൽ ആൾ താമസമുണ്ട്.

...ിന്റെ പ്രശ്നം പൂർണമായില്ലെങ്കിലും പരമാവധി ...ിലാവണം നമ്മുടെ ലക്ഷ്യം. അതിനുള്ള കൂട്ടാ ...ായി നമുക്കൊരുമിച്ചു പ്രവർത്തിക്കാം.

പാർപ്പിടം സംബന്ധിച്ച വിവരം

പട്ടിക. 2

...ിന്റെ സ്വഭാവം	വീടുകളുടെ എണ്ണം
...ാട്	4762
...ാല	396
...ിക്കിറ്റ്	194

(...വലംബം. സാമൂഹ്യ സർവ്വെ '96)


...കൾ നികത്തിയും കൃഷിയിടങ്ങൾ വെട്ടി ...ുമ്പോഴിയ വീടുകൾ നിർമ്മിക്കുന്നത് കാർഷിക ...ും പരിസ്ഥിതി മേഖലയിലും പ്രശ്നങ്ങൾ സൃ ...ിക്കും.

...ിർമാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ ...ുകളോ സർക്കാർ ഏജൻസികളോ ഈ പഞ്ചാ ...ത്തിൽ

...ാപനങ്ങൾ സാധാരണക്കാരനു ലഭിക്കത്തക്ക ...ിലുള്ള വായ്പാ വ്യവസ്ഥകൾ ഉദാരമാക്കുകയും ...ാ തലത്തിൽ സമഗ്ര പാർപ്പിട പരിപാടി നടപ്പി ...ും വേണം.


ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ

1. വായ്പ നൽകുന്നതിൽ പല പോരായ്മകളുമുണ്ട്.
2. പലിശനിരക്ക് വളരെക്കൂടുതലാണ്.
3. പാർപ്പിടമില്ലാത്തവർക്ക് തവണവ്യവസ്ഥയിൽ വീടു നിർമിച്ചു നൽകുന്നരീതി നിലവിലില്ല.
4. പാവപ്പെട്ട കുടുംബങ്ങൾക്ക് അർഹതയ്ക്കനുസരിച്ചു വീടു നിർമിച്ചു കൊടുക്കുന്ന പദ്ധതി നിലവിലില്ല.
5. പട്ടിക ജാതി പട്ടിക വർഗത്തിൽപ്പെട്ടവർക്ക് വീടുകൾ ആവശ്യത്തിനില്ല.
6. പാവപ്പെട്ട ജനവിഭാഗങ്ങൾ തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങളിൽ ആവശ്യത്തിനുള്ള കക്കൂസുകളില്ല. സാമ്പത്തിക കാര്യങ്ങളാണ്. ഈ അവസ്ഥയ്ക്കു കാരണം.
7. ദുർബല ജനവിഭാഗങ്ങൾക്ക് ഭവന നിർമാണത്തിനാവശ്യമായ സ്ഥലം നിലവിലില്ല.
8. ഭവന നിർമാണ വായ്പകൾ ലഭിക്കാനുള്ള സൗകര്യങ്ങളില്ല.
9. പഞ്ചായത്തിൽ ഓല മേഞ്ഞ വീടുകൾ ധാരാളമുണ്ട്. ഇവ സംരക്ഷിക്കാൻ വളരെ ബുദ്ധിമുട്ടാണ്.
10. ഭവന നിർമാണത്തിനാവശ്യമായ സാമഗ്രികൾ ആവശ്യത്തിനു ലഭിക്കുന്നില്ല.
11. ഒരു ഭവന നിർമാണ സഹകരണ സംഘം ഇവിടെയില്ല.
12. ജില്ലാ സഹകരണ ബാങ്കിന്റെ ശാഖാ ഇവിടെയില്ല.
13. കോളനികളിലെ പശ്ചാത്തല സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.



സാധ്യതകൾ

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ചു വായ്പ നൽകുന്ന സമ്പ്രദായം നടപ്പാക്കുക.
2. പലിശ നിരക്ക് ലഘൂകരിക്കുക.
3. പ്ലോട്ടടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടു കൂടി വീടു നിർമിച്ചു നൽകുന്ന രീതി ഉണ്ടാവണം.
4. പാവപ്പെട്ട കുടുംബങ്ങൾക്ക് അർഹതയ്ക്കനുസരിച്ച് വീടു നിർമിച്ചു കൊടുക്കുക.
5. പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്കും അതേ വിഭാഗക്കാർ താമിസിക്കുന്ന കോളനികളിലും വീടു നിർമാണം ത്വരിതപ്പെടുത്തുക.
6. പാവപ്പെട്ട ഈ വിഭാഗങ്ങൾ തിങ്ങി താമസിക്കുന്ന സ്ഥലങ്ങളിൽ കക്കൂസ് നിർമിക്കുന്നതിന് മുൻഗണന നൽകുക. ഇതിൽ ഗുണഭോക്താവിന്റെ പങ്കാളിത്തം ഉറപ്പു വരുത്തുക. സന്നദ്ധ സംഘടനകളുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുക.
7. ദുർബല ജനവിഭാഗങ്ങൾക്ക് ഭവന നിർമാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി ഫലപ്രദമായി നടപ്പാക്കുക.
8. ഭവന നിർമാണ വായ്പകൾ, ദീർഘകാലം കൊണ്ട് തിരിച്ചടക്കാവുന്ന വിധത്തിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
9. 2500 സ്കയർ ഫീറ്റിൽ കൂടുതൽ വിസ്തൃതിയുള്ള വീടുണ്ടാക്കുന്നവരിൽ നിന്ന് സെസ്സ് ഈടാ... ബല വിഭാഗങ്ങൾക്ക് ഭവന നിർമാണം നട...
10. പഞ്ചായത്തിലെ ഓല മേഞ്ഞ വീടുകളു... ഓടുമേയാൻ വേണ്ട ധനസഹായം നൽകു...
11. ഭവന നിർമാണത്തിനാവശ്യമായ സാ... സബ്സിഡി നിരക്കിൽ ലഭിക്കാൻ വേണ്ട ... സ്വീകരിക്കുക.
12. ഒരു ഭവന നിർമാണ സഹകരണ സംഘം ... കരിക്കുക.
13. ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാ... ടെത്തുടങ്ങുക.
14. കോളനികളിലെ പശ്ചാത്തല സൗകര്യങ്ങ... പ്പെടുത്തുക.
15. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഭവന ... ണത്തിൽ സാങ്കേതിക പരിശീലനം നൽകു...
16. ദുർവ്യയമില്ലാത്ത വീടുകളുടെ നിർമ്മാണം ... ഹിപ്പിക്കുക.
17. പരമ്പരാഗത ഭവന നിർമാണ ശൈലി പ്രോ... പ്പിക്കുക.
18. ജൈവ വേലി(മതിലിനുപകരം സസ്യങ്ങൾ... ണ്ടാക്കുന്ന വേലി)പ്രോത്സാഹിപ്പിക്കുക.
19. ഹൗസിങ് ലോൺ നിബന്ധനകൾ ലഘൂകരി...



സാമൂഹിക ക്ഷേമം

പുലിപ്പുണിക്കാരും തോട്ടം തൊഴിലാളികളും ചെറു [illegible]കരും പട്ടികജാതി പട്ടിക വർഗ കുടുംബങ്ങളും [illegible] കരുവാരകുണ്ട് പഞ്ചായത്തിൽ IRDP സർവേ ലിസ്റ്റ് പ്രകാരം 1674 കുടുംബങ്ങളാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളത്. വിവിധ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന നമ്മുടെ പഞ്ചായത്തിലെ ദരിദ്രജന വിഭാഗങ്ങളുടെ ഉന്നമനത്തിന് സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ അനിവാര്യമാണ്.

കരുവാരകുണ്ട് ഗ്രാമ പഞ്ചായത്ത്

IRDPസർവ്വെ പ്രകാരം ദാര്യദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം

പട്ടിക 1

[illegible] പ്രകാരം [illegible] കുടും [illegible] എണ്ണം	പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ	ഇതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ (1992-1996)	സാമ്പത്തിക സഹായം ലഭിച്ച പട്ടിക ജാതി-വർഗ്ഗ കടുംബങ്ങൾ	സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖക്കു മകുളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യ രേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പടെ)
[illegible]796	197	182	112	122	1674

(അവലംബം: വില്ലേജ് എക്സ്റ്റൻ ഓഫീസ് രേഖകൾ)

1992 ലാണ് പഞ്ചായത്തിൽ ICDS അംഗനവാടികൾ നിലവിൽ വരുന്നത്. ഇന്ന് 31 അംഗന വാടികൾ ഇവിടെ പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങളുടെ കുറവ് മിക്ക അംഗനവാടികളും അഭിമുഖീകരിക്കുന്നു. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അംഗനവാടികളുടെ എണ്ണവും വാർഡും കെട്ടിടമുള്ളതും ഇല്ലാത്തതുമായ വിവരങ്ങളും സൂചിപ്പിക്കുന്ന പട്ടിക താഴെക്കൊടുക്കുന്നു.



അംഗനവാടി സംബന്ധിച്ച വിവരങ്ങൾ

പട്ടിക.2

നമ്പർ	പേര്	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്
1	പാലക്കുന്ന്	ഉണ്ട്	
2	ചക്കംപ്ലാവ്		ഇല്ല
3	ഇരങ്ങാട്ടിരി		ഇല്ല
4	വീട്ടിക്കുന്ന്	ഉണ്ട്	
5	ചുള്ളിയോട്		ഇല്ല
6	പുന്നക്കാട്		ഇല്ല
7	ഭവനം പറമ്പ്		ഇല്ല
8	പുൽവട്ട	ഉണ്ട്	
9	കക്കറ	ഉണ്ട്	
10	കരിങ്കത്തോണി		ഇല്ല
11	ആലുംകുന്ന്		ഇല്ല
12	പയ്യാക്കോട്		ഇല്ല
13	കേമ്പിൻ കുന്ന്		ഇല്ല
14	മരുതുങ്ങൽ	പഞ്ചാ: കെട്ടിടം	
15	പ്രിയദർശനി	ഉണ്ട്	
16	ചിലമ്പിലകൈ		ഇല്ല
17	വാക്കോട്		ഇല്ല
18	മുള്ളറ		ഇല്ല
19	തരിശ്	ഉണ്ട്	
20	കിഴക്കേതല		ഇല്ല
21	നാഗത്താൻകുന്ന്	ഉണ്ട്	
22	കണ്ണത്ത്		ഇല്ല
23	സി.ടി.റോഡ്	ഉണ്ട്	
24	തുരുമ്പോട		ഇല്ല
25	പാന്തറ		ഇല്ല
26	ആലിക്കോട്		ഇല്ല
27	പുളിങ്കടവ്		ഇല്ല
28	അരിമണൽ		ഇല്ല
29	തരിശ്		
30	ചെമ്പൻകുന്ന്		ഇല്ല
31	പഴയകട		ഇല്ല
		9	22

(അവലംബം പഞ്ചായത്ത് രേഖ)

ചെറുപ്പത്തിലേ കുട്ടികളിൽ വിദ്യാഭ്യാസത്തോടു[ത്]പര്യം ജനിപ്പിക്കുന്നതിലും അമ്മമാരുടെയും കുട്ടി[ടെ]യും ആരോഗ്യ പരിപോഷണത്തിനാവശ്യമായ [നി]ർദ്ദേശങ്ങളും പോഷകാഹാരവും നൽകുന്നതിലും IC[DS] അംഗനവാടികൾ വഹിക്കുന്ന പങ്ക് ചെറുതല്ല.

ആയത് കൊണ്ട് അംഗനവാടികളുടെ ഭൗ[തിക] സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും ജീവനക്കാ[രു]ടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതി[ലും] സർക്കാർ സജീവ ശ്രദ്ധചെലുത്തേണ്ടതാണ്.

നിർധനരും നിരാലംബരുമായ വൃദ്ധ ജന[ങ്ങൾ], വിധവകൾ, വികലാംഗർ, കർഷകത്തൊഴിലാളി[കൾ], കെട്ടിട നിർമാണത്തൊഴിലാളികൾ തുടങ്ങിയവർക്ക[ായി] വിവിധ പെൻഷൻ പദ്ധതികൾ നിലവിലുണ്ടെങ്കിലും പ[ഞ്ചാ]യത്തിലെ അർഹരായ പലർക്കും ഇനിയും അവ ല[ഭ്യ]മായിട്ടില്ല. സാമൂഹിക സുരക്ഷാ പദ്ധതികളെക്കുറിച്ചു[ള്ള] അജ്ഞതയും നടപടി ക്രമങ്ങളുടെ കാല വിള[ംബ]വും സന്നദ്ധ സേവന പ്രവർത്തകരുടെ അഭാവവും ഈ [രം]ഗത്തെ ബാധിക്കുന്നു.

വിവിധ പദ്ധതികൾ പ്രകാരം പെൻഷൻലഭിച്ചവ[രു]ടെ എണ്ണം താഴെക്കൊടുക്കുന്നു.

...വാരക്കുണ്ട് പഞ്ചായത്തിൽ വിവിധ ...ക്ഷേമ പദ്ധതികളിലൂടെ സഹായം ലഭിച്ചവരുടെ വിവരം

പട്ടിക 3

...പദ്ധതികളെ ...ള്ള വിവരങ്ങൾ	ലഭിച്ചവരുടെ എണ്ണം
...കാല പെൻഷൻ	37
...ബെനിഫിറ്റ് സ്കീം	22
...തി-പട്ടിക വർഗ്ഗ ...ധനസഹായം	2
യാത്രാ ബത്ത	3
പുരകെട്ടിമേയൽ	1
...പെൻഷൻ	202
...തൊഴിലാളി പെൻഷൻ	-
...പെൻഷൻ	87
...പെൻഷൻ	3
...പെൻഷൻ	1

...കളുടെ ക്ഷേമത്തിനും അവരുടെ സ്വയം തൊ...ങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിനും കാര്യ...ങ്ങൾ പഞ്ചായത്തിൽ നടന്നിട്ടില്ല. പഞ്ചായത്തിലി... DWCRA യൂണിറ്റു മാത്രമേ പ്രവർത്തന...ള്ളൂ. മറ്റുള്ളവ പ്രവർത്തന രഹിതമാണ്. വിവാ...ത്തിയ നിർധനരായ പെൺകുട്ടികളുള്ള കു...ൾ സമൂഹ മനഃസാക്ഷിയുടെ മുന്നിൽ പുതിയ ...ങ്ങളുയർത്തുന്നു.

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

പട്ടിക 4

തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ്
സോപ്പ് നിർമ്മാണം	1988-89	19	പ്രവർത്തിക്കുന്നില്ല
റെക്സിൻ നിർമ്മാണം	1989-90	15	,, ,,
അടക്കാ സംസ്ക്കരണം	1995-96	8	സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു.

(അവലംബം IRDP)

തൊഴിൽ രഹിതരായ ആളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വിവിധ പദ്ധതികൾ നിലവിലുണ്ടെങ്കിലും അവ പ്രയോജനപ്പെടുത്താൻ

ട്രൈസ്സം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പട്ടിക 5

പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇനി തൊഴിലുകളിൽ പൂർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
റെക്സിൻ ബാഗ് നിർമ്മാണം. ടി.വി. റിപ്പയർ, വെൽഡിംഗ് പ്ലംബിംഗ്, ടൈലറിംഗ് തുടങ്ങിയവ	26	26	14	NIL

(അവലംബം. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് രേഖ)

പഞ്ചായത്ത് തലത്തിൽ

RAP പദ്ധതിപ്രകാരം ആധുനിക ഉപകരണങ്ങൾ നൽകിയത് സംബന്ധിച്ചുള്ള വിവരം

(പട്ടിക 6)

IRDP സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകളുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനിസഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
57	35	22

(അവലംബം VEO രേഖ)

പ്രായോഗിക വൈഷമ്യങ്ങൾ മൂലം പലർക്കും കഴിയുന്നില്ല. വർധിച്ചുവരുന്ന തൊഴിൽ രഹിതരുടെ എണ്ണവും

തൊഴിൽ സാധ്യതകളുടെ കുറവും സാങ്കേതിക പരിജ്ഞാനമില്ലായ്മയും പ്രതിസന്ധികൾ രൂക്ഷമാക്കുന്നു.

കാർഷിക മേഖല ക്ഷയിച്ചതോടെ ഗ്രാമങ്ങൾ ഉപഭോക്തൃ സംസ്കാരത്തിലേക്കു വഴുതി വീണു. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അർഹമായ വരുമാനം ലഭിക്കാത്തതും സാമൂഹികമായ അംഗീകാരം ലഭിക്കാത്തതും ഗ്രാമങ്ങളെ ഇറക്കുമതി സ്ഥലങ്ങളാക്കിമാറ്റി. ഇന്ന് നമുക്കാവശ്യമായ ഭക്ഷ്യ ധാന്യങ്ങൾ, മുട്ട, പാൽ ,മാംസം എന്നിവ അയൽ സംസ്ഥാനങ്ങളിൽ നിന്നാണെത്തുന്നത്. ഇതുവഴി നമ്മുടെ സംസ്ഥാനത്തിൽ നിന്ന് കോടിക്കണക്കിനു രൂപ അന്യസംസ്ഥാനങ്ങളിലേക്കൊഴുകുന്നു. ഈ സാമ്പത്തിക പ്രശ്നത്തെ ഒരു പരിധിവരെ തടഞ്ഞു നിർത്തുന്നത് ഗൾഫ് രാജ്യങ്ങളീൽ നിന്നുള്ള ധനാഗമമാണ്. നമ്മുടെ സഹോദരങ്ങൾ വിദേശങ്ങളിൽ ചെന്ന് കഠിനാധ്വാനം ചെയ്തു സമ്പാദിക്കുന്ന തുക നാം ആഡംബരങ്ങൾക്കായാണു പ്രധാനമായും വിനിയോഗിക്കുന്നത്. ഉല്പാദന ക്ഷമമല്ലാത്ത ചെലവേറിയ വീടുകൾ നിർമിച്ചും ധനം ദുർവിനിയോഗം ചെയ്യുന്നു, ഗൾഫ് മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞതോടെ, പ്രതീക്ഷിക്കാത്ത ഒരു ദുരന്തത്തിലേക്കു നമുക്കു കടക്കേണ്ടിവന്നു. ഇതു കൂടാതെ ഗൾഫ് വിടുന്നവരുടെ പുനരധിവാസ പ്രശ്നങ്ങളും നമ്മുടെ മുന്നിലുള്ള ഗൗരവമേറിയ സമസ്യയാണ്. വിദേശത്തു നിന്നെത്തുന്നവർക്കു തൊഴിൽ നൽകാനും അവരെ പുനരധിവസിപ്പിക്കാനും സർക്കാർ മുൻഗണന നൽകേണ്ടതുണ്ട്.

കാണികളായ നാം എല്ലാം വാങ്ങിക്കൂട്ടാനുള്ള തല്പരതയിലാണ്. ഉല്പാദന മേഖലയിൽ നിന്നും അകന്ന് നമ്മൾ ഉപഭോഗ സംസ്കാരത്തിന്റെ പിടിയിലമർന്നിരിക്കുന്നു. ആകർഷകവും കണ്ണഞ്ചിപ്പിക്കുന്നതുമായ പരസ്യങ്ങളിൽ പ്പെട്ട് ഭക്ഷ്യധാന്യങ്ങളും മറ്റു സാധനങ്ങളും തെരഞ്ഞെടുക്കുന്നതിലുള്ള തിരിച്ചറിവും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വൻകിട കമ്പനികൾ അവരുടെ കമ്പോളമാക്കി നമ്മുടെ ഗ്രാമങ്ങളെ മാറ്റാതിരിക്കാൻ 'സ്വയാശ്രയ ഗ്രാമങ്ങൾ' എന്ന ലക്ഷ്യം മുൻനിർത്തി മുന്നോട്ടു പോവുകയും ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചും അവരുടെ കർത്തവ്യങ്ങളെ ക്കുറിച്ചും ബോധവൽക്കരണ ക്ലാസുകളും ഉപഭോകതൃ സമിതികളും സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജന വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ആത്മാർഥവും ശക്തവുമായ പുതിയ സേവന പദ്ധതികൾ നടപ്പിലാക്കുകയും കൃത്യതയോടെ അവ പരിശോധിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതല്ല.

2. അംഗനവാടി ജീവനക്കാർക്ക് കുറഞ്ഞ വേതനമേ ലഭിക്കുന്നുള്ളു.

3. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അജ്ഞത പ്രധാന പ്രശ്നമാണ്.

4. ദാരിദ്ര്യ നിർമാർജന പദ്ധതികൾ അർഹതപ്പെട്ടവരിലേക്കു പലപ്പോഴും എത്തുന്നില്ല.

5. ഐ.ആർ.ഡി.പി. ലിസ്റ്റിൽ ഉൾപ്പെട്ട പലർക്കും വായ്പകൾ ലഭിക്കുന്നില്ല.

6. അർഹരായ ആളുകൾക്ക് സഹായ പദ്ധതികളെക്കുറിച്ച് വിവരം ലഭ്യമാക്കുന്ന സംവിധാനം പഞ്ചായത്തലത്തിലില്ല.

7. പല പെൻഷനുകളും വൈകിയാണ് ലഭിക്കുന്നത്.

8. വികലാംഗരായ ആളുകൾക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് അവർ ബോധവാന്മാരല്ല.

9. മദ്യപാനം കുടുംബ ഭദ്രത തകർക്കുന്നു.

10. വൃദ്ധ ജനങ്ങളെ പരിരക്ഷിക്കാനുള്ള സംവിധാനം ഇല്ല.

11. ഫാമിലി കൗൺസലിങ് സെൻററുകൾ പഞ്ചായത്തിലില്ല.

12. അർഹരായ വികലാംഗരെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് അവർക്കാവശ്യമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള പ്രദേശിക സംവിധാനം ഇല്ല.

13. വിവിധ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കും അവശ ജനവിഭാഗങ്ങൾക്കും ക്ഷേമനിധികൾ നിലവിലില്ല.

14. പോലീസ് വേണ്ടത്ര കാര്യക്ഷമമല്ല.

15. പ്രാഥമിക സൗകര്യങ്ങൾ മിക്കവീടുകളിലും ഇല്ല.

16. കുട്ടികൾക്കുള്ള വിനോദ കേന്ദ്രങ്ങൾ നിലവിലില്ല.

17. കല്ല്യാണങ്ങൾ, പൊതു ചടങ്ങുകൾ തുടങ്ങിയവ നടത്താൻ പറ്റിയ കമ്മ്യൂണിറ്റിഹാൾ പഞ്ചായത്തിലില്ല.

പൊതു ശ്മശാനമില്ല.

പൊതു വിതരണ സമ്പ്രദായം കുറ്റമറ്റതല്ല.

പഞ്ചായത്തുതലത്തിൽ സാമൂഹിക ക്ഷേമ പദ്ധതികളെക്കുറിച്ച് വിവരം നൽകുന്ന ഇൻഫർമേഷൻ സെൻറർ നിലവിലില്ല.

ഉപഭോക്തൃ സമിതികൾ പഞ്ചായത്തിൽ നിലവിലില്ല.

സാധ്യതകൾ.

അംഗന വാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ ഒരു സമഗ്ര പദ്ധതിക്കു പഞ്ചായത്തും സാമൂഹിക ക്ഷേമ വകുപ്പും നേതൃത്വം നൽകുക.

അംഗന വാടി ജീവനക്കാരുടെ വേതനം വർധിപ്പിക്കുക

വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ അംഗനവാടികൾ മുഖേന ആരംഭിക്കുക.

ദാരിദ്ര്യ നിർമാർജ്ജന പരിപാടികളും മറ്റു ക്ഷേമ പദ്ധതികളും അർഹതപ്പെട്ടവർക്കു ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള ഒരു വിധഗ്ധ സമിതി വാർഡ് തലത്തിൽ രൂപവത്കരിക്കുക.

പഞ്ചായത്തിൽ സാമൂഹിക ക്ഷേമ പദ്ധതികളെക്കുറിച്ച് വിവരം നൽകുന്ന ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.

പെൻഷനുകൾ സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

പഞ്ചായത്തു തലത്തിൽ വികലാംഗ ക്ഷേമ പരിപാടികൾക്ക് രൂപം നൽകി സാമൂഹിക ക്ഷേമ വകുപ്പു മുഖേന -ലഭിക്കുന്ന ആനുകൂല്യങ്ങൾ അവർക്ക് എത്തിച്ചു കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

8. സമ്പൂർണ മദ്യ നിരോധനം ഏർപ്പെടുത്തുക
9. പഞ്ചായത്തിനെ ലഹരി വിമുക്ത ഗ്രാമമായി പ്രഖ്യാപിക്കുക. മയക്കുമരുന്ന്, കഞ്ചാവ് തുടങ്ങിയവ വിൽക്കുന്നവർക്കെതിരേ വാർഡ് തലത്തിൽ ജനകീയ കമ്മറ്റികൾക്ക് രൂപം കൊടുക്കുക.
10. വൃദ്ധ സദനം സ്ഥാപിക്കുക
11. പഞ്ചായത്തിൽ ഫാമിലി കൗൺസലിങ്ങ് സെൻററുകൾ സ്ഥാപിക്കുക.
12. വിവിധ തുറകളിൽപ്പെട്ട തൊഴിലാളികൾക്കും അവശ ജന വിഭാഗങ്ങൾക്കും ക്ഷേമനിധികൾ രൂപവത്കരിക്കുക.
13. ക്രമസമാധാന രംഗത്തെ ശക്തിപ്പെടുത്താൻ പോലീസിനെ കാര്യക്ഷമമാക്കുകയും വനിതാ പോലീസിനെ നിയോഗിക്കുകയും ചെയ്യുക
14. പ്രാഥമിക സൗകര്യങ്ങൾ എല്ലാവീടുകളിലും എത്തിക്കുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടിക്ക് രൂപം നൽകി, യുവജന-സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പാക്കുക.
15. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ പണിയുക.
16. രെു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുക.
17. ഒരു പൊതു ശ്മശാനം സ്ഥാപിക്കുക.
18. പഞ്ചായത്തിൽ ഉപഭോക്തൃ സമിതികൾ രൂപീകരിക്കുക.
19. പൊതു വിതരണ സമ്പ്രദായത്തിലെ പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പഞ്ചായത്തു തലത്തിൽ ഒരു സമിതിക്കു രൂപം നൽകുക.
20. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതിക്കു രൂപം നൽകുക.



8
സംസ്കാരം

കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെ സമ്പന്നമാക്കുന്നതിൽ കിഴക്കൻ ഏറനാട് പ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. പ്രാചീനകാലം മുതൽക്കേ ഈ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം വിദേശികളുമായി വ്യാപാര ബന്ധം പുലർത്തിയിരുന്നു. യൂറോപ്യൻ രാജ്യങ്ങൾക്ക് ആയുധ നിർമാണം വശമില്ലാത്ത കാലഘട്ടത്തിൽ കരുവാരക്കുണ്ടിൽ നിന്ന് ധാരാളം ഇരുമ്പായുധങ്ങൾ ഈജിപ്ത്, റോം തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തിരുന്നു.

ഭൂമിശാസ്ത്രപരമായ സവിശേഷത ഈ പ്രദേശത്തിന്റെ സ്വതന്ത്രവും സമ്പന്നവുമായ സാംസ്കാരിക വളർച്ചക്ക് സഹായകമായി. പഴയ പാരമ്പര്യങ്ങളെയും പുതിയ മൂല്യങ്ങളെയും കൂട്ടിയിണക്കാൻ പര്യാപ്തമായിരുന്നു ഈ സംസ്കാരം.

1921ൽ ഏറനാട്ടിൽ ഉടലെടുത്ത മാപ്പിള സമരത്തിന്റെ പ്രതിധ്വനി ഈ ഗ്രാമത്തിലും ശക്തമായി മുഴങ്ങി.

(അവലംബം എഞ്ചിനീയർ എം.പി. രാമൻ 29-3-77 ചന്ദ്രിക)

സാമ്രാജ്യത്വവാഴ്ചക്കെതിരെ ഈ പ്രദേശത്തെ ജനങ്ങൾ ശക്തമായി പോരാടുകയും ചെയ്തു.

എ.ഡി. എട്ടാം നൂറ്റാണ്ടിൽ അദ്വൈത വേദാന്ത സിദ്ധാന്തവുമായി ശ്രീ ശങ്കരാചാര്യർ രംഗത്ത് വന്ന കാലഘട്ടത്തിൽ തന്നെ ഇസ്ലാം മതവും ക്രിസ്തുമതവും കേരളത്തിൽ പ്രചരിച്ചിരുന്നു. എന്നാൽ കരുവാരക്കുണ്ടിൽ ക്രിസ്ത്യാനികൾ എത്തിപ്പെട്ടത് രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം മാത്രമാണ്. കഴിഞ്ഞ പത്തൊമ്പത് നൂറ്റാണ്ടുകളിലെ വികാസ പരിണാമങ്ങൾക്കിടയിൽ മതങ്ങൾ ഈ പ്രദേശത്തെ ജനങ്ങളുടെ സംസ്കാരത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തി. ക്ഷേത്രങ്ങളും പള്ളികളും ചർച്ചുകളും സാംസ്കാരിക കേന്ദ്രങ്ങളായി വളർന്നു വന്നു. മത സൗഹാർദത്തിന്റെ പ്രതീകങ്ങളായി ഈ സ്ഥാപനങ്ങൾ മാറി.

പ്രസിദ്ധീകരണ രംഗത്തേക്ക് ഈ പ്രദേശം കാലെടുത്തു വെച്ചത് 1949 ലാണ്. അൻസാരി എന്ന പേരിൽ സി.എൻ. അഹമ്മദ് മൗലവി ഒരു മത-സാമൂഹിക-സാംസ്കാരിക മാസികയുടെ പ്രസിദ്ധീകരണം തുടങ്ങി. അത് പതിനാല് ലക്കം പുറത്തിറങ്ങി.

ഇവിടെ മദ്രസ്സാ പഠനത്തിനു തുടക്കമിട്ടത് സി.എൻ. തന്നെയായിരുന്നു. മലയാളത്തിൽ ആദ്യമായി ഖുർആൻ പരിഭാഷ പ്രസിദ്ധീകരിക്കപ്പെട്ടത് ഇവിടെ വെച്ചാണ്.

സാംസ്കാരിക പൈതൃകത്തിന്റെയും കലാവാസനയുടെയും പ്രകടനമാണ് ഉത്സവങ്ങളും ആഘോഷങ്ങളും. കേരളീയരുടെ ദേശീയോത്സവമായ ഓണം 1962 സെപ്തംബർ 11ന് വിപുലമായി കൊണ്ടാടാൻ തീ



ാനിച്ചതായി പഞ്ചായത്തിന്റെ പഴയ മിനുട്സിൽ ാണാം. പൊറ്റയിൽ കുഞ്ഞി മൊയ്തീൻ മുസ്ലിയാരാ ുന്നു അക്കാലത്ത് പ്രസിഡണ്ട്.

അദ്ധ്യാനത്തിന്റെ നിമിഷങ്ങൾ ലഘൂകരിച്ച് ാനന്ദപൂർണമാക്കാനും ആശയ വിനിമയം നടത്താനും ിചിന മനുഷ്യൻ കലയ്ക്കു ജന്മം നൽകി. ഏ.ഡി. ിമൂന്നാം നൂറ്റാണ്ടിനു മുമ്പ് ഈജിപ്തിൽ പ്രചരിച്ച ഷിക്കഥകളും മുത്തശ്ശിക്കഥകളുമാണ് നാടോടി കലകളുടെ അടിസ്ഥാനം. നമ്മുടെ ഗ്രാമീണ കലകളിൽ ക്കളി, തിരുവാതിരക്കളി, ഒപ്പന, പരിചമുട്ട്, ദഫ്മുട്ട് ാൽക്കളി എന്നിവ യുവജനോത്സവങ്ങളിൽ മാത്രം ുങ്ങി. എന്നാൽ നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്ന കൊട്ടിക്കളി, പൂതംകളി, സർപ്പം തുള്ളൽ അയ്യപ്പൻ ാട്ട്, പുള്ളുവൻ പാട്ട്, കളംപാട്ട് തുടങ്ങിയവ നാമാവ ുകമായി മാറി.

ഈ പ്രദേശത്തെ ആദ്യകാല ഫുട്ബോർ താരമായി ുന്നു പരേതനായ എം. മുസ്തഫ കുരിക്കൾ. പഞ്ചാ

യത്തിലിപ്പോൾ ഫുട്ബോർ സ്റ്റേഡിയമുണ്ടെങ്കിലും കാ യികരംഗത്തെ പ്രകടനം ആശാവഹമല്ല. ഈ രംഗത്തെ പത്രിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകേണ്ടതുണ്ട്.

അടിസ്ഥാന വർഗ്ഗത്തിൽ പ്രകടമായ ഉയിർത്തെഴു ന്നേൽപ്പാണ് ആധുനിക സംസ്കാരത്തിന്റെ ഒരു മു ഖമുദ്ര. ഭൂമിയിൽ ഉടമവസ്ഥാവകാശം നിഷേധിക്കപ്പെട്ട ദുർബ്ബല വിഭാഗങ്ങളെ സംഘടിപ്പിക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സാംസ്കാരിക പ്രർത്തകരും നൽകി യ നേതൃത്വം സ്മരണീയമാണ്. മുസ്ലിം ലീഗ്, സി.പി.എം, കോൺഗ്രസ്സ്, സി.പി.ഐ, ബി.ജെ.പി. കേരളാ കോൺ ഗ്രസ്സ് എന്നിവയാണ് ഈ പ്രദേശത്തെ പ്രമുഖ രാഷ്ട്രീ യ സംഘടനകൾ. ഇവയുടെ യുവജന, വിദ്യാർത്ഥി, ട്രേഡ് യൂനിയനുകളും പ്രവർത്തിക്കുന്നു.

1959 ലാണ് ഈ പഞ്ചായത്തിൽ ആദ്യമായി പൊതു ഗ്രന്ഥശാല ആരംഭിച്ചത്. പഞ്ചായത്ത് ബോർഡ് പ്രസി ഡൻറായിരുന്ന പൊറ്റയിൽ കുഞ്ഞുമൊയ്തീൻ മുസ്ലി യാരുടെ പ്രത്യേക താല്പര്യ പ്രകാരമാണ് പഞ്ചായത്ത്

ഇത് സമാരംഭിച്ചത്.

1967ൽ തരിശ്ശിൽ ഗ്രന്ഥശാല സ്ഥാപിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ച വ്യക്തിയാണ്. എൻ.യു.കെ. മൗലവി. അദ്ദേഹത്തിന്റെ മരണശേഷം "എൻ.യു.കെ മൗലവി മെമ്മോറിയൽ ലൈബ്രറി" എന്ന പേര് ഈ ഗ്രന്ഥശാലയ്ക്കു നൽകി. സ്വന്തമായി കെട്ടിടം പണിത പഞ്ചായത്തിലെ ആദ്യ ഗ്രന്ഥശാലയും ഇതുതന്നെ. ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഒരു കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിച്ചുവരുന്നു. 1992ൽ കരുവാരക്കുണ്ട് പഞ്ചായത്ത് പുന്നക്കാട്ട് സ്ഥാപിച്ച "എം. മുസ്തഫ കുരിക്കൾ മെമ്മോറിയൽ സാംസ്കാരിക നിലയം" ഈ ഗ്രാമത്തിലെ പൊതു ഗ്രന്ഥശാലയാണ്. ഒരു ടെലിവിഷൻ സെറ്റും ഗ്രന്ഥശാലയ്ക്കു കീഴിലുണ്ട്. പുന്നക്കാട് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന "പ്രതിഭ ഗ്രന്ഥശാല" ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ളതും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതുമാണ്. കേമ്പിൻകുന്നിൽ പ്രവർത്തിച്ചു വരുന്ന 'നവധാര ഗ്രന്ഥശാല' ശ്രദ്ധേയമാണ്.

ഈദ്, ഓണം, ക്രിസ്മസ്സ്, തിരുവാതിര, വിഷു, ശിവരാത്രി, നവരാത്രി, അഷ്ടമി രോഹിണി തുടങ്ങിയ ആഘോഷങ്ങൾ കൊണ്ടാടാറുമുണ്ട്. ചർച്ചുകളിൽ പള്ളി പെരുന്നാളും ക്ഷേത്രങ്ങളിൽ അയ്യപ്പൻ വിളക്കും നടന്നു വരുന്നു. ജാതി മത വിത്യാസമില്ലാതെ ജനങ്ങൾ ഈ ആഘോഷങ്ങളിൽ പങ്കെടുക്കാറുണ്ട്. വിവാഹം, സൽക്കാരം, മരണം തുടങ്ങിയ വേളകളിലും ജാതി മത ഭേദമന്യേ ജനങ്ങൾ സംബന്ധിക്കുന്നു. വർഗ്ഗീയമോ രാഷ്ട്രീയമോ ആയ സംഘട്ടനങ്ങൾ ഇതുവരെ ഈ പഞ്ചായത്തിൽ നടന്നിട്ടില്ല. ജനങ്ങളുടെ ഉയർന്ന സാംസ്കാരിക നിലവാരവും മതമൗഹാർദവുമാണ് ഇത് കാണിക്കുന്നത്.

ഔദ്യോഗികവും അനൗദ്യോഗികവുമായ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പള്ളികൾ, മദ്രസ്സകൾ, യതീംഖാന, ക്ഷേത്രങ്ങൾ, ചർച്ചുകൾ, അറബിക് കോളേജ്, ഗ്രന്ഥശാലകൾ, കലാ സാംസ്കാരിക സമിതികൾ, ക്ലബ്ബുകൾ മുതലായവ ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക വളർച്ചയിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

സാംസ്കാരിക സ്ഥാപനങ്ങളുടെ എണ്ണം

(പട്ടിക-1)

വാർഡ്	ക്ഷേത്രങ്ങൾ	ചർച്ചുകൾ	മുസ്ലിം പള്ളികൾ	മദ്രസ്സകൾ	എൽ.പി. സ്കൂൾ	യു.പി. സ്കൂൾ	ഹൈസ്കൂൾ	സമാന്തര വിദ്യാലയം	ഗ്രന്ഥശാല	ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്
I	-	-	1	2	-	-	-	1	-	1
II	-	-	2	4	-	1	-	-	-	-
III	-	-	1	3	1	-	-	-	-	-
IV	-	-	2	2	-	-	1	2	1	1
V	-	1	3	3	1	1	-	1	-	-
VI	-	-	1	1	1	-	-	-	1	1
VII	-	-	1	2	-	-	-	-	-	1
VIII	-	1	1	1	-	-	-	-	-	2
IX	-	-	-	1	1	-	-	-	-	2
X	1	-	1	3	1	-	-	-	-	-
XI	1	-	1	1	1	2	1	1	2	2
XII	-	2	1	3	-	-	-	-	-	2
XIII	1	-	2	4	1	-	-	-	-	1
ആകെ	3	4	17	30	7	4	2	5	5	13

(അവലംബം: സാമൂഹ്യസർവെ '96)

ഗ്രന്ഥശാലകളെ സംബന്ധിച്ച്

(പട്ടിക -2)

പേര്	സ്ഥാപിതം	മെമ്പർമാർ സ്ത്രീ. പു.	ഗ്രേഡ്	പുസ്തകം	ഗ്രന്ഥശാലാ ഗ്രാൻറ്	പഞ്ചായത്ത് സഹായം	കെട്ടിടം
എൻ.യു.കെ. മൗലവി മെമ്മോറിയൽ ലൈബ്രറി കരിങ്കൽ	1967	200-35	ഡി	3529	9000	2518	സ്വന്തം
ഹാജി പി.എം. മുസ്തഫ കുരിക്കൾ സ്മാരക സാംസ്കാരിക നിലയം പുന്നക്കാട്	1971	116-4	-	832	ഇല്ല	പഞ്ചായത്ത് വക	സ്വന്തം
നവ്യാ വായനശാല കക്കറ	1989	-	-	735	ഇല്ല	2160	സ്വന്തം
ഉദയം ഗ്രന്ഥശാല പുത്തനഴി	1992	48-12	-	1200	ഇല്ല	ഇല്ല	വാടക

(അവലംബം: സർവ്വെ, 96)

ആഹ്ലാദവും വിനോദവും ലക്ഷ്യമാക്കിയുള്ള നി കലാരൂപങ്ങൾ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. നത്തോടനുബന്ധിച്ച് നടന്നിരുന്ന 'കൈകൊട്ടി ട്ടും മാപ്പിളപ്പാട്ടും ഇതിൽപ്പെടും.

കോൽക്കളി, പടാളിതല്ല്, കാളപൂട്ട്, നായാട്ട്, കാരകളി, പൂത്തി കളി മുതലായവ പ്രധാന വിനോദങ്ങളായി

പ്രവർത്തനം, കല, സാഹിത്യം തുടങ്ങിയ രം അറിയപ്പെടുന്ന നിരവധി വ്യക്തികൾ ഈ ത്തിലുണ്ട്. സാഹിത്യരംഗത്തും പ്രഭാഷണ രം ബാബു. കെ.ടി. മാനുമുസ്ലിയാർ പത്രപ്രവരത്തന പി.പി.അബ്ദുൽ ഹമീദ്, ബഷീർ, അബു ഇരി കലാസാഹിത്യരംഗത്ത് ശ്രീ. ജി.സി. കാരയ്ക്കൽ, ട്ടിന്റെ രംഗത്ത് കവിയായ ഒ.എം. കരുവാ സംഗീതം, കലാ സാംസ്കാരിക രംഗത്ത് ശ്ര അബ്ദുള്ള കരുവാരക്കുണ്ട്, കാർട്ടൂണിസ്റ്റും ആർട്ടിസ്റ്റുമായ കെ.വി.കെ, നാടക രചയിതാവും നടനു മായ അബ്ബാസ്, പ്രശസ്ത സിനിമാ നിരൂപകനായ അശ്വ തി എന്നിവർ ഈ രംഗത്ത് പ്രശസ്തരാണ്.

പഞ്ചായത്തിൽ കൂടുതൽ പ്രചാരമുള്ള ദിനപത്രങ്ങൾ മലയാള മനോരമ, ചന്ദ്രിക, മാധ്യമം, മാതൃഭൂമി, ദേശാഭി മാനി തുടങ്ങിയവയാണ്.

ഇരുപത്തിയഞ്ച് വയസ്സിൽ താഴെയുള്ള യുവതീ യു വാക്കൾ കുറ്റാന്വേഷണ നോവുലകളോടും പൈങ്കിളി സാഹിത്യങ്ങളോടും ആഭിമുഖ്യം കാട്ടുന്നതായി സാമൂഹ്യ സർവ്വെയിൽ കണ്ടെത്തി.

മതാടിസ്ഥാനത്തിൽ ജനസംഖ്യയിൽ ഒന്നാം സ്ഥാ നത്ത് മുസ്ലിംകളാണ്. രണ്ടും മൂന്നും സ്ഥാനം യഥാ ക്രമം ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കുമാണ്. ഇലക് ട്രോണിക്ക് മാധ്യമങ്ങളും ടെലിവിഷൻ സെറ്റും ഡിഷ്, ആൻറിനകളും പഞ്ചായത്തിൽ പ്രചരിച്ചു തുടങ്ങിയിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ടി.വി. സെറ്റുകളുടെ കണക്ക്

വാർഡ്	I	II	III	IV	V	VI	VII	VIII	IX	X	XI	XII	XIII
ടി.വി.	5	15	12	7	22	16	22	12	6	4	10	11	5
ഡിഷ്	2	6	4	2	16	3	6	12	-	-	4	3	1

(അവലംബം: സാമൂഹ്യസർവ്വെ, 96)

ഗൾഫ് സമ്പർക്കമാണ് ഇലക്ട്രാണിക് മാധ്യമങ്ങളുടെ രംഗപ്രവേശനത്തിന് പ്രധാനമായും കളമൊരുക്കിയത്. മാധ്യമ വിപ്ലവം കാരണമായി പുറം നാടുകളിലേക്കുള്ള ദൂരം നന്നേ കുറഞ്ഞു.

സംസ്കാരങ്ങൾ തമ്മിലുള്ള കൈമാറ്റം നല്ലതു തന്നെ. എന്നാൽ അതിനുപകരം ഇലക്ട്രോണിക് മാധ്യമങ്ങൾ ജനങ്ങളെ സാംസ്കാരികാധിനിവേഷത്തിന് വിധേയരാക്കുമോ എന്ന് ഉത്കണ്ഠയുണ്ട്.

ജീവിതത്തിന്റെ നാനാമേഖലകളിലും ഗുണപരമായ മാറ്റം വരുത്താൻ ഭാവിയിൽ നമുക്ക് കഴിയണം. ഇതിനായി നമ്മുടെ സാംസ്കാരിക രംഗം കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതുണ്ട്.

ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ

- സ്വന്തമായി കെട്ടിടം, വൈദ്യുതി എന്നീ സൗകര്യങ്ങളുള്ള തരിശ് എൻ.യു.കെ. മൗലവി മെമ്മോറിയൽ ലൈബ്രറിക്ക് ടെലിവിഷൻ സെറ്റ് ലഭിച്ചിട്ടില്ല.
- ഗ്രന്ഥശാലകൾക്ക് പഞ്ചായത്ത് വക ഗ്രാൻറുകൾ ലഭിക്കുന്നില്ല.
- പഞ്ചായത്ത് പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് ലൈബ്രറികൾക്കു ലഭിക്കുന്നില്ല.
- പ്രചാരത്തിലുള്ള എല്ലാ പത്രമാസികകളും വായനശാലകൾക്ക് ലഭിക്കുന്നില്ല.
- സ്ത്രീകളുടെ പുസ്തക പാരായണം വളരെ കുറവാണ്.
- സ്പോർട്സ് ക്ലബ്ബുകൾക്ക് ഉപകരണങ്ങളും സഹായങ്ങളും ലഭിക്കുന്നില്ല.
- ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാൻറിൽ പുസ്തകങ്ങളുടെ വിലക്കനുസരിച്ച് വർധന ഇല്ല.
- പറയരുടെ കാളകളി തുടങ്ങിയ നാടൻ കലാരൂപങ്ങൾ പലതും നശിച്ചുകൊണ്ടിരിക്കുന്നു.
- എല്ലാ വാർഡിലും ഗ്രന്ഥശാലയോടു കൂടിയ വായനശാലകളില്ല.
- ഹൈസ്കൂൾ ലൈബ്രറി കുട്ടികൾക്ക് ഉപയോഗപ്പെടുന്നില്ല.
- എല്ലാ വിദ്യാർത്ഥികളും മലയാള ഭാഷ മുഖ്യഭാഷയായി എടുക്കുന്നില്ല.
- പൊതു സ്ഥാപനങ്ങൾ രാത്രി കാലങ്ങളിൽ സാമൂഹ്യ വിരുദ്ധരുടെ അഴിഞ്ഞാട്ട താവളമായി മാറുന്നു.
- തുടർ സാക്ഷരതാ പദ്ധതിയില്ല.
- പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റിഹാൾ പബ്ലിക്ക് ഇൻഫർമേഷൻ സെൻറർഎന്നിവ ഇല്ല. അശ്ലീല സിനിമാ പരസ്യങ്ങൾ ധാർമ്മിക അധ:പതനത്തിന് കാരണമാവുന്നു.
- ആവശ്യമായ കളി സ്ഥലങ്ങളില്ല.

സാധ്യതകൾ

- സ്വന്തമായി കെട്ടിട സൗകര്യമുള്ള എല്ലാ ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കും ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി.
- എല്ലാ ഗ്രന്ഥശാലകൾക്കും ഗ്രാൻറ് നൽകാനുള്ള പദ്ധതി നടപ്പിലാക്കുക.
- പഞ്ചായത്ത് പരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് ഗ്രാമീണ ഗ്രന്ഥശാലകൾക്കും കൂടി ലഭിക്കാനുള്ള പദ്ധതി നടപ്പിലാക്കുക.
- പ്രചാരത്തിലുള്ള എല്ലാ പത്രമാസികകളും വായനശാലകൾക്കു നൽകുവാനുള്ള പദ്ധതി.
- സ്ത്രീകളുടെ പുസ്തക പാരായണ ശീലം വർധിപ്പിക്കുവാനായി ഓരോ ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ചു. 'സഞ്ചരിക്കുന്ന ഗ്രന്ഥശാല' സ്ഥാപിക്കുക.
- ഗ്രന്ഥശാലാ സംഘത്തിൻെറ ഗ്രാൻറുകൾ കാലോചിതമായി വർധിപ്പിക്കാനുള്ള പദ്ധതി.
- ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾക്ക് ഉപകരണങ്ങളും സഹായങ്ങളും നൽകാനുള്ള പദ്ധതി.
- പഞ്ചായത്ത് തലത്തിൽ സാംസ്കാരികോത്സവങ്ങൾ നടത്താനുള്ള പദ്ധതി.
- നശിച്ചുകൊണ്ടിരിക്കുന്ന നാടൻ കലകൾ സംരക്ഷിക്കാനുള്ള പദ്ധതി.
- എല്ലാ വാർഡിലും ജനപങ്കാളിത്തത്തോടുകൂടി ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിക്കാനുള്ള പദ്ധതി.
- അംഗീകാരമുള്ള ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കുംസൗജന്യ നിരക്കിൽ വൈദ്യുതി ലഭിക്കുന്നതിന്നുള്ള പദ്ധതി.
- ഗ്രന്ഥശാലാ കെട്ടിടങ്ങളെ കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിന്നുള്ള നടപടി.
- സ്കൂൾ ലൈബ്രറികൾ ഉപകാരപ്രദമായ രീതിയിൽ പുന:സംഘടിപ്പിച്ചു പുസ്തക വിതരണം നടത്താനുള്ള പദ്ധതി.
- എസ്.എസ്.എൽ.സി. വരെയുള്ള പഠനത്തിന് മലയാള ഭാഷ എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധമാക്കാനുള്ള പദ്ധതി.
- പൊതു സ്ഥാപനങ്ങളിൽ രാത്രികാലങ്ങളിൽ നടന്നുവരുന്ന സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടമവസാനിപ്പിക്കാനുള്ള പദ്ധതി.
- എല്ലാ വാർഡിലും തുടർ സാക്ഷരതയ്ക്കുള്ള പദ്ധതി നടപ്പിലാക്കുക.
- പഞ്ചായത്ത് തലത്തിൽ ഒരു കമ്മ്യൂണിറ്റിഹാളും ഇൻഫർമേഷൻ സെൻററും സ്ഥാപിക്കാനുള്ള പദ്ധതി.
- അശ്ലീല സിനിമകൾ, പരസ്യങ്ങൾ മുതലായവ നിരോധിക്കാനുള്ള പദ്ധതി.
- പുന്നക്കാട് കേന്ദ്രമായി ഒരു മിനിസ്റ്റേഡിയം നിർമിക്കാനുള്ള പദ്ധതി.



9 വനിത

വനിതകൾ എല്ലാ രംഗങ്ങളിലും സജീവമായി പ്രവർത്തിക്കുന്ന ഒരു കാലഘട്ടമാണിത്. എന്നാൽ നമ്മുടെ നാട്ടിലെ സ്ത്രീകൾ ഇന്നും സാമൂഹ്യ സാംസ്കരിക രംഗങ്ങളിൽ വേണ്ടത്ര സജീവമാകുന്നില്ല. പഴയ കാലത്തിൽ നിന്നു വ്യത്യസ്തമായി തൊഴിൽ രംഗത്തും സാമൂഹ്യരംഗത്തും സ്ത്രീകൾക്ക് മാന്യമായ അംഗീകാരമുണ്ട്. പക്ഷേ അതിനനുസരിച്ച് രംഗത്തുവരാനും പ്രവർത്തന നിരതരാകാനും ഭൂരിഭാഗവും മടിച്ചു നൽക്കുന്നു. ഇതിന് ചരിത്രപരമായി ഒരുപാട് കാരണങ്ങൾ ഉണ്ടാകാം.

1991ലെ സെൻസസ് പ്രകാരം കരുവാരകുണ്ടിലെ ജനസംഖ്യ 32,812 ആണ്. ഇതിൽ സ്ത്രീകളുടെ എണ്ണം 16724 ആണ്. പുരുഷന്മാരെ അപേക്ഷിച്ച് 640 സ്ത്രീകൾ അധികമുള്ളതു കാരണം ഈ പഞ്ചായത്തിന് തെരഞ്ഞെടുടുപ്പിൽ വനിതാ സംവരണമുണ്ട്. എണ്ണത്തിൽ കൂടുതലാണെങ്കിലും വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഇനിയും വേണ്ടത്ര ഉണ്ടായിട്ടില്ല. എന്നാൽ അധ്യാപനരംഗത്ത് മുൻ നിരയിൽ സ്ത്രീകളാണ്. സെൻസസ് പ്രകാരം സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും കഴിഞ്ഞ അഞ്ചുവർഷത്തെ സ്കൂൾ പ്രവേശന രേഖകൾ പ്രകാരവും ഐ.ആർ.ഡി.പി. സർവ്വെ പ്രകാരവും നാട്ടിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുന്ന സെൻസസ് റിപ്പോർട്ടിന്റെ പട്ടിക കാണുക

തൊഴിലെടുക്കുന്നവരുടെ കണക്ക്

(പട്ടിക 1)

നമ്പർ	തൊഴിൽ മേഖല	പു	സ്ത്രീ
1	കൃഷി	1291	103
2	കർഷക തൊഴിലാളി	2443	1060
3	മൃഗ സംരക്ഷണം	1433	224
4	കുടിൽ വ്യവസായം	221	28
5	നിർമ്മാണ തൊഴിലാളി	109	42
6	കെട്ടിട-നിർമ്മാണം	120	4
7	കാറി	41	1

(അവലംബം 91ലെ സെൻസസ്)

തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള അവഗ വലുതാണെന്നു ഈ പട്ടിക സൂചിപ്പിക്കുന്നു. ചെറു വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ എ ഏർപ്പെടുത്തി സ്ത്രീകളുടെ സാമൂഹ്യ പദവി ത്തേണ്ടതുണ്ട്. കെട്ടിട നിരമ്മാണരംഗത്തും തോ മേഖലയിലും ധാരാളം സ്ത്രീകൾ പ്രവർത്തിക്കുന്നു



...കൂലി നിരക്കിൽ വലിയ അന്തരം നില നിൽ... ഇതുമാറ്റിയെടുക്കേണ്ടതുണ്ട്. നമ്മുടെ ഗ്രാമപഞ്ചാ... പ്രസിഡണ്ട് ശ്രീമതി. പി.ആയിഷ മത്സരിച്ചു ജയി... പൊതു സീറ്റിലാണെന്നത് അഭിമാനാർഹമാണ്.

...ത്ത് പ്രവർത്തിക്കുന്ന 'ദേശസേവിനി മഹിളാ സമാ... തുകാപരമായ സേവന പ്രവരത്തനങ്ങൾ നടത്തി... 120 കുടുംബങ്ങൾക്ക് 240 'ഗിരിരാജൻ' കോഴിക... സിഡി നിരക്കിൽ(1996-97 വർഷം)നൽകു... യി. കാലിത്തൊഴുത്ത് നിർമ്മാണ സഹായം, മാ... വിതരണം തുടങ്ങിയ പല പ്രവർത്തനങ്ങളും... ണ്ടായി. ഇതിന്റെ കീഴിൽ 5 കോർ ഗ്രൂപ്പു... പ്രവർത്തിച്ചു വരുന്നു. മഹിളകൾക്കായി ഒരു ലൈ... ഇതിന്റെ കീഴിലുണ്ട്.

..., കുട്ടത്തി, പയ്യാക്കോട് എന്നിവിടങ്ങളിൽ മഹി... ങ്ങളുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തി... 'ഗാന്ധി സ്മാരക നിധി'യുടെ കീഴിൽ കണ്ണത്ത്... ിക്കുന്ന ഖാദി നൂൽ നൂൽപ്പുകേന്ദ്രത്തിൽ 25ഉം... യു.സി.ആർ.എ പദ്ധതി പ്രകാരം പ്രവർത്തി... ക്കേതല 'ശേഷി' അടയ്ക്ക യൂനിറ്റിൽ 10ഉം... ബാഗ് നിർമ്മാണ യൂനിറ്റിൽ 5ഉം വനിതകൾ... ചെയ്തു വരുന്നു. കൂട്ടായ്മയോടെ ആരംഭിച്ച പല... പദ്ധതികളും പരാജയപ്പെട്ടിരിക്കയാണ്. സ്വയം... ചെയ്യാവുന്ന സംരംഭത്തിനേ നില നിൽക്കാൻ... എന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഈ ഗ്രാമത്തിൽ... പദ്ധതികൾ സ്ത്രീകൾക്കായി നടപ്പിലാ...ാണ്.

നമ്മുടെ ഗ്രാമത്തിൽ സ്ത്രീകൾക്ക് മാത്രമായി രൂപീകരിച്ച "കമ്മ്യൂണിറ്റി ബെയ്സ്ഡ് ന്യൂട്രീഷ്യൻ പ്രോഗ്രാം"(സി.ബി.എൻ.പി)എന്ന സൊസൈറ്റിയിൽ 65ഓളം അയൽക്കൂട്ടങ്ങളിലായി **3000** വനിതകൾ അംഗങ്ങളാണ്.

വനിതകൾക്കായുള്ള ഏഷ്യയിലെ ഏറ്റവും വലിയ സൊസൈറ്റിയായി മാറിയ, മലപ്പുറം ജില്ലാ സി.ഡി.എസിന്റെ കീഴിലുള്ള 'ത്രിഫ്റ്റ് സൊസൈറ്റി'യിൽ, നമ്മുടെ പഞ്ചായത്തിലെ സി.ബി.എൻ.പി. കുടുംബവും അംഗമാണ്. 2.5 ലക്ഷം രൂപ ഇതിനകം സ്വരൂപിച്ച് ഒരു ലക്ഷം രൂപ 'ലോൺ' വ്യവസ്ഥപ്രകാരം ആവശ്യക്കാർക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് എ.പി.സി. യായി ഇ. ഫാതിമ, സി.ഡി.എസ്. പ്രസിഡൻറായി പി. സൈനബ, സി.ഒ. മാരായി പി.പി.കുഞ്ഞുമോൾ, എൻ.പി. റംലത്ത് പഞ്ചായത്ത് ആർ.പി. ആയി ത്രേസ്യാമ്മ അബ്രഹാം എന്നിവർ പ്രവർത്തന രംഗത്തുണ്ട്. ദരിദ്രരായ കുടുംബങ്ങളുടെ അവശത പരിഹരിക്കുന്നതിന് സി.ബി.എൻ.പി. യുടെ പ്രവർത്തനം അഭിനന്ദനമർഹിക്കുന്നു. പഞ്ചായത്തു തലത്തിൽ ഇതിനു നേതൃത്വം നൽകുന്നത് ശ്രീ. എം. അബ്ദുല്ല മാസ്റ്ററാണ്.

നമ്മുടെ ഗ്രാമത്തിൽ സർക്കാർ സർവ്വീസിൽ എത്തുന്ന ആദ്യത്തെ വനിതാ ശ്രീമതി. സി.എച്ർ. പാത്തു ടീച്ചറാണ്.

സ്ത്രീകൾക്ക് നേരേയുള്ള അതിക്രമങ്ങൾ പൊതുവേ ഇവിടെ കുറവാണ്. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ അടുത്ത കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകളുടെ നിരക്ഷരത ഒരു വലിയ അളവോളം സാക്ഷരതാ പ്രവർത്തനം വഴി നീക്കപ്പെട്ടിട്ടുണ്ട്. കൂലി അന്തരം പട്ടിക ശ്രദ്ധിക്കുക.

പട്ടിക(2)

തൊഴിൽ	പുരുഷന് ലഭിക്കുന്നത്	സ്ത്രീക്ക് ലഭിക്കുന്നത്
1 കർഷകതൊഴിലാളി	100	50
2 തോട്ടം തൊഴിലാളി	110	70
3 നിർമ്മാണ തൊഴിലാളി	150	70

പ്രശ്നങ്ങൾ

1. വിദ്യാലയങ്ങൾ ഒഴികെയുള്ള തൊഴിൽ മേഖലകളിൽ സ്ത്രീകൾ അവഗണന നേരിടുന്നു.
2. വനിതകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.
3. ഉള്ള തൊഴിൽ മേഖലകളിൽ കൂലി വിവേചനം നില

നിൽക്കുന്നു.

4. സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്നു.
5. പരസ്യങ്ങൾക്ക് വേണ്ടി സ്ത്രീകളെ ആഭാസകരമായി ചിത്രീകരിക്കുന്നു.
6. തൊഴിൽ നിയമങ്ങളെക്കുറിച്ചു സ്ത്രീകളുടെ അവകാശ നിയമങ്ങളെക്കുറിച്ചും അറിവില്ലായ്മ നിലനിക്കുന്നു.
7. അംഗൻവാടി ജീവനക്കാരുടെ വേതനം കുറഞ്ഞതാണ്.
8. സ്ത്രീകൾക്ക് സ്വന്തമായി തൊഴിൽ പരിശീലന കേന്ദ്രങ്ങളില്ല.
9. പഞ്ചായത്തിൽ വിവാഹ റജിസ്ട്രേഷൻ സൗകര്യം ഇല്ല.
10. മദ്യപാനം കാരണം തെയ്യൂട്ടിക്കുന്ന്, പയ്യാക്കോട്ട്, കക്കറ തുടങ്ങിയ പ്രദേശങ്ങളിൽ കുടുംബ ബന്ധങ്ങളിൽ തകരാറുകളുണ്ടാവുന്നു.
11. സ്ത്രീകൾക്ക് വേണ്ടി പഞ്ചായത്ത് നിർമ്മിച്ചു കൊടുത്ത കുളി മറ അറ്റകുറ്റ പണികൾ നടത്താറില്ല.
12. സ്ത്രീധന സമ്പ്രദായം നിർദ്ധന കുടുംബങ്ങളിൽ ഭീതിയുണർത്തന്നു.

സാദ്ധ്യതകൾ

1 തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് തുല്യ പരിഗണന നൽകുക.
2. സ്ത്രീകളെ നേതൃനിരയിൽ കൊണ്ടുവരാൻ സാമൂഹ്യ സാസ്കാരിക സംഘടനകൾ ശ്രമിക്കണം.
3. സ്ത്രീപീഡനങ്ങൾക്കെതിരായി ബോധവൽക്കരണം നടത്തണം.
4. പഞ്ചായത്ത് തലത്തിൽ ഒരു വനിതാക്ഷേമ ഉപദേശക സമിതി രൂപവൽക്കരിക്കണം.
5. വിധവാ പെൻഷൻ ഗ്രാമ പഞ്ചായത്തുകളിലൂടെ വിതരണം ചെയ്യണം.
6. തോട്ടങ്ങളിൽ ശിശുവിഹാര കേന്ദ്രങ്ങൾ സ്ഥാപിക്കണം.
7. സാമൂഹ്യ വിരുദ്ധരുടെ കടന്നാക്രമണത്തിൽ നിന്നും സംരക്ഷണം നൽകണം.
8 പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഏർപെടുത്തണം.
9. സ്ത്രീകൾക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്



ഥാപിക്കണം.

10. മഹിളാ സമാജങ്ങളുടെ പ്രവർത്തനം സജീവമാക്കണം.
11. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക പരിരക്ഷ നൽകണം.
12. വീടുകളിൽ ആൺകുട്ടികൾക്കൊപ്പമുള്ള പരിഗണന പെൺകുട്ടികൾക്കും നൽകണം.
13. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പരസ്യങ്ങൾ നിരോധിക്കണം.
14. അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും എതിരായ ബോധവൽക്കരണം നടത്തണം.
15. പഞ്ചായത്തിൽ വിവാഹ റജിസ്ട്രേഷൻ ആരംഭിക്കുക.
16. മദ്യപാനം കാരണം കുടുബം ബന്ധങ്ങളിൽ തകരാറുകൾ ഉണ്ടാവുന്നത് കൊണ്ട് സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.
17. 1957ൽ നിർമ്മിച്ചു കൊടുത്ത അങ്ങാടിയിലുള്ള കുളിമറ റിപ്പേർ ചെയ്യാനുള്ള നടപടി സ്വീകരിക്കുക.
18. സ്ത്രീധന സമ്പ്രദായത്തിനെതിരേ ബോധവക്കരണം നടത്തുകയും സ്ത്രീധന വിരുദ്ധ സമൂഹ വിവാഹം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

10
സഹകരണം

കടക്കെണിയിൽ നിന്നും കർഷക ലക്ഷങ്ങളെ മോചിപ്പിക്കുന്നതിനായി ഭാരതത്തിൽ സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ സഹകരണ പ്രസ്ഥാനം വേരോടിയിരുന്നു.

കരുവാരകുണ്ട്, തുവ്വൂർ, പാണ്ടിക്കാട്ട് എന്നീ വില്ലേജുകൾ പ്രവർത്തന മണ്ഡലമായി എടുത്തു 1946ൽ ഒരു [illegible] സൊസൈറ്റി രൂപീകരിച്ചത് മുതലാണ് കരുവാരകുണ്ടിൽ സഹകരണ പ്രസ്ഥാനമാരംഭിക്കുന്നത്. [illegible] ആദ്യകാല പ്രസിഡണ്ട് കളവക്കാട്ട് നാരായണൻ നായർ ആയിരുന്നു. അതിന് ശേഷം ഈ സ്ഥാപനം റൂറൽ ബാങ്കായും 1963ൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കായും പ്രവർത്തിക്കാൻ തുടങ്ങി. ബാങ്കിന്റെ പ്രവർത്തന മേഖല വിപുലപ്പെട്ടതോടുകൂടി കർഷകർക്ക് വളരെ ആശ്വാസമായി. അന്നേവരെ കാർഷിക ആവശ്യങ്ങൾക്കായി പണ്ഡിതന് ആളുകൾ സമീപിച്ചിരുന്നത് നെല്ലിന് മുൻകൂർ പണം കടം കൊടുക്കുന്ന വ്യാപാരികളെയായിരുന്നു. ജന്മിക്ക് പാട്ടം അളക്കുകയും വ്യാപാരികളുടെ കടം വീട്ടുകയും ചെയ്തു കഴിഞ്ഞാൽ കർഷകന് കടവും, പട്ടിണിയുമായിരുന്നു ബാക്കിയുണ്ടായിരുന്നത്.

[illegible]ത്തെ സാമൂഹ്യ-സാമ്പത്തിക നേതൃത്വവും ജന്മിമാരിൽ നിന്ന് വ്യാപാരി സമൂഹത്തിന്റെ കൈകളിലായി [illegible]ക്കാരണത്താൽ തന്നെ കർഷകർക്ക് നീതിയും ലഭിച്ചിരുന്നില്ല. ഈ അവസരത്തിൽ വളരെ ചരുങ്ങിയ രീതിയിലായിരുന്നു സർവ്വീസ് ബാങ്കിന്റെ സേവന മേഖലകൾ എങ്കിലും വലിയ പ്രതീക്ഷകളോടെയായിരുന്നു കർഷകർ ഈ സ്ഥാപനത്തെ കണ്ടിരുന്നത്. ഏതാണ്ട് 1970 വരെയുള്ള കാലഘട്ടത്തിൽ ബാങ്കിന്റെ പ്രവർത്തനം വളരെ നല്ല നിലയിൽ തന്നെയായിരുന്നു. ഈ കാലഘട്ടത്തിലാണ് അംഗങ്ങൾക്ക് കൊല്ലത്തിൽ നല്കുന്ന ലാഭ വിഹിത സംഖ്യ കരുവാരകുണ്ട് ഗവ: ഹൈസ്കൂളിന് സ്വന്തം കെട്ടിടമുണ്ടാക്കാൻ സംഭാവന ചെയ്തത്. കരുവാരകുണ്ട്പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്ന സഹകരണ സ്ഥാപനങ്ങൾ എട്ടെണ്ണമാണ്. കഴിഞ്ഞ കാലങ്ങളിൽ ഇല്ലാതായ സഹകരണ സ്ഥാപനങ്ങൾ മൂന്നെണ്ണമാണ്

ഇല്ലാതായ സഹകരണ സ്ഥാപനങ്ങൾ.

1. കരുവാരകുണ്ട് ക്ഷീരോൽപ്പാദക സഹകരണ സംഘം 1970ൽ രൂപവൽകരിക്കുകയും, കുറഞ്ഞകാലം കൊണ്ട് ഇല്ലാതാവുകയും ചെയ്തു. പുനരുദ്ധരിക്കുവാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ ഫലവത്തായില്ല.
2. ഖാദി വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിലുള്ള-മുറം-പനമ്പ് നെയ്ത്തു സഹകരണ സംഘം. 1970കളിൽ രൂപവൽകരിച്ചു കുറഞ്ഞകാലം

കൊണ്ടു ഇല്ലാതായി സംഘത്തിന്റെ പേരിൽ ഒരുകെട്ടിടം ഇരിങ്ങാട്ടിരിയിലുണ്ട്.

3. ഹരിജൻ വെൽഫയർ സൊസൈറ്റി 1980കളുടെ അവസാനത്തിൽ രൂപീകരിച്ച് കുറഞ്ഞ കാലം കൊണ്ട് തന്നെ ഇല്ലാതായി.

ഇപ്പോൾ പ്രവർത്തിക്കുന്ന സംഘങ്ങളെയും കുറിച്ചുള്ള പട്ടിക ശ്രദ്ധിക്കുക.

സഹകരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരം


പട്ടിക 1

ഇപ്പോൾ പ്രവർത്തിക്കുന്നവ.
കരുവാരകുണ്ട് കോ-ഓപ്പറേറ്റിവ് സർവീസ് ബാങ്ക്.
ഏറനാട് താലൂക്ക് കാർഷിക വികസന ബാങ്ക്.
നിലമ്പൂർ കോ-ഓപ്പറേറ്റിവ് അർബൻ ബാങ്ക് ശാഖ.
ഇന്ദിരാഗാന്ധി ഗവ:സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
കൽക്കുണ്ട് ക്ഷീരോല്പാദക സഹകരണ സംഘം..
വീട്ടിക്കുന്ന് ക്ഷീരോല്പാദക സഹകരണ സംഘം.
കരുവാരകുണ്ട് ഗവ: ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
ഗവ: എൽ.പി.സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

ഈ രംഗത്ത് ജോലി ചെയ്യുന്നവരിൽ കരുവാരകുണ്ടിൽ നിന്നുള്ളവർ വളരെക്കുറച്ച് മാത്രമേ ഉള്ളൂ. ജോലിക്കാർ. സഹകരണ നിയമം 80-ാം വകുപ്പിന്റെ ആനുകൂല്യം ലഭിക്കുന്നവരാണ്.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.

കാർഷിക മേഖലയിൽ കരുവാരകുണ്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഏറനാട് താലൂക്ക് കാർഷിക വികസന ബാങ്കിന്റെ ശാഖ എന്നിവ ഇവിടെ പ്രവർത്തിച്ചു വരുന്നു. പരിമിതമായ സാമ്പത്തിക സ്ഥിതി വെച്ച് കൊണ്ടാണെങ്കിലും ജില്ലാ ബാങ്കിന്റെ സഹായം കൊണ്ടു വളരെ ഉദാരമായ നടപടി ക്രമങ്ങളിലൂടെ കർഷകരെ സഹായിക്കാൻ കരുവാരകുണ്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് ശ്രമിച്ച് വരുന്നു. കാർഷിക വികസന ബാങ്കിൽ നിന്നും ചെറുകിട കർഷകർക്കും. തൊഴിലാളികൾക്കും വായ്പകൾ ലഭിക്കാൻ ആവശ്യമായ നിയമ നിർമ്മാണവും, നടപടികളും കൂടുതൽ ഉദാരമാക്കേണ്ടതാണ്. എന്നാലും ഈ പഞ്ചായത്തിലെ കർഷകർക്കു വളരെ ആശ്വാസകരമാണ് ഇതിന്റെ പ്രവർത്തനം. മറ്റുള്ള രണ്ട് സ്ഥാപനങ്ങൾ കാർഷികേതര വായ്പകൾ നല്കുന്ന നിലമ്പൂർ കോ-ഓപ്പറേറ്റീവ് ബേങ്കിന്റെ ശാഖയും ഗവണ്മെൻറ് ജീവനക്കാർക്ക് മാത്രം അംഗത്വം നൽകുന്ന ഇന്ദിരാഗാന്ധി ഗവ: സർവ്വൻറ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുംആണ്. 1985



ത്ത് ഒരടികൂടി മൂന്നിലാണ് കരുവാരകുണ്ട് പഞ്ചായത്തിൽ സഹകരണ രംഗത്ത് ഒരു മുന്നേറ്റം തന്നെ നൽകേണ്ടതുണ്ട്.

കാർഷിക മേഖല

ഒരു കാർഷിക പ്രദേശമാണ് കരുവാരകുണ്ട്. നിലവിലുള്ള സഹകരണ സംഘങ്ങളിൽ നിന്നുള്ള സേവനം ഭൂരിഭാഗം കർഷകർക്കും ലഭിക്കുന്നില്ല. ചെറുകിട കർഷകർക്ക് ലഭിക്കുന്ന വായ്പകൾക്കുള്ള നടപടി ക്രമങ്ങൾ ഉദാരമാക്കേണ്ടിയിരിക്കുന്നു.

കരുവാരകുണ്ട് സർവ്വീസ് സഹകരണ ബാങ്ക്.

150000ത്തോളം കർഷകരും കച്ചവടക്കാരുമായ അംഗങ്ങൾ ഓഹരി എടുത്ത ഈ സ്ഥാപനത്തിൽ നിന്നു കർഷകർക്ക് ലഭിക്കുന്ന സഹായം വളരെ തുച്ഛമാണ്. പലിശ സബ്സിഡിയോട് കൂടി കർഷകർക്ക് കിട്ടേണ്ടുന്ന വായ്പകൾ നബാഡിന്റെ പദ്ധതി അധിഷ്ടിത വായ്പകളോടുള്ള നയം കാരണം കേവലം 11 ലക്ഷം മാത്രമേ ലഭിക്കുന്നുള്ളൂ. ആയിരത്തോളേം അംഗങ്ങളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ക്രെഡിറ്റ് ലിമിറ്റ് സ്റ്റേറ്റുമെന്റുണ്ടാക്കി മലപ്പുറം ജില്ലാ സഹരണ ബാങ്കിലേക്ക് ഡയറക്ടർ ബോഡിന്റെ തീരുമാനത്തോടൊപ്പം അയച്ചിരുട്ടുണ്ടെങ്കിൽലും പ്രസ്തുത നയം കാരണം കർഷകർക്ക് വായ്പ ലഭിക്കുന്നില്ല. കച്ചവടക്കാർക്കും, മറ്റു വിദഗ്ധ തൊഴിലാളികൾക്കും സാമ്പത്തിക പരാധീനത കാരണം വായ്പകൾ നൽകാൻ കഴിയുന്നില്ല. ജനകീയ സഹകരണം കറുഞ്ഞത് കാരണം വിഭവ സമാഹരണം നടത്താൻ കഴിഞ്ഞിട്ടില്ല. നിക്ഷേപങ്ങൾ ബാങ്കിലേക്കു ആകർഷിപ്പിക്കേണ്ടതാണ്. വളം കാർഷികോൽപ്പന്നങ്ങളുടെ വിതരണം, സംഭരണം എന്നിവ ചിട്ടയോടെ നടക്കുന്നില്ല.

കാർഷിക വായ്പാ സംഘങ്ങൾ.

പട്ടിക 2

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ചവർഷം	പ്രവർത്തന പരിധി	വ്യക്തിതല അംഗത്വം	വ്യക്തി അംഗത്വം	ഓഹരിമൂലധനം	കടം	നിക്ഷേപം	കാർഷികം	വായ്പകൾ കാർഷിക കേതരം	പ്രവർത്തന മൂലധനം	ലാഭ നഷ്ടം	ജീവനക്കാർ
കരുവാരകുണ്ട് കോ-ഓപ്പറേറ്റീവ് സർവ്വീസ് ബാങ്ക് ക്ലിപ്തം നമ്പർ എഫ്1101	1946	കരുവാരകുണ്ട് കേരള എസ്റ്റേറ്റ് പാണ്ടിക്കാട്ടു വില്ലേജുകൾ	13484	1050000	14541083	22177936	2696000	11845083	32199600		നഷ്ടം	-8(സ്ഥിരം)
2. ഏറനാട് സഹകരണ കാർഷിക വികസന ബാങ്ക് ശാഖ കരുവാരകുണ്ട് ☆	1-4-84	കരുവാരകുണ്ട്										3(അസ്ഥിരം) (നിത്യനിധി ഏജൻറ്)

(അവലംബം. ബാങ്ക് രേഖ)

1. വായ്പകൾ രേഖപ്പെടുത്തിയിരിക്കുന്നത് കരുവാരകുണ്ട് പഞ്ചായത്തിൽ മാത്രം കൊടുത്തിട്ടുള്ളതാണ്. നിക്ഷേപങ്ങളും, ഓഹരിയുമടക്കമുള്ള പ്രവർത്തന മൂലധനം 3 വില്ലേജുകളിൽ നിന്നുള്ളതാണ്.

11

പട്ടികജാതി പട്ടികവർഗ ക്ഷേമം

രുവാരകുണ്ട് പഞ്ചായത്തിൽ പതിനഞ്ചോ
ളം അംഗീകൃത കോളനികളും അത്ര തന്നെ
അംഗീകരിക്കാത്ത കോളനികളുമുണ്ട്. കൂ
ടാതെ ഇതര സമുദായങ്ങളുടെയിടയിൽ
ജീവിച്ചു വരുന്ന കുടുംബങ്ങളുടെ എണ്ണവും

സ്സേ-സാമൂഹിക മേഖലയിൽ ഒട്ടനവധി
കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും
രംഗത്ത് വേണ്ടത്ര പുരോഗതി കൈവരി
ഈ വിഭാഗത്തിനു കഴിഞ്ഞിട്ടില്ല. സാമൂഹിക
രംഗങ്ങളിൽ നിരവധി കാലം ചൂഷണത്തിനു
ന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും
ടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പു
കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാ
അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണമായും മോചനം നേടാൻ ഇന്നു കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്യുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കു വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും, പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ പട്ടികജാതി-വർഗ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഈ വിഭാഗത്തിൽ കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിൽക്കുന്നുണ്ട്.

നാട് താലൂക്ക് കാർഷിക വികസന ബാങ്കിന്റെ ... ആണ് കരുവാരകുണ്ടിൽ ആരംഭിച്ചു. ആരം... വായ്പകൾ ചെറുകിട കർഷകർക്ക് ലഭിച്ചിരുന്നി... പ്പോൾ റബർ, തെങ്ങ്, കമുക്, വെറ്റില, കാപ്പി, കൊ... പട്ടനൂൽപുഴു, ആട് വളർത്തൽ, കുരുമുളക്, കി... കുളം, പമ്പ്സെറ്റ്, കമ്പിവേലി, കയ്യാല സംരക്ഷണം, ... ഫർണിച്ചർ കട തുടങ്ങൽ എന്നിവക്ക് വായ്പകൾ ... വരുന്നു.

വായ്പകൾക്കുള്ള നടപടിക്രമങ്ങൾ ഉദാരമാ...തും, കൂടുതൽ ഫണ്ട് അനുവദിക്കേണ്ടതുമാണ്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും പണം ... കൊടുക്കുന്ന വട്ടിപ്പണക്കാരും കർഷകരുടെ ഉൽ...ങ്ങൾ മുൻകൂറായി പാട്ടത്തിനെടുത്ത് ഊഹക്കച്ചവടം ...ന്നവരും കരുവാരകുണ്ടിന്റെ കാർഷിക വ്യാവ... മേഖലയെ കയ്യടക്കിയിരിക്കുകയാണ്. ഈ സ്ഥി...യിൽ നിന്നുള്ള മോചനം സഹകരണ പ്രസ്ഥാനങ്ങളു... വളർച്ചകൊണ്ട് മാത്രമേ കഴിയൂ. കാർഷികോൽ...ങ്ങൾ സംഭരിച്ച് വിപണനം നടത്തുന്ന നോൺ ... സംഘങ്ങൾക്ക് ധാരാളം സാധ്യത ഇവിടെയുണ്ട്. ...പോലെത്തന്നെ ചെറുകിട വ്യവസായങ്ങൾ തുടങ്ങു... ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ഖാദി വി... ഇൻഡസ്ട്രീസ് പോലുള്ള സ്ഥാപനങ്ങൾ നൽ...താണ്. ഇതിന് ഖാദി വില്ലേജ് ഇൻഡസ്ട്രീസി... സഹായ ധനം കൊണ്ട് നിർമ്മിച്ച ഇരിങ്ങാട്ടിരിയി... കെട്ടിടം ഉപയോഗിക്കാവുന്നതാണ്. പരമ്പരാഗ...തിൽ വ്യവസായങ്ങൾക്ക് ആവശ്യമായ അസം... സാധനങ്ങൾ സൗജന്യമായി ലഭിക്കാൻ നിയമ...നം നടത്തേണ്ടതും ഈ രംഗത്ത് സഹകരണ ... രൂപീകരിക്കേണ്ടതുമാണ്.

...കിയാസൂത്രണ പ്രസ്ഥാനത്തിന് ഏറ്റവും കൂടു...ാവന ചെയ്യാൻ കഴിയുന്ന സഹകരണ പ്രസ്ഥാ...ടെ വളർച്ചക്ക് ആവശ്യമായ സഹായം നൽകുന്നതി...വസമാഹരണം നടത്തി സേവന മേഖലകൾ ...പ്പെടുത്തുന്നതിനും സഹായകമായ പ്രവർ...ൾ നടത്തേണ്ടതാണ്.

...ങ്ങൾ

...ഹകരണ ബാങ്കുകളിൽ നിന്നും സാധാരണ ...ക്ക് ലഭിക്കാവുന്ന വായ്പാ ആനുകൂല്യങ്ങ...ിച്ച് അറിയുവാൻ കഴിയുന്നില്ല.

...ഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഇടത്തട്ടു...ശ്രയിക്കുന്നതം കൊണ്ട് യഥാർത്ഥ വില ലഭി...

3. ഭവന നിർമ്മാണം, ഗൃഹോപകരണങ്ങൾ വാങ്ങൽ, സ്വയം തൊഴിൽ സംരംഭം തുടങ്ങിയ ആവശ്യങ്ങൾക്ക് വായ്പാ സൗകര്യങ്ങളില്ല.

4. ചെറുകിട കൃഷി, ചെറുകിട വ്യവസായം, പാമ്പരാഗത കുടിൽ വ്യവസായം എന്നിവയ്ക്ക് ലഭിക്കുന്ന ലോണുകളുടെ നിയമങ്ങൾ സങ്കീർണ്ണമാണ്.

5. ക്ഷീര വിപണനത്തിന് ആവശ്യമായ സഹകരണ സ്ഥാപനങ്ങളില്ല.

6. വനിതാ സഹകരണ സംഘങ്ങളുടെ സംഘങ്ങളുടെ അഭാവം സ്ത്രീകളുടെ തൊഴിൽ മുന്നേറ്റത്തിന് തടസ്സമാകുന്നു.

7. ഹരിജൻ വെൽഫയർ സൊസൈറ്റിയുടെ സേവനം ലഭിക്കുന്നില്ല.

8. നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രതീക്ഷക്കൊത്ത് ഉയരുന്നില്ല.

9. സഹകരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ രാഷ്ട്രീയ ഇടപെടലുണ്ടാവുന്നു.

10. തരിശിൽ ഒരു പപ്പട നിർമ്മാണ യൂണിറ്റില്ലാത്തതിനാൽ ഉൽപ്പാദനത്തിലും, വിപണനത്തിലും മാന്ദ്യം അനുഭവപ്പെടുന്നു.

12. നിത്യോപയോഗസാധനങ്ങൾ വിലകുറച്ച് കിട്ടത്തക്കരീതിയിലുള്ള ഉപഭോക്തൃ സ്റ്റോറുകളുടെ അഭാവമുണ്ട്.

13. റബർ പാൽ സംസ്ക്കരണത്തിനും സംഭരണത്തിനും മാർഗങ്ങളുണ്ടാവണ്.

സാധ്യതകൾ

1. സഹകരണ സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും ലഭിക്കുന്ന വായ്പകളുടെ സ്വഭാവം, ഗുണഫലം എന്നിവയെക്കുറിച്ചൊക്കെ ബോധവൽക്കരണ ക്ലാസുകളും മറ്റുതരത്തിലുള്ള പരസ്യപ്പെടുത്തലുകളും ഉണ്ടായാൽ ഈ മേഖലയിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി, ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്താനും, സഹകരണ സ്ഥാപനങ്ങൾക്കും ജനങ്ങളുടെ വിശ്വാസ്യത നേടിയെടുക്കാനും സാധിക്കുന്നതാണ്.

2. ഉപരി പഠനത്തിന് ആവശ്യമായ വിദ്യാഭ്യാസ സ്ഥാനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലോ തൊട്ടടുത്ത പ്രദേശങ്ങളിലോ ഇല്ലാത്തതിനാൽ സഹകരണ മേഖലയിൽ ഒരു കോളേജ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

3. ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന വിവിധ

ഇനം ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യാർത്ഥം മാർക്കറ്റിങ്ങ് സൊസൈറ്റികൾ സ്ഥാപിച്ചു ഇടത്തട്ടുകാരുടെ ചൂഷണങ്ങളിൽ നിന്നും കർഷകരെ രക്ഷിക്കാവുന്നതാണ്. ഈ നടപടി തൊഴിലില്ലായ്മയുടെ രൂക്ഷതകുറക്കുന്നതിനുംസഹായിക്കുന്നതാണ്.

4. ഭവന നിർമ്മാണത്തിനാവശ്യമായ വായ്പകൾ ലഭിക്കുന്ന സ്ഥാപനങ്ങൾ ഈ ഗ്രാമ പഞ്ചായത്തിൽ ഇല്ലാത്തത് കൊണ്ട് ഒരു ഹൗസിങ്ങ് സൊസൈറ്റി സ്ഥാപിക്കാവുന്നതാണ്.

5. ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് ആവശ്യമായ ലോണുകൾ ദീർഘകാലാടിസ്ഥാനത്തിൽ നിലവിലുള്ള സഹകരണ സംഘങ്ങൾ നൽകേണ്ടതാണ്.

6. ചെറുകിട കൃഷി, ചെറുകിട വ്യവസായം, പരമ്പരാഗത കുടിൽ വ്യവസായം എന്നിവക്ക് ലഭിക്കുന്ന വായ്പകളുടെ നടപടിക്രമങ്ങൾ ഉദാരമാക്കി ബാങ്കുകളിലേക്കാകർഷിക്കേണ്ടതാണ്

7. അഭ്യസ്ഥവിദ്യരായ സ്വയം തൊഴിൽ സംരംഭകാർക്ക് നൽകുന്ന വായ്പകൾ സഹകണ സ്ഥാപനങ്ങൾ വഴി നൽകി തൊഴിലില്ലായ്മയുടെ രൂക്ഷത കുറയ്ക്കാവുന്നതാണ്.

8. ധാരാളം തൊഴിൽ സാധ്യതയുള്ളതും പഞ്ചായത്തിന് അനുയോജ്യവുമായ തേനീച്ച വളർത്തൽ, കോഴി വളർത്തൽ, കന്നു കാലി വളർത്തൽ തുടങ്ങിയവയുടെ പ്രോത്സാഹനാർത്ഥം സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

9. പരമ്പരാഗത കുലത്തൊഴിലുകളായ കുട്ട, മുറം, പായ നിർമ്മാണം ഇവയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ സൗജ്യനമായി ലഭിക്കുവാൻ വേണ്ട നിയമനടപടിയുണ്ടാവേണ്ടതും വിപണനത്തിനാവശ്യമായ സഹകരണ സംഗം രൂപീകരിക്കേണ്ടതുമാണ്.

10. വാർഡുകൾ തോറും ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ഇവയിൽ നിന്നും പാൽ സംഭരിച്ച് ഡയറി ഫാമുകളിൽ എത്തിക്കാൻ വാഹന സൗകര്യത്തോടുകൂടിയ ഒരു കേന്ദ്ര സംഘം പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.

11. ജനങ്ങളിൽ സഹകണബോധം വളർത്തി, നിക്ഷപങ്ങൾ സഹകരണസ്ഥാപനങ്ങളിലേക്ക് ആകർഷിക്കാവുന്നതാണ്.

12. പഞ്ചായത്തിന് ധാരാളം ഉൽപ്പാദിക്കപ്പെടുന്ന റബർ, അടയ്ക്ക എന്നിവ ഉപയോഗിച്ചുള്ള വ്യവസായ സംരഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്.

13. വനിതാ സഹകരണ സംഘങ്ങൾ രൂപകരിച്ച് കറി പൗഡർ നിർമ്മാണം, അടയ്ക്കാ സംസ്കരണം പ്രിൻറിംഗ് പ്രസ്സ് തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഇത് സ്ത്രീകളുടെ തൊഴിൽ മുന്നേറ്റത്തിന് ഉപകരിക്കുന്നതാണ്.

14. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ അഭിവൃദ്ധിക്കായി വെൽഫയർ സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്.

15. നിലവിലുള്ള സഹകരണ സംഘങ്ങൾ വിഭാഗീയമായ ചിന്തകൾ ഒഴിവാക്കി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

16. തരിശ് ഭാഗത്ത് ഒരു പപ്പട നിർമ്മാണ വിപണന സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

17. നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് കിട്ടുന്നതായി സഹകരണാടിസ്ഥാനത്തിൽ ഉപഭോക്തൃ സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

18. റബർപാൽ സംഭരണവും സംസ്ക്കരണവും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

19. ജില്ലാ ബാങ്കിന്റെ ഒരു ശാഖ ഇവിടെ ആരംഭിക്കേണ്ടതാണ്.

കിടക്കുന്നുണ്ട്. വീടു വയ്ക്കാൻ മായ സ്ഥലവും വീടിനുള്ള ധന സഹായവും പു പദ്ധതിപ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ.

കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചു ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

കൽ ഗുഹകളിൽ താമസിക്കുന്ന ഗിരിജന കു ർക്ക് പുതിയ പദ്ധതി ആവിഷ്കരിച്ച് വീടുകൾ കൊടുക്കേണ്ടതാണ്. ഇവിടത്തെ ഗിരിജനങ്ങൾ എന്നപേരിലാണറിയപ്പെടുന്നത്. കാട്ടു തേൻ, കിഴങ്ങ്, ഔഷധ സസ്യങ്ങൾ എന്നിവ ശേഖരിച്ചും നടത്തിയുമാണ് ഇവർ ഉപജീവനം നടത്തുന്നത്. സ്ഥായിയായ വരുമാന മാർഗങ്ങളൊന്നും തന്നെ ല്ല. ഇവർക്ക് ഇന്നു ഗിരിജനങ്ങളുടെ ആനുകൂല്യ ക്കുന്നില്ല.

നങ്ങൾ

വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനി ിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ ഴിഞ്ഞു പോവുന്നു.

വർക്കും സ്വന്തമായി വീടില്ല. വീടു വയ്ക്കാൻ ലമില്ല. വീടു നിർമ്മിക്കാൻ നൽകുന്ന ധന സഹാ കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാ കിട്ടുന്ന ധന സഹായം ദുർവിനിയോഗം. ന്നു. പ്രാഥമിക സൗകര്യങ്ങളില്ല.

ളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല. ദ്യുതി തീരെയില്ല.

ശ്മശാനം ഇല്ല.

ശ ഭൂമിക്കു പട്ടയം ലഭിച്ചിട്ടില്ല.

ാരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചി ത്സയ്ക്കും പെൺ മക്കളുടെ വിവാഹത്തിനും ധന ായം ലഭിക്കുന്നില്ല.

ആർഡിപി. പദ്ധതിയും മറ്റു പദ്ധതികളും ഫല മായി ഉപയോഗിക്കുന്നില്ല.

, മുള എന്നിവ വ്യാപകമായി പട്ടണങ്ങളിലേക്കു ുമതി ചെയ്യപ്പെടുന്നു. ഇവകൊണ്ടുണ്ടാക്കുന്ന ന്നങ്ങൾക്ക് ന്യായ വില ലഭിക്കുന്നില്ല.

ജാതി-വർഗത്തിന്റെ ക്ഷേമത്തിനായി നടപ്പാ പദ്ധതികളെസംബന്ധിച്ച അറിവ് വേണ്ടത്രയില്ല.

11. കരുവാരകുണ്ട് മലമ്പ്രദേശത്തെ ആളന്മാർ പട്ടിക വർഗ്ഗത്തിൽപ്പെടുന്നില്ല.

സാധ്യതകൾ

1. വൈദ്യുതി എത്താത്ത പട്ടികജാതി/പട്ടിക വർഗ്ഗകോളനികളിൽ വൈദ്യുതി എത്തിക്കേണ്ടതാണ്.
2. കോളനികളിൽ ആവശ്യത്തിന് കുടിവെള്ളം എത്തിക്കണം.
3. കോളനികളിൽ കക്കൂസ് നിർമ്മിച്ച് നൽകണം.
4. പുറ്റള കോളനിയിലേക്ക് റോഡ്നിർമ്മിക്കണം.
5. സഹകരണ മേഖലയിൽ ഹോളോബ്രിക്സ് നിർമ്മാണം യൂണിറ്റ് ആരംഭിക്കണം.
6. വനത്തിൽ നിന്ന് ഓട, മുള എന്നിവ ശേഖരിക്കുന്നതിന് പട്ടിക ജാതിക്കാർക്ക് പെർമിറ്റ് കാർഡ് നൽകണം.
7. പട്ടികജാതി സഹകരണ സംഘം രൂപീകരിക്കുക.
8. വീട് പുതുക്കി പണിയുന്നതിനും, അറ്റകുറ്റ പണികൾ ക്കും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.
9. ശ്മശാനത്തിനുള്ള സ്ഥലം കണ്ടെത്തുക.
10. കോളണികളിൽ ടിവി. സെറ്റ് സ്ഥാപിക്കുക.
11. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ നൽകാനുള്ള അധികാരം പഞ്ചായത്തിന് നൽകുക.
12. ആളൻ വിഭാഗത്തെ പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുത്താനുള്ള നടപടിയെടുക്കുക.
13. പട്ടികജാതി/പട്ടിക വർഗ്ഗക്കാരിൽ സാമൂഹ്യബോധം വളർത്തുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.
14. സ്ത്രീകളും പുരുഷന്മാരും ഒന്നിച്ച് മദ്യശാലകളിൽ പോയി മദ്യപിക്കുന്ന സമ്പ്രദായം പട്ടിക ജാതി/ പട്ടിക വർഗക്കാരിൽ മാത്രമേ നിലവിലുള്ളൂ. ഇത് സാമൂഹ്യ സാമ്പത്തിക മേഖലയിൽ ഇവരുടെ സ്ഥിതി ശോചനീയമാക്കിയ കാരണങ്ങളിൽ പ്രധാനമാണ്. ഇതിനെതിരെ ബോധവൽക്കരണം നടത്തുക.
15. പട്ടിക ജാതി/ പട്ടിക വർഗ്ഗക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ആവശ്യാധിഷ്ഠിതമാക്കാൻ ശ്രമിക്കുക.
16. അന്ധ വിശ്വാസങ്ങൾക്കെതിരെ പ്രചരണം നടത്തുകയും, പരമ്പരാഗത കലാപരിപാടികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
17. നാഗത്തൻ കുന്നിലുള്ള ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

അംഗീകൃത കോളനികൾ

വാർഡ് നമ്പർ	
I	പുറ്റള ഗിരിജൻ കോളനി
II	തെയ്യട്ടിക്കുന്ന്.
III	അമ്പലക്കുന്ന്
V	നാഗത്താൻ കുന്ന്
VI	നന്നങ്ങാടിക്കുന്ന്
VII	തുരുമ്പോട
VIII	കടലുണ്ട, കക്കറ കാരാട്ട് കുന്ന്
IX	കരിങ്കന്തോണി
X	അയ്യപ്പൻ കാവ്
XI	ചെമ്പൻ കുന്ന്
XII	വീട്ടിക്കുന്ന്, കിഴക്കേക്കുന്ന്
XIII	ചക്കംപ്ലാവ്, പാലക്കുന്ന്, ചാമക്കുന്ന് വേളിപ്പാടം, പുളിയക്കോട് അമ്പലക്കുന്ന്, നെല്ലിക്കലടി ഗിരിജൻ കോളനി

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. കുറെയേറെ നിരക്ഷരരും ഉണ്ട്. എസ്.എസ്.എൽ.സിക്കു ശേഷം തുടർന്നു പഠിക്കുന്നവരുടെ എണ്ണം നാമമാത്രമാണ്. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം നിർത്തേണ്ടി വന്ന നിരവധി കുട്ടികൾ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം നടത്തിയിരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും തൊഴിലിനു വേണ്ടി മറ്റു മേഖലയിലേക്കു പോവാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തൃപ്തികരമായ കൂലി ലഭിക്കുന്നുണ്ട്. മതിയായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണമായും കാർഷിക മേഖലയിൽ നിന്നും മാറി. ഭക്ഷ്യ ധാന്യ ഉത്പാദന വർധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

ഓട(ഈറ്റ), മുള എന്നിവ വനത്തിൽ നിന്നു ശേഖരിച്ച് കൊട്ട, മുറം, പരമ്പ്, കൊട്ടക്കയിൽ, ഒറ്റല്, പായ, വല്ലക്കൊട്ട,(ധാന്യങ്ങൾ സൂക്ഷിച്ചു വയ്ക്കാൻ ഉപയോഗിക്കുന്നത്) വെള്ളക്കൊട്ട എന്നിവ നിർമ്മിച്ചിരുന്ന പട്ടിക ജാതിക്കാർ ഇന്ന് ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ആവശ്യത്തിനുള്ള ഓട ആവർക്കു വനത്തിൽ നിന്നു ലഭിക്കുന്നില്ല. ഓട ശേഖരിക്കുന്നതിനനുള്ള പാസ് ലഭിക്കുന്നതിനും നിയമ തടസ്സങ്ങളുണ്ട്. വളരെ വിരളമായി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടെങ്കിലും അവർക്ക് വിപണി കിട്ടാതെ വിഷമിക്കുകയാണ്. തുച്ഛമായ വിലയാണ് ഉൽപന്നങ്ങൾക്കു ലഭിക്കുന്നത്. പുതിയ തരത്തിലുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ വരവോടെ, ജനങ്ങൾക്ക് ഓടയിലും മുളയിലും നിർമ്മിക്കുന്ന വസ്തുക്കളോട് താത്പര്യം കുറഞ്ഞു. ഇക്കാരണങ്ങളാൽ പരമ്പരാഗതമായി ഈ മേഖലയിൽ പ്രവർത്തിച്ചിരുന്നവർ മറ്റു തൊഴിൽ തേടാൻ നിർബന്ധിതരായി. പുതിയ തലമുറയ്ക്ക് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന്റെ സാങ്കേതിക വിദ്യ തന്നെ അന്യമായിക്കൊണ്ടിരിക്കുകയാണ്. നെൽകൃഷി അന്യമായതോടെ കളമുറം(നെല്ലു ചേറുന്നതിനുള്ളത്) വല്ലം പരമ്പ് എന്നിവ അപ്രത്യക്ഷമായി. ഇവ നിർമ്മിക്കാനറിയുന്നവർ ഇന്നു കുറവാണ്. ഗൗരവമായ ഈ പ്രശ്നങ്ങളിൽ നമ്മുടെ ശ്രദ്ധ പതിയണം.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ, സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്നു മിക്ക ഹരിജൻ കോളനികളിലും വെള്ളവും, വൈദ്യുതിയും ഒരു പ്രശ്നമാണെങ്കിലും ചെറ്റക്കുടിലിൽ നിന്ന് ഒരു പരിധി വരെ മോചനം ലഭിച്ചിട്ടുണ്ട്. എന്നാലും മറ്റുപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. വിവിധ ഏജൻസികൾ നടപ്പാക്കി വരുന്ന വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടു പോയിട്ടുള്ളവരുമുണ്ട്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും

വനമേഖലയെ സംബന്ധിച്ച്

പട്ടിക.1

[illegible]	ഔഷധ നിത്യ ഹരിത വനം	ഇലകൊഴിയും കാട്	ചോല വനങ്ങൾ	പുൽ മേടുകൾ
1	2	3	4	5
290	286	195	200	172.57
[illegible]	ഹെക്ടർ	ഹെക്ടർ	ഹെക്ടർ	ഹെക്ടർ

(അവലംബം: ഫോറസ്റ്റ് സ്റ്റേഷൻ രേഖ)

ഇവിടത്തെ വനങ്ങളിൽ കാണുന്ന പ്രധാന മരങ്ങൾ [illegible]ക്ക്, വീട്ടി , ഇരുൾ, വേങ്ങ, അകിൽ , ചടച്ചി, ചീനി, [illegible]ലവ്, കുളമാവ്, തമ്പകം, പാല, പുന്ന, അയിനി, മാവ്, പ്ലാ[illegible]വാക വർഗങ്ങൾ, കടുക്ക, നെല്ലി, താന്നി, കരിമരുത്, [illegible]മരുത് എന്നിവയും ഇല പൊഴിയുന്ന മരങ്ങളുമാണ്. [illegible]ച്ചാലുകളോടു ചേർന്ന് മുളങ്കാടുകളും ഈറ്റക്കാടു[illegible]ളും ദൃശ്യമാണ്. അടിക്കാടുകൾ തൃണവർഗങ്ങളെ [illegible]കൊണ്ട് നിറഞ്ഞതാണ്. വൈവിധ്യമാർന്ന ഔഷധ സസ്യ[illegible]ളും, സുഗന്ധ സസ്യങ്ങളും നമ്മുടെ വനങ്ങളിൽ ദൃശ്യ[illegible]ണ്, പൊതുവേ പറഞ്ഞാൽ സൈലൻറ് വാലി കാടു[illegible]കളിൽ കാണപ്പെടുന്ന ഏതാണ്ടെല്ലാ സസ്യ വർഗങ്ങളും [illegible]ടെ വനങ്ങളിലുണ്ട്.

[illegible]ന, കരടി, പുള്ളിമാൻ, മലമാൻ, കാട്ടു പോത്ത്, കു[illegible], വിവിധ തരം ഉരഗങ്ങൾ, പന്നികൾ തുടങ്ങിയ ജന്തു[illegible] ഈ വനങ്ങളിലുണ്ട്. തേൻ, അരക്ക് എന്നീ വി[illegible]ളും ഇവയ്ക്കു പുറമേ ലഭിക്കുന്നു . ഈ പ്രദേശം [illegible]ിമ ഘട്ടത്തിലെ നീലഗിരിക്കാടുകളുടെ തുടർച്ചയാ[illegible]അക്കാരണത്താൽ തന്നെ പശ്ചിമ ഘട്ടത്തിലുള്ള [illegible] സസ്യജാലങ്ങളും ഇവിടെയും ദൃശ്യമാണ്. ഈ കാ[illegible]ും മലയുടെ കിടപ്പുമാണ് കരുവാരകുണ്ടിലെ ഉയർന്ന [illegible]പാതത്തിനും മണ്ണിൻെറ ഉയർന്ന ഉൽപാദന [illegible]ത്യക്കും കാരണം.

[illegible]ല നിരകളോടു ബന്ധപ്പെട്ടു കിടക്കുന്ന ഈ വനപ്ര[illegible]ിൽ നിന്ന് ധാരാളം നീരുറവകൾ പുറപ്പെടുന്നു. ഈ [illegible]റവുകളാണ് കടലുണ്ടിപ്പുഴയെ ജല സമൃദ്ധമാ[illegible]ുന്നത്. കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, ചക്ക, മാങ്ങ, [illegible] വർഗങ്ങൾ എന്നിവയുടെ ജന്മ ഗൃഹവും പശ്ചിമ [illegible]വനങ്ങളാണ്. മുൻകാലങ്ങളിൽ ഈ നാട്ടിലെ ഒരു [illegible]ന വിഭാഗത്തിന് വ്യത്യസ്ത തൊഴിവസരങ്ങൾ ഈ [illegible]പ്രദേശങ്ങൾ നൽകിയിരുന്നു.

പ്രശ്നങ്ങൾ

1. അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നു.
2. കയ്യേറ്റക്കാർ വിലപിടിച്ച മരങ്ങൾ കടത്തിക്കൊണ്ടു പോകുന്നു.
3. പക്ഷി മൃഗാദികളെ വേട്ടയാടി നശിപ്പിക്കുന്നു.
4. അപൂർവ ഔഷധ സസ്യങ്ങൾ ഉന്മൂലനം ചെയ്യപ്പെടുന്നു.
5. മലവാരങ്ങൾ വെട്ടിത്തെളിച്ച് കൃഷിയിറക്കുന്നതു കൊണ്ട് ഉരുൾപൊട്ടൽ പോലുള്ള വിപത്തുകളുണ്ടാവുന്നു.
6. വന നശീകരണത്തിൻെറ ഫലമായി ഓട, മുള എന്നിവയുടെ ലഭ്യത കുറയുന്നു. ഇതിൻെറ ഫലമായി ആ മേഖലയിൽ തൊഴിലെടുത്തിരുന്നവരുടെ തൊഴിൽ നഷ്ടമാകുന്നു.
7. വ്യക്തമായ അതിർത്തി വനഭൂമിക്കു നിശ്ചയിച്ചിട്ടില്ല.
8. കാട്ടു തീയുടെ ശല്യം കാണുന്നു.
9. അനധികൃത തീയിടൽ നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
10. മണ്ണൊലിപ്പ് വർദ്ധിച്ചിരിക്കുന്നു.
11. മഴയുടെ കുറവ് അനുഭവപ്പെടുന്നു.


സാധ്യതകൾ

1. വനസംരക്ഷണത്തിന് ഒരു ജനകീയ സമിതി ഉണ്ടാക്കുക.
2. നശിച്ചുപോയ പ്രദേശങ്ങളിൽ ജനകീയ സഹകരണത്തോടെ വന വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക. ഇതിന് കൃഷി ഭവൻ, സോഷ്യൽ ഫോറസ്ട്രി, ഫോറസ്റ്റ് വകുപ്പ്, പഞ്ചായത്ത്, സന്നദ്ധ സംഘടനകൾ എന്നിവയുടെ കൂട്ടായ്മ വേണം.
3. ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുക.
4. കാട്ടു തീ നിയന്ത്രിക്കുക.
5. കയ്യേറ്റക്കാരെ നിഷ്കരുണം നേരിടുക.
6. വനഭൂമിക്ക് അതിർത്തി നിർണയിച്ച് രേഖയുണ്ടാക്കുക.
7. ക്ലിയർ ഫെല്ലിംഗ് ഒഴിവാക്കുക.
8. വനവുമായി ബന്ധപ്പെട്ട പരമ്പരാഗത തൊഴിലാളികളെ പുനരധിവസിപ്പിക്കുക.



12

വനവും പരിസ്ഥിതിയും



ഈ പഞ്ചായത്ത് വന സമ്പത്തുകൊണ്ട് സമ്പുഷ്ടമാണ്. മുമ്പ് ഈ പഞ്ചായത്തിന്റെ പകുതിയിലേറെയും വനമായിരുന്നു. എന്നാൽ ഇപ്പോൾ ഏകദേശം മൊത്തം ഭൂവിസ്തൃതിയുടെ 20% മാത്രമേ വന പ്രദേശമുള്ളൂ.സൈലൻറ് വാലി അടക്കമുള്ള പ്രദേശം നമ്മുടെ പരിധിയിൽപ്പെട്ടിരുന്ന കാലത്ത് മറ്റെവിടെയും കാണാത്ത അപൂർവ സസ്യങ്ങളുടെയും ജന്തുക്കളുടെയും ഒരു സങ്കേതം തന്നെയായിരുന്നു. ഇവിടെയുണ്ടായിരുന്ന നിബിഡ വനങ്ങൾ, വനം കയ്യേറ്റക്കാരടക്കമുള്ള സാമൂഹിക വിരുദ്ധരുടെ പ്രവർത്തന ഫലമായി നിലവിലുള്ള വനങ്ങളിൽ തന്നെ വൻമരങ്ങളും അപൂർവ സസ്യങ്ങളും നശിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഇവിടെയുള്ളഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ 407[illegible] ഹെക്ടർ വനമാണുള്ളത്. ഇതിൽ നിക്ഷിപ്ത വന പ്രദേശം 1030.57 ഹെക്ടറാണ്. ഇത് ഉഷ്ണ മേഖലാ വനങ്ങളാണ്.

പഞ്ചായത്തു പ്രദേശത്തുള്ള താഴ്വരകൾക്കും സമതല പ്രദേശങ്ങൾക്കും ആർദ്രതയും ഫലഭൂയിഷ്ഠതയും നൽകുന്നതിൽ വലിയ പങ്കാണ് ഈ വന പ്രദേശങ്ങൾ വഹിക്കുന്നത്. ഉഷ്ണ മേഖലാ വനങ്ങളുടെ എല്ലാ പൊതു സ്വഭാവങ്ങളും ഇവിടെയുള്ള വനങ്ങൾക്കുമുണ്ട്. നിത്യഹരിത വനങ്ങളും അർധ നിത്യഹരിത വനങ്ങളും ഇലകൊഴിയും കാടുകളും ഇവിടെയുണ്ട്. ഇതിനു പുറമെ ചോല വനങ്ങളും പുൽമേടുകളും ദൃശ്യമാണ്.(പട്ടിക കാണുക)

13

വിഭവ സമാഹരണം

മുടെ ഗ്രാമം നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനമായത് ഇവിടെ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ സംസ്കരിച്ചെടുക്കുന്നതിനാവശ്യമായ വ്യവസായങ്ങളൊന്നും തന്നെ ഇല്ലെന്നുള്ളതാണ്.ചെറുകിട സംരംഭങ്ങൾ നാമമാത്രമായിട്ടേയുള്ളൂ. ഈ രണ്ട് മേഖലകളിലും സാധ്യതകളുണ്ടെങ്കിലും വേണ്ടത്ര മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. വിഭവ സമാഹരണത്തിന് ഈ മേഖലകളിൽ പുതിയ മാർഗങ്ങൾ വെട്ടിത്തുറക്കാൻ കഴിയണം.

കാർഷിക രംഗത്തേക്ക് ആരും തന്നെ കടന്നു വരുന്നില്ല. വേണ്ടത്ര പ്രോത്സാഹനങ്ങൾ ഒരു ഭാഗത്തു നിന്നും കിട്ടുന്നില്ല എന്നതു കൊണ്ടാണ്. സന്നദ്ധതയും താൽപര്യവുമുള്ള ആളുകൾ മുന്നോട്ടു വന്നാൽ സന്തോഷമായിരിക്കും അവരെ സ്വാഗതം ചെയ്യുക. കണക്ഷൻ കിട്ടാൻ പ്രയാസം. കിട്ടിയാലോ, ലോഡ്ഷെഡ്ഡിംങ്ങും വോൾട്ടേജ് കമ്മിയും. ബാങ്ക് വായ്പ കിട്ടാനുള്ള പ്രയാസങ്ങൾ, സാങ്കേതികമായ അറിവുള്ള തൊഴിലാളികളുടെ കുറവ് എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്. ഇവയൊക്ക പരിഹരിച്ചാലേ വിഭവ സമാഹരണം നടത്താൻ കഴിയുകയുള്ളൂ.

കാർഷിക രംഗത്തു നിന്ന് നെൽ കൃഷി പിന്മാറി പോകുകയാണ്. കൃഷിയിടങ്ങൾ നിരത്തുകയും പകരം കവുങ്ങ്, തെങ്ങ് കൃഷികൾ വന്നു കൊണ്ടിരിക്കുയുമാണ്. ശാസ്ത്രീയമായ വള പ്രയോഗത്തിന് പ്രാധാന്യം നൽകണം. ഇതിനു വേണ്ട ബോധവൽക്കരണം അടിയന്തിരമായി നടപ്പിലാക്കണം. ഇവ നടപ്പിലാക്കാതെ വിഭാവ സമാഹരണം വർദ്ധിപ്പിക്കാനാവില്ല. ഈ രണ്ടു രംഗത്തും ഫലപ്രദമായി ഇടപെടാനുള്ള അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതോടെ ചില വകുപ്പുകൾ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വന്നെങ്കിലും പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടു വിഹിതം ലഭിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങൾ കൂടുന്നതിനനുസരിച്ച് പുതിയ നികുതി സാധ്യതകളെക്കുറിച്ച് അന്വേഷിക്കുകയും അതോടൊപ്പം സംസ്ഥാന ഗ്രാൻറുകൾ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഗ്രാൻറുകൾ നീതിപൂർവകമായി വിതരണം ചെയ്യുന്നതിനുള്ള അടിസ്ഥാനം ജനസംഖ്യാനുപാതികമായിരിക്കണം.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട അവസ്ഥയാണ് ഇപ്പോഴും നിലവിലുള്ളത്. ഭരണ പ്രതിപക്ഷ ഭേദമെന്യേ ഒരു തരത്തിലുള്ള വിവേചനവും കൂടാതെ ഗ്രാൻറുകൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സർക്കാർ തലത്തിൽ നിന്നുണ്ടാവേണ്ടതാണ്.

9. ഹരിത ഗ്രാമ പരിപാടി ആവിഷ്കരിക്കുക. ഇതിന് പഞ്ചായത്തിലെ പൊതു നിരത്തുകൾ പൊതു സ്ഥാപനങ്ങളിലെ ഒഴിഞ്ഞ സ്ഥലങ്ങൾ, ഒഴിഞ്ഞ വന പ്രദേശങ്ങൾ, സന്നദ്ധതയുള്ളവരുടെ സ്വകാര്യ സ്ഥലങ്ങൾ, പുഴയോരങ്ങൾ എന്നിവ ഉപയോഗപ്പെടുത്താം.

പരിസ്ഥിതി

പഞ്ചായത്തിൽ അനുഭവപ്പെടുന്ന പ്രധാന പാരിസ്ഥിതികപ്രശ്നങ്ങൾ, വനനശീകരണം കൊണ്ടുണ്ടാവുന്നതും പുഴ, തോട് എന്നിവ കയ്യേറുന്നതു കൊണ്ടുണ്ടാവുന്നതും പൊതു സ്ഥലങ്ങളിലെ അറവു ശാലകൾ, മത്സ്യ-മാംസക്കച്ചവടം, കച്ചവട സ്ഥാപനങ്ങൾ പുറത്തേക്കെറിയുന്ന പാഴ് വസ്തുക്കൾ, ഹോട്ടലുകൾ ഒഴുക്കുന്ന മലിന ജലം, മീൻ പിടിത്തക്കാർ ഉപയോഗിക്കുന്ന നഞ്ച്, തോട്ട എന്നിവ കൊണ്ടുണ്ടാവുന്നതുമാണ്. ഇതിനു പുറമെ പാടങ്ങൾ തൂർത്ത് വീട് വയ്ക്കുന്നതും തോട്ടക്കൃഷി ചെയ്യുന്നതും ഒരു പ്രധാന പാരിസ്ഥിതിക പ്രശ്നമാണ്. വേനൽക്കാലമായാൽ പുഴകളിൽ വാഹനങ്ങൾ കഴുകുന്നതും മൃഗങ്ങളെ കുളിപ്പിക്കുന്നതും അമിതമായി ഡിറ്റർജൻറ് വസ്തുക്കൾ ഉപയോഗിച്ച് വസ്ത്രങ്ങൾ കഴുകുന്നതും പുഴകൾ മലിനമാകുന്നതിനു കാരണമാകുന്നുണ്ട്. പുഴയോരങ്ങളിൽ വലിയ പമ്പു സെറ്റുകൾ സ്ഥാപിച്ച് വൻ തോതിൽ തോട്ട വിളകളിലേക്ക് വെള്ളം പമ്പു ചെയ്യുന്നത് ഒരു പ്രധാന പാരിസ്ഥിതിക പ്രശ്നമാണ്. പുഴയോരങ്ങളിൽ നിന്ന് കൈത ആദിയായ സ്വാഭാവിക സംരക്ഷണ സംവിധാനങ്ങൾ മാറ്റി പകരം കോൺക്രീറ്റ് ഭിത്തികൾ നിർമ്മിക്കുന്നതും പാരിസ്ഥിതിക പ്രശ്നം ഉണ്ടാക്കുന്നുണ്ട്. പ്ലാസ്റ്റിക്കിൻെറ അമിതമായ ഉപയോഗം ആണ് മറ്റൊരു പാരിസ്ഥിതിക പ്രശ്നം. അനധികൃത മണൽ വാരൽ മൂലവും ധാരാളം പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. പുഴ പുറം പോക്കുകൾ കയ്യേറി കൃഷി ചെയ്യുന്നതു മൂലവും പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

അടയ്ക്കാ സംസ്കരണത്തിൻെറയും മറ്റും മാലിന്യങ്ങൾ പുഴയിലേക്കൊഴുക്കുന്നതും പരിസ്ഥിതി പ്രശ്നമാണ്. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലുമുള്ള എല്ലിൻ കുഴികൾ പരിസര വാസികൾക്ക് ഭീഷണി തന്നെയാണ്. അമിതമായ രാസവള പ്രയോഗവും കീടനാശിനി ഉപയോഗവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കരിങ്കൽ ക്വാറികളുടെ പ്രവർത്തനവും പ്രശ്നം തന്നെയാണ്. വീടു നിർമ്മാണത്തിലുള്ള കോൺക്രീറ്റ് ഭ്രമമാണ് പൊതുവായ മറ്റൊരു പ്രശ്നം. കോൺക്രീറ്റ് മതിൽ കെട്ടുകളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

അരിമണലിൽ കല്ലമ്പുഴയ്ക്കു കുറുകേ ബ്രിട്ടീഷുകാർ നിർമ്മിച്ച ഒരു പാലമുണ്ട്. ഇതിന് വെള്ളമൊലിച്ചു പോകുന്നതിന് മൂന്ന് ഓവു ചാലുകൾ ഉണ്ടായിരുന്നു. ഇതിൽ ഒരു ചാലിൻെറ വിസ്തൃതി അടച്ചു കെട്ടിയ നിലയിൽ കാണപ്പെടുന്നു. ഇതിൻെറ ഫലമായി രണ്ടു ചാലിൽക്കൂടി മാത്രമേ ഇപ്പോൾ വെള്ളമൊഴുകുന്നുള്ളൂ. ഇത് പാലത്തിൻെറ കാലുകളിൽ കൂടുതൽ സമ്മർദ്ദമുണ്ടാക്കുന്നു. ശക്തമായ വെള്ളപ്പാച്ചിലിൽ പാലം അപകടപ്പെട്ടു പോകാൻ സാധ്യതയുണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. ആയതുകൊണ്ട് ബന്ധപ്പെട്ടവരുടെ ശ്രദ്ധ അടിയന്തരമായും ഇക്കാര്യത്തിൽ പതിഞ്ഞ് പാലത്തിൻെറ പഴയ നില പുന:സ്ഥാപിക്കണം.

സാധ്യതകൾ

1. വന നശീകരണം കർശനമായി തടയുക.
2. പുഴ, തോട് കയ്യേറ്റക്കാരെ ഒഴിപ്പിക്കുക.
3. പൊതു അറവു ശാല നിർമ്മിച്ചു നൽകുക.
4. പൊതു സ്ഥലങ്ങളിലെ അറവ് നിരോധിക്കുക.
5. മലിന ജലം ഒഴുക്കുന്നതിനു പ്രത്യേക സംവിധാനമുണ്ടാക്കുക.
6. പാടങ്ങൾ നികത്തുന്നതു നിരോധിച്ച് ബാക്കിയുള്ള പാടങ്ങളെങ്കിലും സംരക്ഷിക്കുക.
7. പുഴകൾ മലിനപ്പെടുത്തുന്നതു തടയുക.
8. പുഴയോരങ്ങളിലെ അനധികൃത പമ്പു സെറ്റുകൾ എടുത്തു മാറ്റുക.
9. പുഴയോരങ്ങളിൽ സ്വാഭാവിക സസ്യസംരക്ഷണ രീതി ആവർത്തിക്കുക.
10. പഴയ കെട്ടിനിർമ്മാണ രീതികൾക്ക് ബോധവത്കരണം നടത്തുക.
11. പ്ലാസ്റ്റിക്കിനു പകരം പാള, തേക്കില, ആദിയായവ സംസ്കരിച്ച് ഉപയോഗിക്കാൻ ബോധവത്കരണം നടത്തുക.
12. രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ ഉപയോഗം ക്രമീകരിക്കുക.
13. മണ്ണൊലിപ്പു തടയുന്നതിന് ഇടക്കയ്യാലകൾ നിർമ്മിക്കാനും പുല്ലു വച്ചു പിടിപ്പിക്കാനും ബോധവത്കരണം നടത്തുക.
14. നഞ്ച്, തോട്ട, വൈദ്യുതി എന്നിവ ഉപയോഗിച്ച് പുഴകളിൽ നിന്നും തോടുകളിൽ നിന്നും മീൻ പിടിക്കുന്നത് തടയുക.

കുകയും പഞ്ചായത്തിന്റെ വികസന
ങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലാ
കൊടുക്കുക വഴി ചെയ്യുന്നതെന്നു ജനങ്ങൾ
ക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരു
ർഗങ്ങൾ വർദ്ധിപ്പിക്കാൻ കഴിയും. ഗ്രാമസഭയും
മ്പർമാരും കൂട്ടായി പരിശ്രമിച്ചുകൊണ്ട് മുഴു
കുതി ദായകരും നികുതി കൊടുക്കുന്ന ഒരു മാതൃ
ായത്താകാൻ നമുക്കു കഴിയണം. കക്ഷി രാഷ്
ാകൾ മറന്നുകൊണ്ട് ഒരുമിച്ചു മുന്നേറാൻ നമു
ണം.

ടെ പഞ്ചായത്തിന്റെ വരുമാന മാർഗങ്ങൾ
തിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു

ന്ന വരുമാനക്കാർക്ക് നികുതി ഒരു ഭാരമാവരു
ടെ വരുമാനത്തിന്റെ ഒരു ചെറിയ ശതമാനമേ
ായി ഈടാക്കാൻ പാടുള്ളൂ.

രുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികു
ാക്കാൻ കഴിയണം.

നികുതി കൊടുക്കുന്നതു വഴി തങ്ങളും പഞ്ചാ
വികസന പ്രവർത്തനങ്ങളിൽ പങ്കു ചേരുകയാ
ന്നതെന്നു ജനങ്ങളെ ബോധ്യപ്പെടുത്തണം.
ചെലവുകൾ ജനങ്ങളറിയാനുള്ള സംവിധാനം
ിൽചിത സ്കയർ ഫീറ്റിനപ്പുറമുള്ള വീടുകൾ
നികുതി ഏർപ്പെടുത്തണം. വാടകക്കെട്ടിടങ്ങൾ
കയുടെ അടിസ്ഥാനത്തിൽ നികുതി ചുമ
ാണ്.

കുതി പരിക്കാൻ നേതൃത്വം നൽകാൻ എല്ലാ
വികസന സമിതികളും കർമ്മസനേയും
പകിരിക്കേണ്ടതാണ്. അതും ഒരു വികസന
ാണെന്ന ധാരണ എല്ലാ ബഹുജന പാർട്ടി
താക്കൾക്കും ഉണ്ടാവണം.

സ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാൻറും നികു
വും വർധിപ്പിക്കാനാവശ്യമായ സമ്മർദ്ദങ്ങൾ
ത്തു നിന്നും ഉണ്ടാവണം.

നികുതി

ിലുള്ള, കെട്ടിട നികുതി കണക്കാക്കുന്ന സ
ാസ്ത്രീയമല്ല. കെട്ടിടങ്ങളുടെ ഭൗതീക സൗ
ഉപയോഗിക്കുന്ന ആഡംബര വസ്തുക്കളും
തലുള്ള സാമഗ്രികളുടെ ഉപയോഗവും എല്ലാം
കണക്കിലെടുത്തു. കൊണ്ടാവണം. നികുതി ചുമ
ത്തേണ്ടത്. വീടു നിർമാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി ഒരു പരിധി വരെ സഹായകമാകും. സ്ലാബ് സമ്പ്രാദയം ഏർപ്പെടുത്തി, വീട് അസെസ്സ്ചെയ്ത തെങ്ങനെ എന്ന് വീട്ടുടമയെ ബോധ്യപ്പെടുത്തണം. നിശ്ചിത സ്കയർ ഫീറ്റിനപ്പുറമുള്ള വീടുകൾക്ക് അധിക നികുതി ഏർപ്പെടുത്തണം. വാടകക്കെട്ടിടങ്ങൾക്കു വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

നികുതി പിരിക്കാനുള്ള സംവിധാനം ഒന്നു കൂടി ശക്തമാക്കുകയും ഓരോ വാർഡിലും നികുതി പിരിക്കാനുള്ള ദിവസവും സ്ഥലവും സമയവും മുൻകൂട്ടി അറിയിക്കുകയും ചെയ്യുന്നത് നന്നായിരിക്കും. വികസന സമിതികളുടെ സഹായ സഹകരണങ്ങളോടെ നികുതി പിരിവ് ഊർജിതമാക്കേണ്ടതാണ്.

തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാർ ജീവനക്കാരിൽ നിന്നും എയ്ഡഡ് സ്കൂളിലും മറ്റും ജോലി ചെയ്യുന്നവരിൽ നിന്നുമാണ് തൊഴിൽ നികുതി ലഭിച്ചുകൊണ്ടിരിക്കുന്നത്. തൊഴിൽ ചെയ്യുന്ന മുഴുവൻ ആളുകളിൽ നിന്നും തൊഴിൽ നികുതി ലഭിച്ചാലേ നമ്മുടെ പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾക്കുള്ള തുക സമാഹരിക്കുവാൻ കഴിയുകയുള്ളൂ. മുഴുവൻ തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷ്യൂറൻസ് സ്കീമിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും ഈ പദ്ധതിയിൽ അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യാം.

വിനോദ നികുതി

സിനിമാ തിയേറ്റർ മുഖേനയുള്ള വിനോദ നികുതിയിൽ വൻ തട്ടിപ്പുകളും തിരിമറികളും നടക്കാൻ സാധ്യതകളുണ്ട്. ഈ രംഗത്തെ അഴിമതി ഇല്ലാതാക്കാൻ സത്വര നടപടികളുണ്ടാവണം.

പുറമ്പോക്കു ഭൂമിക്കു നികുതി ചുമത്തേണ്ടതാണ്. കാരണം, ഈ ഭൂമിയിൽ തെങ്ങ്, കവുങ്ങ്, വാഴ മുതലായവ വിളകളാണ് കൃഷി ചെയ്തു വരുന്നത്. പുറമ്പോക്കു ഭൂമി അളന്നു തിട്ടപ്പെടുത്തി കാലോചിതമായി നികുതി ചുമത്തിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. പുറമ്പോക്ക് ഭൂമി 60 ഏക്കർ 82 സെൻറുണ്ട്.

വരുമാനത്തിലെ വ്യതിയാനം

(പട്ടിക.1)

ഇനം	1991-92	1995-96	വ്യത്യാസം
തനതു വരുമാനം			
കെട്ടിട നികുതി	102306.70	205755.85	+103449.15
വിനോദ നികുതി	90772.65	148480.75	+57708.10
തൊഴിൽ നികുതി	118653.00	109756.00	-8893.00
ഉപാധി രഹിത ഫണ്ട്	212937.00	114500.00	-98437.00
എസ്.സി.പി	-	200500.00	-
ജെ.ആർ.,വൈ.	-	342019.00	-
ഗ്രാൻറുകൾ സംഭാവനകൾ	190988.00	722729.00	+531741
ആകെ വരവ്	1002191.10	2623319.30	+1621128.20
ചെലവ് എസ്റ്റാബ്ലിഷ്മെൻറ്	394707.70	559861.60	+165153.90

(അവലംബം പഞ്ചായത്ത് രേഖ)

സംസ്ഥാനം പഞ്ചായത്തുകൾക്കു നൽകുന്ന നികുതി വിഹിതം ഒന്നോ രേണ്ടോ വർഷങ്ങൾ കഴിഞ്ഞാണ് പല പ്പോഴുമെത്തുന്നത്.(ഉദാ: സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് മുതലായവ) ഈ നികുതികൾ പിരിക്കു മേഖലയിൽ വച്ചു തന്നെ വിതരണം നടത്താനുള്ള സം നിർമ്മാണം നടത്തേണ്ടത് അത്യാവശ്യമാണ്.

ഗൾഫ് ജോലിക്കാർ വാർഡ് തിരിച്ച കണക്ക്

(പട്ടിക.2)

വാർഡ്	1	2	3	4	5	6	7	8	9	10	11	12	13
എണ്ണം	34	65	40	51	38	103	14	27	31	19	68	59	34

(അവലംബം. സാമൂഹ്യ സാമ്പത്തിക സർവേ-96)

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരിൽ സാമ്പത്തിക നില കൈവരിച്ചവരും ഇല്ലാത്തവരുമുണ്ട്. അധികമാളുകളും സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കാത്തവരാണ്. ആരെല്ലാമാണ് ഗൾഫിൽ പോകുന്നത് എന്നൊരു കണക്കു കിട്ടുന്നതിന് പഞ്ചായത്തു തലത്തിൽ നിർബന്ധമായും ഒരു രജിസ്ട്രേഷൻ ആവശ്യമാണ്. പാസ്പോർട്ടു വിതരണവുമായി ബന്ധപ്പെട്ട അധികാരങ്ങൾ കേന്ദ്ര സർക്കാർ ഗ്രാമ പഞ്ചായത്തുകൾക്കു കൈമാറേണ്ടതാണ്.(ഉദാഹരണമായി പാസ്പോർട്ടു വെരിഫിക്കേഷൻ) ഇതു പഞ്ചായത്തിന്റെ വിഭവ സമാഹരണത്തിന് ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 3895.75 വസൂലാക്കിയിട്ടുണ്ട്. പക്ഷേ മുഴുവൻ കച്ചവടക്കാ നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ബാ നിന്നു ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴോ എ ലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരു നികുതി കൊടുക്കുന്ന സമ്പ്രദായമാണിപ്പോഴുള്ള മാറ്റിയെടുക്കാൻ നമുക്കു കഴിയണം.

നിലവിലുള്ള നികുതികൾ കാലോചിതമായ



1.23 വരവ് സംബന്ധിച്ച വിവരങ്ങൾ(1995-96)

(പട്ടിക.4)

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി	കുടിശ്ശിക
1	കെട്ടിട നികുതി	205755.85	205610.00	145.85
2	ഗ്രന്ഥശാലാ വരി	10193.75	10186.50	7.25
3	തൊഴിൽ നികുതി	109756.00	109481.00	275.00
4	വാഹന നികുതി	-	-	
5.	വിനോദ നികുതി	92733.44	92733.44	
6.	അഡി. വിനോദ നികുതി	55747.31	55747.31	
7.	പ്രദർശന നികുതി.	4292.00	4292.00	
8.	പ്രദർശന നികുതി മേലുള്ള സർചാർജ്	1073..00	1073.00	
9.	ചന്ത വരവ്	-	-	-
10.	ലാൻറ് സെസ്സ്	-	-	-
11.	ലൈൻസൻസ് ഫീസ്	6902.00	6902.00	
12.	കെട്ടിട നികുതി സർചാർജ്ജ്	-	-	-
13.	വസ്തു കൈമാറ്റ നികുതി 75%	268370.00	268370.00	
14.	വസ്തു കൈമാറ്റ നികുതി 25%	-	-	-
15.	സർക്കാർ ഗ്രാൻറുകളും മറ്റും			
	ഒഴികെയുള്ള മറ്റു വരവുകൾ	-	-	-
16.	സംഭാവന	-	-	-
17.	ഡെപ്പോസിറ്റ്	34126.00	34126.00	
18.	മറ്റുള്ളവ	1843320.60	1843320.60	
	ആകെ	2632269.90	2631741.85	428.10

(അവലംബം സി.ബി. രജിസ്റ്റർ)

മണൽ വാരൽ

ഒലിപ്പുഴയുടെ പല ഭാഗങ്ങളിൽ നിന്നും മണൽ വാരിയെടുത്ത് നല്ല വിലയ്ക്കു വിൽപ്പന നടത്തുന്നുണ്ട്.

വാടക ഒഴിവാക്കിക്കൊണ്ടുള്ള ചാർജ്.

(പട്ടിക.3)

മണൽ ലോഡിന്

ഇനം	വില രൂപ
ലോറി	1800
പിക്ക്അപ്പ് വാൻ	350
ഗുഡ്സ്(ഓട്ടോ)	75
ട്രാക്ടർ	350

(അവലംബം സോഷ്യൽ സർവേ)

ഇതിനു ന്യായമായ നികുതി ഈടാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

പ്രധാനപ്പെട്ട പ്രശ്നങ്ങൾ

1. കഴിഞ്ഞ പത്തു വർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ വർധനവു വന്നെങ്കിലും നമ്മുടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടു ലഭിക്കുന്നില്ല.
2. നമ്മുടെ പൊതു മരാമരത്തു ചെലവുകൾ അനുദിനം കൂടിക്കൊണ്ടിരിക്കുകയാണ്.
3. റോഡുകൾ പോലെയുള്ള മരാമത്ത് പ്രവർത്തനങ്ങൾ കോൺട്രാക്ടർ നേരിട്ടു നടത്തുന്നത് കൊണ്ട് ധാരാളം അപാകതകൾക്കു സാധ്യതയുണ്ട്.(കാര്യക്ഷമതയില്ലായ്മ, ജനപങ്കാളിത്തമില്ലായ്മ, ആത്മാർത്ഥതയില്ലായ്മ)
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുണതിനുള്ള തടസ്സങ്ങൾ.
5. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള അസൗകര്യങ്ങൾ.
6. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം
7. സംഭാവനകളുടെയും മറ്റും അടിസ്ഥാനത്തിലുണ്ടാവുന്ന പൊതു ഫണ്ടുകളുടെ ദുർവിനിയോഗം.
8. സന്നദ്ധ പ്രവർത്തനങ്ങളിലെ താത്പര്യക്കുറവ്.
9. വരുമാന സാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്താതിരിക്കൽ.
10. സുതാര്യതക്കുറവ്.

സാധ്യതകൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കൽ.
2. വിഭവ ചോർച്ച തടയൽ.
3. പുതിയ സേവനങ്ങൾ നൽകി അവയ്ക്കു ചാർജ് ഈടാക്കൽ.
4. നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടികൾ
5. 'പഞ്ചായത്തു നിയമം' നൽകുന്ന പുതിയ നികുതിയധികാരങ്ങൾ ഉപയോഗപ്പെടുത്തൽ.
6. ഭരണച്ചെലവു കുറയ്ക്കൽ
7. സന്നദ്ധ പ്രവർത്തനങ്ങൾക്കു സഹായധന പദ്ധതികൾ.
8. മരാമത്തു പ്രവർത്തനങ്ങൾക്ക് പ്രത്യേക സമിതി രൂപീകരിക്കൽ
9. വിദ്യാഭ്യാസ-ആരോഗ്യ-ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രത്യേക നിധി സ്വരൂപിക്കൽ.

ബാങ്ക് വായ്പകൾ

ഈ പഞ്ചായത്തിൽ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, കരുവാരകുണ്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ഗവ. എംപ്ലോയീസ് സെർവൻറ്സ് സൊസൈറ്റി, ഏറനാട് ഭൂപണയ കാർഷിക വികസന ബാങ്ക് എന്നിവ പ്രവർത്തിക്കുന്നു. നിക്ഷേപങ്ങൾക്കാനുപാതികമായി വായ്പകൾ നൽകിയിട്ടുണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 90% എങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള സാധ്യത പുതിയ പഞ്ചായത്തു നിയമത്തിലുണ്ട്. പഞ്ചായത്തു നടപ്പിലാക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ സന്നദ്ധരാവുന്ന നിയമം ഈ രംഗത്ത് ഉണ്ടാവേണ്ടതുണ്ട്.

അതോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ ഇവിടെ ആരംഭിക്കുകയും വേണം. അതിനുള്ള ജനകീയ സമ്മർദ്ദം കക്ഷിഭേദമെന്യേ ഉണ്ടാവേണ്ടതുണ്ട്.

1.17 പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ചു തുക സംബന്ധിച്ച വിവരങ്ങൾ

(പട്ടിക.7)

തുക

വകുപ്പ്	പദ്ധതി വിഹിതം
മൃഗ സംരക്ഷണം	500.00
ആരോഗ്യം	2586.00
കൃഷി	1027075.00
പി.ഡബ്ലിയു.ഡി.	-
ഹരിജനക്ഷേമം	4107.00
മറ്റുള്ളവ	14000.00
ആകെ	1048268.00

(അവലംബം. പഞ്ചയാത്ത് ഓ. രജിസ്റ്റർ)

1.16 ഗ്രാൻറ് വിവരങ്ങൾ

VRM രൂപ	NII രൂപ	VTC രൂപ	അടിസ്ഥാന നികുതി 25% രൂപ	75% രൂപ	Spl Grand രൂപ	JRY രൂപ	Untaid ഫണ്ട് രൂപ	ആകെ
18876.00	1260.00	232619.00	-	268370.00	46752.00	342019.00	315000.00	12,24,896.00

(അവലംബം: ഗ്രാൻറ് രജിസ്റ്റർ രേഖ)

1.15 ലേല വരുമാനം സംബന്ധിച്ച വിവരങ്ങൾ

(പട്ടിക.9)

ചന്ത	സ്റ്റാൾ	ചവറ്	പട്ട മരങ്ങൾ	ഫല വൃക്ഷങ്ങൾ	ഷോപ്പിംഗ് കോംപ്ലക്സ്	ബസ് റ്റാൻറ് പിരിവ്	ആകെ
1	2	3	4	5	6	7	8
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഓഫീസ് കോമ്പൗണ്ടിലെ തെങ്ങിൽ നിന്നുള്ള നാളികേരം ലേലം 900.00	20825.00	പ്രതിമാസ വാടക 70,000.00	320800.00

(അവലംബം: ലേല രജിസ്റ്റർ രേഖ)

ചെലവുകൾ

നമ്മുടെ ഗ്രാമ പഞ്ചായത്തിൻെറ യഥാർത്ഥ വരുമാനം ലേല കണക്കനുസരിച്ച് 891136 രൂപ 05 പൈസയാണ്. ഇതിൽ ഭരണച്ചെലവിനാണ് ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്നത്. ഇത് 5,59861.60 ആണ്. വരുമാനത്തിൻെറ 62.83%വരും. നമ്മുടെ വരുമാനത്തിൻെറ നല്ലൊരു തുക ഭരണച്ചെലവിനായതിനാൽ ഇവ പരമാവധി ചുരു

1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

പട്ടിക.5

ഇനം	തുക
ഭരണം	492031.60
പൊതു മരാമത്ത്	431672.00
വിദ്യാഭ്യാസം	20014.75
ജലവിതരണം ഓടകൾ,	
പൊതു ജനാരോഗ്യം.	32582.60
തെരുവു വിളക്കുകൾ	
കത്തിക്കുന്നത്	29184.00
മറ്റുള്ളവ	823081.60
ആകെ	1828566.55

1.22 ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ(1995-96)

(പട്ടിക.6)

സ്ഥാപനങ്ങളുടെ എണ്ണം

വാർഡ്		വ്യവസായം വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ	ആകെ ഫീസ്
1.	പാന്ത്ര	2	-	6	2	10	
2.	കേരള	5	2	7	4	18	
3.	കുട്ടത്തി	4	2	5	-	13	
4.	കിഴക്കേതല	35	5	10	2	52	
5.	കേമ്പിൻ കുന്ന്	30	8	13	2	53	
6.	തരിശ്	12	2	7	3	24	
7.	മാമ്പറ്റ	76	1	3	2	12	
8.	കൽക്കുണ്ട	4	24	1	4		
9.	പുൽവെട്ട	6	-	6	3	22	
10.	പയ്യാക്കോട്	2	3	3	2	10	
11	പുന്നക്കാട്	40	4	10	10	64	
12.	ഇരിങ്ങാട്ടിരി	15	3	6	2	26	
13	പുത്തനഴി	8	4	7	2	21	
	ആകെ	169	43	867	40	339	3895.75

(അവലംബം രജിസ്റ്റർ)

നടപ്പു പദ്ധതി അവലോകനം

കഴിഞ്ഞ പഞ്ചായത്ത് ഭരണ സമിതി തുടങ്ങിവെച്ചപ്രധാന പദ്ധതികളായിരുന്നു ബസ് സ്റ്റാൻറി ലെ ഷോപ്പിംഗ് കോംപ്ലക്സ്, പുൽവട്ടക്രോസ്വേ നിർമ്മാണം. ചെമ്പൻ കുന്ന് മിനിവാട്ടർ സ പ്ലൈ സ്കീം തുടങ്ങിയവ.

ഇതിൽ ഷോപ്പിംഗ് കോംപ്ലക്സ് പണി പൂർത്തീകരിച്ച് 17-10-96 ന് മുൻ പഞ്ചായത്ത് പ്രസി ഡണ്ട് കൂടിയായിരുന്ന ജില്ലാ പഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. എം. ഉമ്മർ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി.

പുൽവട്ട കോസ്വേ പഞ്ചായത്തിൻെറ 30% കോൺട്രിബ്യൂഷനോടെ 6 ലക്ഷം രൂപ എസ്റ്റി മേറ്റിൽ P.W.D ടെണ്ടർ ചെയ്ത് അന്നത്തെ വകുപ്പ് മന്ത്രി പി.കെ.കെ. ബാവ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം തുടങ്ങിയെങ്കിലും സാങ്കേതിക കാരണങ്ങളാൽ പണി നിർത്തിവെക്കു കയും എസ്റ്റിമേറ്റ് പുതുക്കി 12 ലക്ഷം രൂപയാക്കുകയും ചെയ്തു. ഇപ്പോൾ അത് സംസ്ഥാ ന സർക്കാറിൻെറ അനുമതി കാത്ത് കിടക്കുകയാണ്. ചെമ്പൻകുന്ന് മിനിവാട്ടർ സപ്ലൈ സ്കീം പണി പൂർത്തിയായി വരുന്നു.

കോസ്വേയുടെ പണിപൂർത്തീകരിക്കുക, ബസ് സ്റ്റാൻറിൽ 10 ലക്ഷം രൂപ എസ്റ്റിമേറ്റിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുക 3 ലക്ഷം രൂപ എസ്റ്റിമേറ്റിൽ മാമ്പറ്റ മിനിവാട്ടർ സപ്ലൈ സ്കീം പൂർത്തിയാക്കുക. 1.75 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഹൈസ്കൂളിന് പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുക എന്നിവയാണ് ഉടനെ തുടങ്ങാനിരിക്കുന്ന പദ്ധതികൾ.

കൂടാതെ കേരള-മഞ്ഞൾപാറ-ആർത്തല റോഡിന് 1.40 ലക്ഷം രൂപയും, കണ്ണത്ത് മരുതി ങ്ങൽ റോഡിന് ഒരു ലക്ഷം രൂപയും, പുന്നക്കാട് വാക്കോട് റോഡിന് 80,000/= രൂപയും, വാക്കോട്-കിളിക്കോട് റോഡിന് 35,000/= രൂപയും അങ്ങാടി-ഹൈസ്കൂൾ റോഡിന് ഒരു ലക്ഷം രൂപയും ചെമ്പൻ കുന്ന് പട്ടികജാതി കോളനി റോഡിന് ഒരു ലക്ഷം രൂപയും തരിശ്-നന്നങ്ങാടി കുന്ന് പട്ടികജാതി കോളനി റോഡിന് 70,000/= രൂപയും ഭവനം പറമ്പ് എ. റോഡിന് 45,000/= രൂപയും അയ്യപ്പൻ കാവ് പണത്തുമ്മൽ റോഡിന് 45,000/= രൂപയു ചക്കംപിലാവ് കോളനി റോഡിന് 75,000/= രൂപയും, വേളിപ്പാടം കോളനി റോഡിന് 35,000/= രൂപയും നീക്കിവെച്ചിട്ടുണ്ട്. ഇവയും ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്.

പഞ്ചായത്താഫീസിനടുത്ത് ഷോപ്പിംഗ് സെൻററും, കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുക, പുന്നക്കാ ട് മിനിസ്റ്റേഡിയം പണിയുക, പഞ്ചായത്തിലെ കുടിവെള്ള ക്ഷാമ പ്രദേശങ്ങളിൽ മിനി വാ ട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കുക, പാവപ്പെട്ടവരുടെ അടിസ്ഥാന സൗകര്യങ്ങൾ വർ ദ്ധിപ്പിക്കുക, പ്രധാനപ്പെട്ട റോഡുകൾ ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുക. എന്നിവയാണ് ഭരണ സമിതിയുടെ മുന്നിലെ പ്രധാന പദ്ധതി കൾ.

സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ ശ്രദ്ധയും സഹായവുമുണ്ടാവുകയാണെങ്കിൽ ചെറു കിട വൈദ്യുത പദ്ധതിയും, ജലസേചന പദ്ധതികളും, ടൂറിസ്റ്റ് കേന്ദ്രങ്ങളും നിർമ്മിക്കാനു ള്ള എല്ലാ സാദ്ധ്യതകളും ഈ മലയോര പ്രദേശത്തിനുണ്ടെന്ന് കൂടി സ്മരിക്കേണ്ടതാണ്.

പി.ആയിഷ,

പ്രസിഡൻറ്,

കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്.

ക്കാനുള്ള ശ്രമം നടത്തേണ്ടതാണ്. വിവിധ വകുപ്പുകൾക്കു നൽകാനുള്ള തുക 10,30161 രൂപയാണ്. ആയുർവേദം, പി.എച്ച്.സി, മൃഗ സംരക്ഷണം, കൃഷി എന്നീ വകുപ്പുകൾക്കാണീ തുക വകയിരുത്തിയിട്ടുള്ളത്.

എസ്റ്റേറ്റ് സെസ്സ്

ഈ പഞ്ചായത്തിലെ ഫലഭൂയിഷ്ടമായ ഭൂമിയിൽ ഗണ്യമായ ഭാഗം വൻകിട റബ്ബർ തോട്ടങ്ങളാണ്. ഈതോട്ടങ്ങൾ അവയുടെ ഉടമകൾക്ക് വൻ ലാഭം നൽകുന്നുണ്ട്. അത്തരം തോട്ടത്തിന്റെ വാർഷിക വരുമാനത്തിന്റെ 10% പഞ്ചായത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വസൂലാക്കുന്നതിന് നിയമ നിർമ്മാണം നടത്തണം.

ലാൻറ് സെസ്സ്

കേരളത്തിലെ മിക്ക പഞ്ചായത്തുകളും ലാൻറ് സെസ്സ് പിരിക്കുന്നില്ല. പഞ്ചായത്തുകൾക്ക് വിവേചനാധികാരം നൽകിയതിനാൽ പല പഞ്ചായത്തുകളും ഈ സംരംഭത്തിൽ നിന്നും പിന്മാറിയിരിക്കുകയാണ്. ലാൻറ് സെസ്സ് പിരിച്ചെടുക്കാവുന്ന സമ്പ്രദായം നടപ്പിലാക്കിയാൽ നമ്മുടെ വരുമാന മാർഗം ഉയർത്താൻ കഴിയും. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഇടപെടേണ്ടിയിരിക്കുന്നു. കെട്ടിട നികുതിയുടെ കാര്യത്തിൽ പ്പറഞ്ഞ സമീപനം ഇവിടെയും സ്വീകരിക്കാവുന്നതാണ്.

ഭക്ഷണ ശാലകൾ, സിനിമാ ശാലകൾ, കച്ചവട സ്ഥാപനങ്ങൾ മുതലായ ജന സമ്പർക്ക സ്ഥാപനങ്ങളിൽ ശുചിത്വം പാലിക്കാത്തവരിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാവുന്നതാണ്.

ഷോപ്പിംഗ് കോംപ്ലക്സ്

ഈ വർഷം മുതൽ കിഴക്കേത്തല ബസ് സ്റ്റാൻറിൽ ആരംഭിച്ച ഷോപ്പിംഗ് കോംപ്ലക്സ് മുഖേന പ്രതിവർഷം രണ്ടര ലക്ഷം രൂപ വരുമാനം ലഭിക്കുന്നതാണ്. ഇതിന്റെ മുകൾ ഭാഗം കൂടി ഷോപ്പിംഗ് സെൻററാക്കി മാറ്റി വരുമാനം വർധിപ്പിക്കാവുന്നതാണ്.

കമ്മ്യൂണിറ്റി ഹാൾ

കരുവാരകുണ്ടിൽ ഒരു കമ്മ്യൂണിറ്റിഹാൾ സ്ഥാപിച്ചാൽ ധാരാളം വരുമാനം ലഭിക്കുന്നതാണ്. പൊതുപരിപാടികൾ, വിവാഹച്ചടങ്ങുകൾ തുടങ്ങിയവയ്ക്ക് ഇതു വളരെ ഉപകാരപ്രദമായിരിക്കും. ഇതിന് പഞ്ചായത്ത് ഓഫീസിന് മുൻവശത്തുള്ള സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണ്.

കച്ചവട ലൈസൻസുകൾ നിർബന്ധമാക്കുകയും ശരിയായ വിധം അവ പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

ടൂറിസം

കരുവാരകുണ്ടിലെ പ്രകൃതി രമണീയമായ കുന്നിൻ പ്രദേശങ്ങളും വെള്ളച്ചാട്ടങ്ങളും അരുവികളും മനോഹരമായ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ കഴിയും.

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15 മുതൽ 25 വരെ ശതമാനം ആ പഞ്ചായത്തിനു തന്നെ കിട്ടുന്ന ഒരു വ്യവസ്ഥ നിലവിലുണ്ട്. അതുകൊണ്ട് പരമാവധി സമ്പാദ്യ നിക്ഷേപം മഹിളാ പ്രധാൻ ഏജൻറുമാർ മുഖേന ഉണ്ടാക്കിയാൽ നമ്മുടെ വരുമാന മാർഗം ഉയർത്താൻ കഴിയും.

മനുഷ്യ പ്രയത്നം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭവവമാണ് 'മനുഷ്യ വിഭവം.' ജാതി-മത-കക്ഷി-രാഷ്ട്രീയ ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം കൊണ്ട് സംഭാവന നൽകുക എന്നത് വളരെ മഹത്തായ ഒരാശയമാണ്.

പഞ്ചായത്തിലെ പല റോഡുകളും ശക്തമായ കാലവർഷത്തിൽ തകർന്നു പോവുന്നു. ഇതിനു പ്രധാന കാരണം പല റോഡുകൾക്കും നടുവിലൂടെ ഓവു ചാലിലെ വെള്ളം ഒഴുകിപ്പോവുന്നതാണ്. പല റോഡുകൾക്കും ഓവു ചാലുകളില്ല. മഴ ആരംഭിക്കുന്നതോടെ വികസന സമിതിയുടെ നേതൃത്വത്തിൽ ഓവു ചാലുകൾ ശ്രമദാനം മുഖേന നിർമിക്കാവുന്നതാണ്. പഞ്ചായത്തിന്റെ സഹായവും ഇക്കാര്യത്തിലുണ്ടാവണം. ഓരോ വാർഡിലും റോഡു സംരക്ഷണ സമിതികളുണ്ടാവണം. ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്നത് റോഡു ടാറിംഗിനും റിപ്പയറിംഗിനുമാണ്.

ടാർ ചെയ്തതും ചെയ്യാത്തതുമായ എല്ലാ റോഡുകൾക്കും ഓവു ചാലുകൾ റോഡു സംരക്ഷണ സമിതികൾ നിർമ്മിക്കേണ്ടതാണ്. മനുഷ്യധ്വാനം ഫലപ്രദമായി വിനിയോഗിച്ചാൽ നല്ലൊരു തുക നമുക്ക് മറ്റു കാര്യങ്ങൾക്കു ചെലവഴിക്കുവാൻ കഴിയും. എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ള നമ്മുടെ പഞ്ചായത്തിൽ ഇവരുടെയൊക്കെ ഇടപെടൽ ഉണ്ടായാൽ വികസന പ്രവർത്തനങ്ങളിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും.

കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്
ജനകീയ ആസൂത്രണ സമിതി 1996

വാർഡിന്റെ പേര്	വാർഡ് മെമ്പറുടെ പേര്	ചാർജുള്ള ജില്ലാ റിസോഴ്സ് പേഴ്സൺസ്
കേരള എസ്റ്റേറ്റ്1	എ. സുലൈഖ	ടി.സി. ജോസഫ്
കേരള എസ്റ്റേറ്റ് 2	എം. മുസ്തഫ	ടി.സി. ജോസഫ്
കുട്ടത്തി	ഇ.പാത്തുമ്മ	എം.അബ്ദുല്ല
കോമ്പിവ് കുന്ന്	പി.ആയിഷ	ടി.പി.ഉമ്മർ
കിഴക്കേതല	പി.ഇമ്പിച്ചിക്കോയതങ്ങൾ	ഐ.ടി.അബ്ദുല്ല
തരിശ്	കെ.റംല ടീച്ചർ	ടി.പി.ഉമ്മർ
മാമ്പറ്റ	എൻ.കെ. ഹമീദാജി	കെ.നീലകണ്ഠപിള്ള
കൽക്കുണ്ട്	കെ.രാമൻ	ഒ.പി.ഇസ്മായീൽ
പൂവ്വെട്ട	കെ.മുഹമ്മദ് എന്ന ബാപ്പുട്ടി	എം.ഹുസ്സൻ
പയ്യാക്കോട്	എം.ഭാരതി	പി.ഉണ്ണിമാൻ
പൂന്നക്കാട്	എം.അലവി	എം.അബ്ദുല്ല
ഇരിങ്ങാട്ടിരി	പി.മ്മുട്ടു	പി.ഉണ്ണിമാൻ
പുത്തനഴി	മറിയക്കുട്ടി ടീച്ചർ	എൻ.ടി.കബീർ

ഉപസംഹാരം

റോഡും പാലവും യാത്രാ സൗകര്യവും കോൺക്രീറ്റും കോൺട്രാക്ടറും ആയാൽ വികസനമായി എന്നാണ് നമ്മുടെ നിലപാട്. ഈ വികസന സങ്കൽപം ശാസ്ത്രീയമാണെന്നു പറയാൻ വയ്യ. ഉൽപാദന വളർച്ചയിലൂടെ സേവന മേഖല വികസിപ്പിച്ചെടുക്കുന്ന തന്ത്രമാണ് ഇന്നാവശ്യം. ഉദ്യോഗസ്ഥ മേധാവികളുടെ തലച്ചോറിൽ നിന്നു രൂപപ്പെടുന്നതിനു പകരം സാധാരണക്കാരുടെ അനുഭവ ജ്ഞാനത്തിൽ നിന്നാണ് വികസന പ്രക്രിയ തുടങ്ങേണ്ടത്. സാധാരണക്കാരുടെ അനുഭവങ്ങളെ വിവിധ പദ്ധതികളിലുൾപ്പെടുത്തി ആസൂത്രണം ചെയ്യുന്നതിനു ഉദ്യോഗസ്ഥന്മാരുടെ സഹകരണം തേടാം. ഇത്തരം പദ്ധതികളുടെ നടത്തിപ്പിൽ അഴിമതിക്കെതിരെ നിതാന്ത ജാഗ്രത വേണം.

ഏതു വികസനത്തിനും ഫണ്ട് അനിവാര്യമാണ്. സർക്കാർ ഏജൻസികളുടെ സഹായത്തിനു പുറമെ നാം തന്നെ ഫണ്ട് കണ്ടെത്തണം. പദ്ധതികളുടെ നടത്തിപ്പിൽ ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനകൾ നിർണയിക്കണം. ഈ മുൻഗണനകൾ ജനകീയ സമിതികൾ ശുപാർശ ചെയ്യണം. ഇതിനു പഞ്ചായത്ത് തല വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങൾ പരിഗണിക്കണം. നാൽപ്പതു ശതമാനം പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക് ലഭിക്കുന്നു. അതിന്റെ ആസൂത്രകരും നടത്തിപ്പുകാരും ഗ്രാമപഞ്ചായത്തിലെ സാധാരണ ജനങ്ങളാണ്. ഈ ആസൂത്രണത്തിലും നടത്തിപ്പിലും നമ്മുടെ കഴിവുകൾ ഉപയോഗപ്പെടുത്തണം. എങ്കിലേ നാടിന്റെ മുഖച്ഛായ മാറുകയുള്ളൂ. നമ്മുടെ വിഭവങ്ങൾ പരിമിതമാണ്; ആവശ്യങ്ങളുടെ പട്ടിക നീണ്ടതും. അതുകൊണ്ട് സാമ്പത്തിക അച്ചടക്കം പാലിച്ച് മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിൽ വരുത്തേണ്ടിയിരിക്കുന്നു. ജനകീയ ആസൂത്രണം ജനങ്ങളുടെ കയ്യിലെ സാമൂഹ്യ ആയുധമായി മാറുകയും അവരുടെ പ്രതീക്ഷകൾ നിറവേ[illegible]ണം. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന രേഖ [illegible]ച്ച ചർച്ച ചെയ്ത് പോരായ്മകൾ ചൂണ്ടിക്കാണിച്ച് കൂട്ടിച്ചേർക്കേണ്ടവ കൂട്ടിച്ചേർത്ത് നാം ഒറ്റക്കെട്ടായി കർമ്മരംഗത്തിറങ്ങിയാൽ അങ്ങിനെ ഒരു ചിത്രം ഗ്രാ[illegible]ഷ്ടിയുടെ വിധാതാക്കളാകാം.

ഈ [illegible]ന രേഖ നിങ്ങളുടെ മുമ്പാകെ സവിനയം സമർപ്പിക്കുന്നു.

ജനകീയാസൂത്രണ സമിതിക്കുവേണ്ടി

1. ടി.പി.ഉമ്മർ(കോ-ഓർഡിനേറ്റർ)

2. ടിസി. ജോസഫ്(കൺവീനർ)